XXVII

സോവിയററ്
കമ്യൂണിസ്റ്റ് പാർട്ടി
27-ാം കോൺഗ്രസ്സ്

# സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി

പുതിയ പതിപ്പ്

27-ാം സി. പി. എസ്. യു.
കോൺഗ്രസ്സ്
അംഗീകരിച്ചത്

947-005
SOV

സോസ

പുസ്തകം 21 | ലക്കം 12

സോവിയറ്റ് സമീക്ഷ

മാർച്ച് 21 1986

സർവ്വരാജ്യത്തൊഴിലാളികളേ, ഏകോപിക്കുവിൻ !

J 654

# സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി

PG Library & Research Center

പുതിയ പതിപ്പ്

27-ാം സി. പി. എസ്. യു.
കോൺഗ്രസ്സ്
അംഗീകരിച്ചത്

# ഉള്ളടക്കം

ആമുഖം 3

ഭാഗം ഒന്ന്

മുതലാളിത്തത്തിൽനിന്നു് സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കുമുള്ള പരിവർത്തനം ഇപ്പോഴത്തെ കാലഘട്ടത്തിന്റെ മുഖ്യ ഉള്ളടക്കമെന്ന നിലയിൽ 5

I. മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവവും സോവിയററ് യൂണിയനിൽ സോഷ്യലിസത്തിന്റെ നിർമ്മാണവും 5

II. ആധുനികലോകത്തിൽ പുരോഗമനശക്തികളും പിന്തിരിപ്പൻശക്തികളും തമ്മിലുള്ള പോരാട്ടം 12

ഭാഗം രണ്ട്

സോഷ്യലിസത്തിന്റെ പദവി ഉയർത്തുകയും കമ്യൂണിസത്തിലേക്കു് അനുക്രമമായ ഒരു പരിവർത്തനം വരുത്തുകയും ചെയ്യുന്നതിൽ സി. പി. എസ്. യു. വിന്റെ കടമകൾ 26

I. സോവിയററ്യൂണിയന്റെ കമ്യൂണിസ്റ്റ് ഭാവിസാദ്ധ്യതയും സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കേണ്ടതിന്റെ ആവശ്യവും 26

II. പാർട്ടിയുടെ സാമ്പത്തികതന്ത്രം 30

III. പാർട്ടിയുടെ സാമൂഹ്യനയം 43

IV. സോവിയററ്സമുദായത്തിന്റെ രാഷ്ട്രീയവ്യവസ്ഥയുടെ വികസനം 53

V. പ്രത്യയശാസ്ത്ര-വിദ്യാഭ്യാസപ്രവർത്തനം, പൊതുവിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം 61

ഭാഗം മൂന്ന്

സാർവ്വദേശീയരംഗത്തു്, സമാധാനത്തിന്നും സാമൂഹ്യ പുരോഗതിക്കും വേണ്ടിയുള്ള യത്നത്തിൽ സി. പി. എസ്. യു. വിന്റെ കടമകൾ 72

I. സോഷ്യലിസ്റ്റ് രാജ്യങ്ങളുമായി സഹകരണം 73

II. നവസ്വതന്ത്രരാജ്യങ്ങളുമായി ബന്ധങ്ങൾ ശക്തിപ്പെടുത്തൽ 77

III. മുതലാളിത്തരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ, ശാശ്വതസമാധാനത്തിന്നും നിരായുധീകരണത്തിന്നും വേണ്ടിയുള്ള സമരം 80

IV. സി. പി. എസ്. യു. ലോകതൊഴിലാളിവർഗ്ഗ-കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ 86

ഭാഗം നാല്

സി. പി. എസ്. യു. — സോവിയററു് സമുദായത്തിലെ നേതൃശക്തി 90

947.005 SOV

# ആമുഖം

മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിൽനിന്ന് പിറവിയെടുത്ത സോവിയറ്റുകളുടെ നാട് സുദീർഘവും യശസ്കരവുമായ ഒരു പാത പിന്നിട്ടിരിക്കുന്നു. കമ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ ലോകചരിത്രപ്രധാനമായ വിജയങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ, അധ്വാനിക്കുന്ന മുഴുവൻ ജനങ്ങളുടേയും താൽപര്യങ്ങൾ സുസ്ഥിരം പ്രകാശിപ്പിക്കുകയും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തംകൊണ്ടും വിപ്ലവസമരത്തിലെയും കമ്യൂണിസ്റ്റ് നിർമ്മാണത്തിലെയും അനുഭവസമ്പത്തുകൊണ്ടും ആയുധമണിയുകയും ചെയ്തുകൊണ്ട് സി. പി. എസ്. യു. സോവിയറ്റ് ജനങ്ങളെ കമ്യൂണിസ്റ്റ് സൃഷ്ടിപരയത്നത്തിന്റെയും സമാധാനത്തിന്റെയും കർമ്മസരണിയിലൂടെ ആത്മവിശ്വാസത്തോടെ നയിച്ചുകൊണ്ടിരിക്കുന്നു.

രാഷ്ട്രീയരംഗത്ത് പാർട്ടി സമുദായത്തിന്റെ സോഷ്യലിസ്റ്റ് പരിവർത്തനത്തിന്ന് കമ്യൂണിസ്റ്റുകളുടെ ഒന്നാമത്തെ പരിപാടിരേഖയിൽ — "കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ"വിൽ — പ്രഖ്യാപിച്ച ആശയങ്ങളുടേയും സാർവ്വദേശീയ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ വിപ്ലവപാരമ്പര്യങ്ങളുടേയും പാരീസ് കമ്യൂണിന്റെ ധീരയോദ്ധാക്കളുടെ അനശ്വരമായ വീരപരാക്രമങ്ങളുടേയും സമർഹനായ അനന്തരഗാമിയായിത്തീർന്നിരിക്കുന്നു. ശാസ്ത്രീയ കമ്യൂണിസത്തിന്റെ ഉപജ്ഞാതാക്കളായ കാറൽ മാർക്സും ഫ്രെഡറിക് എംഗൽസും വർഗ്ഗസമരത്തിന്റെ ചരിത്രപ്രധാനമായ അനുഭവങ്ങളെയും അഗ്രിമങ്ങളായ മാനുഷിക ചിന്തകളുടെ സിദ്ധികളെയും ആധാരമാക്കി സാമൂഹ്യവികാസത്തിന്റെ വസ്തുനിഷ്ഠ നിയമങ്ങൾ കണ്ടുപിടിക്കുകയും മുതലാളിത്തത്തിന്റെ തകർച്ചയുടെ അനിവാര്യത തെളിയിക്കുകയും പുതിയ, സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ സ്രഷ്ടാവെന്നനിലയിൽ തൊഴിലാളിവർഗ്ഗത്തിന്നുള്ള വിശ്വചരിത്രപ്രധാനമായ ദൗത്യം സമർത്ഥിക്കുകയും ചെയ്തു. "സർവ്വരാജ്യത്തൊഴിലാളികളേ, ഏകോപിക്കുവിൻ!" എന്ന അവരുടെ വികാരതീവ്രമായ ആഹ്വാനം ഇന്നും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ ഉശിരൻ മുദ്രാവാക്യമായി അവശേഷിക്കുന്നു.

വ്ളദീമിർ ഇലിച്ച് ലെനിൻ പുതിയ ചരിത്രസാഹചര്യങ്ങളിൽ മാർക്സിന്റെയും എംഗൽസിന്റെയും സിദ്ധാന്തത്തെ സമഗ്രമായി വികസിപ്പിക്കുകയും കാലഘട്ടത്തിന്റെ മുഖ്യ പ്രശ്നങ്ങൾക്ക് ഉത്തരം നൽകുകയും തൊഴിലാളിവർഗ്ഗത്തെ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെയും സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെയും സിദ്ധാന്തംകൊണ്ടും യുദ്ധത്തേയും സമാധാനത്തേയും സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചുള്ള ഒരു ശാസ്ത്രീയ വീക്ഷണവ്യവസ്ഥകൊണ്ടും ആയുധമണിയിക്കുകയും ചെയ്തുകൊണ്ട് മാർക്സിന്റെയും എംഗൽസിന്റെയും ലക്ഷ്യത്തെ സമുജ്വലമായി പരിപോഷിപ്പിച്ചു.

സംപൂർണ്ണമായ ഒരു വിപ്ലവസിദ്ധാന്തമാണ് മാർക്സിസം-ലെനിനിസം. മഹാനായ ലെനിനാൽ സൃഷ്ടിക്കപ്പെട്ട പാർട്ടി ശാസ്ത്രീയ സോഷ്യലിസത്തിന്ന് തൊഴിലാളിവർഗ്ഗപ്രസ്ഥാനവുമായുള്ള ഐക്യത്തിന്റെ, സിദ്ധാന്തത്തിന്റെയും പ്രയുക്തിയുടേയും അവിഭേദ്യമായ ചേർച്ചയുടെ, ഒരു ജീവൽപ്രതീകമായിതീർന്നിരിക്കുന്നു. അത് എക്കാലത്തും മാർക്സിസം-ലെനിനിസത്തിന്റെ ഒരു പാർട്ടി, വിപ്ലവനടപടിയുടെ ഒരു പാർട്ടി ആണ്.

ചരിത്രത്തിൻെറ ഓരോ ഘട്ടത്തിലും സി. പി. എസ്. യു. അതിൻെറ പരിപാടികളിലെ ശാസ്ത്രീയമായി സമർത്ഥിക്കപ്പെട്ട ചുമതലകൾ നിറവേററിയിട്ടുണ്ട്.

1903-ലെ രണ്ടാം കോൺഗ്രസ്സിൽവെച്ച് ആദ്യത്തെ പരിപാടി അംഗീകരിച്ചതിൻെറ അടിസ്ഥാനത്തിൽ ബോൾഷെവിക് പാർട്ടി റഷ്യയിലെ തൊഴിലാളിവർഗ്ഗത്തെയും കൃഷിക്കാരെയും അധ്വാനിക്കുന്ന എല്ലാ ജനങ്ങളെയും ആദ്യം സാറിസ്റ്റ് സ്വേച്ഛാധിപത്യത്തിൻേറയും പിന്നീട് മുതലാളിത്തവ്യവസ്ഥയുടെയും നിഷ്കാസനത്തിന്നുവേണ്ടിയുള്ള സമരത്തിലേക്ക് നയിക്കുകയും മൂന്നു റഷ്യൻ വിപ്ലവങ്ങളുടെ അഗ്നിജ്വാലകളിലൂടെ കടന്നുപോവുകയും ചെയ്തു. 1917 ഒക്ടോബറിൽ തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുത്തു. ചരിത്രത്തിലിദംപ്രഥമമായി ഒരു തൊഴിലാളി-കർഷക സ്റ്റേററ് നിലവിൽവന്നു. ഒരു നവലോകത്തിൻെറ സൃഷ്ടി ആരംഭിച്ചു.

1919-ൽ 8-ാം കോൺഗ്രസ്സിൽവെച്ചംഗീകരിച്ച രണ്ടാമത്തെ പരിപാടിയിൽ, പാർട്ടി സോഷ്യലിസനിർമ്മാണമെന്ന കടമ മുൻവെച്ചു. മുമ്പാരും നടന്നിട്ടില്ലാത്ത പാതകളിലൂടെ സഞ്ചരിക്കുകയും അളവററ പ്രയാസങ്ങൾ തരണം ചെയ്യുകയും അഭൂതപൂർവ്വമായ ധീരോദാത്തത പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ട് സോവിയററ് ജനങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ, സോഷ്യലിസ്റ്റ് നിർമ്മാണത്തിന്ന് ലെനിൻ ആവിഷ്കരിച്ച പദ്ധതി നടപ്പാക്കി. നമ്മുടെ രാജ്യത്ത് സോഷ്യലിസം ഒരു യാഥാർത്ഥ്യമായിത്തീർന്നു.

1961-ൽ, 22-ാം കോൺഗ്രസ്സിൽ മൂന്നാം പരിപാടി അംഗീകരിച്ചുകൊണ്ട് പാർട്ടി കമ്യൂണിസ്റ്റ് നിർമ്മാണത്തിൻെറ എല്ലാ തുറകളിലും ഭീമഗംഭീരമായ ജോലി ഏറെറടുത്തു. സോവിയററ് ജനങ്ങൾ ഉൽപാദകശക്തികളുടേയും സാമ്പത്തിക-സാമൂഹ്യബന്ധങ്ങളുടേയും സോഷ്യലിസ്റ്റ് ജനാധിപത്യത്തിൻേറയും സംസ്കാരത്തിൻേറയും വികസനത്തിലും പുതിയ മനുഷ്യനെ കരുപ്പിടിപ്പിക്കുന്നതിലും വമ്പിച്ച വിജയങ്ങൾ കരസ്ഥമാക്കി. രാജ്യം വികസിതസോഷ്യലിസത്തിൻെറ ഘട്ടത്തിൽ പ്രവേശിച്ചു. മർദ്ദനത്തിൻേറതും ആക്രമണത്തിൻേറതും യുദ്ധത്തിൻേറതുമായ സാമ്രാജ്യത്വനയത്തിന്നെതിരായും സമാധാനം, ജനാധിപത്യം, സാമൂഹ്യപുരോഗതി എന്നിവയ്ക്കുവേണ്ടിയുമുള്ള സമരത്തിലെ ഒരു പ്രബലഘടകമെന്ന നിലയിൽ സോവിയററ് യൂണിയൻെറ പങ്ക് വർദ്ധിച്ചു.

മൂന്നാം പരിപാടി പാസ്സാക്കിയതിന്നുശേഷം കടന്നുപോയ കാലം അതിൻെറ മുഖ്യ സൈദ്ധാന്തിക-രാഷ്ട്രീയ ഉപപാദ്യങ്ങളുടെ സുബദ്ധത സ്ഥിരീകരിക്കുന്നു. അതേസമയംതന്നെ, സഞ്ചയിച്ച അനുഭവങ്ങളും രാജ്യത്തിലെ ആഭ്യന്തരജീവിതത്തിലെയും സാർവ്വദേശീയരംഗത്തെയും മാററങ്ങളുടെ ശാസ്ത്രീയമായ വിശകലനവും സോവിയററ് സമുദായത്തിൻെറ വികസനത്തിന്നുള്ള ഭാവിസാദ്ധ്യതകൾ, അന്തിമലക്ഷ്യം—കമ്യൂണിസം—കൈവരിക്കുന്നതിന്നുള്ള മാർഗ്ഗോപാധികൾ, പുതിയ ചരിത്രപ്രധാനസാഹചര്യങ്ങളിൽ സാർവ്വദേശീയ രാഷ്ട്രീയത്തിൻെറ കടമകൾ എന്നിവ കൂടുതൽ കൃത്യമായും മൂർത്തമായും നിർവ്വചിക്കാൻ ഒരവസരം നൽകുകയും ചെയ്യുന്നു.

മൂന്നാം സി. പി. എസ്. യു. പരിപാടിയുടെ ഇപ്പോഴത്തെ പതിപ്പ് സോഷ്യലിസത്തിൻെറ ആസൂത്രിതവും സർവ്വതോമുഖവുമായ ഉന്നമനത്തിന്നുള്ള, ത്വരിതതരമായ ദേശീയ സാമൂഹ്യ-സാമ്പത്തിക വികസനം മുഖേന കമ്യൂണിസത്തിലേക്ക് സോവിയററ് സമുദായത്തിൻെറ മുന്നേററത്തിന്നുള്ള ഒരു പരിപാടിയാണ്. സമാധാനത്തിന്നും സാമൂഹ്യപുരോഗതിക്കും വേണ്ടിയുള്ള ഒരു പരിപാടിയാണത്.

ഭാഗം ഒന്ന്

# മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കുമുള്ള പരിവർത്തനം ഇപ്പോഴത്തെ കാലഘട്ടത്തിന്റെ മുഖ്യ ഉള്ളടക്കമെന്നനിലയിൽ

## I. മഹത്തായ ഒക്ടോബർ സോഷ്യലിസ്ററ് വിപ്ലവവും സോവിയററ്യൂണിയനിൽ സോഷ്യലിസത്തിന്റെ നിർമ്മാണവും

സോഷ്യലിസത്തിലേക്കുള്ള മാനവരാശിയുടെ ലോകചരിത്രപ്രധാനമായ മാററം — ഒക്ടോബർ വിപ്ലവമാണ് ഇതിന്ന് തുടക്കംകുറിച്ചത് — സാമൂഹ്യവികാസത്തിന്റെ യുക്തിയുക്തമായ ഒരു പരിണതഫലമാണ്.

മാനവചരിത്രത്തിലെ അവസാനത്തെ ചൂഷണവ്യവസ്ഥയാണ് മുതലാളിത്തം. ഉൽപാദകശക്തികളുടെ വികാസത്തിന്ന് പ്രബലമായ ഒരുത്തേജനം നൽകിയശേഷം അത് സാമൂഹ്യപുരോഗതിയുടെ മാർഗ്ഗത്തിൽ ഒരു പ്രതിബന്ധമായി പരിണമിച്ചു.

മുതലാളിത്തത്തിന്റെ ചരിത്രമാകെ അതിന്റെ മുഖ്യ വൈരുദ്ധ്യത്തിന്ന്—ഉൽപാദനത്തിന്റെ സാമൂഹ്യസ്വഭാവവും ആർജ്ജനത്തിന്റെ സ്വകാര്യമുതലാളിത്തരൂപവും തമ്മിലുള്ള സംഘട്ടനത്തിന്ന് — ആഴം കൂടുന്നതിന്റെ കഥയാണ്; തൊഴിലാളിവർഗ്ഗവും അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളും വർദ്ധമാനമായ രീതിയിൽ ചൂഷണം ചെയ്യപ്പെടുന്നതിന്റെയും, അധ്വാനവും മൂലധനവും തമ്മിലുള്ള, മർദ്ദിതരും മർദ്ദകരും തമ്മിലുള്ള സമരം കൂടുതൽ വഷളായിതീരുന്നതിന്റെയും കഥയാണ്; സാമ്പത്തികപ്രതിസന്ധികളുടേയും സാമൂഹ്യ-രാഷ്ട്രീയസംക്ഷോഭങ്ങളുടേയും അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക് അളവററ ആപത്തുകൾ വരുത്തിവെക്കുന്ന വെട്ടിപ്പിടുത്തയുദ്ധങ്ങളുടേയും സംഘട്ടനങ്ങളുടേയും കഥയാണ്.

20-ാം നൂററാണ്ടിന്റെ തുടക്കത്തിൽ മൂലധനത്തിന്റെ സാന്ദ്രീകരണ-കേന്ദ്രീകരണപ്രക്രിയ സാമ്പത്തിക-രാഷ്ട്രീയജീവിതത്തിലാകെ മുഖ്യ ഉത്തോലകങ്ങൾ പിടിച്ചെടുത്ത്, മുതലാളിമാരുടെ പ്രബലങ്ങളായ കുത്തകക്കൂട്ടുകെട്ടുകൾക്ക് ജൻമം നൽകി. മുതലാളിത്തം അതിന്റെ പരമോന്നതവും അവസാനത്തേതുമായ ഘട്ടത്തിൽ — സാമ്രാജ്യത്വഘട്ടത്തിൽ — പ്രവേശിച്ചു. ലെനിന്റെ വാക്കുകളിൽപറഞ്ഞാൽ, മുതലാളിത്തം അതിന്റെ സാമ്രാജ്യത്വഘട്ടത്തിൽ ദേശങ്ങളുടെ ഏററവും വലിയ മർദ്ദകനായി'' ആക്രമണയുദ്ധങ്ങളുടെ മുഖ്യ സ്രോതസ്സായി ''മാറിയിരിക്കുന്നു.''

സാമ്രാജ്യത്വഘട്ടത്തിൽ മുതലാളിത്ത ഉൽപാദനബന്ധങ്ങളെ സോഷ്യലിസ്റ്റ് ഉൽപാദനബന്ധങ്ങളെക്കൊണ്ടു പകരംവെക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ രൂപപ്പെടുകയും വിജയകരമായ ഒരു സോഷ്യലിസ്റ്റ് വിപ്ലവത്തിന്നുള്ള വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ പൂർവ്വോപാധികൾ പരിപക്വമാവുകയും ചെയ്യുന്നു. പഴയ സമുദായത്തെ വിപ്ലവപരമായി പരിവർത്തനപ്പെടുത്തുന്നവന്റേതും നവസമുദായത്തിന്റെ സ്രഷ്ടാവിന്റേതുമായ ദൗത്യം ചരിത്രം തൊഴിലാളിവർഗ്ഗത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഈ ദൗത്യനിർവ്വഹണത്തിൽ അതു് സ്വന്തം വർഗ്ഗതാൽപര്യങ്ങൾ മാത്രമല്ല അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളുടേയും താൽപര്യങ്ങൾകൂടി പ്രകാശിപ്പിക്കുന്നു.

റഷ്യയിൽ സാറിസ്റ്റ് മർദ്ദനത്താലും അടിയായ്മയുടെ അവശിഷ്ടങ്ങളാലും കൂടുതൽ വഷളായിത്തീർന്ന സാമ്രാജ്യത്വത്തിന്റെ വൈരുദ്ധ്യങ്ങൾ അസാമാന്യമായ ഊക്കോടെ സ്വയം പ്രകടമായിത്തീർന്നു. റഷ്യ സാർവ്വദേശീയ സാമ്രാജ്യത്വവ്യവസ്ഥയിലെ ഏററവും ദുർബ്ബലമായ കണ്ണി, അതിന്റെ വൈരുദ്ധ്യങ്ങളുടെ മുഖ്യ സ്ഥാനം ആണെന്നുവന്നു. ലോകവിപ്ലവപ്രസ്ഥാനത്തിന്റെ കേന്ദ്രം റഷ്യയിലേക്കാണ് മാറിയതു്. ബൂർഷ്വാസിയുടെ ലോകാധിപത്യത്തിന്റെ ശൃംഖല ആദ്യം പൊട്ടിക്കുക എന്ന ഏററവും പ്രയാസകരവും ഉത്തരവാദിത്വമുള്ളതുമായ കടമ റഷ്യൻ തൊഴിലാളിവർഗ്ഗത്തെ നേരിട്ടു. പുതിയ തരത്തിൽപ്പെട്ട ഒരു പാർട്ടിയുടെ—തൊഴിലാളിവർഗ്ഗത്തിന്റെ ഒരുശരിനൻ വിപ്ലവസംഘടനയുടെ—മാർഗ്ഗദർശനത്തിൽ മാത്രമേ ഇതു് നിർവ്വഹിക്കാൻ കഴിയുമായിരുന്നുള്ളു.

ബോൾഷെവിക് പാർട്ടിയുടെ രൂപീകരണം റഷ്യൻ തൊഴിലാളിവർഗ്ഗത്തിന്റേയും സാർവ്വദേശീയ തൊഴിലാളിവർഗ്ഗത്തിന്റേയും ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. സാമൂഹ്യവികാസത്തിന്റെ, തൊഴിലാളികളുടെ വർഗ്ഗസമരത്തിന്റെ വസ്തുനിഷ്ഠമായ ആവശ്യകതയുടെ ഒരു പ്രകാശനം, ശാസ്ത്രീയമായ ദീർഘദൃഷ്ടിയുടെ ഒരു ഫലം. ലെനിന്റേയും അദ്ദേഹത്തിന്റെ ചുററും അണിനിരന്ന മാർക്സിസ്റ്റുകളുടെയും അക്ഷീണമായ രാഷ്ട്രീയ-സംഘടനാപ്രവർത്തനങ്ങളുടെ ഒരു ഫലം, ആയിരുന്നു അതു്. "ഞങ്ങൾക്കു് വിപ്ലവകാരികളുടെ ഒരു സംഘടന തരിക, എന്നാൽ, ഞങ്ങൾ റഷ്യയെ കീഴ്മേൽ മറിക്കു"മെന്ന ലെനിന്റെ ഉൽക്കടമായ ആഹ്വാനം റഷ്യൻ സമുദായത്തിലെ ഉൽബുദ്ധവിഭാഗമായ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഉത്തമപ്രതിനിധികളായ തൊഴിലാളികളുടെ ഹൃദയങ്ങളിലും മനസ്സുകളിലും ഉൽസുകമായ പ്രതികരണമുളവാക്കി. ലെനിൻ പാർട്ടിയുടെ പ്രത്യയശാസ്ത്ര, രാഷ്ട്രീയ, സംഘടനാപ്രമാണങ്ങൾ, ബഹുജനങ്ങൾക്കിടയിൽ അതിന്റെ പ്രവർത്തനത്തിന്റെ രീതികൾ വിസ്തരിച്ചാവിഷ്കരിച്ചു. തിരുത്തൽവാദവുമായും വലതുപക്ഷ അവസരവാദവുമായും വരട്ടുതത്വവുമായും ഇടതുപക്ഷ സാഹസികതയുമായുമുള്ള ഒടുങ്ങാത്ത സംഘട്ടനങ്ങൾക്കിടയിലാണ് പുതിയ തരത്തിൽപെട്ട ഒരു പാർട്ടി സൃഷ്ടിച്ചുകൊണ്ടിരുന്നതു്.

1905-1907-ലെ വിപ്ലവം, സാമ്രാജ്യത്വകാലഘട്ടത്തിലെ ഒന്നാമത്തെ ജനകീയവിപ്ലവം, തൊഴിലാളിവർഗ്ഗത്തിന്റെ ശക്തി കാട്ടിക്കഴിഞ്ഞി

രുന്നു. തൊഴിലാളിവർഗ്ഗത്തിൻെറ ആസന്നമായ വിജയങ്ങൾക്കുള്ള ഒരു പൂർവ്വരംഗമായിരുന്നു അത്. 1917 ഫിബ്രവരിയിലെ ബൂർഷ്വാ ജനാധിപത്യവിപ്ലവം സാറിസത്തെ തൂത്തെറിഞ്ഞു. പക്ഷെ, അത് ബഹുജനങ്ങളെ സാമൂഹ്യവും ദേശീയവുമായ മർദ്ദനത്തിൽനിന്നും സാമ്രാജ്യത്വയുദ്ധത്തിൻെറ യാതനകളിൽനിന്നും മോചിപ്പിക്കുകയോ റഷ്യൻ സമുദായത്തെ പിച്ചിചീന്തിയിരുന്ന വൈരുദ്ധ്യങ്ങൾ പരിഹരിക്കുകയോ ചെയ്തില്ല. സോഷ്യലിസ്റ്റ് വിപ്ലവം കാലഘട്ടത്തിൻെറ ഒഴിച്ചുകൂടാനാവാത്ത ഒരു ആവശ്യമായിത്തീർന്നു.

റഷ്യയിലെ തൊഴിലാളിവർഗ്ഗം പരമമായ വിപ്ലവസ്പിരിററിലും സംഘടനയിലും മികച്ചുനിന്നു. രാഷ്ട്രീയപോരാട്ടങ്ങളിൽ പരീക്ഷിച്ചറിഞ്ഞതും വികസിതവിപ്ലവസിദ്ധാന്തത്താൽ സജ്ജീകരിക്കപ്പെട്ടതുമായ ബോൾഷെവിക്ക് പാർട്ടിയാണ് അതിന്ന് നേതൃത്വം നൽകിയിരുന്നത്. സാമ്രാജ്യത്വസാഹചര്യങ്ങളിൽ ഒന്നോ ഒന്നിലധികമോ തനിച്ചെട്ട രാജ്യങ്ങളിൽ വിജയകരമായ തൊഴിലാളിവർഗ്ഗവിപ്ലവം പ്രാരംഭത്തിൽ സാദ്ധ്യമാണെന്ന സിദ്ധാന്തം സൃഷ്ടിച്ചുകൊണ്ട് ലെനിൻ അതിനെ സമരം സംബന്ധിച്ച വ്യക്തമായ ഒരു പരിപ്രേക്ഷ്യംകൊണ്ട് സജ്ജമാക്കി.

ബോൾഷെവിക്ക് പാർട്ടിയുടെ ആഹ്വാനമനുസരിച്ചും അതിൻെറ നേതൃത്വത്തിലും തൊഴിലാളിവർഗ്ഗം മൂലധനത്തിൻെറ അധികാരവുമായി നിർണ്ണായകമായ ഒരു പോരാട്ടത്തിലേർപ്പെട്ടു. പാർട്ടി സോഷ്യലിസത്തിനുവേണ്ടിയുള്ള തൊഴിലാളിവർഗ്ഗ യത്നത്തേയും ഭൂമിക്കുവേണ്ടിയുള്ള കർഷകസമരത്തേയും റഷ്യയിലെ മർദ്ദിതജനതകളുടെ ദേശീയവിമോചനപോരാട്ടത്തേയും സാമ്രാജ്യത്വയുദ്ധത്തിന്നെതിരായ ദേശവ്യാപകപ്രസ്ഥാനത്തേയും ഏകകമായ ഒരു പ്രബലധാരയിൽ ലയിപ്പിക്കുകയും ആ ധാരയെ ബൂർഷ്വാവ്യവസ്ഥയുടെ നിഷ്കാസനത്തിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്തു.

മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം ലോകചരിത്രത്തിൽ ലോകവികാസത്തിൻെറ സാമാന്യദിശയും മുഖ്യ പ്രവണതകളും നിർണ്ണയിക്കുന്ന ഒരു നാഴികക്കല്ലായിരുന്നു. മുതലാളിത്തം പുതിയ, കമ്യൂണിസ്റ്റ് സാമൂഹ്യ-സാമ്പത്തിക രൂപഘടനയാൽ പകരംവെക്കപ്പെടുന്ന അപ്രതിരോദ്ധ്യമായ പ്രക്രിയക്ക് അത് തുടക്കംകുറിച്ചു.

തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യമുള്ള ഒരു സ്റ്റേററ് ചരിത്രത്തിലിദംപ്രഥമമായി ആവിർഭവിച്ചു. തൊഴിലാളിവർഗ്ഗം അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളേയും അണിനിരത്തിക്കൊണ്ട് മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനകാലഘട്ടത്തിൻെറ സങ്കീർണ്ണമായ കടമകൾ നിർവ്വഹിക്കാൻ, പുതിയ സമുദായത്തിൻെറ അസ്തിവാരങ്ങൾ സൃഷ്ടിക്കാൻ ആരംഭിച്ചു.

രാഷ്ട്രീയാധികാരത്തിൻെറ സമ്പാദനവും ആഭ്യന്തരയുദ്ധമുന്നണികളിലെ വിജയങ്ങളും വിദേശ സൈനികഇടങ്കോലിടലിൻെറ തകർപ്പൻ പരാജയവും ഒരു പുതിയ ജീവിതരീതി പടുത്തുയർത്താനുള്ള സാദ്ധ്യതകളും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ കരുത്തിലും വിപ്ലവ ഊർജ്ജത്തിലും പ്രബലമായ ഒരു ഇരമ്പിക്കയററം ഉണ്ടാക്കി. അവർ സാമ്പത്തികതാറുമാ

റുമൂലമുണ്ടായ വറുതികളും പ്രയാസങ്ങളും പ്രതിവിപ്ലവഗൂഢപദ്ധതികളും ബൂർഷ്വാസിയുടെ അട്ടിമറിയും രാജ്യത്തിന്റെ സാങ്കേതികവും സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥകളും തരണം ചെയ്തു. പരിവർത്തനകാലഘട്ടത്തിൽ വർഗ്ഗസമരം ചിലപ്പോൾ രൂക്ഷസംഘട്ടനങ്ങളുടെ സ്വഭാവത്തിലുള്ളവയായിത്തീർന്നു. മുതലാളിത്ത ശാത്രവവലയത്തിന്നുള്ളിൽ സോവിയററുകളുടെ നാട് ഉഗ്രങ്ങളായ ആക്രമണങ്ങൾക്കും, ഒട്ടേറെ സൈനിക-രാഷ്ട്രീയപ്രകോപനങ്ങൾക്കും വിധേയമാക്കപ്പെട്ടു.

ബഹുജനങ്ങളുടെ ഉത്സാഹത്തെ ആധാരമാക്കുകയും വലതുപക്ഷ-''ഇടതുപക്ഷ'' അവസരവാദികളുടെ കടന്നാക്രമണങ്ങളെ തുരത്തുകയും, സ്വന്തം പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവും സംഘടനാപരവുമായ ഐക്യം ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് പാർട്ടി സോഷ്യലിസനിർമ്മാണത്തിന്നുള്ള ലെനിനിസ്റ്റ് സാമാന്യകർമ്മസരണി അടിപതറാതെ അനുവർത്തിച്ചു.

മൗലികോൽപാദനോപാധികൾ ജനങ്ങളുടെ കൈവശം വന്നുചേർന്നു. ഭൂമിയുടേയും ഫാക്ടറികളുടേയും പ്ലാന്റുകളുടേയും ദേശസാൽക്കരണം പൊതു സോഷ്യലിസ്റ്റ് ഉടമസ്ഥത സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നതിന്നും സാമ്പത്തികാസൂത്രണം സംഘടിപ്പിക്കുന്നതിന്നും വേണ്ട സാഹചര്യങ്ങൾ ഉറപ്പുവരുത്തി. വ്യവസായവൽക്കരണം സോവിയററ് യൂണിയനെ പ്രബലമായ ഒരു വ്യാവസായികശക്തിയാക്കി മാററി. കൂട്ടുകൃഷിസമ്പ്രദായത്തിന്റെ സംസ്ഥാപനം സാമ്പത്തിക ബന്ധങ്ങളിലെ, കൃഷിക്കാരുടെ ജീവിതരീതിയിലാകെ, അഗാധമായ ഒരു പരിവർത്തനമായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റേയും കൃഷിക്കാരുടേയും സഖ്യം ശക്തമായ ഒരു സാമൂഹ്യ-സാമ്പത്തികാസ്തിവാരത്തിൻമേൽ പ്രതിഷ്ഠിക്കപ്പെട്ടു. സാംസ്കാരിക വിപ്ലവം നിരക്ഷരത തുടച്ചുനീക്കുകയും അധ്വാനിക്കുന്നവന്റെ സർഗ്ഗാത്മകശക്തികളുടെ വികാസത്തിന്നും ആത്മീയമായ ഉൽഫുല്ലനത്തിന്നും വിശാലമായ വീഥികൾ തുറന്നുകൊടുക്കുകയും ചെയ്തു; സോഷ്യലിസ്റ്റ് ബുദ്ധിജീവിവിഭാഗം രൂപപ്പെട്ടു; സോവിയററ് ജനങ്ങളുടെ മനസ്സിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രം സ്ഥലം പിടിച്ചു.

ദേശീയജനവിഭാഗപ്രശ്നത്തിന്റെ പരിഹരണം സോഷ്യലിസത്തിന്റെ മികച്ച ഒരു സിദ്ധിയാണ്. ഒക്ടോബർ വിപ്ലവത്തിന്റെ വിജയം ദേശീയ മർദ്ദനത്തിന്നും ദേശങ്ങളുടെ അസമത്വത്തിന്നും എന്നെന്നേക്കുമായി അറുതിവരുത്തി. ഏകകമായ ഒരു ബഹുദേശീയ സ്റ്റേററിൽ — സോവിയററ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയനിൽ — സ്വതന്ത്രരും സമന്മാരുമായ ജനതകളുടെ സ്വമേധയാലുള്ള ഒന്നിച്ചുചേരൽ അതിഗംഭീരമായ ഒരു പങ്കാണ് നിർവ്വഹിച്ചത്, സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ ഗതിക്കിടയിൽ മുൻ ദേശീയ പ്രാന്തപ്രദേശങ്ങളുടെ സത്വരമായ സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക പുരോഗതിക്ക് ഉറപ്പുവരുത്തി. നരവംശസ്പർദ്ധ കഴിഞ്ഞുപോയ ഒരു കാര്യമായിത്തീരുകയും സോവിയററ് യൂണിയനിലെ എല്ലാ ജനതകളുടെയും സഹോദരനിർവ്വിശേഷമായ സൗഹൃദവും ഉററ സഹകരണവും പരസ്പര സഹായവും ഒരു ജീവിതമാനകമായിത്തീരുകയും ചെയ്തു.

ഇതെല്ലാം വിശ്വചരിത്രപ്രധാനമായ ഒരു സാമൂഹ്യപരിവർത്തനം നിർവ്വഹിക്കപ്പെട്ടതായി സൂചിപ്പിച്ചു — സ്വകാര്യോടമസ്ഥതയുടെ യുഗപ്പഴക്കമുള്ള ആധിപത്യം എന്നെന്നേക്കുമായി ഇല്ലാതാക്കുകയും മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന സമ്പ്രദായം ഉൻമൂലനം ചെയ്കയും ചെയ്തു. തൊഴിലാളിവർഗ്ഗത്തിന്റെയും കൂട്ടുകൃഷിക്കാരുടേയും ജനകീയ ബുദ്ധിജീവികളുടേയും പൊതു താൽപര്യങ്ങളുടെ, എല്ലാ ദേശീയ ജനവിഭാഗങ്ങളിലുംപെട്ട അധ്വാനിക്കുന്ന ജനങ്ങളുടെ പൊതു താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ സോവിയററ് സമുദായത്തിന്റെ സാമൂഹ്യ-രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ഐക്യം രൂപപ്പെട്ടു. അധ്വാനിക്കുന്നവൻ തന്റെ രാജ്യത്തിന്റെ പൂർണ്ണ യജമാനനായിത്തീർന്നു. സോവിയററ് യൂണിയനിൽ അടിസ്ഥാനപരമായും സോഷ്യലിസ്റ്റായ ഒരു സമുദായം പടുത്തുയർത്തപ്പെട്ടു.

മഹത്തായ ദേശാഭിമാനയുദ്ധം പുതിയ വ്യവസ്ഥയ്ക്ക് കടുത്ത ഒരു പരീക്ഷണമായിരുന്നു. പാർട്ടിയ്ക്ക് ചുററും അണിനിരക്കുകയും അശ്രുതപൂർവ്വമായ ധീരോദാത്തത പ്രദർശിപ്പിക്കുകയും ചെയ്തുകൊണ്ട് സോവിയററ് ജനങ്ങളും അവരുടെ സായുധസേനയും ജർമ്മൻ ഫാസിസത്തിന്ന്, ലോകസാമ്രാജ്യത്വ പിന്തിരിപ്പത്തത്തിന്റെ മിന്നൽപടയ്ക്ക്, ഒരു തകർപ്പൻ പരാജയമേൽപിച്ചു. സ്വന്തം വിജയംമുഖേന സോവിയററ് യൂണിയൻ നാസി അടിമത്തത്തിൽനിന്നുള്ള യൂറോപ്യൻ ജനതയുടെ വിമോചനത്തിന്ന്, ലോക നാഗരികതയെ സംരക്ഷിക്കുന്നതിന്ന് നിർണ്ണായകമായ സംഭാവനചെയ്തു. ജർമ്മൻ ഫാസിസത്തിന്റേയും ജാപ്പനീസ് മിലിട്ടറിസത്തിന്റേയും പടുതോൽവി സമാധാനത്തിന്നും ജനാധിപത്യത്തിന്നും ദേശീയ വിമോചനത്തിന്നും സോഷ്യലിസത്തിന്നുംവേണ്ടി ജനതകൾ നടത്തുന്ന സമരത്തിന്ന് പുതിയ സാധ്യതകൾ അനാവരണംചെയ്തു. സോവിയററ് ജനങ്ങളുടെ വിജയം സോവിയററ് സ്റ്റേററിന്റെ സാർവ്വദേശീയമാന്തസ്സ് കൂടുതൽ ഉയർത്തി.

ചുരുങ്ങിയൊരു കാലയളവിന്നുള്ളിൽ സോവിയററ് യൂണിയൻ യുദ്ധത്തിന്റെ കടുത്ത വ്രണങ്ങൾ സുഖപ്പെടുത്തുകയും സ്വന്തം സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക-പ്രതിരോധശേഷിസാധ്യതകൾ ഗണ്യമായി ശക്തിപ്പെടുത്തുകയും സ്വന്തം സാർവ്വദേശീയ കൈനിലകൾ അരക്കിട്ടുറപ്പിക്കുകയും ചെയ്തു. സോഷ്യലിസം നമ്മുടെ രാജ്യത്ത് പൂർണ്ണമായും അന്തിമമായും വിജയിച്ചു.

നേടിയതിനെ ആധാരമാക്കി സോവിയററ് സമുദായം സാമ്പത്തികവും സാമൂഹ്യ-രാഷ്ട്രീയവും സാംസ്കാരികവുമായ വികസനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ആത്മവിശ്വാസത്തോടെ മുന്നോട്ടു പോയി. ഏകകമായ ഒരു ദേശീയ സാമ്പത്തിക സാകല്യം രൂപീകരിക്കപ്പെട്ടിരിക്കുന്നു. രാജ്യത്തിന്റെ വടക്കും കിഴക്കും മുഖ്യങ്ങളായ പുതിയ മേഖലകൾ വികസിപ്പിക്കുകയും പ്രകൃതിവിഭവ വിനിയോഗം മെച്ചപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ദേശീയവരുമാനങ്ങളും സാമൂഹ്യാധ്വാനത്തിന്റെ ഉൽപാദനക്ഷമതയും ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. ജനക്ഷേമത്തിന്റെ നിലവാരം ഗണ്യമായി ഉയർത്തുകയും ഒരു പടുകൂററൻ പാർപ്പിട നിർമ്മാണപരിപാടി നടപ്പാക്കുകയും ചെയ്തിരിക്കുന്നു. ജനങ്ങളുടെ

സാംസ്കാരികസമ്പത്ത് ബഹുഗുണീഭവിച്ചിരിക്കുന്നു; സാർവ്വത്രിക സെക്കണ്ടറിവിദ്യാഭ്യാസത്തിലേയ്ക്കുള്ള മാററം വരുത്തിയിരിക്കുന്നു; സോവിയററ് ശാസ്ത്രവും സാങ്കേതികവിദ്യയും മികച്ച വിജയങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു; സോവിയററ് യൂണിയനിൽ ആദ്യത്തെ ആണവവൈദ്യുത നിലയവും അണുശക്തികൊണ്ട് പ്രവർത്തിക്കുന്ന ആദ്യത്തെ ഹിമഭേദിനിയും നിർമ്മിക്കപ്പെട്ടിരിക്കുന്നു. അതുതന്നെ ആദ്യത്തെ കൃത്രിമ ഭൗമോപഗ്രഹവും മനുഷ്യരെ കയററിക്കൊണ്ടുപോകുന്നതിന്നുള്ള ആദ്യത്തെ ബഹിരാകാശനൗകയും നിർമ്മിച്ചിരിക്കുന്നു.

സോഷ്യലിസ്റ്റ് സാമുദായികബന്ധങ്ങൾ കരുത്താർജജിച്ചിരിക്കുന്നു. ഒരു പുതിയ സാമൂഹ്യ-സാർവ്വദേശീയ ജനസമൂഹം—സോവിയററ് ജനത—രൂപമെടുത്തിരിക്കുന്നു. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറ തായ സ്റ്റേററ് മുഴുവൻ ജനങ്ങളുടേതുമായ ഒരു സ്റ്റേററായി വികസിച്ചിരിക്കുന്നു.

ബോൾഷെവിക് തത്വനിഷ്ഠയും സ്വയംവിമർശനപരമായ സമീപനവും പ്രദർശിപ്പിക്കുകയും ബഹുജനങ്ങളുടെ പിന്തുണയെ ആധാരമാക്കുകയും ചെയ്തുകൊണ്ട് പാർട്ടി വ്യക്തിപൂജാസിദ്ധാന്തത്തിൻെറയും പാർട്ടി-സ്റ്റേററ് മാർഗ്ഗദർശനം സംബന്ധിച്ച ലെനിനിസ്റ്റ് മാനകങ്ങളിൽനിന്നുള്ള പാളിച്ചകളുടേയും അനന്തരഫലങ്ങൾ നീക്കംചെയ്യാനും ആത്മനിഷ്ഠവും ഇച്ഛാവാദപരവുമായ സ്വഭാവത്തിലുള്ള തെററുകൾ തിരുത്താനും വളരെയേറെ കാര്യങ്ങൾ ചെയ്തിരിക്കുന്നു. സോഷ്യലിസ്റ്റ് ജനാധിപത്യത്തെ കൂടുതൽ വികസിപ്പിക്കുകയും സോവിയററ് നിയമാനുസാരിത്വം അരക്കിട്ടുറപ്പിക്കുകയും ചെയ്തിരിക്കുന്നു.

സോവിയററ്ജനങ്ങളുടെ അർപ്പണബോധത്തോടുകൂടിയ പ്രവർത്തനവും സമ്പദ്ഘടനയിലെയും സാമൂഹ്യ-രാഷ്ട്രീയമണ്ഡലങ്ങളിലെയും ശാസ്ത്രത്തിലെയും സംസ്കാരത്തിലെയും വമ്പിച്ച നേട്ടങ്ങളും നമ്മുടെ രാജ്യത്തിനെ വികസിത സോഷ്യലിസത്തിൻെറ ഘട്ടം ഉൽഘാടനം ചെയ്ത പുതിയ ചരിത്ര ചക്രവാളങ്ങളിലേക്കെത്തിച്ചു.

സോവിയററ് യൂണിയന്നും അമേരിക്കയ്ക്കും ഇടയിൽ, വാഴ്സാ ഉടമ്പടി സംഘടനയ്ക്കും *നാറേറാ*വിന്നും ഇടയിൽ സൈനികവും തന്ത്രപ്രധാനവുമായ സമാനത ഏർപ്പെടുത്തിയത്, സോഷ്യലിസത്തിൻെറ ചരിത്രപ്രധാനമായ ഒരു സിദ്ധിയത്രേ. അത് സോവിയററ് യൂണിയൻെറയും സോഷ്യലിസ്റ്റ്രാജ്യങ്ങളുടേയും എല്ലാ പുരോഗമനശക്തികളുടേയും കൈനിലകൾ ശക്തിപ്പെടുത്തുകയും ഒരു ലോക നുക്ലിയർയുദ്ധം ജയിക്കാമെന്ന സാമ്രാജ്യത്വത്തിൻെറ ആക്രമണോത്സുകവൃത്തങ്ങൾ വെച്ചുപുലർത്തിയിരുന്ന പ്രത്യാശകൾ തകർക്കുകയും ചെയ്തു. ഈ സമാനതയെ നിലനിർത്തുകയെന്നത് സമാധാനത്തിന്നും സാർവ്വദേശീയസുരക്ഷിതത്വത്തിന്നും കാര്യമായ ഒരു മുന്നുറപ്പാണ്.

സോവിയററ് യൂണിയൻെറയും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും അനുഭവം മാനവപുരോഗതിയിൽ മുതലാളിത്തത്തേക്കാൾ ശ്രേഷ്ഠമായ ഒരു ഘട്ടമെന്ന നിലയിൽ പുതിയ സമുദായത്തിൻെറ അവിതർക്ക്യമായ സാമൂഹ്യ-സാമ്പത്തികവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവും ധാർമ്മികവുമായ മേൻമകളെ അസന്ദിഗ്ദ്ധമായി പ്രകടിപ്പിക്കുകയും

ബൂർഷ്വാവ്യവസ്ഥയ്ക്ക് പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുന്നു.

"എല്ലാം മനുഷ്യന്നുവേണ്ടി, എല്ലാം മനുഷ്യന്റെ നൻമയ്ക്കുവേണ്ടി" എന്ന വാക്കുകൾ സ്വന്തം പതാകയിൽ മുദ്രണം ചെയ്തിട്ടുള്ള ഒരു സമുദായമാണ് സോഷ്യലിസം, ആ സമുദായത്തിൽ:

— ഉൽപാദനോപകരണങ്ങൾ ജനങ്ങളുടെ കൈവശമാണ്, മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായവും സാമൂഹ്യമർദ്ദനവും വിശേഷാധികാരമുള്ള ന്യൂനപക്ഷത്തിന്റെ അധികാരവും ജനകോടികളുടെ ദാരിദ്ര്യവും നിരക്ഷരതയും എന്നെന്നേക്കുമായി അവസാനിപ്പിച്ചിരിക്കുന്നു;

— ഉൽപാദകശക്തികളുടെ പദ്ധതിയനുസരിച്ചുള്ള ഊർജ്ജസ്വലമായ വികസനത്തിന്ന് ഏററവും വിശാലമായ വീഥികൾ അനാവരണം ചെയ്തിരിക്കുന്നു; ശാസ്ത്രീയ-സാങ്കേതിക പുരോഗതി കൂട്ടത്തോടെയുള്ള തൊഴിലില്ലായ്മ ഉണ്ടാക്കുകയല്ല പ്രത്യുത, മുഴുവൻ ജനങ്ങൾക്കും ക്രമപ്രവൃദ്ധമായ സമ്പൽസമൃദ്ധി കൈവരുത്തുകയാണ് ചെയ്യുന്നത്;

— "ഓരോരുത്തരിൽനിന്നും അവനവന്റെ കഴിവിന്നനുസരിച്ച്, ഓരോരുത്തന്നും അവനവന്റെ ജോലിക്കനുസരിച്ച്" എന്ന പ്രമാണമനുസരിച്ച് ന്യായമായ പ്രതിഫലത്തോടെ ജോലി ചെയ്യാനുള്ള തുല്യാവകാശത്തിന്ന് ഉറപ്പു വരുത്തിയിരിക്കുന്നു; ജനങ്ങൾ സൗജന്യ വൈദ്യസേവനങ്ങളും വിദ്യാഭ്യാസവും ഏററവും കുറഞ്ഞ വാടകയ്ക്കുള്ള പാർപ്പിടങ്ങളും പോലുള്ള സാമൂഹ്യാനുഗ്രഹങ്ങൾ അനുഭവിക്കുന്നു;

— തൊഴിലാളിവർഗ്ഗത്തിന്റേയും കൂട്ടുകൃഷിക്കാരുടേയും ബുദ്ധിജീവിവിഭാഗത്തിന്റേയും അലംഘനീയമായ സഖ്യം സ്ഥാപിച്ചിരിക്കുന്നു; സ്ത്രീകൾക്ക് യഥാർത്ഥത്തിൽ പുരുഷൻമാർക്കൊപ്പം തുല്യമായ അവകാശങ്ങൾ മുന്നുറപ്പു ചെയ്തിരിക്കുന്നു, ഇളംതലമുറയ്ക്ക് നാളെയിലേക്ക് വിശ്വസനീയമായ ഒരു പാത സമർപ്പിച്ചിരിക്കുന്നു; തഴക്കവും പഴക്കവും ചെന്ന അധ്വാനവീരർക്ക് സാമൂഹ്യസുരക്ഷിതത്വം മുന്നുറപ്പു ചെയ്യപ്പെട്ടിരിക്കുന്നു;

— ദേശീയമായ അസമത്വം അവസാനിപ്പിച്ചിരിക്കുന്നു; എല്ലാ ജനതകളുടേയും ദേശീയജനവിഭാഗങ്ങളുടേയും വാസ്തവികവും നിയമപരവുമായ സമത്വവും സൗഹൃദവും സാഹോദര്യവും സ്ഥാപിച്ചിരിക്കുന്നു;

— അകൃത്രിമമായ ജനാധിപത്യം—ജനങ്ങൾക്കുവേണ്ടി ജനങ്ങൾ കയ്യാളുന്ന അധികാരം—സ്ഥാപിച്ചിരിക്കുന്നു; അത് വികസിച്ചുകൊണ്ടിരിക്കുകയാണ്; ഉൽപാദനകാര്യങ്ങളുടേയും സാമൂഹ്യകാര്യങ്ങളുടേയും സ്റ്റേററു കാര്യങ്ങളുടേയും നടത്തിപ്പിൽ പൗരരുടെ അധികാധികം വിപുലവും തുല്യവുമായ ഭാഗഭാഗിത്വത്തിന്ന് ഉറപ്പുവരുത്തിയിരിക്കുന്നു;

— സ്വാതന്ത്ര്യം, മനുഷ്യാവകാശങ്ങൾ, വ്യക്തിയുടെ അന്തസ്സ് എന്നീ ആശയങ്ങൾ യഥാർത്ഥത്തിൽ ജീവത്തായ ഉള്ളടക്കംകൊണ്ട് നിർഭരമാക്കുകയും അവകാശങ്ങളുടേയും കർത്തവ്യങ്ങളുടേയും ഐക്യത്തിന്ന് ഉറപ്പുവരുത്തുകയും ചെയ്തിരിക്കുന്നു; അതിനാൽ എല്ലാവർക്കും സദാചാരത്തിന്റെ ഒരേ മാതിരിയുള്ള നിയമങ്ങളും മാനകങ്ങളും ഒരൊററ അച്ചടക്കവുമാണുള്ളത്; എന്നല്ല, വ്യക്തിയുടെ സർവ്വതോമുഖമായ വികസന

ത്തിന്നുവേണ്ട പൂർവ്വാധികം അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു;

— യഥാർത്ഥത്തിൽ ജീവകാരുണ്യപരമായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രം പ്രബലമായിരിക്കുകയും ബഹുജനങ്ങൾക്ക് എല്ലാ വിജ്ഞാനസ്രോതസ്സുകളും സുപ്രാപ്യമാക്കുകയും ചെയ്തിരിക്കുന്നു; ലോകസംസ്കാരത്തിൽ ഉത്തമമായതിനെയെല്ലാം സ്വാംശീകരിക്കുന്ന പുരോഗമിച്ച ഒരു സോഷ്യലിസ്റ്റ് സംസ്കാരം സൃഷ്ടിച്ചിരിക്കുന്നു;

— സാമൂഹ്യനീതിയുടേയും സമഷ്ടിവാദത്തിൻേറയും സഖിതാപരമായ പരസ്പരസഹായത്തിൻേറയും അടിസ്ഥാനത്തിൽ ഒരു സോഷ്യലിസ്റ്റ് ജീവിതരീതി രൂപീകരിച്ചിരിക്കുന്നു; അത് അദ്ധ്വാനിക്കുന്നവന്ന് നാളെയിൽ വിശ്വാസമുണ്ടാക്കുകയും അവൻ പുതിയ സാമുദായിക ബന്ധങ്ങളും സ്വന്തം ഭാഗധേയവും സൃഷ്ടിക്കവേ അവനെ ആത്മീയമായും ധാർമ്മികമായും ഉയർത്തുകയും ചെയ്യുന്നു.

സാർവ്വദേശീയ രംഗത്തെ പ്രവർത്തനങ്ങളേയും ചിന്തകളേയും സ്വാതന്ത്ര്യത്തിന്നും സാമൂഹ്യപുരോഗതിയ്ക്കും വേണ്ടിയുള്ള യത്നത്തെ സഹായിക്കുന്നതിലേക്ക് തിരിച്ചുവിട്ട, അവയെ സമാധാനം കാത്തുസൂക്ഷിക്കുകയും അരക്കിട്ടുറപ്പിക്കുകയും ചെയ്യുകയെന്ന മുഖ്യകടമയ്ക്ക് വിധേയമാക്കിയിട്ടുള്ള ഒരു സമുദായമാണ് സോഷ്യലിസം.

നമ്മുടെ പാർട്ടിയുടെ ചരിത്രപരമായ വികാസത്തിൻെറ പുതിയ ഘട്ടത്തിൽ സോഷ്യലിസ്റ്റ് സമുദായത്തെ എല്ലാ വിധത്തിലും തികവുററതാക്കുകയെന്ന, ആ സമുദായത്തിൻെറ സാദ്ധ്യതകളെയും മെച്ചങ്ങളേയും കമ്യൂണിസത്തിലേക്ക് തുടർന്ന് മുന്നേറുകയെന്ന ലക്ഷ്യം വെച്ചുകൊണ്ട് കൂടുതൽ പൂർണ്ണമായും കൂടുതൽ ഫലപ്രദമായും ഉപയോഗപ്പെടുത്തുകയെന്ന കടമയാണ് സോവിയററ് ജനങ്ങളെ അഭിമുഖീകരിച്ചത്.

## II: ആധുനികലോകത്തിൽ പുരോഗമനശക്തികളും പിന്തിരിപ്പൻ ശക്തികളും തമ്മിലുള്ള പോരാട്ടം

ജർമ്മൻ ഫാസിസത്തിൻേറയും ജപ്പാനീസ് മിലിട്ടറിസത്തിൻേറയും പരാജയത്തിന്നുശേഷം, മഹത്തായ ഒക്ടോബർ വിപ്ലവം തുടക്കംകുറിച്ച വിശ്വചരിത്രപ്രധാനമായ സാമൂഹ്യവിമോചനപ്രക്രിയ യൂറോപ്പിലും ഏഷ്യയിലും പിന്നീട് അമേരിക്കയിലും ഏതാനും രാജ്യങ്ങളിൽ ചൂഷകൻമാരുടെ അധികാരത്തിൻെറ നിഷ്കാസനം ദർശിച്ചു. സോഷ്യലിസം ആദ്യം നമ്മുടെ രാജ്യത്ത് ഒരു യാഥാർത്ഥ്യമായിത്തീർന്നശേഷം ഒരു ലോകവ്യവസ്ഥയായി പരിണമിച്ചു. നവസമുദായത്തിൻെറ നിർമ്മാണം സംബന്ധിച്ച മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം സാർവ്വദേശീയ തലത്തിൽ പ്രായോഗികമായി പരീക്ഷിക്കപ്പെടുകയും സോഷ്യലിസം ഭൂമിയുടെ വൻപരപ്പുകളിൽ സ്വയം പ്രതിഷ്ഠിതമാവുകയും അതിൻെറ അവിതർക്ക്യങ്ങളായ മേൻമകൾ ഒരുകൂട്ടം രാജ്യങ്ങളുടെ മാതൃകയാൽ സ്പഷ്ടമായി സമർത്ഥിക്കപ്പെടുകയും ചെയ്തിരിക്കുന്നു; കോടിക്കണക്കിൽ ജനങ്ങൾ കമ്യൂണിസ്റ്റ് നാഗരികത സൃഷ്ടിക്കാനുള്ള പാതയിൽ പ്രവേശിച്ചിരിക്കുന്നു. കൂടുതൽ കൂടുതൽ ജനതകൾക്ക് മുതലാളിത്ത

ത്തിൽ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു; തങ്ങളുടെ വികസനത്തിന്നുള്ള ഭാവിസാധ്യതകളെ അതുമായി ബന്ധപ്പെടുത്താൻ അവർ ആഗ്രഹിക്കുന്നില്ല; അവർ സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ ഇതിനകം രൂപീകരിക്കപ്പെട്ടുകഴിഞ്ഞ തരത്തിലുള്ള സാമൂഹ്യസംഘടനകളുടേയും സാമൂഹ്യബന്ധങ്ങളുടേയും നേരെ നിർബ്ബന്ധബുദ്ധിയോടെ തിരിഞ്ഞുകൊണ്ടിരിക്കുന്നു.

സോഷ്യലിസത്തിന്റെ വിജയങ്ങൾ ഏററവും ഹ്രസ്വമായ സമയപരിധിക്കുള്ളിലും സാമ്രാജ്യത്വത്തിന്റെ നിലയ്ക്കാത്ത സമ്മർദ്ദത്തിന്റെ — സാമ്പത്തിക സമ്മർദ്ദവും പ്രത്യയശാസ്ത്ര വിധ്വംസനവും തൊട്ട് പ്രതിവിപ്ലവ അട്ടിമറികൾ സംഘടിപ്പിക്കാനുള്ള ഉദ്യമങ്ങൾവരെ — സാഹചര്യങ്ങളിലും ആണ് കൈവരിക്കപ്പെട്ടതെന്നതിനാൽ കൂടുതൽ മതിപ്പുളവാക്കുന്നവയാണ്.

സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ സഞ്ചയിക്കപ്പെട്ട അനുഭവങ്ങൾക്കുള്ള പ്രാധാന്യം ഒരിക്കലും ക്ഷയിക്കുകയില്ല. മൂൻ ദശകങ്ങൾ സോഷ്യലിസ്റ്റ് നിർമ്മാണാനുഭവത്തെ സമ്പന്നമാക്കുകയും സോഷ്യലിസത്തിന്റെ ലോകത്തിലെ വൈവിധ്യം സ്പഷ്ടമായി പ്രകടിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതേസമയംതന്നെ, ഈ ദശകങ്ങളുടെ അനുഭവങ്ങൾ തൊഴിലാളിവർഗ്ഗം നേതൃപങ്കുവഹിക്കുന്ന അധ്വാനിക്കുന്ന ജനങ്ങളുടെ അധികാരം, ശാസ്ത്രീയ സോഷ്യലിസത്തിന്റെ പ്രത്യയശാസ്ത്രംകൊണ്ട് സജ്ജമായ കമ്യൂണിസ്റ്റ് പാർട്ടി സമുദായത്തിന്റെ വികസനത്തിന്ന് നൽകുന്ന മാർഗ്ഗദർശനം, മുഖ്യ ഉൽപാദനോപകരണങ്ങളുടെ സാമൂഹ്യോടമസ്ഥത സംബന്ധിച്ച നിയമനിർമ്മാണവും അതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ജനങ്ങൾക്കുംവേണ്ടി സമ്പദ്വിധാനത്തിന്റെ ആസൂത്രിത വളർച്ചയും, "ഓരോരുത്തരിൽനിന്നും അവനവന്റെ കഴിവിന്നനുസരിച്ച്, ഓരോരുത്തന്നും അവനവന്റെ ജോലിക്കനുസരിച്ച്" എന്ന പ്രമാണം നടപ്പാക്കൽ, സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ വികസനം, എല്ലാ ദേശങ്ങളുടേയും ജനതകളുടേയും സമത്വവും സൗഹൃദവും, വിപ്ലവനേട്ടങ്ങളെ വർഗ്ഗശത്രുക്കളുടെ കയ്യേററങ്ങളിൽനിന്ന് കാത്തുരക്ഷിക്കൽ എന്നിവ പോലെ സോഷ്യലിസത്തിന്റെ വികസനത്തിന്നുള്ള പൊതുനിയമങ്ങളുടെ അളവററ പ്രാധാന്യത്തിന്ന് സാക്ഷ്യം വഹിക്കുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങളിലോരോന്നിന്റേയും സവിശേഷ സാഹചര്യങ്ങളിൽ പൊതുനിയമങ്ങളെ ഉപയോഗപ്പെടുത്തൽ, വളർച്ചയുടെ പ്രയാസങ്ങൾ തരണംചെയ്തുകൊണ്ടും ഉയർന്നുവരുന്ന വൈരുദ്ധ്യങ്ങൾ തക്കസമയത്ത് പരിഹരിച്ചുകൊണ്ടുമുള്ള അവയുടെ ആത്മവിശ്വാസത്തോടുകൂടിയ മുന്നേററത്തിന്റെ അടിസ്ഥാനം, സോഷ്യലിസ്റ്റ് വികസനത്തിന്റെ പൊതുപ്രക്രിയക്ക് ഭരിക്കുന്ന കമ്യൂണിസ്റ്റ് പാർട്ടികൾ നൽകുന്ന ഒരു യഥാർത്ഥ സംഭാവന ആകുന്നു.

സോഷ്യലിസം പുതിയ, മുമ്പെങ്ങും അറിയപ്പെടാത്ത ഒരുതരം സാർവ്വദേശീയ ബന്ധങ്ങൾ നിലവിൽ കൊണ്ടുവന്നിരിക്കുന്നു. അവ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കിടയിൽ രൂപപ്പെട്ടുവരുന്നു. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രം പുതിയ സമുദായം നിർമ്മിക്കുകയും അതിനെ കാത്തുരക്ഷിക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട കടമകൾ

നിർവ്വഹിക്കുമ്പോഴത്തെ സൗഹൃദവും സഹകരണവും പരസ്പരസഹായ വും സമത്വവും, ഓരോ സ്റ്റേററിൻേറയും സ്വാതന്ത്ര്യത്തോടും പരമാധികാ രത്തോടുമുളള ആദരവുമാണ് അവയ്ക്ക് ഉറച്ച അസ്തിവാരമായി വർത്തി ക്കുന്നത്.

സോഷ്യലിസ്റ്റ് സാർവ്വദേശീയവാദത്തിൻെറ ബന്ധങ്ങഠം സോഷ്യലി സ്റ്റ് സമുച്ചയത്തിൽ ഏററവും പൂർണ്ണമായി മൂർത്തീകരിക്കപ്പെട്ടിരിക്കു ന്നു. ഈ സമുച്ചയത്തിലെ രാജ്യങ്ങഠം — പരസ്പര സാമ്പത്തിക സഹായ സമിതിയിലെയും വാഴ്സാ ഉടമ്പടി സംഘടനയിലെയും അംഗരാജ്യങ്ങഠം — മുഖ്യ താൽപര്യങ്ങളുടേയും ലക്ഷ്യങ്ങളുടേയും സാദൃശ്യത്താലും വി പുലമായ ബഹുമുഖസഹകരണത്താലും ബന്ധിക്കപ്പെട്ടിരിക്കുന്നു; അവ സാർവ്വദേശീയകാര്യങ്ങളിൽ തങ്ങളുടെ നടപടികഠം ഏകോപിപ്പിക്കുന്നു. ഒരു രാജ്യത്തിന്നും പ്രത്യേകാവകാശങ്ങളും പ്രത്യേകാധികാരങ്ങളും ഇല്ലാ ത്ത, ഉണ്ടാവുക സാദ്ധ്യമല്ലാത്ത, സാർവ്വദേശീയബന്ധങ്ങഠം യഥാർത്ഥ ത്തിൽ രാഷ്ട്രങ്ങഠം തമ്മിലുളള ബന്ധങ്ങഠം ആയിത്തീർന്നിരിക്കുന്ന, പ രമോന്നത പാർട്ടി-സ്റ്റേററ് നേതൃത്വംതൊട്ട് തൊഴിൽകൂട്ടായ്മകഠംവരെ ഏററവും വിവിധങ്ങളായ തലങ്ങളിൽ ജീവത്തും ഫലപ്രദവുമായ ബന്ധ ങ്ങഠം രൂപപ്പെട്ട് വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ ഇത്തരമൊരു സമുച്ചയം ചരിത്രത്തിന്ന് അജ്ഞാതമാണ്. ഈ സമുച്ചയം സോഷ്യലി സ്റ്റ് നിർമ്മാണത്തിൽ സഹോദര സ്റ്റേററുകളുടെ ശക്തികളെ ബഹുഗുണീ കരിക്കുകയും തങ്ങഠംക്ക് വിശ്വസനീയമായ സുരക്ഷിതത്വം ഉറപ്പുവരു ത്താൻ അവയെ സഹായിക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ് രാജ്യങ്ങഠം പൂർവ്വാധികം അടുത്തുകൊണ്ടിരിക്കുക യെന്ന വസ്തുനിഷ്ഠമായ ആവശ്യകത സോഷ്യലിസത്തിൻെറ സാരാംശ ത്തിൽനിന്നുതന്നെയാണ് ഉളവാകുന്നത്. മുതലാളിത്തരാജ്യങ്ങളിൽ അസമമായ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ-സാംസ്ക്കാരികവികസ നത്തിൻെറ നിയമങ്ങളാണ് വ്യാപരിക്കുന്നത്. ശക്തമായ രാജ്യങ്ങഠം ദുർബ്ബലങ്ങളായവയെ കൊളളയടിച്ച് സ്വയം സമ്പന്നമാകുകയും ദുർബ്ബ ലരാജ്യങ്ങളുടെ പിന്നോക്കാവസ്ഥയെ സകലവിധത്തിലും ശാശ്വതീക രിക്കുകയും ചെയ്യുമ്പോഠം സോഷ്യലിസം അൽപവികസിതരാജ്യങ്ങളെ വികസിതരാജ്യങ്ങളുടെ നിലവാരത്തിലുയർത്തുവാൻ വേണ്ട സാഹചര്യ ങ്ങഠം സൃഷ്ടിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സാമൂഹ്യവികസന ത്തിൻെറ നിലവാരങ്ങഠം എത്രത്തോളം ഉയർന്നതും ഉററതുമായിരിക്കുന്നു വോ, അവയുടെ സഹകരണം എത്രത്തോളം സമ്പുഷ്ടവും അഗാധതരവു മായിരിക്കുന്നുവോ, അവ ഒരുമിച്ചുചേരുന്ന പ്രക്രിയ അത്രത്തോളം സംശ്ലിഷ്ടമായിത്തീരുന്നു.

ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ രൂപീകരണം, സോഷ്യലിസ്റ്റ് സമുച്ചയത്തിൻെറ രൂപീകരണവും ദൃഢീകരണവും, സാമൂഹ്യപുരോഗ തിക്കും ജനാധിപത്യത്തിനും ദേശീയസ്വാതന്ത്ര്യത്തിനും സമാധാനത്തി നുംവേണ്ടി പൊരുതുന്ന ജനതകഠംക്കനുകൂലമായി സാർവ്വദേശീയരംഗത്ത് ശാക്തികച്ചേരിബന്ധത്തിൽ അടിസ്ഥാനപരമായ ഒരു മാററം വരുത്തി യിരിക്കുന്നു. സോഷ്യലിസ്റ്റ് സമുച്ചയമാണ് നമ്മുടെ കാലഘട്ടത്തിലെ ഏററവും ആധികാരികമായ ശക്തി; അതിനെക്കൂടാതെ ലോകരാഷ്ട്രീ

യത്തിലെ ഒരു പ്രശ്നവും പരിഹരിക്കാനാകുകയില്ല; ഭൂമിയിൽ സമാധാനത്തിന്റെ ഉറച്ചൊരു നെടുങ്കോട്ടയാണത്, സാർവ്വദേശീയബന്ധങ്ങളിലെ ആരോഗ്യകരവും സമാധാനപൂർണ്ണവും ജനാധിപത്യപരവുമായ പ്രമാണങ്ങളുടെ ഏററവും ഉറച്ച വക്താവ്, സാമ്രാജ്യത്വപിന്തിരിപ്പത്തത്തിന്നുള്ള മുഖ്യ പ്രതിബന്ധം, ആണത്.

ഭാവിയിലേക്ക് സജ്ജമാക്കപ്പെട്ട, സോഷ്യലിസത്തിന്റെ ഇളംലോകത്തെ മുതലാളിത്തത്തിന്റെ ചൂഷകലോകം എതിർക്കുന്നു. മുതലാളിത്തം ഇപ്പോഴും ശക്തവും ആപൽക്കരവുമാണ് — അത് അതിന്റെ ഉച്ചാവസ്ഥയെ പിന്നിട്ടുകഴിഞ്ഞുവെങ്കിലും. മുതലാളിത്തത്തിന്റെ പൊതുകുഴപ്പം അഗാധതരമായിക്കൊണ്ടിരിക്കുന്നു. അതിന്റെ മേധാവിത്തമണ്ഡലം അനുല്ലംഘ്യമാംവിധം ചുരുങ്ങിക്കൊണ്ടിരിക്കുന്നു. അതിന്റെ ചരിത്രപരമായ അന്ത്യം പൂർവ്വാധികം പ്രസ്പഷ്ടമായിക്കൊണ്ടിരിക്കുന്നു.

20-ാം നൂററാണ്ടിന്റെ ആദ്യത്തിലും അതിന്റെ മദ്ധ്യത്തിൽപോലും ഉണ്ടായിരുന്നതിൽനിന്ന് പലവിധത്തിലും വ്യത്യസ്തമാണ് ആധുനിക മുതലാളിത്തം. കുത്തകകളുടേയും സ്റ്റേററിന്റേയും കരുത്ത് ഒരൊററ വിധാനത്തിൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്ന സ്റ്റേററ്-കുത്തകമുതലാളിത്തത്തിന്റെ സാഹചര്യങ്ങളിൽ ബൃഹത്തായ തോതിൽ വർദ്ധിച്ച ഉൽപാദകശക്തികളും മുതലാളിത്ത ഉൽപാദനബന്ധങ്ങളും തമ്മിലുള്ള സംഘർഷം പൂർവ്വാധികം രൂക്ഷമായിത്തീർന്നുകൊണ്ടിരിക്കുന്നു. സമ്പദ്വിധാനത്തിന്റെ ആന്തരികമായ അസ്ഥിരത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വളർച്ചയുടെ ഒട്ടാകെയുള്ള നിരക്കുകളുടെ മാന്ദ്യത്തിലും ചാക്രികവും ഘടനാപരവുമായ പ്രതിസന്ധികളുടെ കെട്ടുപിണച്ചിലിലും അവയുടെ ആഴം വർദ്ധിക്കുന്നതിലും ഇത് സ്വയം പ്രകടമായിക്കൊണ്ടിരിക്കുന്നു. കൂട്ടത്തോടെയുള്ള തൊഴിലില്ലായ്മയും നാണ്യപ്പെരുപ്പവും ഒരു മാററരോഗമായിത്തീർന്നിരിക്കുന്നു. ബജററ് കമ്മികളും സ്റ്റേററ് കടങ്ങളും അമ്പരപ്പിക്കുന്ന മാനങ്ങളിലെത്തിയിരിക്കുന്നു.

അദ്ധ്വാനിക്കുന്ന ജനങ്ങളെ ലോകവ്യാപകമായ തോതിൽ ചൂഷണം ചെയ്തുകൊണ്ട് വമ്പിച്ച ലാഭമുണ്ടാക്കുന്ന ദേശാതീതകോർപ്പറേഷനുകൾ ശക്തിപ്പെടുന്നത് ഉൽപാദനത്തിന്റെ മുതലാളിത്തരീതിയിലുള്ള കേന്ദ്രീകരണത്തിന്റെയും സാർവ്വദേശീയവൽക്കരണത്തിന്റെയും ഒരു പ്രത്യക്ഷഫലമാണ്. അവ ഇളംരാജ്യങ്ങളുടെ പരമാധികാരത്തെ തുരങ്കം വെയ്ക്കുക മാത്രമല്ല വികസിതമുതലാളിത്തരാജ്യങ്ങളുടെ ദേശീയതാൽപര്യങ്ങളിൻമേൽ കൈയേററം നടത്തുകയും ചെയ്യുന്നു.

മാറിക്കൊണ്ടിരിക്കുന്ന സ്ഥിതിയുമായി സ്വയം പൊരുത്തപ്പെടുന്നതിന്നുവേണ്ടി കുത്തകമുതലാളിത്തം നിരന്തരം കൗശലം പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. ബജററിലൂടെ ഒരു ബൂർഷ്വാസ്റ്റേററ് അതിന്റെ ദേശീയവരുമാനത്തിന്റെ ഗണ്യമായൊരു ഭാഗം വൻമുതലാളിത്തത്തിന്നനുകൂലമായി പുനർവിതരണം നടത്തുകയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും അധുനാതനനേട്ടങ്ങളെ അതിന്റെ സേവനത്തിന്നായി അർപ്പിക്കാൻ യത്നിക്കുകയും ചെയ്യുന്നു. ചൂഷണവിധാനം കൂടുതൽ സൂക്ഷ്മസങ്കീർണ്ണവും പരിഷ്കൃതവുമായിത്തീർന്നിരിക്കുന്നു. ജീവനക്കാരുടെ യോഗ്യതയിൽനിന്നും ബുദ്ധിപരമായ കഴിവുകളിൽനിന്നും കായികമാ

യ ഊർജ്ജസ്വലതയിൽനിന്നും കൂടുതൽ കൂടുതൽ ലാഭം പിഴിഞ്ഞെടുത്തുകൊണ്ടിരിക്കുന്നു.

ലോകസോഷ്യലിസത്തിന്റെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്വാധീനത്തിന്റെ സാഹചര്യങ്ങളിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വർഗ്ഗസമരം ഭാഗികമായ ചില വിട്ടുവീഴ്ചകൾ ചെയ്യാനും തൊഴിൽസാഹചര്യങ്ങളിലും അതിന്നുള്ള പ്രതിഫലത്തിലും സാമൂഹ്യസുരക്ഷിതത്വത്തിലും ചില മെച്ചപ്പെടുത്തലുകൾ അനുവദിക്കാനും ഇടക്കെല്ലാം മുതലാളിമാരെ നിർബ്ബന്ധിക്കുന്നു. മുഖ്യസംഗതിയെ—മൂലധനത്തിന്റെ മേധാവിത്വത്തെ—കാത്തുസൂക്ഷിക്കുവാനാണ് ഇതെല്ലാം ചെയ്യുന്നത്. എന്നാൽ, അത്തരം കൗശലങ്ങളെ അക്രമപ്രവർത്തനങ്ങളുമായി, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരങ്ങളിൻമേൽ കുത്തകകളും ബൂർഷ്വാ സ്റ്റേറ്റും നടത്തുന്ന പ്രത്യക്ഷ്യമായ അക്രമവുമായി, വർദ്ധിതമായ തോതിൽ സംയോജിപ്പിച്ചുകൊണ്ടിരിക്കുന്നു.

മുതലാളിത്തത്തിൻകീഴിൽ, ശാസ്ത്ര-സാങ്കേതികവിപ്ലവം ഗൗരവാവഹമായ സാമൂഹ്യാനന്തരഫലങ്ങൾ ഉളവാക്കുന്നു. ഫാക്ടറിക്ക് വെളിയിലേക്ക് വലിച്ചെറിയപ്പെടുന്ന അദ്ധ്വാനിക്കുന്ന ദശലക്ഷക്കണക്കിന് ജനങ്ങൾ തൊഴിൽപരമായി അയോഗ്യരാകാനും ഭൗതികമായ കഷ്ടനഷ്ടങ്ങൾ അനുഭവിക്കാനും നാളെയിലുള്ള എല്ലാ വിശ്വാസവും നഷ്ടപ്പെടാനും വിധിക്കപ്പെട്ടിരിക്കുന്നു. അഭ്യസ്തവിദ്യരായ യുവജനങ്ങളിൽ ഗണ്യമായൊരു ഭാഗത്തിന് തങ്ങളുടെ ഊർജ്ജവും അറിവും പ്രയോഗിക്കാൻ കഴിയുന്നില്ല. തങ്ങളുടെ സ്ഥിതിയുടെ ദയനീയാവസ്ഥയിൽ വിഷമിക്കുകയും ചെയ്യുന്നു അവർ. സാമ്പത്തികസ്ഥിതിയുടെ പരിഗണനയെന്യേ കൂട്ടത്തോടെയുള്ള തൊഴിലില്ലായ്മ നിലനിൽക്കുന്നു. അതേസമയം അത് തുടർന്നു വർദ്ധിക്കുന്നതിനുള്ള യഥാർത്ഥ സാദ്ധ്യതയിൽ ഒരു സാമൂഹ്യവ്യവസ്ഥയെന്ന നിലയിൽ മുതലാളിത്തത്തിന് അത്യന്തം ഗൗരവാവഹമായ സംക്ഷോഭങ്ങളടങ്ങിയിരിക്കുന്നു.

സമ്പദ്വിധാനത്തിന്റെ കാർഷികമേഖലയിൽ കുത്തകകൾ പ്രമുഖ സ്ഥാനങ്ങൾ കയ്യടക്കിയിരിക്കുന്നു. ദശലക്ഷക്കണക്കിന് കൃഷിക്കാരെ ഉൽപാദനത്തിൽനിന്ന് പുറന്തള്ളിക്കൊണ്ടിരിക്കുന്നു. ഈ ആപത്തിനെ അതിജീവിക്കുന്നവരാകട്ടെ അമിതമായി അദ്ധ്വാനിച്ചുകൊണ്ടും അത്യാവശ്യ സുഖസൗകര്യങ്ങൾ നഷ്ടപ്പെടുത്തിയുമാണ് കഴിഞ്ഞുകൂടുന്നത്. കൃഷിയിലേർപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ ഭാഗധേയം തികച്ചും, കമ്പോള വ്യതിയാനങ്ങളേയും കുത്തകകളുടെ സ്വേച്ഛാപരമായ തീരുമാനങ്ങളെയും ആശ്രയിച്ചിരിക്കുന്നു. മുമ്പത്തെ കോളണികളിലും അർദ്ധകോളണികളിലും കൃഷിക്കാരുടെ സ്ഥിതി പ്രത്യേകിച്ചും ഗുരുതരമാണ്. നഗരത്തിലെ ചെറുകിട ബിസിനസ്സുകാരെയും ഇടത്തരം ബിസിനസ്സുകാരെയും വൻകിടമൂലധനം വർദ്ധിതമായി ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു; അവരെ സാമ്പത്തിക ആശ്രിതത്വത്തിന്റെ വലയിൽ കുടുക്കുന്നു.

അത്യധികം വികസിതങ്ങളായ മുതലാളിത്തരാജ്യങ്ങളിൽപോലും ഭവന രഹിതരും നിരക്ഷരരും ചികിൽസാസൗകര്യമില്ലാത്തവരുമായ ഒട്ടേറെ ആളുകളുണ്ട്. നരവംശന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ലജ്ജാകരമായ വിവേചനം നിലനിൽക്കുന്നു, സ്ത്രീകളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നു.

പിന്തിരിപ്പത്തത്തെ എല്ലാ വിധത്തിലും തീവ്രതരമാക്കുന്നതിന്നുള്ള പ്രവണത രാഷ്ട്രീയരംഗത്ത് സാമ്രാജ്യത്വത്തിന്റെ സവിശേഷതയാണ്. അചഞ്ചലമായ സമരത്തിലൂടെ അദ്ധ്വാനിക്കുന്ന ജനങ്ങൾ ചില ജനാധിപത്യാവകാശങ്ങൾ നേടിയെടുത്തിട്ടുള്ളിടങ്ങളിൽ സ്റ്റേററ്കുത്തകമൂലധനം ആ അവകാശങ്ങൾക്കെതിരെ നിരന്തരം, ചിലപ്പോൾ അതിസമർത്ഥമായി മറച്ചുവെച്ചുകൊണ്ടുള്ള, കടന്നാക്രമണം നടത്തുന്നു. തനിക്ക് ആപൽക്കരമായ സ്ഥിതിവിശേഷങ്ങളിൽ അത് യാതൊരു സങ്കോചവുമില്ലാതെ രാഷ്ട്രീയ പിപ്പിടികാട്ടലും അടിച്ചമർത്തലും ഭീകരവാദവും ദണ്ഡന നടപടികളും അവലംബിക്കുന്നു. രാഷ്ട്രീയരംഗത്ത് പുത്തൻഫാസിസം ഊർജ്ജസ്വലമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങളെ അടിച്ചമർത്തുന്നതിന്റെ സാധാരണരൂപങ്ങൾ പരാജയപ്പെടുന്നിടത്ത് സാമ്രാജ്യത്വം പുരോഗമനശക്തികളെ സൈനികമാർഗ്ഗങ്ങളുപയോഗിച്ച് നേരിട്ട് അടിച്ചമർത്തുന്നതിന്നുവേണ്ടി നിഷ്ഠൂരമായ സ്വേച്ഛാധിപത്യഭരണങ്ങളെ നാട്ടുകയും അവയെ പിന്തുണയ്ക്കുകയും ചെയ്യുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാർവ്വദേശീയസഹഭാവത്തെ ദുർബ്ബലമാക്കാൻ കിണഞ്ഞു യത്നിച്ചുകൊണ്ട് സാമ്രാജ്യത്വം ദേശീയമായ അഹന്തയും മൂഢദേശാഭിമാനവും വംശീയവാദവും ആളിക്കത്തിക്കുകയും പ്രകോപിപ്പിക്കുകയും, മററ് ജനതകളുടെ അവകാശങ്ങളോടും താൽപര്യങ്ങളോടും അവരുടെ സാംസ്കാരികവും ചരിത്രപരവുമായ പൈതൃകത്തോടും അവജ്ഞ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ആധുനികമുതലാളിത്തത്തിന്റെ മനുഷ്യത്വഹീനമായ പ്രത്യയശാസ്ത്രം ജനങ്ങളുടെ ആത്മീയലോകത്തിന്ന് മുമ്പെന്നത്തേക്കാളും വലിയ തോതിൽ ഹാനി വരുത്തിക്കൊണ്ടിരിക്കുന്നു. വ്യക്തിപൂജാസിദ്ധാന്തവും എന്തുമാകാമെന്ന മനോഭാവവും മുരത്ത കമ്യൂണിസവിരോധവും ലാഭത്തിന്നുള്ള ഒരു സ്രോതസ്സെന്ന നിലയിൽ സംസ്കാരത്തെ ചൂഷണം ചെയ്യലും ആത്മീയമായ നിഷ്കരുണത പെരുകുന്നതിലേക്ക്, സമുദായത്തിന്റെ ധാർമ്മികച്യുതിയിലേക്ക്, നയിക്കുന്നു. സാമ്രാജ്യത്വം ഭീകരവാദത്തിന്റെ ഒരു വേലിയേററം നിലവിൽ കൊണ്ടുവന്നിരിക്കുന്നു; അത് മുതലാളിത്തസമുദായത്തെയാകെ ഗ്രസിച്ചിരിക്കുന്നു. ഭരണവർഗ്ഗത്തിന്റെ താൽപര്യത്തിന്നുവേണ്ടി ജനങ്ങളെ മത്തുപിടിപ്പിക്കുന്ന ബൂർഷ്വാമാദ്ധ്യമങ്ങളുടെ പങ്ക് പൂർവ്വാധികം ദ്രോഹകരമാണ്.

മുതലാളിത്തവ്യവസ്ഥിതിക്കുള്ളിലെ രാജ്യങ്ങളുടെ വികസനത്തിന്റെ അസമമായ സ്വഭാവത്തിന്ന് ആഴം കൂടിക്കൊണ്ടിരിക്കുന്നു. സാമ്രാജ്യത്വരാജ്യങ്ങൾ തമ്മിൽത്തമ്മിലുള്ള മാൽസര്യത്തിന്റെ മൂന്ന് പ്രമുഖകേന്ദ്രങ്ങൾ രൂപപ്പെട്ടിരിക്കുന്നു: അമേരിക്ക, പശ്ചിമ യൂറോപ്പ്, ജപ്പാൻ എന്നിവയാണവ. കമ്പോളങ്ങൾ, മൂലധനവിനിയോഗത്തിന്നുള്ള മണ്ഡലങ്ങൾ, അസംസ്കൃതവസ്തുക്കളുടെ സ്രോതസ്സുകൾ, ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെ നിർണ്ണായകമേഖലകളിലെ ഔൽകൃഷ്ട്യം എന്നിവയ്ക്കുവേണ്ടി അവയ്ക്കിടയിൽ മൽസരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പുതിയ സാമ്പത്തിക-രാഷ്ട്രീയ കിടമൽസരകേന്ദ്രങ്ങൾ, പ്രത്യേകിച്ച് പസിഫിക് തീരത്തും ലാററിനമേരിക്കയിലും, രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ബൂർഷ്വാസ്റ്റേററുകൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ കൂടുതൽ വഷളാ

യിക്കൊണ്ടിരിക്കുന്നു. അമേരിക്കൻ കുത്തകകളുടെ സാമ്രാജ്യത്വാഭിലാഷങ്ങളും സ്വാർത്ഥനയവും, സ്വാർത്ഥാഹങ്കാരപരിഗണനകൾക്കുവേണ്ടി, മററു രാജ്യങ്ങളുടെ, സഖ്യരാജ്യങ്ങളുടെപോലും, താൽപര്യങ്ങളും സുരക്ഷിതത്വവും ബലികഴിക്കാനുള്ള അവരുടെ സന്നദ്ധതയും ലോകത്തുടനീളം പൂർവ്വാധികം വ്യാപകമായ വെറുപ്പും ഉൽക്കണ്ഠയും ഉളവാക്കുന്നു.

വ്യാവസായികമുതലാളിത്തരാജ്യങ്ങളും നവസ്വതന്ത്രരാജ്യങ്ങളിൽ ഭൂരിഭാഗവും തമ്മിലുള്ള സാമ്പത്തികവികസനനിലവാരങ്ങളിലെ വിപുലവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ വിടവിന്നും വിശാലമായ ഭൂഭാഗങ്ങളിൽ പട്ടിണിയും ദാരിദ്ര്യവും പകർച്ചവ്യാധികളും തുടർന്നും നിലനിൽക്കുന്നതിന്നുമുള്ള ഉത്തരവാദിത്വം സാമ്രാജ്യത്വത്തിന്നാണ്.

ചരിത്രപരമായ വികാസഗതി സാമ്രാജ്യത്വത്തിൻെറ കൈനിലകളെ എത്രകണ്ട് കൂടുതൽ തകിടംമറിക്കുന്നുവോ, അത്രകണ്ട് അതിലെ കൂടുതൽ പിന്തിരിപ്പൻമാരായ ശക്തികളുടെ നയം ജനങ്ങളുടെ താൽപര്യങ്ങൾക്ക് എതിരായിത്തീരുന്നു. സാമ്രാജ്യത്വം സാമൂഹ്യപുരോഗതിയെ ക്രൂരമായി ചെറുത്തുനിൽക്കുകയാണ്. ചരിത്രത്തിൻെറ ഗതിയെ തടയുവാൻ, സോഷ്യലിസത്തിൻെറ കൈനിലകളെ തകിടംമറിക്കുവാൻ, ആഗോളവ്യാപകമായ തോതിൽ സാമൂഹ്യമായി അതിനോട് പകവീട്ടുവാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സോഷ്യലിസത്തിന്നെതിരെ, എല്ലാ വിപ്ലവ-വിമോചനപ്രസ്ഥാനങ്ങൾക്കുമെതിരെ, ഒരു പൊതുസമരമുന്നണിക്കുവേണ്ടി ആഗ്രഹിച്ചുകൊണ്ട് സാമ്രാജ്യത്വശക്തികൾ അവയുടെ സാമ്പത്തിക-രാഷ്ട്രീയ-പ്രത്യയശാസ്ത്ര തന്ത്രം ഏകോപിപ്പിക്കുകയും ചെയ്യും.

ഇന്നത്തെ ലോകത്തിലെ രാഷ്ട്രീയ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാൻ സാമ്രാജ്യത്വം വിസമ്മതിക്കുന്നു. പരമാധികാരമുള്ള ജനതകളുടെ അഭിലാഷത്തെ അവഗണിച്ചുകൊണ്ട് തങ്ങളുടെ വികസനപാത സ്വയം തിരഞ്ഞെടുക്കാനുള്ള അവകാശം അവർക്ക് നഷ്ടപ്പെടുത്തുകയും അവരുടെ സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു, അത്. ലോകത്തിൻെറ വിവിധ ഭാഗങ്ങളിലെ സംഘട്ടനത്തിൻെറ മുഖ്യ ഉത്ഭവസ്ഥാനം കുടികൊള്ളുന്നത് ഇവിടെയാണ്.

അമേരിക്കൻ സാമ്രാജ്യത്വം സാർവ്വദേശീയ പിന്തിരിപ്പൻ ശക്തികളുടെ നെടുങ്കോട്ടയാണ്. പ്രഥമമായും പ്രധാനമായും അതിൽനിന്നാണ് യുദ്ധഭീഷണി ഉത്ഭവിക്കുന്നത്. ലോകമേധാവിത്തം അവകാശപ്പെട്ടുകൊണ്ട് അത് ഭൂഖണ്ഡങ്ങളുടെ മേഖലകളെയാകെ തങ്ങളുടെ ''ജീവൽപ്രധാനതാൽപര്യങ്ങളുടെ'' മേഖലയായി ഏകപക്ഷീയമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു. അമേരിക്ക പിൻപററുന്ന സുഗ്രീവാജ്ഞയുടേതായ, മററു രാജ്യങ്ങളുടെ മേൽ അസമമായ ബന്ധങ്ങൾ അടിച്ചേൽപിക്കുന്നതിൻേറതായ, ജനവിരുദ്ധങ്ങളായ മർദ്ദകഭരണകൂടങ്ങളെ പിന്തുണയ്ക്കുന്നതിൻേറതായ, അമേരിക്കയ്ക്ക് അനുയോജ്യമല്ലാത്ത രാജ്യങ്ങൾക്കെതിരെ വിവേചനമേർപ്പെടുത്തുന്നതിൻേറതായ നയം, രാജ്യാന്തര സാമ്പത്തിക-രാഷ്ട്രീയ ബന്ധങ്ങൾ തകരാറിലാക്കുകയും അവയുടെ സ്വാഭാവികവികസനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

വിയററ്നാമിന്നെതിരെ നടത്തിയ രക്തരൂഷിതമായ യുദ്ധം, ക്യൂബയ്ക്കെതിരെ നിരവധി വർഷങ്ങളായി തുടരുന്ന ഉപരോധം, പാലസ്തീനിയൻ ജനങ്ങളുടെ നിയമപരമായ അവകാശങ്ങൾ കാററിൽ പറത്തൽ, ലെബനോണിലെ ഇടങ്കോലിടൽ, നിരായുധമായ ഗ്രെനാഡയെ ആയുധബലംകൊണ്ട് പിടിച്ചടക്കിയത്, നിക്കരാഗ്വയ്ക്കെതിരായ ആക്രമണനടപടികൾ—ഇവ സാമ്രാജ്യത്വത്തിന്റെ ചരിത്രത്തിലെ അത്യധികം ലജ്ജാകരമായ ഏടുകളായി എന്നെന്നും നിലനിൽക്കുന്ന എണ്ണമററ പാതകങ്ങളിൽ ചിലത് മാത്രമാണ്.

ന്യൂക്ലിയറായുധങ്ങളും മററ് ആയുധങ്ങളും നിർമ്മിക്കുന്നതിൽ മുമ്പൊരിക്കലുമില്ലാത്ത തോതിൽ സാമ്രാജ്യത്വം കെട്ടഴിച്ചുവിട്ട പന്തയം ജനതകൾക്കെതിരായി അത് ചെയ്യുന്ന ഏററവും വലിയ പാതകമാണ്. ഇത് കുത്തകകൾക്ക് അമിതലാഭം ലഭ്യമാക്കുന്നു. വമ്പിച്ച സൈനികച്ചിലവുകൾ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ചുമലിലാണ് കനത്ത ഭാരം കയററിവെക്കുന്നത്. ആയുധങ്ങൾ നിർമ്മിച്ചുകൂട്ടുന്ന കുത്തകകളും, ജനറൽമാരും, സ്റേററ് ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും പ്രത്യയശാസ്ത്ര യന്ത്രവിധാനവും സൈന്യവൽകൃതശാസ്ത്രവും സൈനിക-വ്യാവസായിക സാകല്യത്തിൽ ലയിച്ച് ദുഃസാഹസികതയുടെയും ആക്രമണത്തിന്റെയും നയങ്ങളുടെ ഏററവും വ്യഗ്രതയാർന്ന മാർഗ്ഗങ്ങളായി, സംഘാടകരായി തീർന്നിരിക്കുന്നു. മാരകായുധനിർമ്മാതാക്കളുടെയും സാമ്രാജ്യത്വസ്റേററധികാരത്തിന്റെയും കുടിലമായ ഈ കൂട്ടുകെട്ട് അറുപിന്തിരിപ്പത്തത്തെ താങ്ങിനിർത്തുന്ന നെടുംതൂണാണ്, യുദ്ധവിപത്തിന്റെ നിരന്തരവും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു സ്രോതസ്സാണ്, മുതലാളിത്തവ്യവസ്ഥയുടെ രാഷ്ട്രീയവും സാമൂഹ്യവും ധാർമ്മികവുമായ നിലനിൽപില്ലായ്മയുടെ ബോധനീയമായ ഒരു സ്ഥിരീകരണമാണ്.

ആധുനികമുതലാളിത്തത്തിന്റെ "പരിഷ്ക്കരണങ്ങ"ളോ കൗശലപ്രയോഗങ്ങളോ അതിന്റെ വികാസനിയമങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നില്ല, ചെയ്യാനൊട്ട് അതിന്നു കഴിയുകയുമില്ല; അദ്ധ്വാനവും മൂലധനവും തമ്മിലുള്ള രൂക്ഷമായ വൈരുദ്ധ്യത്തെ മറികടക്കാനോ, ചരിത്രപരമായി വിധി നിർണ്ണയിക്കപ്പെട്ട മുതലാളിത്തവ്യവസ്ഥയെ അതിന്റെ സർവ്വവ്യാപകമായ പ്രതിസന്ധിസ്ഥിതിയിൽനിന്ന് കരകയററാനോ അതിന്ന് ആവുകയുമില്ല. സ്വന്തം നിലകൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ മുതലാളിത്തം ഉപയോഗിക്കുന്ന അതേ മാർഗ്ഗങ്ങൾ തന്നെ, അതിന്റെ രൂഢമൂലമായ വൈരുദ്ധ്യങ്ങളെല്ലാം രൂക്ഷമാക്കുന്നതിലേക്ക് അനിവാര്യമായും നയിക്കുന്ന തരത്തിലുള്ളതാണ്, വികസനത്തിന്റെ ദ്വന്ദ്വാത്മകത. സാമ്രാജ്യത്വം ജീർണ്ണിച്ചുകൊണ്ടിരിക്കുകയും മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന, സോഷ്യലിസ്റ്റ് വിപ്ലവത്തിന്ന് തൊട്ടുമുമ്പുള്ള, മുതലാളിത്തമാണ്.

ഇപ്പോഴത്തെ കാലഘട്ടത്തിൽ, അദ്ധ്വാനിക്കുന്ന വർഗ്ഗം മുഖ്യ വിപ്ലവവർഗ്ഗമായി നിലനിൽക്കുന്നു. മുതലാളിത്തലോകത്തിൽ, ചൂഷകവ്യവസ്ഥയെ തൂത്തെറിയുന്നതിന്നും പുതിയൊരു സമുദായം കെട്ടിപ്പടുക്കുന്നതിന്നുംവേണ്ടി പൊരുതിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ശക്തിയാണത്.

സമുദായത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന പങ്കിനെക്കുറിച്ചുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയത്തെ അനുഭവം സ്ഥിരീകരിക്കുന്നു. ഉൽപാദനത്തിൽ പൂർവ്വാധികം വലിയതോതിൽ ശാസ്ത്രം പ്രയോഗിക്കപ്പെടുന്നതോടെ, തൊഴിലാളിവർഗ്ഗത്തിന്റെ അണികൾ ബുദ്ധി ഉപയോഗിച്ച് ജോലി ചെയ്യുന്ന തൊഴിലാളികളെക്കൊണ്ട് പരിപോഷിപ്പിക്കപ്പെട്ടുവരുന്നു. വർഗ്ഗസമരങ്ങളുടെ ഗതിക്കിടയിൽ തൊഴിലാളിവർഗ്ഗം അതിന്റെ സ്വന്തമായ രാഷ്ട്രീയപ്പാർട്ടികളും ട്രേഡുയൂണിയനുകളും മററ് സംഘടനകളും രൂപീകരിച്ചുകൊണ്ട് കൂടുതൽ അണിയടുപ്പമുള്ളതായി വളരുകയും മുതലാളിത്തത്തിന്നെതിരെ സാമ്പത്തിക-രാഷ്ട്രീയ-പ്രത്യയശാസ്ത്രസമരം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതിന്റെ സമരത്തിന്റെ വ്യാപ്തി വിപുലപ്പെട്ടുകൊണ്ടിരിക്കുന്നു. അതിന്റെ രൂപങ്ങൾ കൂടുതൽ വൈവിദ്ധ്യപൂർണ്ണമായിത്തീർന്നുകൊണ്ടിരിക്കുന്നു. ഉള്ളടക്കം സമ്പുഷ്ടമാക്കപ്പെടുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ അടിസ്ഥാനതാൽപര്യങ്ങൾ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൽ ഐക്യം കൈവരിക്കുകയും അതിന്റെ എല്ലാ ദളങ്ങളുടേയും ഏകോപിതമായ പ്രവർത്തനം നടത്തുകയും ചെയ്യേണ്ടത് അനുപേക്ഷണീയമാക്കിത്തീർക്കുന്നു.

ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാററിനമേരിക്കയിലേയും ഇളം പ്രായത്തിലുള്ളതും ത്വരിതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്നതുമായ തൊഴിലാളിവർഗ്ഗം വിഷമകരമായ കടമകളെയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. വിദേശമൂലധനവും പ്രാദേശികചൂഷകരും അതിനെ എതിർക്കുന്നു. സമരത്തിൽ അതിന്റെ രാഷ്ട്രീയമായ പക്വതയും സംഘടനാനിലവാരവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

തൊഴിലാളിവർഗ്ഗത്തിന്റെ, ലോകവിപ്ലവപ്രക്രിയയുടെ എല്ലാ ശക്തികളുടേയും, മുന്നണിപ്പട സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനമാണ്. തൊഴിലാളിവർഗ്ഗത്തിന്റെ അടിയന്തിരലക്ഷ്യങ്ങൾക്കും ദീർഘകാലാടിസ്ഥാനത്തിലുള്ള ലക്ഷ്യങ്ങൾക്കും വേണ്ടി, അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളുടേയും താൽപര്യങ്ങൾക്കുവേണ്ടി, സാമൂഹ്യപുരോഗതിക്കും സമാധാനത്തിന്നും നിരായുധീകരണത്തിന്നും ആഗോളസുരക്ഷിതത്വത്തിന്നുംവേണ്ടി, കമ്യൂണിസ്റ്റുകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കാലഘട്ടത്തിലെ ഏററവും സ്വാധീനമുള്ള പ്രത്യയശാസ്ത്ര-രാഷ്ട്രീയ ശക്തിയാണ് കമ്യൂണിസ്റ്റ് പ്രസ്ഥാനം.

തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്പാർട്ടികൾ സാമൂഹ്യവികസനത്തിന്റെ ശാസ്ത്രീയസിദ്ധാന്തംകൊണ്ട്, മാർക്സിസം-ലെനിനിസംകൊണ്ട്, സ്വയം മാർഗ്ഗദർശനം നേടുന്നു, തത്വാധിഷ്ഠിതമായ ഒരു വർഗ്ഗപ്രേരിതനയം പിൻപററുകയും ചെയ്യുന്നു. മുതലാളിത്തത്തെ സോഷ്യലിസംകൊണ്ട് പകരംവെയ്ക്കുകയെന്ന ചരിത്രപരമായ അനിവാര്യതയിലുള്ള ദൃഢവിശ്വാസവും സമാധാനപരമോ സമാധാനപരമല്ലാത്തതോ ആയിക്കൊള്ളട്ടെ, ഏതു രൂപത്തിലുമുള്ള സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വസ്തുനിഷ്ഠങ്ങളായ നിയമത്താൽ നിയന്ത്രിതങ്ങളായ പ്രക്രിയകളെപ്പററിയുള്ള സ്പഷ്ടമായ ഒരു ധാരണയും സോഷ്യലിസത്തിന്നുവേണ്ടിയുള്ള സമരത്തിന്റെ സാമാന്യപ്രമാണങ്ങൾ ഓരോ രാജ്യത്തിന്റെ

യും മൂർത്തമായ സാഹചര്യങ്ങളിൽ പ്രയോഗിക്കാനുള്ള കഴിവും അവയുടെ സ്വാഭാവിക സവിശേഷതകളാണ്.

അദ്ധ്വാനിക്കുന്ന ജനങ്ങളുടെ അവകാശങ്ങളും ജീവത്തായ അഭിവാഞ്ഛകളും സുദൃഢം ഉയർത്തിപ്പിടിക്കുകയും, പ്രതിസന്ധിസ്ഥിതികളിൽനിന്ന് സമുദായത്തെ കരകയററുന്നതിന്നുള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാട്ടുകയും ചൂഷകവ്യവസ്ഥയ്ക്ക് ഒരു യഥാർത്ഥ ബദൽ രൂപപ്പെടുത്തുകയും നമ്മുടെ കാലഘട്ടത്തിലെ അടിസ്ഥാനപ്രശ്നങ്ങൾക്ക് സാമൂഹ്യമായി ശുഭാപ്തിവിശ്വാസത്തോടുകൂടിയ ഉത്തരങ്ങൾ നൽകുകയും ചെയ്യുന്നു എന്നതിലാണ് വിപ്ലവപ്പാർട്ടികളുടെ കരുത്ത് കുടികൊള്ളുന്നത്. അതാത് രാജ്യങ്ങളുടെ ദേശീയതാൽപര്യങ്ങളുടെ യഥാർത്ഥ പ്രണേതാക്കളും ഏററവും ഉറച്ച വക്താക്കളുമാണവ.

കമ്യൂണിസ്റ്റുകാർക്കെതിരായ വിവേചനം, വിദ്രോഹം, മൂരത്ത കമ്യൂണിസ്റ്റ് വിരുദ്ധ പ്രചാരവേല എന്നിവയെ തൊഴിലാളിവർഗ്ഗത്തിൽ വർഗ്ഗപ്രേരിതനയത്തെയും സാർവ്വദേശീയസഹഭാവത്തെയും എതിർക്കുകയും ബൂർഷ്വാസിയുമായി സാമൂഹ്യമായ വിട്ടുവീഴ്ചക്കും പങ്കാളിത്തത്തിന്നും വേണ്ടി നിലകൊള്ളുകയും ചെയ്യുന്ന, തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിലെ പരിഷ്കരൾക്കുള്ള പിന്തുണയുമായി കൂട്ടിയിണക്കിക്കൊണ്ട് സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയ-പ്രത്യയശാസ്ത്രയന്ത്രവിധാനം കൂടുതൽ കൂടുതൽ വഞ്ചകമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിൽപോലും വർഗ്ഗപ്രേരിതമായ ഒരു സുസ്ഥിരകർമ്മസരണി കമ്യൂണിസ്റ്റുപാർട്ടികളുടെ ആധികാരികത വർദ്ധിപ്പിക്കുന്നു. കുത്തകബൂർഷ്വാസിയും പിന്തിരിപ്പൻ ശക്തികളും കമ്യൂണിസ്റ്റുകളെ അത്ര രൂക്ഷമായി ആക്രമിക്കുന്നത് സാമൂഹ്യവികസനത്തിൽ ആഴത്തിൽ വേരുകളുള്ള, ജനങ്ങളിൽ ഭൂരിഭാഗത്തിന്റെ ഏററവും ജീവത്തായ താൽപര്യങ്ങളെ പ്രകടിപ്പിക്കുന്ന, ഒരു പ്രസ്ഥാനത്തെ അവർ പ്രതിനിധീകരിക്കുന്നതിനാൽതന്നെയാണ്.

സോഷ്യലിസ്റ്റിതരലോകത്തിലെ ബഹുജന ജനാധിപത്യപ്രസ്ഥാനങ്ങളിലുണ്ടായ കുതിച്ചുകയററമാണ് നമ്മുടെ കാലഘട്ടത്തിന്റെ ഒരു സ്വാഭാവിക സവിശേഷത. കുത്തകകളും ജനതതിയുടെ ബഹുഭൂരിഭാഗവും തമ്മിലുള്ള വൈരുദ്ധ്യത്തിന്ന് മുതലാളിത്തരാജ്യങ്ങളിൽ ആഴം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കുത്തകകളുടെ മരണപ്പിടുത്തത്തിന്നും ഭരണവർഗ്ഗങ്ങളുടെ പിന്തിരിപ്പൻനയത്തിന്നുമെതിരായ സമരത്തിൽ വിദഗ്ദ്ധതൊഴിലുകാരും ഭരണനിർവ്വഹണജീവനക്കാരും കൃഷിക്കാരും നഗരത്തിലെ പെററിബൂർഷ്വാസിയുടേയും ദേശീയന്യൂനപക്ഷങ്ങളുടേയും യുവജനങ്ങളുടേയും വിദ്യാർത്ഥികളുടേയും പ്രതിനിധികളും കൂടുതൽ കൂടുതൽ സജീവമായി ചേർന്നുകൊണ്ടിരിക്കുന്നു. വ്യത്യസ്തരാഷ്ട്രീയാഭിപ്രായങ്ങളുള്ള ജനങ്ങൾ സമുദായത്തിന്റെ സൈന്യവൽക്കരണത്തിനും ആക്രമണത്തിന്റേയും യുദ്ധത്തിന്റേയും നയങ്ങൾക്കും ഒരറുതി വരുത്താൻ, വംശീയവും ദേശീയവുമായ വിവേചനത്തിന്നും സ്ത്രീകളുടെ അവകാശങ്ങൾ ലംഘിക്കുന്നതിനും ഇളംതലമുറയുടെ സ്ഥിതി വഷളാകുന്നതിനും അറുതി വരുത്താൻ, അഴിമതിക്കും പ്രകൃതിവിഭവങ്ങളുടേയും പരിഃസ്ഥിതിയുടേയും ഉപയോഗത്തോടുള്ള കുത്തകകളുടെ കൊള്ളയടിമനോഭാവത്തിനും ഒരറുതിവരുത്താൻ ആവശ്യപ്പെട്ടുവരുകയാ

ണ്. ഈ പ്രസ്ഥാനങ്ങൾ വസ്തുനിഷ്ഠമായി, സാമ്രാജ്യത്വവൃത്തങ്ങളുടെ പിന്തിരിപ്പൻ നയത്തിന്നെതിരായുള്ളതാണ്, സാമൂഹ്യപുരോഗതിക്കുവേണ്ടിയുള്ള പൊതുസമരവുമായി സംയോജിക്കുകയും ചെയ്യുന്നു അത്.

കൊളോണിയലിസത്തിന്റെ നുകം വലിച്ചെറിഞ്ഞ രാജ്യങ്ങൾ ദൃഢതരമായ സ്വാതന്ത്ര്യത്തിന്നും സാമൂഹ്യപുരോഗതിക്കും വേണ്ടി നടത്തിവരുന്ന സാമ്രാജ്യത്വവിരുദ്ധസമരം ലോകവിപ്ലവപ്രക്രിയയുടെ ഒരവിഭാജ്യഘടകമായിവർത്തിക്കുന്നു. സാമ്രാജ്യത്വത്തിന്റെ കൊളോണിയൽ വ്യവസ്ഥ ഛിന്നഭിന്നമായിത്തീർന്നതും അതിന്റെ അവശിഷ്ടങ്ങളിൽനിന്ന് ഡസൻകണക്കിന് രാജ്യങ്ങൾ ആവിർഭവിച്ചതും ദേശീയ വിമോചന വിപ്ലവങ്ങളുടെ ചരിത്രപരമായ ഒരു നേട്ടമായി, ലോകത്തിലെ ശാക്തികബലാബലത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുള്ള ഒരു നേട്ടമായി, വർത്തിക്കുന്നു.

ആ രാജ്യങ്ങളിൽ പലതും, സ്വാതന്ത്ര്യത്തിനുശേഷം, സാമ്പത്തിക-സാംസ്കാരിക വികസനത്തിലും ദേശീയ സ്റ്റേററ്പദവിയുടെ ദൃഢീകരണത്തിലും ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. സാർവ്വദേശീയ വേദിയിൽ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ആ രാജ്യങ്ങൾ നടത്തുന്ന സംയുക്തമായ സമരരൂപങ്ങൾ ആകൃതിപ്പെട്ടുതുടങ്ങിയിരിക്കുന്നു. എന്നാൽ, കൂടുതൽ ശക്തമായ രാഷ്ട്രീയസ്വാതന്ത്ര്യത്തിലേക്കും സാമ്പത്തിക-സാമൂഹ്യപുനരുജ്ജീവനം കൈവരിക്കുന്നതിലേക്കുമുള്ള അവയുടെ മാർഗ്ഗം അവയുടെ കൊളോണിയൽ, അർദ്ധകൊളോണിയൽ പൈതൃകത്താലും സാമ്രാജ്യത്വത്തിന്റെ നടപടികളാലും ഗുരുതരമായി വിഘ്നപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് അനുഭവം കാണിച്ചിട്ടുണ്ട്.

പുത്തൻ കൊളോണിയലിസത്തിന്റേതായ നയം പിൻപററിക്കൊണ്ട് സാമ്രാജ്യത്വം, നവസ്വാതന്ത്രരാജ്യങ്ങൾ നേടിയെടുത്ത പരമാധികാരം ക്ഷയിപ്പിക്കാനും അവയുടെമേലുള്ള നിയന്ത്രണം നിലനിർത്താനും ശക്തിപ്പെടുത്താൻപോലും, ആണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അവയെ ഒരു മിലിട്ടറിസ്റ്റ് ഭ്രമണപഥത്തിലേക്ക് വലിച്ചിഴയ്ക്കാനും അതിന്റെ ആക്രമണോൽസുകമായ ആഗോളതന്ത്രം അരങ്ങേറുന്നതിന്നുള്ള പ്രദേശങ്ങളായി അവയെ ഉപയോഗിക്കാനുമാണ് അത് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ലക്ഷ്യങ്ങൾ പിൻപററിക്കൊണ്ട് സാമ്രാജ്യവാദികൾ സൈനിക സമ്മർദ്ദത്തിന്റെയും സാമ്പത്തികമായ സുഗ്രീവാജ്ഞയുടെയും സമ്പ്രദായങ്ങൾ ഉപയോഗിക്കുകയും ആഭ്യന്തര പിന്തിരിപ്പത്തത്തിനെ പിന്തുണയ്ക്കുകയും ചെയ്യുന്നു. ലാററിനമേരിക്കയിലെ രാജ്യങ്ങളെപ്പോലെ മുമ്പുതന്നെ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾക്കുപോലും അമേരിക്കയുടെയും മററ് സാമ്രാജ്യത്വശക്തികളുടെയും കുത്തകകളുടെ ആജ്ഞാപനശക്തിക്കെതിരെ ക്ലേശകരമായ സമരം നടത്തേണ്ടിവരുന്നു.

നവസ്വാതന്ത്രരാജ്യങ്ങളുടെ സാമ്പത്തിക-സാങ്കേതിക ആശ്രിതത്വവും ലോകമുതലാളിത്ത സമ്പദ്വിധാനത്തിൽ അവയ്ക്കുള്ള അസമമായ പദവിയും ഉപയോഗപ്പെടുത്തിക്കൊണ്ട് സാമ്രാജ്യത്വം അവയെ നിർദ്ദയം ചൂഷണംചെയ്യുന്നു. ആ രാജ്യങ്ങളുടെ സമ്പദ്വിധാനങ്ങളെ ക്ഷയിപ്പിക്കുമാറ്, ശതകോടിക്കണക്കിലുള്ള കപ്പം ചുമത്തുകയും ചെയ്യുന്നു.

ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിനമേരിക്കയിലെയും രാജ്യങ്ങൾക്ക് വ്യാവസായവൽക്കൃതമുതലാളിത്തരാജ്യങ്ങളോടുള്ള വമ്പിച്ച കടബാധ്യത സാമ്രാജ്യത്വത്തിന്ന് പ്രാഥമികമായും അമേരിക്കൻ സാമ്രാജ്യത്വത്തിന്ന്, ആ രാജ്യങ്ങളെ ചൂഷണംചെയ്യുന്നതിന്നുള്ള പ്രമുഖമായൊരുപാധിയായിത്തീർന്നിരിക്കുന്നു. അതേ സമയം, സാമ്രാജ്യവാദികളുടെ നടപടികൾക്കെതിരെ ആ രാജ്യങ്ങളിലെ ജനങ്ങളുടെ ചെറുത്തുനിൽപ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അവ പുത്തൻ കൊളോണിയലിസത്തിനെതിരെയും തങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലെ ഇടങ്കോലിടലിനെതിരെയും വംശീയവാദത്തിനും അപാർത്ഥൈഡിനുമെതിരെയുമുള്ള, സ്ഥിരപരിശ്രമത്തോടുകൂടിയ, ന്യായമായ സമരം തുടരുകയാണ്. ഈ ചെറുത്തുനിൽപ് സ്വാതന്ത്ര്യത്തിനും സമാധാനത്തിനും സാമൂഹ്യപുരോഗതിക്കും വേണ്ടിയുള്ള ജനതകളുടെ പൊതുവായ സാമ്രാജ്യത്വവിരുദ്ധസമരവുമായി വസ്തുനിഷ്ഠമായി കൂടിച്ചേരുന്നു.

മുതലാളിത്തേതരവികസനപാത, ഒട്ടേറെ നവസ്വാതന്ത്ര്യരാജ്യങ്ങൾ തിരഞ്ഞെടുത്തിട്ടുള്ള സോഷ്യലിസ്റ്റ് ചായ്‌വ്, സാമൂഹ്യപുരോഗതിക്ക് വിപുലമായ ഭാവിസാദ്ധ്യതകൾ തുറക്കുന്നു. അടിമപ്പെടുത്തപ്പെട്ട മുൻ ജനതകൾക്ക് മുതലാളിത്തത്തെ തള്ളിക്കളയുന്നതിനും അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക്‌വേണ്ടി ചൂഷകരില്ലാത്ത ഒരു ഭാവി കെട്ടിപ്പടുക്കുന്നതിനും ഇന്നത്തെ സാഹചര്യങ്ങളിൽ, ശക്തികളുടെ നിലവിലുള്ള ബലാബലത്തോടെ, വിപുലതരമായ സാദ്ധ്യതകളുണ്ടെന്ന് അവരുടെ അനുഭവം സ്ഥിരീകരിക്കുന്നു. വമ്പിച്ച ചരിത്രപ്രാധാന്യമുള്ള ഒരു പ്രതിഭാസമാണിത്.

വിദേശ-ആഭ്യന്തര പിന്തിരിപ്പത്തത്തിന്റെ ചെറുത്തുനിൽപിനെ മറികടന്നുകൊണ്ട്, ഭരണത്തിലുള്ള വിപ്ലവ-ജനാധിപത്യ പാർട്ടികൾ സാമ്രാജ്യത്വ കുത്തകകളുടെയും ഗോത്രാധിപതികളുടെയും ഫ്യൂഡൽ പ്രഭുക്കളുടെയും പിന്തിരിപ്പൻ ബൂർഷ്വാസിയുടെയും മേധാവിത്തം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെയും, സമ്പദ്വ്യവസ്ഥയിൽ പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിന്റെയും, നാട്ടിൻപുറത്തെ സഹകരണപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും, സാമ്പത്തിക-രാഷ്ട്രീയ ജീവിതത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഭൂരിഭാഗത്തിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിന്റെയും ഒരു കർമ്മസരണിയാണ് പിൻപററിക്കൊണ്ടിരിക്കുന്നത്. സാമ്രാജ്യവാദികളുടെ കടന്നാക്രമണത്തിൽനിന്ന് തങ്ങളുടെ സ്വാതന്ത്ര്യത്തെ കാത്തുസൂക്ഷിച്ചുകൊണ്ട് ആ രാജ്യങ്ങൾ സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള സഹകരണം വിപുലപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അവ തിരഞ്ഞെടുത്തിട്ടുള്ള പാത ജനങ്ങളിൽ ഭൂരിഭാഗത്തിന്റെയും യഥാർത്ഥതാൽപര്യങ്ങൾക്കും അഭിവാഞ്ഛകൾക്കും നിരക്കുന്നതാണ്. നീതിയുക്തമായ ഒരു സാമൂഹ്യവ്യവസ്ഥയ്ക്കുവേണ്ടിയുള്ള അവരുടെ അഭിലാഷത്തെ പ്രതിഫലിപ്പിക്കുകയും മാനവവികാസത്തിന്റെ മുഖ്യധാരയുമായി ഏകീഭവിക്കുകയും ചെയ്യുന്നു അത്.

മനുഷ്യരാശി ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏററവും രൂക്ഷമായ പ്രശ്നം യുദ്ധത്തിന്റെയും സമാധാനത്തിന്റെയും പ്രശ്നമാണ്. കോടിക്കണക്കിന്ന് ജീവനുകൾ അപഹരിച്ച രണ്ട് ലോകയുദ്ധ

ങ്ങൾക്ക് പിന്നിലുണ്ടായിരുന്നത് സാമ്രാജ്യത്വമാണ്. അത് മൂന്നാമതൊന്നിന്റെ ഭീഷണി പുറപ്പെടുവിക്കുന്നു. മനുഷ്യന്റെ പ്രതിഭയുടെ നേട്ടങ്ങൾ ഭയാവഹമായ സംഹാരശേഷിയോടുകൂടിയ ആയുധങ്ങൾ വികസിപ്പിക്കുന്നതിന്നുവേണ്ടിയാണ് സാമ്രാജ്യത്വം തിരിച്ചുവിടുന്നത്. മുഴുവൻ ജനതകളുടെയും ഭാഗധേയങ്ങളെ ബലികൊടുക്കാൻ സന്നദ്ധമായ, സാമ്രാജ്യത്വവൃത്തങ്ങളുടെ നയം, ഈ ആയുധങ്ങൾ യഥാർത്ഥത്തിൽ ഉപയോഗിക്കപ്പെട്ടേക്കുമെന്ന വിപത്ത് വർദ്ധിപ്പിക്കുന്നു. ഒടുവിലായി അത് ഒരാഗോള സായുധസംഘട്ടനത്തിന്റെ ഭീഷണിയും ഉളവാക്കുന്നു. അതിൽ വിജയികളോ പരാജിതരോ ഉണ്ടാവുകയില്ല. പക്ഷെ, ലോകനാഗരികത അതിൽ നശിച്ചേക്കും.

ശാസ്ത്ര-സാങ്കേതിക വിപ്ലവത്തിന്റെ ഫലം ഏത് ലക്ഷ്യങ്ങൾക്കു വേണ്ടിയാണ് ഉപയോഗിക്കപ്പെടുകയെന്ന പ്രശ്നം ഇന്നത്തെ സാമൂഹ്യ-രാഷ്ട്രീയ സമരത്തിൽ പരമപ്രധാനമായിത്തീർന്നിരിക്കുന്നു. ഭൂമിയിൽ സമൃദ്ധിക്ക് ഉറപ്പുവരുത്തുകയും സമുദായത്തിന്റെ ഉൽക്കർഷത്തിന്നും വ്യക്തിയുടെ സമഗ്രമായ വികസനത്തിന്നുമാവശ്യമായ ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക സാദ്ധ്യമാക്കുന്നു ശാസ്ത്രവും സാങ്കേതികവിദ്യയും ഇന്ന്. എന്നാൽ മനുഷ്യന്റെ ബുദ്ധിശക്തിയുടേയും കരങ്ങളുടേയും ഈ സൃഷ്ടികൾ വർഗ്ഗസ്വാർത്ഥപരതയാൽ മാനവികതയ്ക്ക്തന്നെ എതിരായി, മുതലാളിത്തലോകത്തിൽ പ്രബലമായിരിക്കുന്ന വരേണ്യവർഗ്ഗത്തെ സമ്പന്നമാക്കുന്നതിന്നുവേണ്ടി തിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. മനുഷ്യരാശി 21-ാം നൂററാണ്ടിന്റെ വാതിൽപ്പടിക്കലേക്ക് കൊണ്ടുവന്നിട്ടുള്ള പ്രകടവും അസഹനീയവുമായ ഒരു വൈരുദ്ധ്യമാണിത്.

ശാസ്ത്രവും സാങ്കേതികവിദ്യയും സ്വയമേവ സമാധാനത്തിന്ന് ഒരു ഭീഷണി ഉയർത്തുന്നില്ല. സാമ്രാജ്യത്വവും അതിന്റെ നയവും, നമ്മുടെ കാലഘട്ടത്തിലെ അറുപിന്തിരിപ്പൻമാരായ യുദ്ധവെറിയൻ ആക്രമണോത്സുക ശക്തികളുടെ നയം, ആണ് ഈ ഭീഷണി ഉയർത്തുന്നത്. ആ ശക്തികൾക്ക് കടിഞ്ഞാണിട്ടാലേ ഈ ഭീഷണി അവസാനിപ്പിക്കാനാകുകയുള്ളു.

രൂക്ഷമായ വൈരുദ്ധ്യങ്ങൾകൊണ്ട് കുഴഞ്ഞുമറിഞ്ഞുകിടക്കുന്നതും ആസന്നമായ മഹാവിപത്തിനെ അഭിമുഖീകരിക്കുന്നതുമായ ഇന്നത്തെ ലോകത്തിൽ കരകയറുന്നതിന്നുള്ള ബുദ്ധിപൂർവകവും സ്വീകാര്യവുമായ ഏക മാർഗ്ഗം വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാജ്യങ്ങളുടെ സമാധാനപരമായ സഹവർത്തനമാണ്. കേവലം യുദ്ധങ്ങളുടെ അഭാവമെന്ന് മാത്രമല്ല ഇതിന്നർത്ഥം. ആയുധബലത്തേക്കാളുപരി, നല്ല അയൽപക്കബന്ധവും സഹകരണവും പ്രധാനമായിരിക്കുന്ന, എല്ലാ ജനതകളുടേയും നൻമക്കുവേണ്ടി ശാസ്ത്ര-സാങ്കേതികവിദ്യയുടെ നേട്ടങ്ങളും സാംസ്കാരിക മൂല്യങ്ങളുടെ വിപുലമായ വിനിമയങ്ങളും പ്രയോഗിക്കപ്പെടുന്ന ഒരു സാർവ്വദേശീയ സംവിധാനമാണത്. സൈനികാവശ്യങ്ങൾക്കുവേണ്ടി വമ്പിച്ച വിഭവങ്ങൾ ചിലവഴിക്കുന്നതിൽനിന്നുള്ള മോചനം അദ്ധ്വാനത്തിന്റെ ഫലങ്ങൾ നിർമ്മാണകാര്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുക സാദ്ധ്യമാക്കും. സ്വതന്ത്രവികസനത്തിന്റെ പാത കൈക്കൊണ്ടിട്ടുള്ള രാജ്യങ്ങളെ വിദേശകയ്യേററങ്ങളിൽനിന്ന് കാത്തുസൂക്ഷിക്കും അത്. ഇതവയുടെ ദേശീയ പുരോഗതി സുഗമമാക്കും. എല്ലാ രാജ്യങ്ങളുടേയും കൂട്ടായയത്നത്തിലൂടെ മനുഷ്യരാശിയുടെ ആഗോള പ്രശ്നങ്ങളുടെ പരിഹരണത്തിന് ശുഭോദർക്കങ്ങളായ സന്ദർഭങ്ങളേകുകയും ചെയ്യുന്നതാണ്. സമാധാനപരമായ സഹവർത്തിത്വം എല്ലാ നാടുകളുടേയും എല്ലാ ജനതകളുടേയും താൽപര്യങ്ങൾക്ക് നിരക്കുന്നതാണ്.

മനുഷ്യരാശിയുടെ തലയ്ക്ക്മുകളിൽ തൂങ്ങിനില്ക്കുന്ന വിപത്ത് മുമ്പൊരിക്കലും ഇത്ര ഭയാവഹമായിരുന്നിട്ടില്ല. എന്നാൽ, സമാധാന

ത്തെ കാത്തുരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന്നുള്ള സാദ്ധ്യതകൾ മുമ്പൊരിക്കലും ഇത്ര യാഥാർത്ഥ്യാധിഷ്ഠിതങ്ങളുമായിരുന്നില്ല. യത്നങ്ങൾ സമാഹരിച്ചുകൊണ്ട് ജനതകൾക്ക് നൂക്ലിയർ സർവ്വനാശത്തിന്റെ ഭീഷണി തടയാൻ കഴിയും, കഴിയണം.

സാമ്രാജ്യത്വത്തിന്റെ ആക്രമണോൽസുകനയത്തെ സമാധാനശക്തികളുടെ വർദ്ധമാനമായ ശേഷിസാദ്ധ്യത ഖണ്ഡിക്കുന്നു. സമാധാനശക്തികളുടെ ശേഷിസാദ്ധ്യത എന്നുവെച്ചാൽ സോഷ്യലിസ്റ്റ് സ്റ്റേററുകളുടെ ഊർജ്ജസ്വലവും സുസ്ഥിരമായും സമാധാനനിരതവുമായ നയവും അവയുടെ വർദ്ധിച്ചുവരുന്ന സാമ്പത്തിക-പ്രതിരോധക്കരുത്തും എന്നർത്ഥമാണ്; സമാധാനത്തെ കാത്തുരക്ഷിക്കുന്നതിലും ആയുധപ്പന്തയം അവസാനിപ്പിക്കുന്നതിലും ജീവൽതാൽപര്യമുള്ള ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിൻ അമേരിക്കയിലെയും ബഹുഭൂരിപക്ഷം സ്റ്റേററുകളുടെ നയം എന്നർത്ഥമാണ്; സാമൂഹികജീവിതത്തിൽ ഈടുററതും സ്വാധീനശക്തിയുള്ളതുമായ ഘടകങ്ങളായിത്തീർന്നിട്ടുള്ള എല്ലാ ഭൂഖണ്ഡങ്ങളിലെയും വിശാലബഹുജനങ്ങളുടെ, യുദ്ധവിരുദ്ധപ്രസ്ഥാനമെന്നർത്ഥമാണ്. ശക്തികളുടെ യഥാർത്ഥത്തിലുള്ള ബലാബലത്തിന്റെ യാഥാർത്ഥ്യബോധത്തോടുകൂടിയ വീക്ഷണം, മുതലാളിത്തരാജ്യങ്ങളിലെകൂടി പല രാജ്യതന്ത്രജ്ഞരെയും രാഷ്ട്രീയപ്രവർത്തകരെയും, ആയുധപ്പന്തയം തുടരുകയും വികസിപ്പിക്കുകയും ചെയ്യുന്നതിലടങ്ങിയിട്ടുള്ള വിപത്തുകളെപ്പററി ഒരു ധാരണയുണ്ടാകുന്നതിലേയ്ക്കു നയിക്കുന്നുണ്ട്.

സാമ്രാജ്യത്വത്തിന്റെ ആക്രമണോൽസുകവൃത്തങ്ങളുടെ നയം സമാധാനത്തിന്നുനേരെ ഉയർത്തിയിട്ടുള്ള ഭീഷണി എത്ര ഗുരുതരമാണെങ്കിലും ലോകയുദ്ധം വിധികൽപിതമായി അനിവാര്യമല്ലെന്ന ധാരണയാണ് സി. പി. എസ്. യു. വിന്നുള്ളത്. യുദ്ധം തടയുകയും മാനവരാശിയെ സർവ്വനാശത്തിൽനിന്ന് രക്ഷിക്കുകയും ചെയ്ക സാദ്ധ്യമാണ്. സോഷ്യലിസത്തിന്റെ, ലോകത്തിലെ പുരോഗമനവാദികളും സമാധാനസ്നേഹികളുമായ എല്ലാ ശക്തികളുടെയും, ചരിത്രപരമായ ദൗത്യമാണിത്.

ലോകവികാസഗതിയാകെത്തന്നെ ഇപ്പോഴത്തെ കാലഘട്ടത്തിന്റെ സ്വഭാവത്തെയും മുഖ്യ ഉള്ളടക്കങ്ങളെയും പററിയുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിശകലനത്തെ സ്ഥിരീകരിക്കുന്നു. മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കുമുള്ള പരിവർത്തനത്തിന്റെയും രണ്ടു ലോകസാമൂഹ്യ-രാഷ്ട്രീയവ്യവസ്ഥകൾ തമ്മിലുള്ള ചരിത്രപരമായ മൽസരത്തിന്റെയും ഒരു കാലഘട്ടമാണിത്; സോഷ്യലിസ്റ്റ് വിപ്ലവങ്ങളുടേയും, കൊളോണിയലിസം ഛിന്നഭിന്നമാകുന്നതിന്റെയും ഒരു കാലഘട്ടമാണിത്; സാമ്രാജ്യത്വത്തിന്നും അതിന്റെ ആക്രമണ-മർദ്ദനനയത്തിനുമെതിരായും ജനാധിപത്യത്തിനും സാമൂഹ്യപുരോഗതിക്കുംവേണ്ടിയും സാമൂഹ്യവികസനത്തിന്റെ മുഖ്യ പ്രേരകശക്തികൾ—ലോകസോഷ്യലിസം, തൊഴിലാളിവർഗ്ഗ-കമ്യൂണിസ്റ്റ് പ്രസ്ഥാനം, നവസ്വതന്ത്രരാജ്യങ്ങളിലെ ജനതകൾ, ബഹുജനജനാധിപത്യപ്രസ്ഥാനങ്ങൾ—നടത്തുന്ന സമരത്തിന്റെ ഒരു കാലഘട്ടമാണിത്.

ഈ ശക്തികളിലെ നിരന്തരവളർച്ചയും അവയുടെ പരസ്പരപ്രവർത്തനവും ഒരു സമാധാനജീവിതത്തിനും സുഖസന്തുഷ്ടിക്കും വേണ്ടിയുള്ള ജനതകളുടെ പ്രത്യാശകൾ യാഥാർത്ഥ്യത്തിലേക്ക് പരിവർത്തനപ്പെടുമെന്നതിന് മുന്നുറപ്പേകുന്നു. ഏററത്താഴ്വുള്ളതും സങ്കീർണ്ണവും വിവാദപരവുമാണെങ്കിലും സോഷ്യലിസത്തിലേക്കും കമ്യൂണിസത്തിലേക്കുമുള്ള മനുഷ്യരാശിയുടെ മുന്നേററം ഇളക്കംതട്ടിക്കാനാവാത്തതാണ്.

ഭാഗം രണ്ട്

# സോഷ്യലിസത്തിന്റെ പദവി ഉയർത്തുകയും കമ്യൂണിസത്തിലേക്ക് അനുക്രമമായ ഒരു പരിവർത്തനം വരുത്തുകയും ചെയ്യുന്നതിൽ സി. പി. എസ്. യു. വിന്റെ കടമകൾ

## I. സോവിയററ് യൂണിയന്റെ കമ്യൂണിസ്ററ് ഭാവിസാദ്ധ്യതയും സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കേണ്ടതിന്റെ ആവശ്യവും

നമ്മുടെ രാജ്യത്ത് കമ്യൂണിസം കെട്ടിപ്പടുക്കുകയാണ് സി. പി. എസ്. യു. വിന്റെ ആത്യന്തികമായ ലക്ഷ്യം. സോഷ്യലിസവും കമ്യൂണിസവും കമ്യൂണിസ്റ്റ് രൂപഘടനയുടെ ക്രമാനുഗതങ്ങളായ ഘട്ടങ്ങളാണ്. അവയ്ക്കിടയിൽ വ്യക്തമായ വിഭജനരേഖയില്ല: സോഷ്യലിസത്തിന്റെ വികസനവും അതിന്റെ സാദ്ധ്യതകളുടേയും നേട്ടങ്ങളുടേയും പൂർവ്വാധികം പൂർണ്ണതരമായ അനാവരണവും അതിന്റെ സവിശേഷതയായ, സാമാന്യ കമ്യൂണിസ്റ്റ് പ്രമാണങ്ങളുടെ ദൃഢീകരണവുമാണ് കമ്യൂണിസത്തിലേക്കുള്ള സമുദായത്തിന്റെ യഥാർത്ഥ മുന്നേററം എന്നതുകൊണ്ടർത്ഥമാക്കുന്നത്.

ഉൽപാദനോപാധികൾ മുഴുവൻ ജനങ്ങളുടേയും ഉടമസ്ഥതയിലുള്ള, ജനങ്ങളുടെ സർവ്വതോമുഖ വികാസത്തോടൊപ്പം ഉൽപാദകശക്തികൾ, അനുക്രമം വികസിച്ചുകൊണ്ടിരിക്കുന്ന, ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും അടിസ്ഥാനത്തിൽ വളരുകയും പൊതുസമ്പത്തിന്റെ എല്ലാ സ്രോതസ്സുകളും പൂർണ്ണഗതിയിൽ പ്രവഹിക്കുകയും ''ഓരോരുത്തനിൽനിന്നും അവനവന്റെ കഴിവുകൾക്കനുസരിച്ച്, ഓരോരുത്തന്നും അവനവന്റെ ആവശ്യങ്ങൾക്കനുസരിച്ച്'' എന്ന മഹത്തായ പ്രമാണം സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്ന, സമുദായത്തിലെ എല്ലാം അംഗങ്ങൾക്കും പൂർണ്ണ സാമൂഹ്യസമത്വമുള്ള വർഗ്ഗരഹിതമായ ഒരു സാമൂഹ്യവ്യവസ്ഥയാണ് കമ്യൂണിസം. സ്വതന്ത്രരും രാഷ്ട്രീയമായി ബോധമുള്ളവരുമായ തൊഴിലാളികളുടെ അത്യന്തം സംഘടിതമായ ഒരു സമുദായം, പൊതുജനസ്വയംഭരണം സ്ഥാപിക്കപ്പെടുകയും സമുദായത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനം എല്ലാവരെ സംബന്ധിച്ചിടത്തോളവും ജീവിതത്തിന്റെ പ്രാഥമികാവശ്യം, ബോധപൂർവ്വമായ ഒരാവശ്യം, ആയിത്തീരുകയും എല്ലാവരുടേയും കഴിവുകൾ ജനങ്ങളുടെ പരമാവധി നേട്ടത്തിന്നായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന ഒരു സമുദായം, ആണ് കമ്യൂണിസം.

സമുദായത്തിന്റെയും വ്യക്തിയുടെയും ന്യായയുക്തമായ ആവശ്യങ്ങൾ പൂർണ്ണമായി തൃപ്തിപ്പെടുത്തുന്നതിന്നുള്ള അവസരങ്ങൾ തുറക്കുമാറുള്ള അത്തരം ഉൽപാദകശക്തികളുടെ സൃഷ്ടിയെ കമ്യൂണിസത്തിന്റെ ഭൗതിക-സാങ്കേതികാസ്തിവാരം മുൻകൂട്ടി വിഭാവനം ചെയ്യുന്നു. കമ്യൂണിസത്തിൻകീഴിൽ ഉൽപാദനപരമായ എല്ലാ പ്രവർത്തനങ്ങളും, അത്യന്തം കാര്യക്ഷമമായ സാങ്കേതികസൗകര്യങ്ങളുടെയും സാങ്കേതികവിദ്യകളുടേയും ഉപയോഗത്തിൽ അധിഷ്ഠിതമായിരിക്കും. മാത്രമല്ല, മനുഷ്യന്റെയും പ്രകൃതിയുടേയും രഞ്ജകമായ പരസ്പരപ്രവർത്തനത്തിന്നുറപ്പുവരുത്തുകയും ചെയ്യും.

പ്രവർത്തനത്തിലുള്ള കമ്യൂണിസത്തിന്റെ പരമോന്നതഘട്ടത്തിൽ അദ്ധ്വാനത്തിന്റെയും ഉൽപാദനത്തിന്റെയും നേരിട്ടുള്ള സാമൂഹ്യസ്വഭാവം ദൃഢമായി സ്ഥാപിതമായിത്തീരുന്നതാണ്. പഴയ അദ്ധ്വാനവിഭജനത്തിന്റെ അവശിഷ്ടങ്ങളുടേയും അതുമായി ബന്ധപ്പെട്ടുള്ള സാരമായ സാമൂഹ്യഭിന്നതകളുടെയും അന്തിമമായ നിർമ്മൂലനത്തിലൂടെ, സാമൂഹ്യമായി ഏകജാതീയമായ ഒരു സമുദായത്തിന്റെ രൂപീകരണപ്രക്രിയ പൂർത്തീകരിക്കപ്പെടുന്നതാണ്.

ജനങ്ങളുടെ സോഷ്യലിസ്റ്റ് സ്വയംഭരണവിധാനത്തിന്റെ പരിവർത്തനത്തെ, സമുദായത്തിന്റെ പരമോന്നതസംഘടനാരൂപത്തിലേക്കുള്ള — കമ്യൂണിസ്റ്റ് പൊതു സ്വയംഭരണത്തിലേക്കുള്ള — സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ പരിവർത്തനത്തെ കമ്യൂണിസം സൂചിപ്പിക്കുന്നു. ആവശ്യമായ സാമൂഹ്യ-സാമ്പത്തിക-പ്രത്യയശാസ്ത്ര പൂർവ്വോപാധികൾ പരിപക്വതയാർജജിക്കുകയും ഭരണത്തിൽ എല്ലാ പൗരരും ഭാഗഭാക്കുകളായിത്തീരുകയും ചെയ്യുന്നതോടെ സോഷ്യലിസ്റ്റ്സ്റ്റേറ്റ് ലെനിൻ പ്രവചിച്ചതുപോലെ വർദ്ധിതമായ തോതിൽ — ഉചിതമായ സാർവ്വദേശീയസാഹചര്യങ്ങളുള്ളപക്ഷം — "സ്റ്റേറ്റിൽനിന്ന് സ്റ്റേറ്റ്രഹിതാവസ്ഥയിലേക്കുള്ള ഒരു പരിവർത്തനരൂപം" ആയിത്തീരും. സ്റ്റേറ്റ് ഘടകങ്ങളുടെ പ്രവർത്തനങ്ങൾ സ്വഭാവത്തിൽ അരാഷ്ട്രീയമായിത്തീരും, ഒരു പ്രത്യേക രാഷ്ട്രീയസ്ഥാപനമെന്നനിലയിൽ സ്റ്റേറ്റിന്റെ ആവശ്യകത ക്രമേണ അപ്രത്യക്ഷമാകുകയും ചെയ്യും.

കമ്യൂണിസ്റ്റ് ജീവിതരീതിയുടെ അവിഭാജ്യമായ സവിശേഷത രാഷ്ട്രീയബോധത്തിന്റെ ഉന്നതനിലവാരമാണ്, രാഷ്ട്രീയമായ ഉണർവ്വിന്റെ ഉന്നതനിലവാരമാണ്. അച്ചടക്കത്തിന്റെയും, കമ്യൂണിസ്റ്റ് സമുദായത്തിന്റെ സാമാന്യമായി അംഗീകരിക്കപ്പെട്ട ഏകരൂപത്തിലുള്ള നിയമങ്ങളുടെ പാലനം ഓരോ ആളുടെയും ആന്തരികമായ ഒരാവശ്യവും ശീലവുമായിത്തീരുന്ന, സമുദായത്തിലെ അംഗങ്ങളുടെ സ്വയംഅച്ചടക്കത്തിന്റെയും ഉന്നതനിലവാരമാണ്.

ഓരോരുത്തരുടേയും സ്വതന്ത്രവികസനം എല്ലാവരുടേയും സ്വതന്ത്രവികസനത്തിനുള്ള ഒരുപാധിയായ ഒരു സാമൂഹ്യവ്യവസ്ഥയെന്നാണ് കമ്യൂണിസത്തിന്നർത്ഥം.

സി. പി. എസ്. യു. പരിപൂർണ്ണ കമ്യൂണിസത്തിന്റെ വസ്തുതകൾ വിശദാംശത്തിൽ മുൻകൂട്ടി കാണുകയെന്ന ലക്ഷ്യം സ്വയം മുൻവെയ്ക്കുന്നില്ല. സമുദായം കമ്മ്യൂണിസത്തിലേക്ക് മുന്നേറിക്കൊണ്ടിരി

ക്കുകയും അത് കെട്ടിപ്പടുക്കുന്നതിൽ കൂടുതൽ അനുഭവം സമാഹരിക്കപ്പെടുകയും ചെയ്യുന്നതോടെ പുതിയൊരു സമുദായത്തിന്റെ പരമമോന്നതഘട്ടത്തിന്റെ ശാസ്ത്രീയാശയങ്ങൾ സമ്പുഷ്ടമാക്കപ്പെടുകയും മൂർത്തീകരിക്കപ്പെടുകയും ചെയ്യും.

കമ്മ്യൂണിസത്തിലേക്കുള്ള സോഷ്യലിസത്തിന്റെ വികാസം സമുദായവികാസത്തിന്റെ വസ്തുനിഷ്ഠമായ നിയമങ്ങളാൽ, അവഗണിക്കാൻ കഴിയാത്ത നിയമങ്ങളാൽ. നിർണ്ണയിക്കപ്പെടുന്നു. വളരെ വേഗത്തിൽ മുന്നോട്ടുപോകുവാനും സമുദായത്തിന്റെ ഭൗതികവും സാംസ്കാരികവുമായ പക്വതയുടെ നിലവാരം യഥായോഗ്യം കണക്കിലെടുക്കാതെ കമ്യൂണിസ്റ്റ് പ്രമാണങ്ങൾ ഏർപ്പെടുത്തുവാനുമുള്ള ഏതൊരു ശ്രമവും, പരാജയപ്പെടാൻ വിധിക്കപ്പെട്ടതാണെന്നും സാമ്പത്തിക-രാഷ്ട്രീയ സ്വഭാവത്തിലുള്ള നഷ്ടങ്ങൾക്കിടയാക്കിയേക്കുമെന്നും അനുഭവം കാണിക്കുന്നു.

അതേസമയം പരിപക്വമായ പരിവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ കടമകൾ നിറവേററുന്നതിലും വിളംബം അനുവദിച്ചുകൂടെന്ന വിശ്വാസത്തെയാണ് സി. പി. എസ്. യു. ആധാരമാക്കുന്നത്. എഴുപതുകളിലും എൺപതുകളുടെ തുടക്കത്തിലും രാജ്യത്തിന്റെ വികസനത്തിലെ വിജയങ്ങളോടൊപ്പം ചില പ്രതികൂലപ്രവണതകളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നുവെന്ന വസ്തുത പാർട്ടി കണക്കിലെടുക്കുന്നു. അവയ്ക്ക് കാരണം, ഗണ്യമായ അളവോളം, സാമ്പത്തികസ്ഥിതിയിലെ മാററങ്ങളേയും,, ജീവിതത്തിന്റെ എല്ലാം തുറകളിലും അഗാധമായ മാററങ്ങൾക്കുവേണ്ടിയുള്ള ആവശ്യത്തേയും യഥാസമയം, ശരിയായ രീതിയിൽ, വിലയിരുത്തുന്നതിലുണ്ടായ പരാജയവും അത്തരം മാററങ്ങൾ ശരിയായ നിഷ്ഠയോടെ നടപ്പാക്കുന്നതിലുണ്ടായ പരാജയവുമാണ്. സോഷ്യലിസ്റ്റ്വ്യവസ്ഥയുടെ ശേഷിസാദ്ധ്യതകളും നേട്ടങ്ങളും പൂർണ്ണതരമായി ഉപയോഗിക്കുന്നതിനെ ഇത് തടയുകയും മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുകയും ചെയ്തു.

ഇന്നത്തെ ആഭ്യന്തര-വിദേശസാഹചര്യങ്ങളിൽ, സോവിയററ് സമുദായത്തിന്റെ സർവ്വതോമുഖമായ പുരോഗതി, കമ്മ്യൂണിസത്തിലേക്കുള്ള പ്രയാണത്തിന്ന്, രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിച്ചുകൊണ്ട് ഉറപ്പേകാൻ കഴിയുമെന്ന്, ഉറപ്പേകപ്പെടണമെന്ന്, സി. പി. എസ്. യു. കരുതുന്നു. സോവിയററ് സമുദായത്തിൽ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും ഗുണപരമായി പരിവർത്തനപ്പെടുത്തുന്നതിനുള്ള പാർട്ടിയുടെ തന്ത്രപരമായ കർമ്മസരണിയാണിത്; ശാസ്ത്ര-സാങ്കേതികവിപ്ലവത്തിന്റെ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ അതിന്റെ ഭൗതിക-സാങ്കേതികാടിസ്ഥാനത്തിന്റെ സമൂലമായ നവീകരണം; സാമൂഹ്യബന്ധങ്ങളുടെ, സർവ്വോപരി സമ്പേത്തികബന്ധങ്ങളുടെ, ശുദ്ധീകരണം; അദ്ധ്വാനത്തിന്റെ ഉള്ളടക്കത്തിലും സ്വഭാവത്തിലും, ജനങ്ങളുടെ ഭൗതിക-സാംസ്കാരിക സാഹചര്യങ്ങളിലും, അഗാധമായ മാററങ്ങൾ; രാഷ്ട്രീയ-സാമൂഹ്യ-പ്രത്യയശാസ്ത്ര സ്ഥാപനങ്ങളുടെ വിധാനത്തിന്റെയാകെ ഉദ്ദീപനം എന്നിവ.

മുൻവെച്ച കടമകളുടെ വിജയകരമായ നിർവ്വഹണത്തെ മനുഷ്യഘടകത്തിനുള്ള വർദ്ധിതമായ പങ്കുമായി പാർട്ടി കൂട്ടിയിണക്കുന്നു. പൊതു

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ജനങ്ങളുടെ ക്രിയാത്മകപ്രവർത്തനം വികസിപ്പിക്കുന്നതിന്റെ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താതെ സോഷ്യലിസ്റ്റ് സമുദായത്തിന്ന് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുകയില്ല. ചരിത്രപരമായ ലക്ഷ്യങ്ങളുടെ വ്യാപ്തി എത്രത്തോളം വമ്പിച്ചതാവുന്നോ അവ കൈവരിക്കുന്നതിൽ ജനലക്ഷങ്ങളുടെ ഉദമസ്ഥാവകാശവും ഉത്തരവാദിത്വവും ബോധവും സജീവപങ്കാളിത്തവും അത്രത്തോളം ജീവത്താകും.

സോവിയററ് സമുദായം സാമൂഹ്യ-സാമ്പത്തികവികസനത്തെ ത്വരിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ ഔന്നത്യങ്ങളിലെത്തിച്ചേരുന്നതാണ്.

ഇതിന്നർത്ഥം: സാമ്പത്തികമണ്ഡലത്തിൽ — ദേശീയ സമ്പദ്വിധാനത്തെ അടിസ്ഥാനപരമായി പുതിയ ഒരു ശാസ്ത്ര-സാങ്കേതിക-സംഘടനാ-സാമ്പത്തിക തലത്തിലേക്ക് ഉയർത്തുക, കടുങ്ങനെയുള്ള വികസനത്തിന്റെ പാതയിൽ അതിനെ പ്രതിഷ്ഠിക്കുക; സാമൂഹ്യാദ്ധ്വാനത്തിന്റെ ഉൽപാദനക്ഷമതയിലും ഉൽപന്നത്തിന്റെ ഗുണനിലവാരത്തിലും ഉൽപാദനത്തിന്റെ ഫലദായിതയിലും ഏററവും ഉയർന്ന ലോകനിലവാരങ്ങൾ കൈവരിക്കുക; രാജ്യത്തിന്റെ ഏകീകൃതമായ ദേശീയ സാമ്പത്തിക സാകല്യത്തിന്ന് അനുകൂലതരമായ രൂപഘടനയും സന്തുലനവും ഉറപ്പുവരുത്തുക; അദ്ധ്വാനത്തിന്റെ സാമൂഹ്യവൽക്കരണത്തിന്റെയും ഉൽപാദനത്തിന്റെയും നിലവാരം ഗണ്യമായി ഉയർത്തുക; കൂട്ടുകൃഷിക്കളങ്ങളുടെയും സഹകരണസംഘങ്ങളുടെയും സ്വത്തുക്കളെയും ജനങ്ങളുടെയാകെ സ്വത്തിനെയും, അവയുടെ ആത്യന്തികസംയോജനം ലക്ഷ്യമാക്കിക്കൊണ്ട്, അടുപ്പിച്ചുകൊണ്ടുവരിക;

സാമൂഹ്യമണ്ഡലത്തിൽ — ജോലിക്കനുസരിച്ചുള്ള പ്രതിഫലവിതരണം എന്ന സോഷ്യലിസ്റ്റ് പ്രമാണം സുസ്ഥിരം നടപ്പാക്കവെതന്നെ ജനക്ഷേമത്തിന്റെ ഗുണാത്മകമായി പുതിയ ഒരു നിലവാരത്തിന് ഉറപ്പുവരുത്തൽ; സാരാംശത്തിൽ വർഗ്ഗരഹിതമായ ഒരു സമുദായഘടനയുടെ സംസ്ഥാപനവും നഗരവും നാട്ടിൻപുറവും തമ്മിലുള്ള സാമൂഹ്യ-സാമ്പത്തിക-സാംസ്ക്കാരിക-ജീവിതനിലവാരങ്ങളിലെ ഗണ്യമായ വ്യത്യാസങ്ങളുടെ ക്രമാനുഗതമായ തിരോധാനവും; ഉൽപാദനപരങ്ങളായ പ്രവർത്തനങ്ങളിൽ കായികജോലിയുടെയും ബുദ്ധി ഉപയോഗിച്ചുള്ള ജോലിയുടെയും കൂടുതൽ സമ്യക്കാംവിധമുള്ള ഒരു സംയോജനം; സാമൂഹ്യവും സാർവ്വദേശീയവുമായ ഒരു സമുച്ചയമെന്ന നിലയിൽ സോവിയററ് ജനങ്ങളുടെ അധികതരമായ അണിയടുപ്പം; ജനങ്ങളിൽനിന്നുള്ള ക്രിയാത്മകശേഷികളുടെയും മുൻകയ്യിന്റെയും ഉയർന്ന ഒരു നിലവാരം;

രാഷ്ട്രീയമണ്ഡലത്തിൽ — ജനങ്ങളുടെ സോഷ്യലിസ്റ്റു സ്വയംഭരണം സ്റ്റേററ്-പൊതുക്കാര്യങ്ങളുടെ നടത്തിപ്പിൽ പൗരരുടെ മുമ്പത്തെക്കാൾ പൂർണ്ണതരമായ ഭാഗഭാഗിത്വത്തിലൂടെ വികസിപ്പിക്കൽ, ജനകീയാധികാരത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഘടകങ്ങളുടെ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, ട്രേഡ്യൂണിയനുകളുടെയും കംസൊമൊളിന്റെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മററ് ബഹുജനസംഘടനകളുടെയും പങ്ക് വർദ്ധിപ്പിക്കൽ, പ്രതിനിധി ജനാധിപത്യത്തിന്റെയും പ്രത്യക്ഷജനാധിപത്യത്തിന്റെയും എല്ലാ രൂപങ്ങളുടെയും ഫലപ്രദമായ ഉപയോഗം;

സാംസ്കാരികജീവിതത്തിന്റെ മണ്ഡലത്തിൽ—സോവിയററ് ജനങ്ങളുടെ മനസ്സിൽ സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അധികതര ദൃഢീകരണം, സോഷ്യലിസത്തിന്റെ ധാർമ്മികപ്രമാണങ്ങളുടെ, കൂട്ടായ്മയുടെയും സ്വതന്ത്രപരമായ പരസ്പരസഹായത്തിന്റെയും സ്പിരിററിന്റെ പൂർണ്ണസമർത്ഥനം, ശാസ്ത്രത്തിന്റെ നേട്ടങ്ങളും സാംസ്കാരികമൂല്യങ്ങളും ജനതതിയുടെ വിശാലവിഭാഗങ്ങളുടെ സ്വന്തമാക്കലും സുവികസിതനായ ഒരു വ്യക്തിയെ വാർത്തെടുക്കലും.

ഈ പരിവർത്തനങ്ങൾ സോവിയററ് സമുദായത്തിൽ, ജീവിതത്തിന്റെ എല്ലാ തുറകളിലും പുതിയ വ്യവസ്ഥയുടെ വമ്പിച്ച നേട്ടങ്ങൾ പൂർണ്ണമായി അനാവരണം ചെയ്യുന്ന, ഗുണപരമായി പുതിയൊരവസ്ഥ, നിലവിൽ വരുത്തും. അങ്ങിനെ കമ്യൂണിസത്തിന്റെ പരമോന്നതഘട്ടത്തിലേക്കുള്ള പാതയിൽ ചരിത്രപ്രധാനമായ ഒരു ചുവടുവെപ്പ് നടത്തുന്നതാണ്. പാർട്ടി അതിന്റെ നയത്തെയും സാമ്പത്തിക-സാമൂഹ്യതന്ത്രത്തെയും അതിന്റെ സംഘടനാ-പ്രത്യയശാസ്ത്രപ്രവർത്തനത്തിന്റെ കടമകളെയും കമ്യൂണിസ്റ്റ് ഭാവിസാദ്ധ്യതയുമായി കൂട്ടിയോജിപ്പിച്ചുകൊണ്ടിരിക്കുന്നു.

## II. പാർട്ടിയുടെ സാമ്പത്തികതന്ത്രം

രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കുകയെന്ന, പാർട്ടി മുൻവെച്ചിട്ടുള്ള കടമ, മനുഷ്യപ്രവർത്തനത്തിന്റെ നിർണ്ണായക മണ്ഡലമെന്ന നിലയിൽ പ്രാഥമികമായും സമ്പദ്വിധാനത്തിൽ അഗാധമായ മാററങ്ങൾ ആവശ്യമാക്കുന്നു. ഉൽപാദനം കടുങ്ങനെയാക്കുന്നതിലേക്കുള്ള തീവ്രമായ ഒരു മാററം നടത്തുകയും ഓരോ വ്യവസായ സ്ഥാപനവും ഓരോ ശാഖയും സാമ്പത്തികവളർച്ചയ്ക്കുള്ള ഗുണപരമായ ഘടകങ്ങളുടെ പൂർണ്ണതരവും മുൻഗണനാപരവുമായ വിനിയോഗത്തിലേക്ക് പുനഃസംവിധാനം ചെയ്യപ്പെടുകയും വേണം. സുവികസിതങ്ങളായ ഉൽപാദകശക്തികളും, പരിപക്വമായ സോഷ്യലിസ്റ്റ് ഉൽപാദനബന്ധങ്ങളും സുസജ്ജമായ സാമ്പത്തികയന്ത്രവിധാനവുമുള്ള, പരമോന്നതമായ സംഘാടനത്തിന്റെയും കാര്യക്ഷമതയുടേതുമായ ഒരു സമ്പദ്വിധാനത്തിലേക്കുള്ള പരിവർത്തനത്തിന്നു ഉറപ്പുവരുത്തണം. 2000-ാമാണ്ടിന്റെ അവസാനമാകുമ്പോഴേയ്ക്ക് രാജ്യത്തിന്റെ ഉൽപാദനശേഷിസാദ്ധ്യത ഇരട്ടിക്കുകയും സമൂലമായും ഗുണപരമായും നവീകരിക്കപ്പെടുകയും വേണം.

ശാസ്ത്ര-സാങ്കേതികവിപ്ലവം കൂടുതൽ അഗാധതരമായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങളിൽ പാർട്ടിയും ജനങ്ങളും ഈ കടമകൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നു. ശാസ്ത്ര-സാങ്കേതികവിപ്ലവം ഇന്നത്തെ ഉൽപാദനത്തിന്റെ എല്ലാ തുറകളിലും, പൊതുജനബന്ധങ്ങളുടെ വിധാനത്തിലാകെയും, മനുഷ്യനിൽതന്നെയും അവന്റെ പരിതഃസ്ഥിതിയിലും ശക്തമായ ഒരു സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയും അദ്ധ്വാനോൽപാദനക്ഷമതയും സമുദായത്തിന്റെയാകെ പുരോഗതിയും ഗണ്യമായി ഉത്തേജിപ്പിക്കുന്നതിന് പുതിയ ഭാവിസാദ്ധ്യതകൾ തുറക്കുകയും ചെയ്യുന്നു.

സോഷ്യലിസത്തിന്റെ ചരിത്രപരമായ ദൗത്യം അഗ്രിമശാസ്ത്രത്തിന്റെ, അത്യധികം തികവുററതും ശക്തവുമായ സാങ്കേതികവിദ്യയുടെ, നേട്ടങ്ങറം കമ്യൂണിസം കെട്ടിപ്പടുക്കുന്നതിന്ന് വിനിയോഗിക്കുക എന്നതാണ്.

## ശാസ്ത്ര–സാങ്കേതികപുരോഗതിയുടെ ത്വരണം — ഉല്പാദനത്തിൽ കാര്യക്ഷമത ഉയർത്തുന്നതിന്നുള്ള മുഖ്യ ഉത്തോലകം

പാർട്ടിയുടെ സാമ്പത്തികനയത്തിലെ അടിസ്ഥാനപ്രശ്നം ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെ കാര്യമായ ത്വരണമാണ്. ദേശീയ സമ്പദ്വിധാനത്തിന്റെ പുതിയൊരു സാങ്കേതിക പുനർനിർമ്മാണം പ്രാവർത്തികമാക്കുകയും അങ്ങിനെ സമുദായത്തിന്റെ ഭൗതിക-സാങ്കേതികാസ്തിവാരം പരിവർത്തനപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

വികസിത സാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിൽ ഉൽപാദന സംവിധാനത്തിന്റെ ദ്രുതഗതിയിലുള്ള പുനർനവീകരണവും അത്യാധുനികമായ സാങ്കേതികശാസ്ത്രപ്രക്രിയകളും പരമാവധി സാമ്പത്തിക-സാമൂഹ്യഫലത്തോടെ പുതിയ ഉൽപന്നങ്ങറം പുറത്തിറക്കുന്നതിന്ന് വേഗത്തിൽ ക്രമീകരിക്കാവുന്ന അനുനേയ ഉൽപാദന യൂനിററുകറം ഏർപ്പെടുത്തലും പ്രാഥമിക പ്രാധാന്യമുള്ളതാണ്. ഉൽപാദന, ഉൽപാദനേതര മണ്ഡലങ്ങളിലെ എല്ലാ ശാഖകളിലും സമഗ്രമായ യന്ത്രവൽക്കരണം പൂർത്തിയാക്കുകയും സ്വയംപ്രവർത്തകഷോപ്പുകളിലേക്കും പ്ലാൻറുകളിലേക്കും സ്വയംപ്രവർത്തകനിയന്ത്രണ-ഡിസൈൻ വിധാനങ്ങളിലേക്കുമുള്ള മാററം ഉറപ്പെടെ ഉൽപാദനത്തിന്റെ സ്വയംപ്രവർത്തനത്തിൽ പ്രമുഖമായ ഒരു ചുവടുവെപ്പ് നടത്തുകയും വേണം. ഉൽപാദനരംഗത്തു വൈദ്യുതീകരണവും രാസവൽക്കരണവും റൊബട്ടൈസേഷനും കംപ്യൂട്ടറൈസേഷനും പ്രയോജനപ്പെടുത്തുകയും ജൈവസാങ്കേതികവിദ്യ വർദ്ധിതമായി വിപുലമായ തോതിൽ ഉപയോഗിക്കുകയും വേണം.

രാജ്യത്തിന്റെ ശാസ്ത്ര-സാങ്കേതികശേഷിസാദ്ധ്യതയുടെ അധികതര വർദ്ധനവിനേയും ഫലപ്രദമായ വിനിയോഗത്തെയും, സമ്പദ്വിധാനത്തിന്റെ തീവ്രീകരണത്തിൽ പ്രമുഖവും വിപ്ലവകരവുമായ മാററങ്ങറം ഉളവാക്കുന്ന ശാസ്ത്രീയഗവേഷണത്തിന്റെ വികസനത്തേയും, പാർട്ടി സകല വിധത്തിലും സുകരമാക്കും. ഉൽപാദനത്തിലും മാനേജുമെൻറിലും പൊതുസേവനങ്ങളിലും ദൈനന്ദിനജീവിതത്തിലും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും അധുനാതനനേട്ടങ്ങറം ഉപയോഗപ്പെടുത്തുന്നതിന്ന് എല്ലായിടത്തും ഉറപ്പുവരുത്തണം. ഉൽപാദനത്തിൽ പൂർണ്ണതോതിൽ നേരിട്ട് ഉറപ്പെട്ട ഒരു ശക്തി ആയിത്തീരും ശാസ്ത്രം.

ശാസ്ത്ര-സാങ്കേതികപുരോഗതിയുടെ ത്വരണത്തിലൂടെയും സാങ്കേതിക സൗകര്യങ്ങളിലെയും സാങ്കേതികവിദ്യയിലെയും സമൂലമായ മാററങ്ങളിലൂടെയും സാങ്കേതികവും സംഘടനാപരവും സാമ്പത്തികവും സാമൂഹ്യവുമായ എല്ലാ ഘടകങ്ങളുടേയും സമാഹരണത്തിലൂടെയും അദ്ധ്വാനോൽപാദനക്ഷമതയിൽ ഗണ്യമായ ഒരു വർദ്ധന കൈവരിക്കണം.

വി. ഐ. ലെനിൻ പഠിപ്പിച്ചതുപോലെ, ഇതില്ലാതെ, "കമ്യൂണിസത്തിലേക്കുള്ള പൂർണ്ണമായ പരിവർത്തനം അസാദ്ധ്യമാണ്." റിക്കാർഡ് നിലവാരം കൈവരിക്കുന്നതിലേക്കുള്ള ഒരു സുപ്രധാന ഘട്ടമെന്ന നിലയിൽ അടുത്ത പതിനഞ്ച് വർഷങ്ങളിൽ അദ്ധ്വാനോൽപാദനക്ഷമത 130—150 ശതമാനം വർദ്ധിപ്പിക്കണം.

അദ്ധ്വാനോൽപാദനക്ഷമതയിലെ വളർച്ചക്കുള്ള കരുതലുകൾ ഓരോ അമാൽഗമേഷനിലും സ്ഥാപനത്തിലും ഓരോ ജോലിസ്ഥലത്തും പരമാവധി ഉപയോഗിക്കപ്പെടണം. ഉൽപന്നങ്ങളുടെ അദ്ധ്വാനസാന്ദ്രത കുറക്കുവാനും പ്രവൃത്തിസമയനഷ്ടം വെട്ടിക്കുറക്കുവാനും അധുനാതന ഉപകരണവും സാങ്കേതികവിദ്യകളും ഏർപ്പെടുത്തുവാനും ചിട്ടയും അച്ചടക്കവും വർദ്ധിപ്പിക്കുവാനും മാനകങ്ങളേർപ്പെടുത്തൽ അഭിവൃദ്ധിപ്പെടുത്തുവാനും അദ്ധ്വാനത്തിന്റെ ശാസ്ത്രീയസംഘാടനത്തിന്റെ പുരോഗമനോന്മുഖങ്ങളായ രൂപങ്ങൾ വിപുലമായി പ്രയോഗിക്കുവാനും ഉൽപാദനനിലവാരങ്ങൾ ഉയർത്തുവാനും തൊഴിൽക്കൂട്ടായ്മകളെ കൂടുതൽ ഭദ്രമാക്കുവാനും കണ്ടുപിടുത്തങ്ങളും റേഷനലൈസഷനും വളർത്തുവാനും സജീവപ്രവർത്തനം വേണം.

പ്രകൃതിവിഭവങ്ങളുടെ, അസംസ്കൃതവസ്തുക്കളുടെയും മററുള്ളവയുടേയും ഖനനവും അസംസ്കൃതവസ്തുക്കളുടെ സമഗ്രമായ സംസ്കരണവും അന്തിമോൽപന്നങ്ങളുടെ ഉപയോഗവുംവരെ എല്ലാ ഘട്ടങ്ങളിലും ഇന്ധനത്തിന്റെയും ഊർജ്ജത്തിന്റെയും വിനിയോഗത്തിലെ സമൂലമായ അഭിവൃദ്ധിയെ ലാക്കാക്കിയുള്ളതായിരിക്കണം ശാസ്ത്ര-സാങ്കേതിക പുരോഗതി. അസംസ്കൃതവസ്തുക്കളുടേയും ലോഹങ്ങളുടേയും വൈദ്യുതിയുടേയും വിനിയോഗത്തിന്റെ തോത് ഇന്നത്തേതിലും കുറയ്ക്കണം. ഇന്ധനത്തിലും ഊർജ്ജത്തിലും അസംസ്കൃതവസ്തുക്കളിലും മററും ദേശീയസമ്പദ്വിധാനത്തിന്റെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേററുന്നതിന്നുള്ള നിർണ്ണായകമായ സ്രോതസ്സായിത്തീരും വിഭവം മിച്ചപ്പെടുത്തൽ.

ഉൽപന്നങ്ങളുടെ സാങ്കേതികനിലവാരത്തിലേയും ഗുണനിലവാരത്തിലെയും സർവ്വതോമുഖമായ അഭിവൃദ്ധി എല്ലായ്പോഴും പാർട്ടിയുടെ സാമ്പത്തികനയത്തിന്റെ ശ്രദ്ധാകേന്ദ്രത്തിലായിരിക്കും. സോവിയററ് ഉൽപന്നങ്ങൾ ശാസ്ത്രീയചിന്തയിലെ അധുനാതനനേട്ടങ്ങൾ ഉൾക്കൊള്ളുകയും ഉപഭോക്താക്കളുടെ പരമോന്നതമായ സാങ്കേതിക-സാമ്പത്തികാവശ്യങ്ങളും സൗന്ദര്യപരമായ ആവശ്യങ്ങളും മററാവശ്യങ്ങളും നിറവേററുകയും ലോകകമ്പോളത്തിൽ മൽസരയോഗ്യതയുള്ളവയായിരിക്കുകയും വേണം. ചരക്കുകളിൽ രാജ്യത്തിന്റെ ആവശ്യങ്ങളും വിവിധസാധനങ്ങൾക്കുവേണ്ടിയുള്ള ജനതതിയുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യവും പൂർണ്ണതരമായി നിറവേററുന്നതിന്നുള്ള വിശ്വാസനീയമായ മാർഗ്ഗം ഉൽപന്നങ്ങളുടെ ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്തുകയാണ്. മോശപ്പെട്ട ഗുണനിലവാരത്തിന്നും നിരാകരിക്കപ്പെട്ടവയ്ക്കുമർത്ഥം ഭൗതികവിഭവങ്ങളും ജനങ്ങളുടെ അദ്ധ്വാനവും പാഴാക്കുകയെന്നാണ്. സോവിയററ് വ്യാപാരമുദ്രയുടെ പ്രശസ്തി നിലനിർത്തുന്നതിന്നുള്ള യത്നങ്ങളെ പാർട്ടി സജീവം പിന്തുണയ്ക്കും. ഉൽപന്നങ്ങളുടെ ഗുണ

നിലവാരം തൊഴിൽപരവും ദേശസ്നേഹപരവുമായ അഭിമാനത്തിന്റെ ഒരു കാര്യമാകണം.

ശാസ്ത്ര-സാങ്കേതികപുരോഗതിയുടെ ഫലദായിത അധുനാതന സാങ്കേതികസൗകര്യങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിൽ മാത്രമല്ല പ്രത്യുത സ്ഥിരാസ്തികളെ കൂടുതൽ നന്നായി ഉപയോഗിക്കുകയും ഉപകരണത്തിന്റെ യൂണിററൊന്നുക്കും ഷോപ്പ്തറവിസ്താരത്തിന്റെ ചതുരശ്രമീററൊന്നുക്കുമുള്ള ഉൽപന്നങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനെകൂടി ആശ്രയിച്ചിരിക്കുന്നു. ഉൽപാദന-ആസ്തി അനുപാതത്തിലെ ഇപ്പോഴത്തെ കീഴോട്ടേക്കുള്ള ഗതി മറികടക്കുകയും കാലക്രമത്തിൽ ഈ അനുപാതം വർദ്ധിപ്പിക്കുകയും വേണം.

ത്വരിപ്പിക്കപ്പെട്ട ശാസ്ത്ര-സാങ്കേതികപുരോഗതി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാമാന്യവിദ്യാഭ്യാസത്തിന്റെയും തൊഴിൽപരിശീലനത്തിന്റെയും കടമകൾ വർദ്ധിപ്പിക്കുന്നു. ജീവനക്കാരുടെ പരിശീലന-ഉൽക്കർഷവിധാനത്തെയാകെ അഭിവൃദ്ധിപ്പെടുത്തുകയെന്ന കർമ്മസരണി എല്ലാ ശാഖകളിലും രാജ്യത്തിന്റെ എല്ലാ മേഖലകളിലും മനുഷ്യശക്തിവിഭവങ്ങൾക്കനുസൃതമായി തൊഴിൽസ്ഥലങ്ങളുടെ എണ്ണം, ആസൂത്രിതമായ ഒരടിസ്ഥാനത്തിൽ, നിലനിത്തുകയെന്ന കമ്മസരണി, പിൻപററുന്നതാണ്.

ഉൽപാദനത്തിന്റെ സർവ്വതോമുഖമായ തീവ്രീകരണത്തിനും ക്രമീകരണത്തിനുംവേണ്ടിയുള്ള യത്നം, ശാസ്ത്ര-സാങ്കേതികപുരോഗതിയിലൂടെ കൂടുതൽ വർദ്ധിച്ച ഉൽപാദനകാര്യക്ഷമതയ്ക്കുവേണ്ടിയുള്ള യത്നം, സോഷ്യലിസ്റ്റ് സാമ്പത്തികാസൂത്രണത്തിന്റെ സാഹചര്യങ്ങളിൽ, സോവിയററ് സമുദായത്തിന്റെ ജീവകാരുണ്യപരമായ ലക്ഷ്യങ്ങളുടെ പ്രാവർത്തീകരണവുമായി, പൂർണ്ണമായ തൊഴിൽസാദ്ധ്യതയും ജീവിതത്തിന്റെ എല്ലാ വശങ്ങളുടേയും ക്രമാനുഗതമായ അന്യൂനീകരണവുമായി, അഭേദ്യമാംവിധം കൂട്ടിയിണക്കപ്പെട്ടുവരുന്നു.

## സാമൂഹ്യോൽപാദനത്തിന്റെ ഘടനാപരമായ പുനഃസംഘാടനം

കടുങ്ങനെയുള്ള ദേശീയ സാമ്പത്തികവളർച്ചയിലേക്കുള്ള പരിവർത്തനം ഘടനാപരമായി ഗൗരവാവഹങ്ങളായ മാററങ്ങൾ ആവശ്യമാക്കുന്നു. ശാസ്ത്രത്തിലെയും എഞ്ചിനീയറിങ്ങിലെയും സാങ്കേതികവിദ്യയിലെയും സാമൂഹ്യാവശ്യങ്ങളിലെയും വ്യക്തിഗതാവശ്യങ്ങളിലെയും മുന്നേററങ്ങൾക്കനുസരിച്ച് ഉചിതമായി, സത്വരം മാറാൻ ദേശീയ സമ്പദ്വിധാനത്തിന് കഴിയണം. ശാസ്ത്ര-സാങ്കേതിക പുരോഗതിക്ക് അത്യന്താപേക്ഷിതങ്ങളായ ശാഖകളുടെ ത്വരിതതരമായ വികസനവും സാമൂഹ്യകടമകളുടെ വിജയകരമായ നിർവ്വഹണവും, ഉപഭോഗവും സഞ്ചയവും തമ്മിൽ അനുകൂലതമമായ പരസ്പരബന്ധവും, ഉൽപാദനോപാധികളുടെ ഉൽപാദനവും ഉപഭോഗസാധനങ്ങളുടെ ഉൽപാദനവും തമ്മിൽ, കാർഷിക-വ്യാവസായിക സാകല്യത്തിലെ ശാഖകൾ തമ്മിൽ, മെച്ചപ്പെട്ട സന്തുലനവും ഉണ്ടായിരിക്കണം. സമ്പദ്വിധാനത്തിന്റെ സാമൂഹ്യചായ്വ് ദൃഢീകരിക്കപ്പെടുകയും സോവിയററ് ജനങ്ങളുടെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന

ആവശ്യങ്ങളുടെ പൂർണ്ണതരമായ പൂർത്തീകരണത്തിലേക്കുള്ള ഒരു മാററത്തിന്ന് സുസ്ഥിരമായി ഉറപ്പേകപ്പെടുകയും ചെയ്യുന്നതാണ്.

ഇത്തരുണത്തിൽ നിക്ഷേപനയത്തിൻമേൽ പുതിയ ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മൂലധനനിക്ഷേപങ്ങളുടെ കൂടുതൽ ഉയർന്ന ഫലദായിതയ്ക്കും സമ്പദ്ഘടനയുടെ മൌലികശാഖകളിൽ അവയുടെ കേന്ദ്രീകരണത്തിന്നും — ഈ ശാഖകളിലെ നിക്ഷേപങ്ങളെയാണ് ഉയർന്ന സാമ്പത്തികഫലം ദ്രുതഗതിയിൽ കൈവരിക്കലും സമ്പദ്ഘടനയുടെ സന്തുലിതവികസനവും ആശ്രയിച്ചിരിക്കുന്നത് — ഉൽപാദനത്തിലും ദേശീയവരുമാനത്തിലും ചിലവാക്കപ്പെടുന്ന ഓരോ റൂബിളിന്നും ഏററവും ഉയർന്ന വർദ്ധനവ് ഉറപ്പുവരുത്തണമെന്ന് അതാവശ്യപ്പെടുന്നു. പുതിയ നിർമ്മാണപ്രവർത്തനത്തിൽനിന്ന്, നിലവിലുള്ള വ്യവസായസ്ഥാപനങ്ങളുടെ സാങ്കേതികമായ പുനഃസജ്ജീകരണത്തിലേക്കും പുനർനിർമ്മാണത്തിലേക്കും, ഉൽപാദനപരമായ മൂലധന നിക്ഷേപങ്ങളുടെ മൊത്തത്തിലുള്ള പരിമാണത്തിൽനിന്ന് ഈ കാര്യങ്ങൾക്കുവേണ്ടി ചിലവഴിക്കപ്പെടുന്ന നിധികളുടെ അനുപാതം ഗണ്യമായി വർദ്ധിപ്പിച്ചുകൊണ്ടും, യന്ത്രസാമഗ്രികൾക്കും ഉപകരണങ്ങൾക്കും വേണ്ടിയുള്ള ചിലവ് വർദ്ധിപ്പിച്ചുകൊണ്ടും, ഊന്നൽ മാറണം. വിഭവഖനന, സംസ്കരണ, ഉപഭോഗശാഖകളിലെ മൂലധനനിക്ഷേപങ്ങൾ തമ്മിലുള്ള പരസ്പരബന്ധം അഭിവൃദ്ധിപ്പെടുത്തുകയും ശാസ്ത്ര-സാങ്കേതിക പുരോഗതി ത്വരിപ്പിക്കുന്നതിന്ന് അത്യന്താപേക്ഷിതമായ ശാഖകൾക്കനുകൂലമായി നിധികൾ പുനർവിതരണം നടത്തുകയും ചെയ്കയാണ് പരമപ്രധാനമായ കടമ.

സോവിയററ് സമ്പദ്വിധാനത്തെ ലോകത്തിൽ ഏററവും സംശ്ലിഷ്ടവും പരിഷ്കൃതവും കരുത്തുററതുമാക്കിത്തീർക്കുകയെന്ന കടമ, സാമ്പത്തികക്കരുത്തിൻെറ അടിസ്ഥാനമായ ഘനവ്യവസായത്തിൻെറ അധികതരവികസനം ആവശ്യമാക്കുന്നു.

ശാസ്ത്ര-സാങ്കേതികവിപ്ലവം പ്രയോജനപ്പെടുത്തുന്നതിൽ, ശാസ്ത്ര-സാങ്കേതിക മുന്നേററങ്ങൾ യാഥാർത്ഥ്യമാക്കുന്നതിൽ, പാർട്ടി യന്ത്രനിർമ്മാണത്തിന്നു മുഖ്യപങ്ക് നൽകിയിരിക്കുന്നു. സോവിയററ് മെക്കാനിക്കൽ എഞ്ചിനീയറിങ്ങിലെ കൂടുതലുയർന്ന വളർച്ചയാണ് അധികതരവികസനത്തിന്നുള്ള മുഖ്യ പ്രവണത. ദേശീയ സമ്പദ്വിധാനത്തിൻെറ എല്ലാ ശാഖകളിലെയും ശാസ്ത്ര-സാങ്കേതികപുരോഗതിയുടെയും രാജ്യത്തിൻെറ പ്രതിരോധശക്തികളെ ഉചിതമായ നിലവാരത്തിൽ നിലനിർത്തുന്നതിൻെറയും അസ്തിവാരമാണത്. സാങ്കേതികവിദ്യയിലും ഉൽപാദന സംഘാടനത്തിലും വിപ്ലവപരമായ മാററങ്ങൾക്ക് ഉറപ്പുവരുത്തുന്നതിന്ന്, പരമോന്നതമായ സാങ്കേതിക-സാമ്പത്തിക മാനകങ്ങളോടുകൂടിയ യന്ത്രസാമഗ്രികളുടെ വിധാനങ്ങളും അംഗസമ്പൂർണമായ യന്ത്രസാമഗ്രികളും ഉൽപാദിപ്പിക്കാനും, അദ്ധ്വാനോൽപാദനക്ഷമതയിലെ വർദ്ധന ബഹുഗുണീഭവിപ്പിക്കാനും, അസംസ്കൃത പദാർത്ഥങ്ങളുടെയും വിദ്യുച്ഛക്തിയുടെയും അധികവിനിയോഗം വെട്ടിക്കുറയ്ക്കാനും ഉൽപന്നത്തിൻെറ ഗുണനിലവാരം അഭിവൃദ്ധിപ്പെടുത്താനും, മുടക്കിയ മൂലധനത്തിൻമേൽ ഉയർന്ന പ്രതിഫലങ്ങൾ കൈവ

രിക്കാനും യന്ത്രനിർമ്മാണവ്യവസായം യത്നിക്കേണ്ടതാണ്. യന്ത്രോപകരണനിർമ്മാണത്തിന്റെയും വൈദ്യുത എഞ്ചിനീയറിങ്ങിന്റെയും മൈക്രോ ഇലക്ട്രോണിക് വ്യവസായത്തിന്റെയും കമ്പ്യൂട്ടറോണിക്സിന്റെയും വികസനത്തിന്ന്, ശാസ്ത്ര-സാങ്കേതികപുരോഗതിക്കുള്ള ത്വരകങ്ങൾ എന്ന നിലയിൽ വാർത്താവിതരണശാസ്ത്രത്തിന്റെ ശാഖയുടെയാകെ വികസനത്തിന്ന് മുൻഗണന നൽകപ്പെടണം.

ലോഹകർമ്മത്തിലും രാസവ്യവസായത്തിലും, സംരചനാസാമഗ്രികൾ ഉൽപാദിപ്പിക്കുന്ന ഘനവ്യവസായത്തിന്റെ ഇതരശാഖകളിലും ഗുണാത്മകമായ ഒരു മാററം വരുത്തുകയും അവയുടെ ശേഷിസാദ്ധ്യതകൾ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു; അവയുടെ വ്യാപ്തി വിപുലീകരിക്കുകയും സാമഗ്രികളുടെ ഗുണവിശേഷം മെച്ചപ്പെടുത്തുകയും പുതിയവയും ഏററവും ചിലവു ചുരുങ്ങിയവയും പുരോഗമനപരവുമായ ഇനങ്ങളുടെ ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

രാജ്യത്തിന്റെ ഇന്ധന-ഊർജ്ജസാകല്യം ഫലപ്രദമായി വികസിപ്പിക്കുകയാണ് അതിപ്രധാനമായ ഒരു കടമ. ഇന്ധനത്തിന്റെയും ഊർജ്ജത്തിന്റെയും എല്ലാ ഇനങ്ങളിലും രാജ്യത്തിന്റെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ സ്ഥിരമായി തൃപ്തിപ്പെടുത്തുന്നതിന്ന് ഇന്ധന-ഊർജ്ജ സന്തുലനത്തിന്റെ ഘടന അഭിവൃദ്ധിപ്പെടുത്തലും നുക്ലിയർ വൈദ്യുതവ്യവസായത്തിന്റെ ത്വരിതഗതിയിലുള്ള വികസനവും ഊർജ്ജത്തിന്റെ പുതുക്കാവുന്ന സ്രോതസ്സുകൾ വിപുലമായ തോതിൽ ഉപയോഗപ്പെടുത്തലും, ദേശീയസമ്പദ്വിധാനത്തിന്റെ എല്ലാ മേഖലകളിലും ഇന്ധന-ഊർജ്ജവിഭവങ്ങൾ മെച്ചപ്പെടുത്തുന്നതിന്നുള്ള ഊർജ്ജിതവും സോദ്ദേശ്യവുമായ പ്രവർത്തനവും ആവശ്യമാണ്.

കൃഷിയിലും ബന്ധപ്പെട്ട വ്യവസായങ്ങളിലും കാര്യക്ഷമത കൂടുതൽ വർദ്ധിപ്പിക്കുകയും മിച്ചപ്പെടുത്തുകയും ചെയ്യൽ, അത്തരം ഉൽപന്നങ്ങൾക്കുള്ള രാജ്യത്തിന്റെ ആവശ്യങ്ങൾ പൂർണമായി നിറവേററൽ രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്ക് അത്യാവശ്യമായ ഒരു പാധിയാണ്. കൃഷിയെ വ്യാവസായികമായ ഒരടിസ്ഥാനത്തിലാക്കുക, എല്ലായിടത്തും ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങളും തീവ്രമായ സാങ്കേതികവിദ്യകളും നടപ്പിലാക്കുക, മണ്ണിന്റെ ഉപയോഗം മെച്ചപ്പെടുത്തുകയും അതിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുകയും ചെയ്ക, എല്ലാ കാർഷികവിളകളിലും കന്നുകാലികളുടെ ഉൽപാദനക്ഷമതയിലും ഗണ്യമായ വർദ്ധന കൈവരിക്കുക, കാലിത്തീററയുടെ അസ്തിവാരം പടുത്തുയർത്തുക, കാർഷികോൽപാദനത്തിൽ സ്ഥിരത ഉറപ്പുവരുത്തുക, പ്രതികൂല പ്രാകൃതിക-കാലാവസ്ഥാസാഹചര്യങ്ങളിൻമേലുള്ള അതിന്റെ ആശ്രിതത്വം കുറയ്ക്കുക, വിളകളിലെയും കന്നുകാലി ഉൽപന്നങ്ങളിലെയും നഷ്ടം ഇല്ലാതാക്കുക എന്നിവയാണ് കടമ. ഉപകരണം, സാങ്കേതികവിദ്യ, ഉൽപാദനസംഘാടനം എന്നിവയും കാർഷികോൽപന്നത്തിന്റെ സംഭരണം, പരിവഹനം, സൂക്ഷിപ്പ്, സംസ്കരണം എന്നിവയും പുതിയൊരു നിലവാരത്തിലേക്ക് ഉയർത്തപ്പെടുന്നതോടെ കാർഷിക വ്യാവസായിക ഉദ്ഗ്രഥനവും കൃഷിക്കളങ്ങൾ തമ്മിലുള്ള സഹകരണവും ഊർജ്ജിതപ്പെടുന്നതായിരിക്കും.

സോഷ്യലിസ്റ്റ് കൃഷിയുടെ നട്ടെല്ലായ കൂട്ടുകൃഷിക്കളങ്ങളും സ്റ്റേററ്കളങ്ങളും കാർഷിക-വ്യാവസായിക അസോസിയേഷനുകളും സ്ഥാപനങ്ങളും കാർഷികോൽപന്നത്തിനുള്ള രാജ്യത്തിന്റെ ആവശ്യങ്ങൾ നിറവേററാൻ നിർണ്ണായകമായി സംഭാവനചെയ്യേണ്ടിയിരിക്കുന്നു. ഇതോടൊപ്പം, സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തുണ്ടുനിലങ്ങളും സഹകരണാടിസ്ഥാനത്തിലുള്ള തോട്ടവും പച്ചക്കറിക്കൃഷിയും രാജ്യത്തിന്റെ ഭക്ഷ്യവിഭവങ്ങളെ പുഷ്ടിപ്പെടുത്താൻ സഹായിക്കും.

സോവിയററ് ജനങ്ങളുടെ ആവശ്യങ്ങൾ എല്ലാവിധത്തിലും നിറവേററുന്നതിന്നുവേണ്ടി ഉപഭോഗസാധനങ്ങളുടെ ഉൽപാദനത്തിലും ഉപഭോക്തൃസേവനമണ്ഡലത്തിലാകെയും ത്വരിതഗതിയിലുള്ള വളർച്ചയ്ക്കായി സി. പി. എസ്. യു. യത്നങ്ങൾ തിരിച്ചുവിടുന്നതാണ്. ദേശീയ സമ്പദ്‌വിധാനത്തിന്റെ എല്ലാ ശാഖകളിലെയും സ്ഥാപനങ്ങളെയും അസോസ്യേഷനുകളെയും സംഘടനകളെയും അതിൽ ഭാഗഭാക്കുകളാക്കണം.

രാജ്യത്തിന്റെ സമഗ്രമായ ദേശീയ സാമ്പത്തികസാകല്യം തികവുററതാക്കുന്നതിൽ സാങ്കേതികമായ പുനഃസജ്ജീകരണത്തിന്നും ഉൽപാദനത്തിന്റെ അന്തർഘടനയിലെ—വൈദ്യുതോർജത്തിന്റെയും എണ്ണ-വാതക വിതരണത്തിന്റെയും വാർത്താവിനിമയ-വിതരണസേവനത്തിന്റെയും വിധാനങ്ങൾ—കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനും പാർട്ടി പ്രധാനപ്പെട്ട പങ്ക് ഏൽപിച്ചുകൊടുക്കുന്നു. പരിവഹനവിധാനത്തിന്റെ എല്ലാ കണ്ണികളും മെച്ചപ്പെടുത്തുകയും സുസജ്ജമായ നിരത്തുകളുടെ പടർന്നുകിടക്കുന്ന വലക്കെട്ട് വികസിപ്പിക്കുകയും ചെയ്തുകൊണ്ട് ഒരു സംഗ്രഥിത ഗതാഗതവിധാനം വികസിപ്പിക്കുന്നതിന്ന് ശ്രദ്ധ കൽപിക്കപ്പെടേണ്ടതുണ്ട്.

നിർമ്മാണത്തിലെ സാങ്കേതിക-സാമ്പത്തികനിലവാരങ്ങൾ ഗണ്യമായി അഭിവൃദ്ധിപ്പെടുത്തുകയും, നിർമ്മാണപ്രവർത്തനത്തെ സമഗ്രമായ ഒരു വ്യാവസായികപ്രക്രിയയിലേക്ക് മാററുകയും, ഡിസൈനിന്റെയും നിർമ്മാണപ്രവർത്തനത്തിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുകയും അവയുടെ ചിലവ് കുറയ്ക്കുകയും, പദ്ധതികളുടെ നിർമ്മാണത്തിന്നുവേണ്ട സമയവും ഉൽപാദനത്തെ ഉദ്ദിഷ്ടശേഷിയിലെത്തിക്കുന്നതിന്നുള്ള സമയവും വെട്ടിക്കുറയ്ക്കുകയും ചെയ്ക എന്നതാണ് കടമ.

ഉൽപാദകശക്തികളുടെ സ്ഥാനനിർണ്ണയം മെച്ചപ്പെടുത്തുന്നതിന്നും—സാമൂഹ്യാദ്ധ്വാനം ലാഭിക്കാൻ കഴിയുന്നതിന്നുറപ്പുവരുത്തും ഇത്—ഓരോ മേഖലയിലെയും സമഗ്രവും ഉയർന്ന കാര്യക്ഷമതയോടുകൂടിയതുമായ വികസനത്തിന്നും പാർട്ടി തുടർന്നും നിതാന്തശ്രദ്ധ വിനിയോഗിക്കുന്നതാണ്. എല്ലാ യൂണിയൻ റിപ്പബ്ലിക്കുകളുടെയും സമ്പദ്‌വിധാനങ്ങൾ അദ്ധ്വാനത്തിന്റെ സാമൂഹ്യവിഭജനം അഗാധമാക്കുന്നതിലൂടെ കൂടുതൽ വികസിക്കുന്നതാണ്. അതേസമയം രാജ്യത്തിന്റെയാകെ ആവശ്യങ്ങൾ നിറവേററുന്നതിൽ അവയുടെ സംഭാവന വർദ്ധിക്കുകയും ചെയ്യുന്നതാണ്. നിലവിലുള്ള ടെറിട്ടോറിയൽ ഉൽപാദനസാകല്യങ്ങളുടെയും സാമ്പത്തികബന്ധങ്ങളുടെയും ഘടന കൂടുതൽ ഉത്തേജിപ്പിക്കുകയും അസംസ്കൃതപദാർത്ഥങ്ങൾ സംസ്കരിക്കുന്ന സ്ഥാപനങ്ങളെ ആ പദാർത്ഥങ്ങൾ ഉൽപാദിപ്പിക്കപ്പെടുന്ന സ്ഥലങ്ങൾക്ക് കഴിയുന്ന

ത്ര അടുത്തുകൊണ്ടുവരികയുമാണ് ചെയ്യേണ്ടത്. വൻകിട വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹഉൽപാദന ഏർപ്പാടനുസരിച്ച് ഉൽപന്നങ്ങരം നിർമ്മിക്കുന്നതിന്നും കാർഷികാസംസ്കൃതവസ്തുക്കളും പ്രാദേശികമായ അസംസ്കൃതവസ്തുക്കളും സംസ്ക്കരിക്കുന്നതിനും ജനതതിക്ക് സേവനങ്ങരം നൽകുന്നതിനുമുള്ള പ്രത്യേകവൽക്കൃത ഉൽപാദന സൗകര്യങ്ങരം സ്ഥാപിച്ചുകൊണ്ട് ചെറുകിട-ഇടത്തരം നഗരങ്ങളുടേയും തൊഴിലാളികുടിയിരിപ്പുകളുടേയും സാദ്ധ്യതകരം പൂർണ്ണതരമായ അളവിൽ വിനിയോഗിക്കേണ്ടത് മർമ്മപ്രധാനമായ കാര്യമാണ്.

സൈബീരിയയിലെയും വിദൂരപൂർവ്വപ്രദേശത്തെയും ഉൽപാദകശക്തികളുടെ ത്വരിതഗതിയിലുള്ള വികസനം പാർട്ടിയുടെ സാമ്പത്തികതന്ത്രത്തിന്റെ ഒരവിഭാജ്യഘടകമാണ്. ജനങ്ങളുടെ തൊഴിൽ-ജീവിതസാഹചര്യങ്ങരം അഭിവൃദ്ധിപ്പെടുത്തത്തക്കനിലയിൽ ഉൽപാദന കടമകളുടെ പൂർത്തീകരണത്തിന്നും സാമൂഹ്യാന്തർഘടനയുടെയാകെ വികസനത്തിന്നും ഉറപ്പുവരുത്തുകയെന്നത് പുതിയ മേഖലകരം വികസിപ്പിക്കുന്നതിൽ പ്രത്യേക സാമ്പത്തിക-രാഷ്ട്രീയ പ്രാധാന്യമുള്ളതാണ്.

വിദേശ സാമ്പത്തികതന്ത്രം മെച്ചപ്പെടുത്തുകയും പരസ്പരം പ്രയോജനപ്രദമായ സാർവ്വദേശീയാദ്ധ്വാനവിഭജനം പ്രദാനംചെയ്യുന്ന സാദ്ധ്യതകരം, സർവ്വോപരി, സോഷ്യലിസ്റ്റ് സാമ്പത്തിക ഉദ്ഗ്രഥനത്തിന്റെ നേട്ടങ്ങരം, പൂർണ്ണതരമായ അളവിൽ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിന്റെ ആവശ്യകതയെയാണ് സാമ്പത്തികവികസനത്തിന്റെ ഭാവിസാദ്ധ്യതകരം ആവിഷ്ക്കരിക്കുന്നതിൽ സി. പി. എസ്. യു. ആധാരമാക്കുന്നത്. വിദേശസാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക സമ്പർക്കങ്ങരംക്ക് ആഴം വർദ്ധിക്കും, സാമ്പത്തിക കാര്യക്ഷമത അഭിവൃദ്ധിപ്പെടുത്തുന്നതിന്നും തന്ത്രപരമായി പ്രധാനപ്പെട്ട രംഗങ്ങളിൽ മുതലാളിത്തരാജ്യങ്ങളിൽനിന്ന് സ്വാതന്ത്ര്യത്തിന്നു മുന്നുറപ്പേകുന്നതിന്നുംവേണ്ടി കയററുമതികളിലും ഇറക്കുമതികളിലും പുരോഗമനപരങ്ങളായ ഘടനാമാററങ്ങരം ഉളവാക്കുന്നതാണ്.

## സോഷ്യലിസ്റ്റ് ഉല്പാദനബന്ധങ്ങളുടേയും ഭരണവ്യവസ്ഥയുടേയും മാനേജ്മെൻറ് രീതികളുടേയും അന്യൂനീകരണം

ഊർജ്ജസ്വലമായി വികസിച്ചുകൊണ്ടിരിക്കുന്ന ഉൽപാദകശക്തികരംക്ക് തികച്ചും അനുരോധമായി സോഷ്യലിസ്റ്റ് ഉൽപാദനബന്ധങ്ങരം നിരന്തരം തികവുററതാക്കുകയും അവ തമ്മിലുള്ള ശത്രുതാപരങ്ങളല്ലാത്ത വൈരുദ്ധ്യങ്ങരം തക്കസമയത്ത് കണ്ടുപിടിച്ച് പരിഹരിക്കുകയും ചെയ്യേണ്ടത് സാമൂഹ്യ-സാമ്പത്തികപുരോഗതിയുടെ വേഗം കൂട്ടുന്നതിന്ന് മർമ്മപ്രധാനമായ ഒരു മുന്നുപാധിയാണ്.

സോഷ്യലിസത്തിന്റെ സാമ്പത്തികവ്യവസ്ഥയ്ക്ക് അസ്തിവാരമായി വർത്തിക്കുന്ന ഉൽപാദനോപകരണങ്ങളുടെ പൊതുവുടമസ്ഥതയുടെ ദൃഢീകരണത്തിലും ഉന്നമനത്തിലും പാർട്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്നതായിരിക്കും. ഉൽപാദനത്തിന്റെ സാമൂഹ്യവൽക്കരണനിലവാരവും അതിന്റെ സന്തുലിതമായ സംഘാടനവും തുടർന്നു ഉയർത്തുകയും മുഴുവൻ

ജനങ്ങളുടേതുമായ സ്വത്തിന്റെ മേന്മകളും ശേഷിസാദ്ധ്യതകളും പ്രയോജനപ്പെടുത്തുന്നതിന്റെ രൂപങ്ങളും രീതികളും അനുക്രമം അഭിവൃദ്ധിപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്.

കൃഷിയിൽ ഉൽപാദകശക്തികളുടെ ഒരു മുന്നേററവും കൃഷിക്കളങ്ങൾ തമ്മിൽത്തമ്മിലുള്ള സഹകരണത്തിന്റെ വികസനവും കാർഷിക-വ്യാവസായിക ഉദ്ഗ്രഥനവും, കൂട്ടുകൃഷിക്കള-സഹകരണസ്വത്തും മുഴുവൻ ജനങ്ങളുടേതുമായ സ്വത്തും പരസ്പരം കൂടുതൽ അടുത്തുവരുന്നതിന്നും ഭാവിയിൽ അവയുടെ സംലയനത്തിന്നും സഹായിക്കും. സോഷ്യലിസ്റ്റ് ഉടമസ്ഥതയുടെ ഇരുരൂപങ്ങളുടേയും സർവ്വതോമുഖമായ വികസനത്തിന്റെയും ദൃഢീകരണത്തിന്റെയും സമ്പദ്വിധാനത്തിന്റെ കൂട്ടുകൃഷിക്കള-സഹകരണമേഖലയുടെ സാദ്ധ്യതകളുടെ ഉത്തരോത്തരം പൂർണ്ണമായ സാക്ഷാൽക്കരണത്തിന്റെയും ഫലമായിരിക്കും ഈ പ്രക്രിയ.

പാർട്ടി, തൊഴിൽകൂട്ടായ്മകളിലും ഓരോ തൊഴിലാളിയിലും സാമൂഹ്യസ്വത്തിനെക്കുറിച്ച് ഒരു സഹഉടമസ്ഥതാബോധം നട്ടുവളർത്താൻ കൊണ്ടുപിടിച്ചു യത്നിക്കുന്നതും സോഷ്യലിസ്റ്റ് സ്വത്ത് സംരക്ഷിക്കാൻ വേണ്ടപ്പെട്ട എല്ലാ നടപടികളും സ്വീകരിക്കുന്നതും അതിനെ സ്വാർത്ഥലക്ഷ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള എല്ലാ ഉദ്യമങ്ങളേയും തടയുന്നതും ഫലങ്ങൾ വിനിയോഗിക്കുന്നതിൽ സോഷ്യലിസത്തിന്ന് അന്യമായ രൂപങ്ങൾ നിർമ്മൂലനം ചെയ്യുന്നതും വ്യക്തിപരമായ സ്വത്തിന്ന് പൗരർക്കുള്ള ഭരണഘടനാപരമായ അവകാശത്തിന്ന് ഉറപ്പുവരുത്തുന്നതും ആയിരിക്കും.

സാമൂഹ്യോൽപാദനത്തിന്റെ വികസനത്തിൽ കൂട്ടായും വ്യക്തിപരമായും ഉള്ള താൽപര്യത്തിന്റെ സംവർദ്ധനത്തിൻമേലും ജനങ്ങളുടെ ജീവിതത്തിന്റെ നിലവാരങ്ങളിൻമേലും രീതിയിൻമേലും പ്രകടമായ സ്വാധീനമുള്ള വിതരണമണ്ഡലത്തിലെ ബന്ധങ്ങളുടെ അന്യൂനീകരണത്തിന്ന് പാർട്ടി വമ്പിച്ച പ്രാധാന്യം കൽപിക്കുന്നു. വിതരണവിധാനം, ജോലിചെയ്ത് ആർജ്ജിക്കാത്ത വരുമാനങ്ങൾക്ക് ബലിഷ്ഠമായ ഒരു പ്രതിബന്ധം, പ്രതിഫലസമീകരണത്തിന്ന് ഒരു ഉറപ്പ്, സോഷ്യലിസ്റ്റ്സമുദായത്തിന്റെ മാനകങ്ങൾക്കും പ്രമാണങ്ങൾക്കും വിരുദ്ധമായ സകലതിന്നും ഒരു പ്രതിബന്ധം ആയിത്തീരുന്നതിന്ന് ഉറപ്പുവരുത്തിക്കൊണ്ട് സാമൂഹ്യോൽപന്നത്തിന്റെയും ദേശീയവരുമാനത്തിന്റെയും ഏററവും ഫലപ്രദമായ വിതരണം നടത്തുകയെന്നത് സുസ്ഥിരമായ നയമായിരിക്കും. ജോലിയുടെ അളവിൻമേലും ഉപഭോഗത്തിന്റെ അളവിൻമേലും കർശനമായ നിയന്ത്രണമുണ്ടായിരിക്കണം; കൂടുതൽ നല്ല ദേശീയ സാമ്പത്തികഫലങ്ങൾ കൈവരിക്കുന്നതിൽ കൂട്ടായ്മകൾക്കും ഓരോ തൊഴിലാളിക്കുമുള്ള താൽപര്യം വർദ്ധിപ്പിക്കണം; തൊഴിലിലെ ധാർമ്മിക-ഭൗതികചോദകങ്ങൾ അനുയോജ്യമായ വിധത്തിൽ കൂട്ടിയോജിപ്പിക്കണം.

വിനിമയങ്ങളുടെ തുറയിലെ ബന്ധങ്ങളെ കൂടുതൽ വികസിപ്പിക്കുകയാണ് കാലികപ്രധാനമായ ഒരു കടമ. സാമ്പത്തികസമ്പർക്കങ്ങളുടെ വിശ്വാസനീയത വർദ്ധിപ്പിക്കുകയും ഡിമാണ്ടും സപ്ലൈയും തമ്മിൽ ശക്തിമത്തായ ഒരു പരസ്പരബന്ധത്തിന്നു ഉറപ്പുവരുത്തുകയും അസംസ്കൃത-പണവിഭവങ്ങളുടെ ചംക്രമണം ഉറപ്പുവരുത്തുകയും ചംക്രമണ

ത്തിലിരിക്കുന്ന ആസ്തികളുടെ ടേണോവറിന്ന് വേഗംകൂട്ടുകയുമാണ് ചെയ്യേണ്ടിയിരിക്കുന്നത്.

ഉൽപാദനകാര്യക്ഷമത ഉയർത്താനും വിതരണവും വിനിമയവും ഉപഭോഗവും മെച്ചപ്പെടുത്താനും സോഷ്യലിസത്തിൽ ചരക്കു-പണബന്ധങ്ങളെ സവിശേഷമാക്കുന്ന പുതിയ ഉള്ളടക്കത്തിന്ന് അനുയോജ്യമായി അവയെ പൂർണ്ണതരമായ അളവിൽ ഉപയോഗിക്കണം. മിതവ്യയക്രമവും ജോലിയുടെ അളവിൻമേലും ഗുണത്തിൻമേലുമുള്ള ധനപരമായ നിയന്ത്രണവും കർശനമാക്കണം. സാമ്പത്തിക ഉത്തോലകങ്ങളുടെയും ചോദകങ്ങളുടെയും ആവനാഴിയാകെ ഉപയോഗിക്കുകയും സ്റ്റേററ് ബജററിനെ ഉപോൽബലപ്പെടുത്തുകയും റൂബിളിൻെറ ക്രയശേഷി ഉയർത്തുകയുംവേണം.

ദേശീയസമ്പദ്വിധാനത്തിന്നുള്ള മാർഗ്ഗദർശനം നിരന്തരം അഭിവൃദ്ധിപ്പെടുത്തുകയും വിവിധങ്ങളും നീക്കുപോക്കുകൾ വരുത്താവുന്നവയുമായ മാനേജ്മെൻറ് രൂപങ്ങളും രീതികളും അടങ്ങിയ സാമ്പത്തിക വിധാനത്തിൻെറ വിശ്വസനീയവും ഫലപ്രദവുമായ പ്രവർത്തനത്തിന്നും സാമ്പത്തികവികസനത്തിൻെറ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കും നിർവ്വഹിക്കപ്പെട്ടുവരുന്ന കടമകളുടെ സ്വഭാവത്തിന്നും അവ അനുരൂപമാക്കിയെടുക്കാൻ യത്നിക്കുകയും ചെയ്യേണ്ടത് രാജ്യത്തിൻെറ സാമൂഹ്യ-സാമ്പത്തികവികസനത്തിന്ന് വേഗം വർദ്ധിപ്പിക്കാൻ ആവശ്യമായിരിക്കുന്നു.

ഭരണനിർവ്വഹണത്തിൻെറ ഉന്നമനം ആസൂത്രിത സോഷ്യലിസ്റ്റ് വ്യവസ്ഥയുടെയും സാമ്പത്തിക നിയമങ്ങളുടേയും മേൻമകളുടേയും സാധ്യതകളുടേയും കൂടുതൽ ഗഹനവും കൂടുതൽ സമഗ്രവുമായ വിനിയോഗത്തെ ആധാരമാക്കുകയും ഉൽപാദകശക്തികൾ, ഉൽപാദനബന്ധങ്ങൾ എന്നിവയിലെ മാററങ്ങളേയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിശാല വിഭാഗങ്ങളുടെ വിദ്യാഭ്യാസനിലവാരങ്ങൾ, ബോധം, യോഗ്യത, അനുഭവം എന്നിവയുടെ വളർച്ചയേയും പൂർണ്ണാളവിൽ കണക്കിലെടുക്കുകയും ചെയ്യണം. അത് വ്യക്തിതാൽപര്യങ്ങളേയും തൊഴിൽകൂട്ടായ്മകളുടേയും വ്യത്യസ്ത സാമൂഹ്യഗ്രൂപ്പുകളുടേയും താൽപര്യങ്ങളേയും സ്റ്റേററിൻെറയാകെ താൽപര്യങ്ങളുമായും എല്ലാ ജനങ്ങളുടേയും താൽപര്യങ്ങളുമായും അനുകൂലതമമായി കൂട്ടിയിണക്കുകയും അങ്ങിനെ, അവയെ സാമ്പത്തിക വളർച്ചയുടെ പ്രേരകശക്തിയായി വിനിയോഗിക്കുകയും ചെയ്യണം.

എല്ലാ വിഭവങ്ങളും ഏററവും കുറഞ്ഞ അളവിൽ ചിലവഴിച്ചുകൊണ്ട് സമുദായത്തിൻെറ ആവശ്യങ്ങൾ പരമാവധി നിറവേററുക എന്ന അന്തിമ ലക്ഷ്യം കൈവരിക്കുന്നതിലേക്ക് ദേശീയ സമ്പദ്വിധാനത്തിൻെറ ഓരോ ഘടകത്തിൻേറയും സംഭാവന വർദ്ധിപ്പിക്കുകയെന്നതായിരിക്കണം മാനേജ്മെൻറ് വ്യവസ്ഥയുടെയാകെ ഉന്നം. സോഷ്യലിസ്റ്റ് സാമ്പത്തിക മാനേജ്മെൻറിൻെറ മാററാനാവാത്ത നിയമം, ബ്രാഞ്ചുകളുടേയും അസോസിയേഷനുകളുടേയും വ്യവസായസ്ഥാപനങ്ങളുടേയും പ്രവർത്തനം, എല്ലാ ഉൽപാദനകോശങ്ങളുടേയും പ്രവർത്തനം വിലയിരുത്താനുള്ള മൗലികമാനദണ്ഡം ഇതാണ്.

ലെനിനിസ്റ്റ് മാനേജ്മെൻറ് പ്രമാണങ്ങൾ, എല്ലാററിലുമുപരി, അതിൻെറ ഇരു മൗലിക ഘടകങ്ങളുടേയും — കേന്ദ്രീകൃത മാർഗ്ഗദർശന

ത്തിന്റെ വർദ്ധിതമായ കാര്യക്ഷമതയും അസോസിയേഷനുകൾ, വ്യവസായസ്ഥാപനങ്ങൾ എന്നിവയുടെ സാമ്പത്തികസ്വയംഭരണത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും ഗണ്യമായ വിപുലനവും—ഐക്യത്തെ പ്രതിഫലിപ്പിക്കുന്ന ജനാധിപത്യ കേന്ദ്രീകരണപ്രമാണം സുസ്ഥിരം നടപ്പിൽ വരുത്തണം.

കേന്ദ്ര മാനേജ്മെന്റ് സംഘടനകൾ സാമ്പത്തിക-സാമൂഹ്യവികസനത്തിന്നുള്ള തന്ത്രപ്രധാനകടമകളുടെ പൂർത്തീകരണത്തിലും ശാസ്ത്രീയ-സാങ്കേതികപുരോഗതിയുടേയും മൂലധനനിക്ഷേപങ്ങളുടേയും മണ്ഡലത്തിൽ ഏകകമായ ഒരു നയം നടപ്പാക്കുന്നതിലും ദേശീയസമ്പദ്വിധാനത്തിലെ ഘടനാപരമായ മാററങ്ങളിലും സാമൂഹ്യോൽപാദനത്തിന്റെ ആനുപാതികത്വത്തിലും ആസൂത്രിത സ്റ്റേററ്കരുതലുകളുടെ വിധാനത്തിന്റെ ദൃഢീകരണത്തിലും ഉൽപാദകശക്തികളുടെ സ്ഥാനനിർണ്ണയം, ജോലിക്കുള്ള പ്രതിഫലം, സാമൂഹ്യസംരക്ഷണം, വിലകൾ, തീരുവകൾ, പണമിടപാടുകൾ, കണക്കുവെക്കൽ, സ്ഥിതിവിവരക്കണക്കുകൾ എന്നിവയിലും വർദ്ധമാനമായ അളവിൽ ശ്രദ്ധ പതിപ്പിക്കണം.

പാർട്ടിയുടെ സാമ്പത്തികനയത്തിന്റെ സാക്ഷാത്ക്കരണത്തിന്നുള്ള ഉപകരണമായ ആസൂത്രണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടത് മുഖ്യമായി പാർട്ടി കരുതുന്നു. ആസൂത്രണം രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനത്തിന്ന് വേഗംകൂട്ടുകയും ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടെ അടിസ്ഥാനത്തിൽ ഉൽപാദനം ഊർജ്ജിതപ്പെടുത്തുകയും പുരോഗമനപരങ്ങളായ സാമ്പത്തികതീരുമാനങ്ങൾ നടപ്പാക്കുകയും സന്തുലിതവും ഊർജ്ജസ്വലവുമായ സാമ്പത്തികവളർച്ചയ്ക്ക് ഉറപ്പുവരുത്തുകയും ചെയ്യാനുള്ള ഒരു സജീവ ഉത്തോലകമായിരിക്കണം. വിഭവോപയോഗത്തിന്റെ കാര്യക്ഷമതയും ഉൽപന്ന നവീകരണത്തിന്റെ അളവും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടേയും സിദ്ധികൾ മുഖേനയുള്ള അധ്വാനോൽപാദനക്ഷമതാവർദ്ധനയും പ്രതിഫലിപ്പിക്കുന്ന ഗുണാത്മകസൂചികകൾ പദ്ധതികളിൽ ഒരു പ്രമുഖസ്ഥാനം അലങ്കരിക്കണം. സാമ്പത്തിക-സാമൂഹ്യകടമകൾ സമഗ്രമായി കൈകാര്യം ചെയ്യുകയും ദീർഘകാലപദ്ധതികളും പഞ്ചവത്സരപദ്ധതികളും വാർഷിക പദ്ധതികളും ആവയവികമായി കൂട്ടിയിണക്കുകയും ആസൂത്രണത്തിൽ ശാസ്ത്രീയനിലവാരങ്ങൾ ഊർജ്ജിതപ്പെടുത്തുകയും പദ്ധതിയോടുള്ള നിഷ്ഠ വർദ്ധിപ്പിക്കുകയും സ്റ്റേററിന്റെയാകെ താൽപര്യങ്ങൾക്കുള്ള മുൻഗണനയ്ക്കു ഉറപ്പുവരുത്തുകയും വകുപ്പുമനോഭാവം, പ്രാദേശിക മനോഭാവം എന്നിവയുടേയും ചുകപ്പുനാട, ഇച്ഛാവാദം എന്നിവയുടെയും എല്ലാ ലംഘനകളും അവസാനിപ്പിക്കുകയും ചെയ്യേണ്ടത് മർമ്മപ്രധാനമാണ്.

ധനസഹായ-വായ്പാവ്യവസ്ഥയുടെ പ്രവർത്തനം കാര്യമായി മെച്ചപ്പെടുത്തുകയും ഉൽപാദനത്തിന്റെ കാര്യക്ഷമതയുടെ ഉന്നമനത്തിലും പണചംക്രമണത്തിന്റെയും കോസ്റ്റ് എക്കൗണ്ടിങ്ങിന്റെയും ദൃഢീകരണത്തിലും അതിന്നുള്ള സ്വാധീനം വർദ്ധിപ്പിക്കുകയും വേണം.

മാനേജ്മെന്റിലും ആസൂത്രണത്തിലും കേന്ദ്രീകരണപ്രമാണങ്ങൾ വികസിപ്പിക്കുന്നതിലും തന്ത്രപ്രധാനമായ കടമകൾ നിർവ്വഹിക്കുന്നതി

ലും പാർട്ടി മുഖ്യ ഉൽപാദനഘടകത്തിന്റെ—അസോസിയേഷനുകളുടെയും വ്യവസായസ്ഥാപനങ്ങളുടെയും—പങ്ക് വർദ്ധിപ്പിക്കാനുള്ള നടപടികൾ ഊർജ്ജസ്വലമായി നടപ്പിൽ വരുത്തുന്നതും അവയുടെ അവകാശങ്ങളും സാമ്പത്തികസ്വയംഭരണവും വിപുലപ്പെടുത്തുകയും ഉയർന്ന അന്തിമഫലങ്ങൾ കൈവരിക്കുന്നതിലുള്ള ഉത്തരവാദിത്വവും താൽപര്യവും വർദ്ധിപ്പിക്കുകയും ചെയ്യുക ലാക്കാക്കിയുള്ള കർമ്മസരണി സുസ്ഥിരം പിൻപററുന്നതും ആയിരിക്കും. ദൈനന്ദിന സാമ്പത്തികമാനേജ്മെൻറ് പ്രാദേശികതലത്തിൽ—തൊഴിൽകൂട്ടായ്മകളിൽ—കേന്ദ്രീകരിച്ചിരിക്കണം.

കോസ്റ്റ് എക്കൗണ്ടിങ്ങ് കൂടുതൽ വികസിപ്പിക്കുകയും അതിന്റെ ഫലദായിത മെച്ചപ്പെടുത്തുകയും വ്യവസായസ്ഥാപനങ്ങളെയും അസോസിയേഷനുകളെയും പൂർണ്ണാളവിലുള്ള കോസ്റ്റ് എക്കൗണ്ടിങ്ങിലേക്ക് സുസ്ഥിരം മാററുകയും അതോടൊപ്പം സാമ്പത്തിക ഉത്തോലകത്തിന്റെ പ്രവർത്തനം ഉത്തേജിപ്പിക്കുകയും മേൽഘടകങ്ങൾ ഏർപ്പെടുത്തുന്ന സൂചകങ്ങളുടെ എണ്ണം ചുരുക്കുകയും ചെയ്യേണ്ടത് മർമ്മപ്രധാനമാണെന്ന് പാർട്ടി കരുതുന്നു. അസോസിയേഷനുകളുടെയും വ്യവസായസ്ഥാപനങ്ങളുടെയും പ്രവർത്തനത്തെ തൊഴിൽകൂട്ടായ്മകളിൽ മുൻകൈക്കും സൃഷ്ടിപരതയ്ക്കും സാധ്യത നൽകുന്ന ദീർഘകാലസാമ്പത്തികമാനകങ്ങൾ കൊണ്ട് ഉത്തരോത്തരം പൂർണ്ണമായ അളവിൽ ക്രമീകരിക്കുന്നതായിരിക്കും. ഉന്നതതലത്തിലുള്ള ഭരണം മെച്ചപ്പെടുത്തുന്നതിന്നുള്ള നടപടികളെ കൂട്ടായ സംഘാടനരീതികളുടെ വികസനവുമായും ഏററവും താഴെത്തട്ടിലുള്ള അദ്ധ്വാനത്തിന്റെ ഉദ്ദീപനവുമായും സാംഗോപാംഗം കൂട്ടിയിണക്കണം. ശാസ്ത്രീയ-സാങ്കേതിക പുരോഗതി ത്വരിപ്പിക്കുന്നതിൽ വിജയങ്ങൾ കൈവരിക്കുകയും മെച്ചപ്പെട്ട ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുകയും ഉൽപാദനത്തിന്റെ ലാഭക്ഷമത വർദ്ധിപ്പിക്കുകയുംചെയ്യുന്ന തൊഴിൽകൂട്ടായ്മകൾക്ക് ഉത്തോലകങ്ങളുടെയും ചോദകങ്ങളുടെയും വ്യവസ്ഥ ഫലപ്രദമായി ആനുകൂല്യങ്ങൾ നൽകണം. ആർജ്ജിച്ച പണം വികസനത്തിന്നും പ്രവർത്തകർക്ക് ഭൗതികചോദകങ്ങൾ നൽകാനും സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കാനും ഉപയോഗിക്കാൻ അസോസിയേഷനുകൾക്കും വ്യവസായസ്ഥാപനങ്ങൾക്കുമുള്ള അവസരങ്ങളും അവകാശങ്ങളും വർദ്ധിപ്പിക്കുന്നതായിരിക്കും.

മൊത്തവ്യാപാരം വിപുലപ്പെടും; ഉപഭോക്താക്കളായ സ്ഥാപനങ്ങളും ഉൽപന്നങ്ങളുടെ നിർമ്മാതാക്കളും തമ്മിലുള്ള പ്രത്യക്ഷബന്ധങ്ങളുടെയും സാമ്പത്തികസമ്പർക്കങ്ങളുടെയും പങ്കും അതുപോലെ ഉൽപന്നങ്ങളുടെ സാങ്കേതികനിലവാരങ്ങളിലും ഗുണത്തിലും ഉപഭോക്താക്കൾക്കുള്ള സ്വാധീനവും വർദ്ധിക്കും.

വിലകൾ സാമൂഹ്യമായി ഒഴിച്ചുകൂടാനാവാത്ത നിക്ഷേപങ്ങളുടെ നിലവാരവും ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരവും കൂടുതൽ കൃത്യമായി പ്രതിഫലിപ്പിക്കുന്നുവെന്ന് സുനിശ്ചിതമാക്കാനും ശാസ്ത്രീയ-സാങ്കേതികപുരോഗതിയും വിഭവങ്ങളുടെ മിതവ്യയവും ഉല്പന്നങ്ങളുടെ സാങ്കേതിക-സാമ്പത്തിക ഉപഭോക്തൃഗുണധർമ്മങ്ങളുടെ ഉന്നമനവും പുതിയതും വികസിതവുമായ സകലതും നടപ്പിൽ വരുത്തുന്നതിനെ കൂടുതൽ സജീവമായി പ്രോൽസാഹിപ്പിക്കാനും മിത

വ്യയയത്നത്തിന്റെ ദൃഢീകരണത്തെ സഹായിക്കാനും വിലരൂപീകരണം മെച്ചപ്പെടുത്തണം.

സി. പി. എസ്. യു. എല്ലാ തലങ്ങളിലും ദേശീയസമ്പദ്വിധാനത്തിന്റെ ഭരണത്തിന്നുള്ള സംഘടനാപരമായ സംവിധാനത്തെ ഭരണവിധാനം സമ്യക്കാംവിധം കൂട്ടിയിണക്കുകയും അതിന്റെ അമിതമായ അംശങ്ങൾ വെട്ടി ശരിപ്പെടുത്തുകയും ചെയ്തുകൊണ്ട്, മെച്ചപ്പെടുത്താനുള്ള നടപടികൾ സുസ്ഥിരം അംഗീകരിക്കുകയെന്ന കടമ മുൻവെക്കുന്നു. മുഖ്യങ്ങളായ ദേശീയ സാമ്പത്തിക സാകല്യങ്ങളുടേയും പരസ്പരം ബന്ധപ്പെട്ടവയും ഏകജാതീയവുമായ ശാഖകളുടെ ഗ്രൂപ്പുകളുടേയും ഭരണം മെച്ചപ്പെടുത്തുകയും വലുതും നടുത്തരവും ചെറുതുമായ വ്യവസായസ്ഥാപനങ്ങളെ യുക്തിസഹമായി സംയോജിപ്പിക്കുകയും ശാഖാ-ടെറിട്ടോറിയൽ ഭരണം ഉണ്ടാക്കുകയും ഉൽപാദന അസോസിയേഷനുകളുടേയും ഗവേഷണ-ഉൽപാദന അസോസിയേഷനുകളുടേയും വലക്കെട്ട് വിപുലപ്പെടുത്തുകയും പ്രവർത്തനം വർദ്ധിപ്പിക്കുകയും ഉൽപാദനത്തിൽ ഉദ്ഗ്രഥനവും സഹകരണവുംസഹിതം കൂടുതൽ ആഴത്തിലുള്ള പ്രത്യേകവൽക്കരണം വികസിപ്പിക്കുകയും ചെയ്യണം.

ശാഖാന്തര-ശാഖാഭരണനിർവ്വഹണഘടകങ്ങളുടെ ശ്രദ്ധ ശാഖകളുടെ വികസനത്തിലെ ഏററവും പ്രധാനപ്പെട്ട പ്രവണതകളിലും ശാസ്ത്രീയ-സാങ്കേതികസിദ്ധികൾ നടപ്പാക്കുന്നതിലും കേന്ദ്രീകരിക്കുന്നതായിരിക്കും. നിർദ്ദിഷ്ട തരങ്ങളിലും ഇനങ്ങളിലുംപെട്ട ഉൽപന്നങ്ങളെ സംബന്ധിച്ചേടത്തോളം ദേശീയസമ്പദ്വിധാനത്തിന്റേയും ജനതതിയുടേയും ആവശ്യങ്ങൾ പൂർണ്ണമായി നിറവേററാനുള്ള ഉത്തരവാദിത്വം അവ വഹിക്കണം. സാമ്പത്തികവികസനം കൊണ്ടുനടത്തുന്നതിലും സാമൂഹ്യസേവനസ്ഥാപനങ്ങളുടേയും സാംസ്കാരികസ്ഥാപനങ്ങളുടേയും നിർമ്മാണത്തിലും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതിലും റിപ്പബ്ലിക്കൻ ഘടകങ്ങൾക്കും പ്രാദേശികഘടകങ്ങൾക്കുമുള്ള പങ്കും ഉത്തരവാദിത്വവും വർദ്ധിക്കും, ഈ ഘടകങ്ങളുടെ അധികാരം വിപുലപ്പെടും.

സമ്പദ്വിധാനത്തിന്റെ മാനേജ്മെൻറ് മെച്ചപ്പെടുത്താനുള്ള പ്രവർത്തനത്തിലാകെ സി. പി. എസ്. യു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സൃഷ്ടിപരമായ മുൻകയ്യിനേയും ഉൽപാദന നടത്തിപ്പുപ്രക്രിയയിൽ അവരുടെ വർദ്ധിച്ച ഭാഗഭാഗിത്വത്തേയും ലാക്കാക്കിയുള്ള ഒരു കർമ്മസരണി, പദ്ധതികൾ ആവിഷ്കരിക്കുന്നതിലും സാമ്പത്തിക തീരുമാനങ്ങൾ എടുക്കുന്നതിലും വ്യവസായസ്ഥാപനങ്ങളിൽ സാമൂഹ്യ-സാമ്പത്തികരംഗത്ത് നടപടികൾ പ്രാവർത്തികമാക്കുന്നതിലും ഉൽപാദനത്തിലെ ആന്തരികകരുതലുകൽ കണ്ടുപിടിക്കുകയും അണിനിരത്തുകയും ചെയ്യുന്നതിലും തൊഴിൽകൂട്ടായ്മകളുടെ പങ്ക് വർദ്ധിപ്പിക്കുക ലാക്കാക്കിയുള്ള ഒരു കർമ്മസരണി സുസ്ഥിരം അനുവർത്തിക്കുന്നതാണ്. മിതവ്യയവും, പൊതുനിധികളുടെ കാര്യക്ഷമമായ വിനിയോഗവും, ഓരോ റൂബിളും യുക്തിസഹമായി ഉപയോഗിക്കുകയെന്നതും ദുർഭരണത്തിന്റെ നിർമ്മൂലനവും ഉൽപാദനക്ഷമമല്ലാത്ത നാനാതരം ചിലവുകളുടേയും നഷ്ടങ്ങളുടേയും ദൂരീകരണവും മുഴുവൻ പാർട്ടിയുടേയും മുഴുവൻ ജനങ്ങളുടെ

യും ലക്ഷ്യമാണ്, ഓരോ തൊഴിൽകൂട്ടായ്മയുടേയും ഓരോ തൊഴിലാളിയുടേയും ലക്ഷ്യമാണ്.

സോഷ്യലിസ്റ്റ് മൽസരത്തിന്റെ വികസനം പാർട്ടിയുടെ സ്ഥിരം ശ്രദ്ധാവിഷയമാകുന്നു. അധ്വാനിക്കുന്ന ജനങ്ങളുടെ ക്രിയാത്മകത പ്രോൽസാഹിപ്പിക്കുന്നതിന്നുള്ള ഏററവും പ്രധാനപ്പെട്ട ഒരു തുറ, വ്യക്തിയ്ക്ക് സ്വന്തം കഴിവുപ്രകടിപ്പിക്കാനും സാമൂഹ്യാംഗീകാരം നേടാനുമുള്ള മുഖ്യ മാർഗ്ഗങ്ങളിലൊന്ന് ആണിത്. നാം ലെനിനിസ്റ്റ് പ്രമാണങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് മത്സരസംഘാടനം മെച്ചപ്പെടുത്തുകയും അതിന്റെ കാര്യക്ഷമത ഉയർത്തുകയും ഔപചാരികതയും സ്ഥിരരൂപങ്ങളും പിഴുതെറിയുകയും ഉൽകൃഷ്ടാനുഭവങ്ങൾ കൂടുതൽ വ്യാപകമായതോതിൽ പ്രചരിപ്പിക്കുകയും പിന്തങ്ങിപ്പോയവരെ മുൻനിരക്കാരുടെ പന്തിയിലേക്ക് ഉയർത്തുകയും മുൻകയ്യിന്റേയും സഖിത്വപരമായ സഹകരണത്തിന്റേയും പരസ്പരസഹായത്തിന്റേയും ചൈതന്യം വികസിപ്പിക്കുകയുംവേണം. ശാസ്ത്രീയ-സാങ്കേതികപുരോഗതി ത്വരിപ്പിക്കാനും അധ്വാനോൽപാദനക്ഷമത വർദ്ധിപ്പിക്കാനും വിഭവങ്ങളുടെ മിതവ്യയപരമായ വിനിയോഗത്തിന്ന് ഉറപ്പുവരുത്താനും ഉൽപാദനച്ചിലവുകുറയ്ക്കവേതന്നെ ഉൽപാദനത്തിന്റെ കാര്യക്ഷമതയും ഉൽപന്നത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്താനും കരാറുപ്രകാരമുള്ള ബാധ്യതകളുടെ തക്കസമയത്തുള്ള പൂർത്തീകരണത്തോടും കൂടുതൽ നല്ല അന്തിമദേശീയ സാമ്പത്തികഫലങ്ങളോടുംകൂടി കൃത്യമായ ഒരു പ്രവർത്തനക്രമം സാധിക്കാനുമുള്ള ബഹുജനങ്ങളുടെ മുൻകയ്യിന്നും സൃഷ്ടിപരതയ്ക്കും സർവ്വതോമുഖമായ പിന്തുണ നൽകേണ്ടത് വളരെ പ്രധാനമാണ്.

## III. പാർട്ടിയുടെ സാമൂഹ്യനയം

രാജ്യത്തിന്റെ വികസനം ത്വരിപ്പിക്കുകയും ബഹുജനങ്ങളുടെ അധ്വാനപരവും സാമൂഹ്യ-രാഷ്ട്രീയവുമായ പ്രവർത്തനം വർദ്ധിപ്പിക്കുകയും പുതിയ മനുഷ്യനെ രൂപപ്പെടുത്തുകയും സോഷ്യലിസ്റ്റ് ജീവിതരീതി സ്ഥാപിക്കുകയും ചെയ്യാനുള്ള ഒരു പ്രബലോപാധിയായിട്ടും സമുദായത്തിലെ രാഷ്ട്രീയമായ കെട്ടുറപ്പിന്റെ ഒരു മുഖ്യഘടകമായിട്ടും ആണ് പാർട്ടി സാമൂഹ്യനയത്തെ പരിഗണിക്കുന്നത്. സാമ്പത്തിക വളർച്ചയിലും സാമ്പത്തിക കാര്യക്ഷമതയിലും പൊതുജീവിതത്തിന്റെ എല്ലാ തുറകളിലും സാമൂഹ്യനയത്തിന്നുള്ള സ്വാധീനം ഊർജ്ജിതപ്പെടുമെന്ന നിഗമനത്തെയാണ് പാർട്ടി ആധാരമാക്കുന്നത്. അധ്വാനവും ദൈനംദിനജീവിതവും സാംസ്കാരവും സംബന്ധിച്ച സാമൂഹ്യപ്രശ്നങ്ങളുടെ പരിഹരണത്തിലും ജനങ്ങളുടെ ആവശ്യങ്ങളും താൽപര്യങ്ങളും നിറവേററുന്നതിലുമുള്ള അക്ഷയമായ ഔൽസുക്യം എല്ലാ സ്റ്റേററ് ഘടകങ്ങളുടേയും പൊതു സംഘടനകളുടേയും പ്രവർത്തനത്തെ ഭരിക്കുന്ന ഒരു നിയമമായിരിക്കണമെന്ന് സി. പി. എസ്. യു. കരുതുന്നു.

പാർട്ടി അതിന്റെ സാമൂഹ്യനയത്തിന്റെ മുഖ്യകർത്തവ്യമായി താഴെപ്പറയുന്ന കടമകൾ മുൻവെക്കുന്നു:

— സോവിയററ് ജനങ്ങളുടെ ജീവിത-തൊഴിൽ സാഹചര്യങ്ങളുടെ ക്രമപ്രവൃദ്ധമായ ഉന്നമനം;

— സാമൂഹ്യബന്ധങ്ങളുടെ മുഖ്യങ്ങളായ എല്ലാ മണ്ഡലങ്ങളിലും സാമൂഹ്യനീതിയുടെ പ്രമാണങ്ങൾ ഉത്തരോത്തരം പൂർണ്ണമായ അളവിൽ സാക്ഷാൽക്കരിക്കൽ;

— ബൗദ്ധികാധ്വാനവും കായികാധ്വാനവും തമ്മിലും പട്ടണവും നാട്ടിൻപുറവും തമ്മിലും ഉള്ള മുഖ്യ അന്തരങ്ങൾ തരണംചെയ്തുകൊണ്ട് വർഗ്ഗങ്ങളേയും സാമൂഹ്യഗ്രൂപ്പുകളേയും സാമൂഹ്യപാളികളേയും പരസ്പരം കൂടുതൽ അടുപ്പിച്ചുകൊണ്ടുവരൽ;

— ദേശീയജനവിഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ അന്യൂനീകരണവും രാജ്യത്തിലെ എല്ലാ ജനതകളുടേയും ദേശീയ ജനവിഭാഗങ്ങളുടേയും സൗഹൃദത്തിന്റെ ദൃഢീകരണവും.

## വർദ്ധമാനമായ ഐശ്വര്യവും സോവിയററ് ജനങ്ങളുടെ ജീവിത-തൊഴിൽ സാഹചര്യങ്ങളുടെ ഉന്നമനവും

രാജ്യത്തു സൃഷ്ടിക്കപ്പെട്ട ഉൽപാദനപരവും ആത്മീയവുമായ ശേഷിസാധ്യതകളും രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കേണ്ടതിന്റെ ആവശ്യകതയും ''സമുദായത്തിലെ എല്ലാം അംഗങ്ങൾക്കും പൂർണ്ണക്ഷേമവും സ്വാതന്ത്ര്യവും സർവ്വതോമുഖവുമായ വികസനവും'' (ലെനിൻ) കൈവരുത്തുന്നതിലേക്ക് ഗണ്യമായ പുരോഗതി ഉണ്ടാക്കുക ആവശ്യവും സാധ്യവുമാക്കുന്നു.

സോവിയററ് ജനങ്ങളുടെ സുഖസൗകര്യങ്ങൾ ഗുണപരമായി പുതിയ തലത്തിലേക്ക് ഉയർത്തുകയും ഭൗതിക-സാമൂഹ്യ-സാംസ്കാരികാനുഗ്രഹങ്ങളുടെ ഉപഭോഗത്തിൽ അനുരൂപമായി വികസിച്ച, ആത്മീയമായി സമ്പന്നനായ ഒരു വ്യക്തിയെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തിന്ന് കഴിയുന്നതിന്റെ പരമാവധി യോജിക്കുന്ന ഒരു നിലവാരത്തിന്നും ഘടനയ്ക്കും ഉറപ്പുവരുത്തുകയും സമുദായത്തിന്റെ താൽപര്യത്തെ മുൻനിറുത്തി സോവിയററ് ജനങ്ങളുടെ കഴിവുകളും സിദ്ധികളും പ്രതിഭകളും പൂർണ്ണതരമായി സാക്ഷാൽക്കരിക്കുന്നതിന്നാവശ്യമായ പൂർവ്വോപാധികൾ സൃഷ്ടിക്കുകയും ചെയ്യുകയെന്ന കടമ സി. പി. എസ്. യു. മുൻവെയ്ക്കുന്നു.

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതിന്ന് തിരിച്ചുവിടുന്ന വിഭവങ്ങളുടെ പരിമാണം അടുത്ത പതിനഞ്ചു കൊല്ലത്തിന്നുള്ളിൽതന്നെ ഇരട്ടിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ജോലിയുടെ ക്രിയാത്മക ഉള്ളടക്കവും കൂട്ടായ സ്വഭാവവും വർദ്ധിപ്പിക്കുകയും അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുകയും സമുദായത്തിന്റെ നൻമയ്ക്കുവേണ്ടിയുള്ള അതിവിദഗ്ദ്ധവും അതീവ ഉൽപാദനക്ഷമവുമായ അധ്വാനത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നതിന്ന് പാർട്ടി സവിശേഷപ്രാധാന്യം കൽപിക്കുന്നു. ഇതെല്ലാം ജോലിയെ ഓരോ സോവിയററ് വ്യക്തിയുടേയും മർമ്മപ്രധാനമായ ഒരു പ്രാഥമികാവശ്യമാക്കിത്തീർക്കാൻ സഹായിക്കും.

ജനതതിയ്ക്ക് പൂർണ്ണവും ഫലപ്രദവുമായ തൊഴിൽലഭ്യത ഉറപ്പുവരുത്തുകയും കായികശേഷിയുള്ള എല്ലാ പൗരർക്കും സമുദായത്തിന്റെ

ആവശ്യങ്ങൾ യഥാവിധി കണക്കിലെടുത്തുകൊണ്ട് തങ്ങളുടെ അഭിരുചിക്കും കഴിവിന്നും വിദ്യാഭ്യാസത്തിന്നും പരിശീലനത്തിന്നും അനുസരിച്ച് തങ്ങൾ തിരഞ്ഞെടുത്ത പ്രവർത്തനതുറയിൽ ജോലിചെയ്യാനുള്ള സാദ്ധ്യത നൽകുകയും ചെയ്യുന്ന ശാസ്ത്രീയവും സാങ്കേതികവും സാമ്പത്തികവും സാമൂഹ്യവുമായ ഒരുകൂട്ടം നടപടികൾ തുടർന്നു ബലത്തിൽ വരുത്തുകയെന്നതാണ് മുമ്പിലുള്ള കടമ.

കായികാധ്വാനത്തിന്റെ അളവ് ഗണ്യമായി വെട്ടിക്കുറയ്ക്കുകയും വിരസവും ആയാസകരവുമായ കായികാധ്വാനവും കുറഞ്ഞ വൈദഗ്ദ്ധ്യം ആവശ്യമായ ജോലിയും ഗണ്യമായി കുറയ്ക്കുകയും ഭാവിയിൽ തീരെ ഒഴിവാക്കുകയും ചെയ്യുക ലാക്കാക്കിയുള്ള, വ്യവസായികാപകടങ്ങളും തൊഴിൽപരമായ രോഗങ്ങളും തടയുവാൻ ആരോഗ്യകരമായ സാഹചര്യങ്ങൾക്ക് ഉറപ്പുവരുത്തുകയും ആധുനിക തൊഴിൽ സുരക്ഷിതത്വമാനകങ്ങൾ നടപ്പാക്കുകയും ചെയ്യുക ലാക്കാക്കിയുള്ള, സുസ്ഥിരമായ ഒരു കർമ്മസരണി ഉണ്ടായിരിക്കുന്നതായിരിക്കും. ഉൽപാദനത്തിന്റെ തീവ്രീകരണവും മെച്ചപ്പെട്ട കാര്യക്ഷമതയും കൂടുതൽ ഉയർന്ന അധ്വാനോൽപാദനക്ഷമതയും ഭാവിയിൽ, അധ്വാനിക്കുന്ന ജനങ്ങളുടെ പ്രവൃത്തിസമയം കുറയ്ക്കുന്നതിന്നും ശമ്പളത്തോടുകൂടിയ ഒഴിവുദിനങ്ങളുടെ കാലാവധി നീട്ടുന്നതിന്നും പുതിയ സാധ്യതകൾ അനാവരണം ചെയ്യുന്നതായിരിക്കും.

അധ്വാനിക്കുന്ന ജനങ്ങളുടെ യഥാർത്ഥ വരുമാനങ്ങൾ അനുക്രമം ഉയർത്തുന്നതിന്നും രാജ്യത്തിന്റെ സാമ്പത്തികശേഷിസാധ്യതകൾക്ക് അനുസരിച്ച് എല്ലാ പാളികളുടേയും സാമൂഹ്യഗ്രൂപ്പുകളുടേയും സുഖസൗകര്യങ്ങൾ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിന്നും പാർട്ടി തുടർന്നും സകലതും ചെയ്യുന്നതാണ്.

കമ്യൂണിസത്തിന്റെ ആദ്യദശയിൽ അധ്വാനിക്കുന്ന ജനങ്ങളുടെ മുഖ്യവരുമാനസ്രോതസ്സ് ഓരോരുത്തരുടേയും ജോലിക്കനുസരിച്ചുള്ള പ്രതിഫലംതന്നെയാണ്. വേതന-ശമ്പളവ്യവസ്ഥ ജോലിയുടെ അളവും ഗുണവും അവസ്ഥകളും ഫലങ്ങളും യഥാവിധി കണക്കിലെടുക്കുകയും തൊഴിലാളികളുടെ യോഗ്യതകളുടേയും അധ്വാനോൽപാദനക്ഷമതയുടേയും ഉന്നമനത്തെ ഉത്തേജിപ്പിക്കുകയും ഉൽപന്നത്തിന്റെ ഗുണനിലവാരമുയർത്താനും എല്ലാതരം വിഭവങ്ങളും ലാഭിക്കാനും സഹായിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താൻ സാധിക്കുമാറ് നിരന്തരം പരിഷ്കരിക്കണം. കൃത്യമായും ഇതിന്റെ അടിസ്ഥാനത്തിൽവേണം അധ്വാനിക്കുന്ന ജനങ്ങളുടെ വേതനങ്ങളും ശമ്പളങ്ങളും ജീവിതനിലവാരങ്ങളും വളരുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യാൻ. സാമൂഹ്യസമ്പത്തിന്റെ വലിപ്പം വർദ്ധിക്കുന്നതിന്നനുസരിച്ച് മിനിമംവേതനം വർദ്ധിക്കുന്നതും ജനങ്ങളിൽനിന്ന് ഈടാക്കുന്ന നികുതികൾ കുറച്ചുകൊണ്ടുവരികയെന്ന നയം തുടർന്നു മുന്നോട്ടുകൊണ്ടുപോകുന്നതുമായിരിക്കും. ജോലിചെയ്യാതെ നേടുന്ന വരുമാനങ്ങളുടേയും സോഷ്യലിസ്റ്റ് വിതരണപ്രമാണങ്ങളിൽനിന്നുള്ള എല്ലാ പാളിച്ചകളുടേയും, വരുമാനങ്ങളുടേയും ആനുകൂല്യങ്ങളുടേയും സാമൂഹ്യവിരുദ്ധമായ പുനർവിതരണരൂപങ്ങളുടേയും പരോപജീവനത്തിന്റേയും കൊള്ളലാഭമെടിയുടേയും നിഷ്കാസനത്തിന്ന് പാർട്ടി മൗലികപ്രാധാന്യം കൽപിക്കുന്നു.

പൊതു ഉപഭോഗനിധികളുടെ വിതരണത്തിന്റെ ത്വരിതതരമായ വളർച്ചയും ആന്യൂനീകരണവും തുടരുന്നതാണ്. ഈ നിധികൾ സൗജന്യ വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം ജനങ്ങളുടെ സാമൂഹ്യപരിപാലനം എന്നിവ സംബന്ധിച്ച സ്റ്റേററ് വ്യവസ്ഥയിലും അധ്വാനിക്കുന്ന ജനങ്ങളുടെ വിശ്രമ-വിനോദ സാഹചര്യങ്ങളുടെ ഉന്നമനത്തിലും തനിപ്പെട്ട പൗരരുടേയും കുടുംബങ്ങളുടേയും സാമൂഹ്യഗ്രൂപ്പുകളുടേയും ഭൗതികനിലയിൽ സോഷ്യലിസത്തിൽ വസ്തുനിഷ്ഠമായി അനിവാര്യമായ അന്തരങ്ങൾ കുറച്ചുകൊണ്ടുവരുന്നതിലും കുട്ടികളെ വളർത്തിക്കൊണ്ടുവരുന്നതിന്നുള്ള സാമൂഹ്യ-സാമ്പത്തികവും സാംസ്കാരികവുമായ സാഹചര്യങ്ങൾ സമീകരിക്കുകയും ജനതതിയിലെ തനിപ്പെട്ട ഗ്രൂപ്പുകളുടെ താഴ്ന്ന വരുമാനങ്ങൾക്ക് അറുതിവരുത്താൻ സഹായിക്കുകയും ചെയ്യുന്നതിലും വർദ്ധമാനമായ ഒരു പങ്ക് വഹിക്കേണ്ടതാകുന്നു.

മേത്തരവും വിവിധവുമായ ഉപഭോഗസാധനങ്ങളിൽ — കേഷ്യവസ്തുക്കൾ, ഈടുനിൽക്കുന്നതും ഭംഗിയുള്ളതുമായ വസ്ത്രങ്ങൾ, പാദരക്ഷകൾ, ഫർണിച്ചർ, സാംസ്കാരികാവശ്യങ്ങൾക്കുള്ള ചരക്കുകൾ, പലതരം വീട്ടുപകരണങ്ങളും ചരക്കുകളും എന്നിവയിൽ — ജനങ്ങൾക്കുള്ള വർദ്ധമാനമായ ആവശ്യങ്ങൾ പൂർണ്ണമായി നിറവേററുക എന്നതാണ് പ്രാഥമികപ്രാധാന്യമുള്ള കടമ.

വ്യാപാരവും പൊതുഭോജനവിധാനവും കൂടുതൽ വികസിക്കുന്നതാണ്. അവയുടെ ഭൗതിക-സാങ്കേതികാടിസ്ഥാനം ശക്തിയാർജ്ജിക്കുകയും സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുകയും ചെയ്യും. ഉപഭോക്താക്കളുടെ സഹകരണസംഘങ്ങൾ നാട്ടിൻപുറത്തെ വ്യാപാരം അഭിവൃദ്ധിപ്പെടുത്തുകയും ജനങ്ങളിൽനിന്നുള്ള കാർഷികോൽപന്നങ്ങളുടെ ക്രീണനം സംഘടിപ്പിക്കുകയും ചെയ്യണം. വിപണനവും കൂടുതൽ വികസിക്കും. കൂട്ടുകൃഷിക്കളക്കമ്പോളത്തിന്റെ പ്രാധാന്യം നിലനിൽക്കുന്നതായിരിക്കും. ജനങ്ങളുടെ യഥാർത്ഥവരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിന്ന് സാധകമായവിധത്തിൽ ചില്ലറവിലനയം അനുവർത്തിക്കുന്നതാണ്.

ആധുനികവും അതീവവികസിതവുമായ ഒരു സേവനമേഖല സൃഷ്ടിക്കാൻ വൻതോതിലുള്ള നടപടികൾ നടപ്പാക്കാനുദ്ദേശിക്കുന്നു. സേവനങ്ങളുടെ പരിമാണത്തിലുള്ള വർദ്ധനയും വൈവിധ്യത്തിന്റെ വിശാലതയും ഗുണനിലവാരത്തിന്റെ ഉന്നമനവുംമൂലം വിവിധതരം പാർപ്പിടങ്ങളിലും സാമൂഹിക, ഗതാഗത, ദൈനംദിന, സാമുദായിക, സാംസ്കാരിക സേവനങ്ങളിലും ജനതതിയുടെ വർദ്ധമാനമായ ആവശ്യങ്ങൾ പൂർണ്ണതരമായി നിറവേററാനും വീട്ടുജോലികളും ദൈനംദിനജോലികളും കൂടുതൽ എളുപ്പമാക്കാനും ഒഴിവുസമയത്തിന്റെ യുക്തിസഹമായ വിനിയോഗത്തിന്നും തക്കതായ വിനോദത്തിന്നും കൂടുതൽ നല്ല സാഹചര്യങ്ങൾ സൃഷ്ടിക്കാനും സാധിക്കും. നാട്ടിൻപുറത്തും വികസനത്തിലിരിക്കുന്ന മേഖലകളിലും സേവനവ്യവസായങ്ങൾ ത്വരിതതരമായ നിരക്കിൽ വികസിക്കുന്നതാണ്.

2000-ാമാണ്ട് ആവുമ്പോഴേക്ക് ഓരോ സോവിയററ് കുടുംബത്തിന്നും പ്രായോഗികമായി ഒരു പാർപ്പിടയൂണിററ് — ഒരു അപ്പാർട്ട്മെൻറ് ഹൗസ് അല്ലെങ്കിൽ തനിപ്പെട്ട ഒരു വീട് — തീർച്ചയായും ഉണ്ടായിരിക്കു

വൻ പാർപ്പിടപ്രശ്നം ത്വരിതതരമായി പരിഹരിക്കേണ്ടത് സവിശേഷ സാമൂഹ്യപ്രാധാന്യമുള്ള ഒരു കാര്യമായി പാർട്ടി കരുതുന്നു. സ്റ്റേററിന്റെ പണമുപയോഗിച്ച് വൻതോതിലുള്ള പാർപ്പിടനിർമ്മാണവും സഹകരണാടിസ്ഥാനത്തിലുള്ള പാർപ്പിടനിർമ്മാണത്തിന്റെയും വ്യക്തിഗതമായ പാർപ്പിടനിർമ്മാണത്തിന്റെയും വിശാലതരമായ വികസനവും കൂടാതെ പുനർനിർമ്മാണം, തേച്ചുമിനുക്കി പുതുമവരുത്തൽ എന്നിവയും പാർപ്പിടശേഖരങ്ങളുടെ നല്ല സംരക്ഷണവും അതിന്റെ വിതരണത്തിൻമേലുള്ള വർദ്ധിതമായ നിയന്ത്രണവും ഇതിന്ന് സഹായിക്കേണ്ടതാണ്. സൗകര്യങ്ങളുടെ നിലവാരങ്ങൾ മെച്ചപ്പെടുത്തുകയും അപ്പാർട്ടുമെന്റുകളുടേയും വീടുകളുടേയും ലേഔട്ട് കൂടുതൽ നന്നാക്കുകയും സാങ്കേതികസജ്ജീകരണം മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ട് പാർപ്പിടനിർമ്മാണത്തിന്റെ ഗുണമേൻമയിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നതാണ്.

നഗരത്തിലേയും ഗ്രാമത്തിലേയും വാസകേന്ദ്രങ്ങളുടെ വാസ്തുവിദ്യയും പ്രകൃതിദൃശ്യവും അലങ്കരണവും കൂടുതൽ നന്നാക്കണം. ജനങ്ങളുടെ തൊഴിൽ, ദൈനംദിന ജീവിതം, വിശ്രമം എന്നിവയ്ക്ക് ഏററവും നല്ല സാഹചര്യങ്ങൾക്കുറപ്പുവരുത്താൻ അവ ഉൽപാദനമേഖലകൾ, ജനവാസമേഖലകൾ, പൊതു-സാംസ്കാരിക-വിദ്യാഭ്യാസ-ശിശുസംരക്ഷണ സ്ഥാപനങ്ങൾ, ഗതാഗതം എന്നിവയുടെ യുക്തിസഹവും സമഗ്രവുമായ ഒരു സംയോഗം ആയിരിക്കണം. ജനങ്ങളുടെ പണം പാർപ്പിട-സാംസ്കാരിക ദൈനംദിന സാഹചര്യങ്ങളും വിശ്രമം ടൂറിസം തുടങ്ങിയ കാര്യങ്ങളും അഭിവൃദ്ധിപ്പെടുത്താൻ ഉപയോഗിക്കുന്ന പതിവ് വിപുലപ്പെടും.

സോവിയററ് ജനങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കുകയും അവരുടെ കർമ്മനിരതമായ ജീവിതകാലത്തിന്റെ ദൈർഘ്യം കൂട്ടുകയും ചെയ്യുകയെന്നത് പ്രാഥമികപ്രാധാന്യമുള്ള ഒരു കടമയാണ്. എല്ലായിടത്തും നഗരവാസികളുടേയും ഗ്രാമവാസികളുടേയും എല്ലാതരം വൈദ്യസേവനാവശ്യങ്ങളും പൂർണ്ണമായി നിറവേററുക എന്ന കടമ പാർട്ടി മുൻവെക്കുന്നു; ഈ സേവനങ്ങൾക്ക് അതിവിദഗ്ദ്ധരായ പ്രവർത്തകരെ നൽകണം. ഗുണനിലവാരം നാടകീയമായി മെച്ചപ്പെടുകയും വേണം. ഈ ലക്ഷ്യത്തോടെ ജനങ്ങൾക്ക്‌വേണ്ടി സാമാന്യ വൈദ്യപരിശോധനകളുടെ ഒരു വിധാനം ഏർപ്പെടുത്താനും അമ്മയുടേയും കുട്ടിയുടേയും ആരോഗ്യസംരക്ഷണത്തിന്നുള്ള സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ, ആശുപത്രികൾ സാനട്ടോറിയങ്ങൾ എന്നിവയുടെ വലക്കെട്ട് കൂടുതൽ വിപുലമാക്കാനും ആധുനിക വൈദ്യസാമഗ്രികൾകൊണ്ട് അവ സജ്ജീകരിക്കാനും മരുന്നുകൾ, ചികിൽസയ്ക്കും ആരോഗ്യസംരക്ഷണത്തിന്നും ശുചിത്വത്തിന്നുമുള്ള വസ്തുക്കൾ എന്നിവയുടെ തക്കതായ വിതരണത്തിന്ന് ഉറപ്പുവരുത്താനും ഉദ്ദേശിക്കുന്നു.

ജനങ്ങളുടെ ആരോഗ്യസംവർദ്ധനത്തിലും വ്യക്തിയുടെ സമഞ്ജസമായ വികാസത്തിലും ജോലിക്കും മാതൃഭൂമിയുടെ പ്രതിരോധത്തിന്നും വേണ്ടി യുവജനങ്ങളെ സജ്ജരാക്കുന്നതിലും കായികപരിശീലനത്തിന്നും സ്പോർട്സിന്നും ദൈനംദിനജീവിതത്തിൽ അവ നടപ്പാക്കുന്നതി

ന്നുമുള്ള പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ വ്യക്തിയും ചെറുപ്പം മുതലേ തന്റെ ശാരീരികയോഗ്യതയിൽ ശ്രദ്ധിക്കുന്നുവെന്നും ആരോഗ്യത്തിന്റെയും വൈദ്യസഹായത്തിന്റെയും തുറയിൽ അവന്ന് അറിവുണ്ടെന്നും അവൻ ആരോഗ്യകരമായ രീതിയിൽ ജീവിക്കുന്നുവെന്നും ഉറപ്പുവരുത്താൻ യത്നങ്ങൾ നടത്തണം.

കുടുംബത്തിന്റെ സംരക്ഷണം അഭിവൃദ്ധിപ്പെടുത്തുകയെന്നതിന്ന് സി. പി. എസ്. യു. വമ്പിച്ച പ്രാധാന്യം കൽപിക്കുന്നു. കുടുംബം സമുദായത്തിന്റെ സാമ്പത്തിക-സാമൂഹ്യപുരോഗതിക്കുറപ്പുവരുത്തുകയും ജനസംഖ്യാശാസ്ത്രപ്രക്രിയകൾ മെച്ചപ്പെടുത്തുകയും ചെയ്തുകൊണ്ട് ഇളംതലമുറകളുടെ ആരോഗ്യസംവർദ്ധനത്തിലും അവരെ വളർത്തിക്കൊണ്ടുവരുന്നതിലും അധികാധികം പ്രധാനപ്പെട്ട ഒരു പങ്ക് വഹിക്കുന്നു. ഇവിടെവെച്ചാണ് ഒരു മനുഷ്യന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനഘടകങ്ങളും ജോലിയോട് അവന്നുള്ള മനോഭാവവും ഏററവും പ്രധാനപ്പെട്ട ധാർമ്മിക-പ്രത്യയശാസ്ത്ര-സാംസ്കാരികമൂല്യങ്ങളും രൂപപ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യചുമതലകൾ നിർവ്വഹിക്കാനും കുട്ടികളെ വളർത്തിക്കൊണ്ടുവരാനും കുടുംബത്തിന്ന് സഹായം നൽകിക്കൊണ്ട് കുടുംബത്തെ ശക്തിപ്പെടുത്തുകയും അനേകം കുട്ടികളുള്ള കുടുംബങ്ങളുടേയും യുവകുടുംബങ്ങളുടേയും ഭൗതിക-പാർപ്പിട-ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക ലാക്കാക്കിയുള്ള നടപടികൾ വിപുലമാക്കുകയും ചെയ്യുന്നതിന്നുള്ള കർമ്മസരണി അനുവർത്തിക്കേണ്ടത് ആവശ്യമായി പാർട്ടി കരുതുന്നു. കുടുംബം, വിദ്യാലയം, തൊഴിൽകൂട്ടായ്മ എന്നിവയുടെ കൂടുതലായ പരസ്പരപ്രവർത്തനവും കുട്ടികളെ വളത്തിക്കൊണ്ടുവരുന്നതിൽ മാതാപിതാക്കൾക്ക് കൂടുതലായ ഉത്തരവാദിത്വവും ഉണ്ടായിരിക്കണം. അതുപോലെ മാതാപിതാക്കളുടെ ക്ഷേമത്തിലും വാർദ്ധക്യകാലത്ത് അവരുടെ ഭദ്രമായ ജീവിതത്തിലും കുട്ടികൾക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ടായിരിക്കണം.

അമ്മമാരുടെ പദവി കൂടുതൽ മെച്ചപ്പെടുത്തുകയെന്നത് പാർട്ടിയുടെ ഒരു നിരന്തരശ്രദ്ധാവിഷയമാണ്. അതിന്നുവേണ്ടി സ്ത്രീകൾക്ക് മാതൃത്വത്തെ അധ്വാന-സാമൂഹ്യപ്രവർത്തനങ്ങളിലെ സജീവമായ ഭാഗഭാഗിത്വവുമായി കൂട്ടിയിണക്കാൻ അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതായിരിക്കും. മാതൃ-ശിശുസംരക്ഷണത്തിൽ സവിശേഷശ്രദ്ധ പതിപ്പിക്കുന്നതും പ്രസവത്തിന്നു മുമ്പും, അതിന്നുശേഷം കുട്ടികളെ നോക്കുന്നതിന്നും അനുവദിക്കുന്ന ലീവിന്റെ കാലാവധി കൂട്ടുന്നതും ആയിരിക്കും. കുടുംബത്തിന്ന് ഒന്നിച്ച് ഒഴിവുദിനം ചിലവഴിക്കുന്നതിന്നുള്ള സാനട്ടോറിയങ്ങളുടേയും ബോർഡിങ്ങ് ഹൗസുകളുടേയും വലക്കെട്ട് വിപുലമാക്കുന്നതാണ്. സ്ത്രീകളുടെ തൊഴിൽനിയമനത്തിന്റെ വിവിധരൂപങ്ങൾ കൂടുതൽ വികസിക്കുന്നതാണ്. സ്ത്രീകളുടെ അഭീഷ്ടമനുസരിച്ച്, മാററാവുന്ന ജോലിസമയങ്ങളും താരതമ്യേന കുറഞ്ഞ പ്രവൃത്തിസമയങ്ങളും വ്യാപകമായ തോതിൽ ഉപയോഗിക്കുന്നതായിരിക്കും.

ഇളംതലമുറയെ വളർത്തിക്കൊണ്ടുവരുന്നതിന്നത്യാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന്ന് ഒട്ടേറെ നടപടികൾ നടപ്പാക്കുന്നതാണ്.

ശിശുസംരക്ഷണസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ജനതതിയുടെ ആവശ്യം സമീപഭാവിയിൽതന്നെ പൂർണമായി നിറവേററപ്പെടുന്നതാണ്. തൊഴിൽ-സ്പോർട്സ് ക്യാമ്പുകളുടെയും, യുവ പയനീർ ക്യാമ്പുകളുടെയും ഭവനങ്ങളുടെയും, ശാസ്ത്ര-സാങ്കേതികപ്രവർത്തനത്തിനും കലാപരമായ സർഗ്ഗാത്മകപ്രവർത്തനത്തിനുമുള്ള കേന്ദ്രങ്ങളുടെയും നിലയങ്ങളുടെയും വലക്കെട്ട് വിപുലപ്പെടുത്തുന്നതാണ്. പ്രിസ്ക്കൂൾ സ്ഥാപനങ്ങളിലും തൊഴിൽപരിശീലനസ്ഥാപനങ്ങളിലും ഭക്ഷണച്ചിലവ് സംബന്ധിച്ച മാനകങ്ങൾ ഉയരുന്നതാണ്.

യുവജനസാമൂഹ്യപ്രശ്നങ്ങളോടുള്ള ശ്രദ്ധ ഗണ്യമായി ശക്തിപ്പെടുത്തുകയും, സർവ്വോപരി തൊഴിൽ, ദൈനംദിനജീവിതം, വിദ്യാഭ്യാസം, സംസ്കാരം, ജോലിസംബന്ധമായ ഉന്നമനം, ജോലിക്കയററം, ഒഴിവുസമയത്തിൻെറ യുക്തിസഹമായ ഉപയോഗം എന്നീ മണ്ഡലങ്ങളിൽ അതിൻെറ ആവശ്യങ്ങൾ പൂർണ്ണതരമായി തൃപ്തിപ്പെടുത്തുകയും ചെയ്യേണ്ട ആവശ്യത്തിന് പാർട്ടി ഊന്നൽ നൽകുന്നു.

അദ്ധ്വാന-യുദ്ധവീരരുടെയും വൃദ്ധരുടെയും അംഗവൈകല്യമുള്ള ആളുകളുടെയും, സേവനത്തിലിരിക്കെ കൊല്ലപ്പെട്ട സൈനികരുടെ കുടുംബങ്ങളുടെയും, ഭൗതികസ്ഥിതി മെച്ചപ്പെടുത്തുന്നതിന്നും അവർക്ക് സാമൂഹ്യ-ചികിൽസാ-സാംസ്കാരിക സേവനങ്ങൾ പ്രദാനംചെയ്യുന്നതിന്നും സി. പി. എസ്. യു. തുടർന്നും നിരന്തരവ്യഗ്രത പ്രകടിപ്പിക്കും. പെൻഷനുകൾ സർവ്വോപരി, ഏററവും കുറഞ്ഞ പെൻഷനും മുമ്പ് അനുവദിക്കപ്പെട്ട പെൻഷനുകളും ഇടക്കിടക്ക് വർദ്ധിപ്പിക്കുന്നതാണ്. കൂട്ടുകൃഷിക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള വ്യവസ്ഥ ക്രമേണ ഉൽപാദന-ഓഫീസ് തൊഴിലാളികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള അതേ നിലവാരത്തിലെത്തുന്നതാണ്. വൃദ്ധർക്കും അവശർക്കുമുള്ള ഭവനങ്ങളുടെ വലക്കെട്ട് കൂടുതൽ വികസിപ്പിക്കുന്നതാണ്. അത്തരം ഭവനങ്ങളിലെ സംരക്ഷണത്തിനുള്ള സാഹചര്യങ്ങൾ മെച്ചപ്പെടും. തങ്ങളുടെ കഴിവുകൾക്കനുസരിച്ച് ജോലിചെയ്യുന്നതിന്നും പൊതുജീവിതത്തിൽ ഭാഗഭാക്കുകളാകുന്നതിന്നും, അമൂല്യമായ അനുഭവസമ്പത്തോടുകൂടിയ അദ്ധ്വാനവീരർക്കുള്ള അവസരങ്ങളുടെ വിപുലനം വലിയ സാമ്പത്തികപ്രാധാന്യമുള്ള ഒരു കാര്യമാണ്.

സമുദായവും പ്രകൃതിയും തമ്മിലുള്ള, മനുഷ്യനും പരിഃസ്ഥിതിയും തമ്മിലുള്ള, സമഞ്ജസമായ പരസ്പര പ്രവർത്തനം ജനങ്ങളുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിൽ പൂർവ്വാധികം വർദ്ധമാനമായ പ്രാധാന്യം കൈവരിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ ഭാവി ബോധപൂർവ്വം കെട്ടിപ്പടുക്കുന്ന സോഷ്യലിസ്റ്റ് സമുദായം പ്രകൃതിവിഭവങ്ങളുടെ സന്തുലിതവും മിതവ്യയസ്വഭാവത്തിലുള്ളതുമായ വിനിയോഗം ബലത്തിൽവരുത്തുകയും നമ്മുടെ ഗ്രഹത്തിലെ പ്രകൃതിവിഭവങ്ങളെ കാത്തുസൂക്ഷിക്കാനും വർദ്ധിപ്പിക്കാനുമുള്ള മനുഷ്യരാശിയുടെ യത്നങ്ങളിൽ മുൻപന്തിയിൽ നിൽക്കുകയും ചെയ്യുന്നു. പ്രകൃതിവിഭവ വിനിയോഗത്തിലുള്ള നിയന്ത്രണം ശക്തിപ്പെടുത്തുകയും ജനതതിയുടെ പരിസരശാസ്ത്ര ബോധനം വിപുലമായതോതിൽ നടത്തുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് പാർട്ടി കരുതുന്നു.

## വർഗ്ഗാന്തരങ്ങൾ തരണംചെയ്യലും
## സാമൂഹ്യമായി സാജാത്യമുള്ള ഒരു സമുദായം രൂപീകരിക്കലും

ഇപ്പോഴത്തെ ഘട്ടത്തിൽ സാമൂഹ്യബന്ധങ്ങളുടെ വികസനത്തിനുള്ള പ്രധാനപ്പെട്ട ഒരു നിയമം തൊഴിലാളിവർഗ്ഗത്തെയും കൂട്ടുകൃഷിക്കാരെയും ബുദ്ധിജീവിവിഭാഗത്തെയും കൂടുതൽ അടുപ്പിച്ചുകൊണ്ടുവരികയും വർഗ്ഗരഹിതഘടനയോടുകൂടിയ ഒരു സമുദായം സ്ഥാപിക്കുകയും — ആ പ്രക്രിയയിൽ തൊഴിലാളിവർഗ്ഗം നിർണ്ണായക പങ്ക് വഹിക്കണം — ചെയ്കയാണ്.

തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയാനുഭവവും, അതിന്റെ ഉയർന്ന ബോധവും സംഘടനാനിലവാരവും ഇച്ഛയും നമ്മുടെ സമുദായത്തെ ഒന്നിച്ചണിനിരത്തുന്നതായിരിക്കും. തൊഴിലാളിവർഗ്ഗത്തിന്റെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാമാന്യവിദ്യാഭ്യാസ-സാംസ്കാരികനിലവാരങ്ങളും പാടവങ്ങളും അദ്ധ്വാന-സാമൂഹ്യ-രാഷ്ട്രീയപ്രവർത്തനങ്ങളും സോഷ്യലിസത്തിന്റെ നില ഉയർത്തുന്നതിൽ, കമ്യൂണിസം കെട്ടിപ്പടുക്കുന്നതിന്റെ മുഴുവൻ പ്രക്രിയയിൽ, അതിന്റെ മുന്നണിപ്പങ്ക് വർദ്ധിപ്പിക്കുന്നു.

പാർട്ടിയുടെ കാർഷികനയം സുസ്ഥിരം നടപ്പാക്കപ്പെടുന്നതിന്നിടയിൽ, കൃഷിയിലെ പ്രവർത്തനം വ്യാവസായികപ്രവർത്തനത്തിന്റെ ഒരു വകഭേദമായി മാററപ്പെടുന്നു. സാമൂഹ്യ-സാംസ്കാരിക-സേവന നിലവാരങ്ങളിൽ നഗരവും നാട്ടിൻപുറവും തമ്മിലുള്ള ഗണ്യമായ അന്തരത്തെ നിർമ്മൂലനം ചെയ്തുകൊണ്ടിരിക്കുന്നു. കൃഷിക്കാരുടെ ജീവിതരീതിയും ജോലിസ്വഭാവവും തൊഴിലാളിവർഗ്ഗത്തിന്റെ ജീവിതരീതിക്കും ജോലിസ്വഭാവത്തിന്നും കൂടുതൽ സദൃശമായിത്തീർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്ത് ഒരു വർഗ്ഗരഹിതസമുദായം സ്ഥാപിക്കുന്നതിന് ഈ വർഗ്ഗങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ തരണം ചെയ്യുന്ന പ്രക്രിയ, കമ്യൂണിസ്റ്റ് രൂപഘടനയുടെ ആദ്യത്തെ, സോഷ്യലിസ്റ്റ് ഘട്ടത്തിന്റെ, ചരിത്രപരമായ ചട്ടക്കൂട്ടിന്നുള്ളിലായിരിക്കും മുഖ്യാംശത്തിൽ നടക്കുക.

ഉൽപാദകശക്തികളുടെ വിപ്ലവപരമായ പരിവർത്തനങ്ങൾ തൊഴിലാളികളുടേയും കൂട്ടുകൃഷിക്കാരുടേയും വിശാലവിഭാഗങ്ങളുടെ പ്രവർത്തനങ്ങളിൽ ബുദ്ധികൊണ്ടുള്ള പ്രവർത്തനത്തിന്റെ പങ്ക് വർദ്ധിപ്പിക്കും. അതേസമയം ബുദ്ധിജീവികളുടെ എണ്ണം കൂടുകയും ഭൗതികോൽപാദനത്തിലേക്കും പൊതുജീവിതത്തിന്റെ മററു മണ്ഡലങ്ങളിലേക്കുമുള്ള അവരുടെ ക്രിയാത്മക സംഭാവന വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്കയാണ്. കായികമായ ജോലിയും ബുദ്ധിപരമായ ജോലിയും തമ്മിലുള്ള ഗണ്യമായ അന്തരങ്ങൾ ക്രമേണ നിർമ്മൂലനംചെയ്യാനും എല്ലാ സാമൂഹ്യവിഭാഗങ്ങളെയും കൂടുതൽ അടുപ്പിച്ചുകൊണ്ടുവരാനും ഇതെല്ലാം സഹായിക്കുന്നു. സാമൂഹ്യസാജാത്യമുള്ള ഒരു സമുദായത്തിന്റെ രൂപീകരണത്തോടൊപ്പം ഈ അന്തരങ്ങളുടെ നിർമ്മൂലനം കമ്യൂണിസത്തിന്റെ പരമോന്നതഘട്ടത്തിൽ സാധിക്കുന്നതായിരിക്കും. അതേസമയം, അത്തരം അന്തരങ്ങൾ നിലനിൽക്കുന്നിടത്തോളം, അതിന്റെ നയങ്ങളിൽ ഈ വർഗ്ഗങ്ങളുടെയും സാമൂഹ്യവിഭാഗങ്ങളുടെയും താൽപര്യങ്ങളെ ക

റിക്കുന്ന വ്യക്തമായ ലക്ഷണങ്ങളെ വിശദാംശത്തിൽ കണക്കിലെടുക്കേണ്ടത് പരമപ്രധാനമായ ഒരു കാര്യമാണെന്ന് പാർട്ടി കരുതുന്നു. രാജ്യത്തിന്റെ വിഭിന്ന മേഖലകളിൽ, ജനതതിയുടെ തൊഴിൽ-ജീവിതസാഹചര്യങ്ങൾ സമീകരിക്കുന്നതിന്ന് വലിയ പ്രാധാന്യം കൽപിക്കപ്പെടുന്നതായിരിക്കും.

സോവിയററ് സമുദായത്തിന്റെ സാമൂഹ്യഘടനയിൽ തൊഴിൽകൂട്ടായ്മകളുടെ പങ്ക് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഓരോ തൊഴിൽകൂട്ടായ്മയും ജനങ്ങളുടെ സോഷ്യലിസ്റ്റ് മാനേജ്മെൻറിന്റെ ഫലപ്രദമായ ഒരു സാമൂഹ്യസെൽ, വ്യവസായസ്ഥാപനങ്ങൾ, വകുപ്പുകൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനപ്രശ്നങ്ങളുടെ പരിഹാരണത്തിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ യഥാർത്ഥ ദൈനംദിന പങ്കാളിത്തത്തിന്റെ ഒരു സാമൂഹ്യസെൽ, വ്യക്തിയുടെ ക്രിയാത്മക ഊർജ്ജങ്ങളുടെ വികസനത്തിന്റെയും പ്രയോഗത്തിന്റെയും ഒരു സാമൂഹ്യസെൽ ആയിത്തീരത്തക്കവിധത്തിലുള്ള ഒരു സ്ഥിതി ഉളവാക്കാൻ പാർട്ടി എല്ലാ വിധത്തിലും കിണഞ്ഞുശ്രമിച്ചുകൊണ്ടിരിക്കുന്നു. സമുദായജീവിതത്തിന്റെ എല്ലാ തുറകളിലും തൊഴിൽകൂട്ടായ്മകളുടെ സ്വാധീനം സാർവ്വദേശ്യമായ രീതിയിൽ വർദ്ധിപ്പിക്കേണ്ടതും അതേ സമയം സാമ്പത്തിക-സാമൂഹ്യ-സാംസ്കാരികവികസനത്തിന്റെ നിശ്ചിതകടമകൾ നിറവേററുന്നതിനുള്ള അവയുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണെന്ന് അത് കരുതുന്നു.

## സോഷ്യലിസ്ററ് ജനതകളുടേയും ദേശീയജനവിഭാഗങ്ങളുടേയും അധികതര ഉൽഫുല്ലനവും ഒരുമിച്ചുചേരലും

സോവിയററ് സമുദായത്തിന്റെ ബഹുദേശസ്വഭാവത്തെ സി. പി. എസ്. യു. അതിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണമായി കണക്കിലെടുക്കുന്നു. കഴിഞ്ഞകാലത്തുനിന്ന് അനന്തരാവകാശമായി ലഭിച്ച ദേശീയ ജനവിഭാഗപ്രശ്നം സോവിയററ് യൂണിയനിൽ വിജയകരമായി പരിഹരിച്ചിരിക്കുന്നുവെന്നതിന്ന് പിന്നിട്ട പാതയുടെ ഫലങ്ങൾ വ്യക്തമായ തെളിവ് നൽകുന്നു. ജനതകളുടേയും ദേശീയജനവിഭാഗങ്ങളുടേയും തുടർന്നുള്ള ഉൽഫുല്ലനവും തുല്യതയുടെയും സ്വതന്ത്രസഹകരണത്തിന്റെയും അടിസ്ഥാനത്തിൽ സ്വമേധയായുള്ള ക്രമാനുഗതമായ ഒരുമിച്ചുചേരലും സോവിയററ് സമുദായത്തിലെ ദേശീയബന്ധങ്ങളുടെ സവിശേഷതയാണ്. വികാസത്തെ കൃത്രിമമായി പ്രേരിപ്പിക്കുകയോ പക്വമായ വസ്തുനിഷ്ഠ പ്രവണതകളെ പിന്നോട്ടു വലിക്കുകയോ ചെയ്ക എന്നത് ഇതിൽ അനുവദനീയമല്ല ദൂരവ്യാപകമായ, ചരിത്രപരമായ പരിപ്രേക്ഷ്യത്തിൽ ഈ വികാസം ദേശങ്ങളുടെ പൂർണ്ണമായ ഐക്യത്തെ വിളിച്ചോതുന്നു.

നമ്മുടെ സോഷ്യലിസ്റ്റ് ബഹുദേശസ്റ്റേററിൽ, നൂറിലേറെ ജനതകളുടെയും ദേശീയ ജനവിഭാഗങ്ങളുടെയും പൊതുവായ തൊഴിൽ-ജീവിത പ്രക്രിയയിൽ ദേശീയബന്ധങ്ങൾ അന്യൂനമാക്കുന്നതിനുള്ള പുതിയ കടമകൾ സ്വാഭാവികമായും ഉത്ഭവിക്കും. ലെനിനിസ്റ്റ് ദേശീയ ജനവി

ഭാഗനയത്തിന്റെ സുപരീക്ഷിതങ്ങളായ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പാർട്ടി അവയെ നിറവേററിക്കൊണ്ടിരിക്കുന്നു. തുടർന്ന് നിറവേററുകയും ചെയ്യും. ഈ രംഗത്ത് അത് താഴെ പറയുന്ന പ്രധാനപ്പെട്ട കടമകൾ മുൻവെയ്ക്കുന്നു;

— സോവിയററ് ബഹുദേശസ്റ്റേററിന്റെ സർവ്വതോമുഖമായ ദൃഢീകരണവും വികസനവും. നമ്മുടെ സമഗ്രമായ ബഹുദേശ ഫെഡറൽ സ്റ്റേററിനെ സി. പി. എസ്. യു. തുടർന്ന് ശക്തിപ്പെടുത്തുന്നതും പ്രാദേശികവാദത്തിന്റെയും ദേശീയസങ്കുചിതമനോഭാവത്തിന്റെയും ഏത് ലാഞ്ഛനക്കുമെതിരെ സുസ്ഥിരം പോരാടുന്നതുമായിരിക്കും; അതേസമയം, രാജ്യവ്യാപകമായ കടമകൾ നിറവേററുന്നതിൽ റിപ്പബ്ലിക്കുകളുടേയും സ്വയംഭരണറീജ്യണുകളുടേയും സ്വയംഭരണപ്രദേശങ്ങളുടേയും പങ്ക് കൂടുതൽ വർദ്ധിപ്പിക്കുന്നതിനും ഗവൺമെൻറ് സമിതികളുടെയും ഭരണസമിതികളുടെയും പ്രവർത്തനത്തിൽ എല്ലാ ദേശീയ ജനവിഭാഗങ്ങളിലെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സജീവമായ ഭാഗിഭാഗിത്വം അധികമാക്കുന്നതിനും സി. പി. എസ്. യു. നിരന്തരവ്യഗ്രത പ്രകടിപ്പിക്കുന്നതാണ്. സോഷ്യലിസ്റ്റ് ഫെഡറലിസവും ജനാധിപത്യ കേന്ദ്രീകരണവുമെന്ന ലെനിനിസ്റ്റ് പ്രമാണങ്ങളുടെ ക്രിയാത്മകമായ പ്രയോഗത്തിലൂടെ ദേശീയവിഭാഗങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ രൂപങ്ങൾ. എല്ലാ സോവിയററ് ജനങ്ങളുടേയും ഓരോ ജനതയുടെയും ദേശീയ ജനവിഭാഗത്തിന്റെയും താൽപര്യത്തിന്ന് നിരക്കുന്ന വിധത്തിൽ, സമ്പുഷ്ടമാക്കപ്പെടുന്നതാണ്;

— സമഗ്രമായ ദേശവ്യാപക സാമ്പത്തിക സാകല്യത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ട് ഓരോ റിപ്പബ്ലിക്കിന്റെയും ഭൗതിക-ആത്മീയവിഭവശേഷി വർദ്ധിപ്പിക്കൽ. ദേശവ്യാപകമായ നിലവാരത്തിൽ കേന്ദ്രനിയന്ത്രണത്തോടെ, യൂണിയൻ റിപ്പബ്ലിക്കുകളുടെയും സ്വയംഭരണറിപ്പബ്ലിക്കുകളുടേയും, സ്വയംഭരണറീജ്യണുകളുടേയും സ്വയംഭരണപ്രദേശങ്ങളുടേയും മുൻകയ്യിനെ സംയോജിപ്പിക്കുന്നത് രാജ്യത്തിന്റെയാകെ വിഭവങ്ങളും പ്രാദേശികമായ പ്രകൃതിവിഭവങ്ങളും മററും യുക്തിസഹമായി വിനിയോഗിക്കുക സാദ്ധ്യമാക്കുന്നു. റിപ്പബ്ലിക്കുകൾക്കിടയിൽ അദ്ധ്വാനവിഭജനം സുസ്ഥിരം അഗാധതരമാക്കുകയും, സാമ്പത്തികമാനേജുമെൻറിന്റെ സാഹചര്യങ്ങൾ ഒരുപോലെയാക്കുകയും, പുതിയ റീജ്യണുകളുടെ സാമ്പത്തികവികസനത്തിൽ റിപ്പബ്ലിക്കുകളുടെ സജീവപങ്കാളിത്തത്തെ പ്രോൽസാഹിപ്പിക്കുകയും, റിപ്പബ്ലിക്കുകൾ തമ്മിൽ തൊഴിലാളികളുടെയും വിദഗ്ദ്ധരുടെയും കൈമാററം വർദ്ധിപ്പിക്കുകയും, റിപ്പബ്ലിക്കുകളെ അധിവസിക്കുന്ന എല്ലാ ജനതകളിലും ദേശീയ ജനവിഭാഗങ്ങളിലുംപെട്ട പൗരർക്കിടയിൽനിന്നുള്ള യോഗ്യരായ ജീവനക്കാർക്ക് നൽകുന്ന പരിശീലനം വിപുലപ്പെടുത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക;

— സോവിയററ് യൂണിയനിലെ ജനതകളുടെ മികച്ച നേട്ടങ്ങളുടെയും മൗലികമായ പുരോഗമനോൻമുഖപാരമ്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ സോവിയററ് ജനങ്ങളുടെ, ഉള്ളടക്കത്തിൽ സോഷ്യലിസ്റ്റും ദേശീയ രൂപങ്ങളിൽ വൈവിദ്ധ്യപൂർണ്ണവും സത്തയിൽ സാർവ്വദേശീയവാദപര

വുമായ, സമഗ്രമായ സംസ്ക്കാരത്തിന്റെ ഉൽക്കർഷം. ദേശീയ സംസ്ക്കാരങ്ങളുടെ മുന്നേററവും സമ്പർക്കങ്ങളും അവയുടെ പരസ്പരബന്ധങ്ങളുടെ ദൃഢീകരണവും പൂർവ്വാധികം ഫലപ്രദമായി അവയെ പരസ്പരം സമ്പുഷ്ടമാക്കുകയും രാജ്യത്തിലെ ഓരോ ജനതയുടെയും പ്രതിഭയാൽ സൃഷ്ടിക്കപ്പെട്ട വിലപ്പെട്ട സകലതും അനുഭവിക്കാൻ സോവിയററ് ജനങ്ങൾക്ക് ഏററവും വിപുലമായ അവസരങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യുന്നു.

ദേശഭാഷകളുടെ സ്വതന്ത്രവികസനത്തിന്നും, സോവിയററ് യൂണിയനിലെ എല്ലാ പൗരരും അവ തുല്യമായി ഉപയോഗിക്കുന്നതിന്നും ഭാവിയിലും ഉറപ്പുവരുത്തുന്നതാണ്. അതേസമയം റഷ്യൻഭാഷയും—വ്യത്യസ്ത ദേശീയജനവിഭാഗങ്ങൾ തമ്മിലുള്ള സംഭാഷണമാദ്ധ്യമമായി സോവിയററ് ജനങ്ങൾ സ്വമേധയാ തിരഞ്ഞെടുത്തിട്ടുള്ളത് റഷ്യൻഭാഷയെയാണ്—അതുപോലെ തന്റെ പ്രത്യേക ദേശീയ ജനവിഭാഗത്തിന്റെ ഭാഷയും പഠിക്കുന്നത് ശാസ്ത്രത്തിലേയും സാങ്കേതികവിദ്യയിലേയും, സോവിയററ് സംസ്കാരത്തിലേയും ലോകസംസ്ക്കാരത്തിലേയു, നേട്ടങ്ങൾ കൂടുതൽ അഭിഗമ്യങ്ങളാക്കിത്തീർക്കുന്നു.

ലെനിനിസ്റ്റ് ദേശീയജനവിഭാഗനയം സുസ്ഥിരം നടപ്പാക്കുകയും ജനതകളുടെ സൗഹൃദം സകലവിധത്തിലും ശക്തിപ്പെടുത്തുകയും ചെയ്യുന്നത് സോഷ്യലിസത്തെ അന്യൂനമാക്കുന്നതിന്റെ ഭാഗവും നമ്മുടെ ബഹുദേശസോഷ്യലിസ്റ്റ് മാതൃഭൂമിയുടെ അധികതരമായ ഉൽഫുല്ലനത്തിന്നുറപ്പുവരുത്തുന്നതിന്നുള്ള, സാമൂഹ്യപ്രയുക്തിയിൽ പരീക്ഷിക്കപ്പെട്ട ഒരു മാർഗ്ഗവും ആണെന്ന വിശ്വാസത്തെയാണ് പാർട്ടി ആധാരമാക്കുന്നത്.

## IV. സോവിയററ് സമുദായത്തിന്റെ രാഷ്ട്രീയ വ്യവസ്ഥയുടെ വികസനം

സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ഫലമായി സ്ഥാപിക്കപ്പെട്ട, തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം പുതിയ സമുദായം സൃഷ്ടിക്കുന്നതിൽ, നിർണ്ണായകമായ പങ്ക് വഹിച്ചു. ഈ പ്രക്രിയക്കിടയിൽ അത് സ്വയം മാററങ്ങൾക്ക് വിധേയമാവുകയും ചെയ്തു. ചൂഷകവർഗ്ഗങ്ങളുടെ നിർമ്മാർജ്ജനത്തോടെ, തൂത്തെറിയപ്പെട്ട ചൂഷകരുടെ ചെറുത്തുനില്പിനെ അടിച്ചമർത്തുകയെന്ന കടമ ക്രമേണ ഇല്ലാതാവുകയും അതിന്റെ അതിപ്രധാനമായ, നിർമ്മാണാത്മക കടമകൾ സാക്ഷാത്ക്കരിക്കുന്നതിന്ന് പൂർണവ്യാപ്തി നൽകപ്പെടുകയും ചെയ്തു. തൊഴിലാളിവർഗ്ഗ സർവ്വാധിപത്യം, അതിന്റെ ചരിത്രപരമായ ദൗത്യം നിറവേററിക്കൊണ്ട് അദ്ധ്വാനിക്കുന്ന എല്ലാ ജനങ്ങളുടേയും ഒരു രാഷ്ട്രീയാധികാരമായി പരിണമിച്ചിരിക്കുന്നു; അതേ സമയം തൊഴിലാളിവർഗ്ഗസ്റ്റേററ് മുഴുവൻ ജനങ്ങളുടേയും സ്റ്റേററ് ആയിത്തീരുകയും ചെയ്തിരിക്കുന്നു. നമ്മുടെ രാജ്യത്തിൽ സോഷ്യലിസത്തെ അന്യൂനീകരിക്കുന്നതിന്നുള്ള മുഖ്യോപകരണമാണത്. സാർവ്വദേശീയരംഗത്ത് അത് സോഷ്യലിസ്റ്റ് നേട്ടങ്ങളെ സംരക്ഷിക്കുകയും ലോകസോഷ്യലിസത്തിന്റെ രകെ

നിലകളെ ശക്തിപ്പെടുത്തുകയും സാമ്രാജ്യത്വശക്തികളുടെ ആക്രമണോത്സുകനയത്തെ എതിർക്കുകയും എല്ലാ രാജ്യങ്ങളുമായും സമാധാനപരമായ സഹകരണം വികസിപ്പിക്കുകയും ചെയ്യുന്നതിന്റെ കടമകൾ നിർവ്വഹിക്കുന്നു.

സ്റ്റേററിന്റെയും സമുദായത്തിന്റെയും കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെയും അവരുടെ കൂട്ടായ്മകളുടെയും സംഘടനകളുടെയും ദൈനംദിനവും സജീവവും ഫലപ്രദവുമായ പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ സോവിയററ് ജനാധിപത്യത്തെ അഭിവൃദ്ധിപ്പെടുത്തുകയും ജനങ്ങളുടെ സോഷ്യലിസ്റ്റ് സ്വയംഭരണത്തെ വർദ്ധമാനമായ തോതിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയാണ്, ഇപ്പോഴത്തെഘട്ടത്തിൽ, സമുദായത്തിന്റെ രാഷ്ട്രീയവ്യവസ്ഥയുടെ വികസനത്തിന്റെ തന്ത്രപ്രധാനമായ കർമ്മസരണിയെന്ന് സി. പി. എസ്. യു. വിശ്വസിക്കുന്നു.

ഈ പ്രക്രിയയിലെ നേതൃശക്തി പാർട്ടി—സോവിയററ് സമുദായത്തിന്റെ രാഷ്ട്രീയ സംവിധാനത്തിന്റെ ബീജകേന്ദ്രം—ആണ്. അത് ഈ സംവിധാനത്തിന്റെ മററെല്ലാഭാഗങ്ങളുടേയും—സോവിയററ് സ്റ്റേററ്, ട്രേഡ്യൂണിയനുകൾ, യുവകമ്യൂണിസ്റ്റ് ലീഗ്, സഹകരണസംഘങ്ങൾ എന്നിവയുടേയും ജനതതിയുടെ എല്ലാ വിഭാഗങ്ങളുടേയും രാജ്യത്തിലെ എല്ലാ ജനതകളുടെയും ദേശീയ ജനവിഭാഗങ്ങളുടേയും പൊതുവും തനിപ്പെട്ടതുമായ താൽപര്യങ്ങൾ പ്രതിഫലിപ്പിക്കുന്ന മററു പൊതുസംഘടനകളുടേയും—പ്രവർത്തനത്തിന്നു മാർഗ്ഗദർശനം നൽകുന്നു. ഭരണഘടനയുടെ ചട്ടക്കൂട്ടിന്നുള്ളിൽ നിന്നുകൊണ്ട് സി. പി. എസ്. യു. സ്റ്റേററ് സംഘടനകളുടേയും പൊതുസംഘടനകളുടേയും പ്രവർത്തനത്തെ മാർഗ്ഗദർശനം ചെയ്യുകയും ഏകോപിപ്പിക്കുകയും അവയോരോന്നും തങ്ങളുടെ വ്യതിരിക്തങ്ങളായ ചുമതലകൾ പൂർണമായും നിറവേററുന്നതിൽ അത് താൽപര്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. പാർട്ടി അതിന്റെ എല്ലാ പ്രവർത്തനങ്ങളും മുഖേന ജനതാൽപര്യങ്ങളുടെ സേവനത്തിന്നും സോഷ്യലിസ്റ്റ് ജനാധിപത്യപ്രമാണങ്ങളുടെ അനുഷ്ഠാനത്തിന്നും ഒരു മാതൃക മുൻവെക്കുന്നു.

ജനങ്ങളുടെ സോഷ്യലിസ്റ്റ് സ്വയംഭരണത്തിന്റെ പ്രമാണങ്ങൾ സമുദായത്തിന്റെയും സ്റ്റേററിന്റെയും നടത്തിപ്പിൽ സുസ്ഥിരം നടപ്പാക്കാൻ, അതായത് ഭരണം അദ്ധ്വാനിക്കുന്ന ജനങ്ങൾക്കുവേണ്ടി നടത്തുക മാത്രമല്ല സ്വാഭാവികമായും അത് പടിപടിയായി, ലെനിന്റെ വാക്കുകളിൽ പറഞ്ഞാൽ സ്വന്തം ഐക്യത്തിന്റെ അധികാരമല്ലാതെ മററ് യാതൊരു അധികാരവുമറിയാത്തവരായ അദ്ധ്വാനിക്കുന്ന ജനങ്ങളുടെതന്നെ പ്രത്യക്ഷ ശ്രദ്ധാവിഷയം ആക്കിതീർക്കുകകൂടി ചെയ്യാൻ പാർട്ടി വ്യഗ്രത കാട്ടുന്നു.

പൗരരുടെ സാമൂഹ്യ-സാമ്പത്തികവും രാഷ്ട്രീയവും വ്യക്തിപരവുമായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വിപുലമാക്കാനും സമ്പുഷ്ടമാക്കാനും അവ പൂർണ്ണമായും നടപ്പിൽവരുത്തുന്നതിന്നുവേണ്ട ഉത്തരോത്തരം അനുകൂലമായ സാഹചര്യങ്ങളും മുന്നുറപ്പുകളും സൃഷ്ടിക്കാനും പാർട്ടി യത്നിച്ചുകൊണ്ടിരിക്കും. സോവിയററ് പൗരന്ന് തന്റെ പൗ

രാഭിമതവും താൽപര്യങ്ങളും പ്രകടിപ്പിക്കാനും പ്രയോഗിക്കാനും സകല സാധ്യതകളുമുണ്ട്. അവൻ സോഷ്യലിസത്തിൻെറ എല്ലാ ആനുകൂല്യങ്ങളും അനുഭവിക്കുകയും ചെയ്യുന്നു. സോവിയററു പൗരൻ തൻെറ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും തൻെറ ഭരണഘടനാപരമായ കടമകളുടെ നിർവഹണവുമായി ഉററു ബന്ധപ്പെട്ട നിലയിൽ വേണം പ്രയോഗിക്കാൻ. കടമകളില്ലാതെ അവകാശങ്ങളും അവകാശങ്ങളില്ലാതെ കടമകളുമില്ലെന്നത് സോഷ്യലിസ്റ്റ് സമുദായത്തിൻെറ അവ്യയമായ ഒരു രാഷ്ട്രീയ പ്രമാണമാണ്. തൻെറ അവകാശങ്ങളുടേയും സ്വാതന്ത്ര്യങ്ങളുടേയും കടമകളുടേയും അവിഭക്തതയെപ്പററി ഓരോ സോവിയററ് പൗരനേയും തികച്ചും ബോധവാനാക്കാൻ സി. പി. എസ്. യു. കൊണ്ടുപിടിച്ചു യത്നിക്കുന്നതായിരിക്കും.

സോവിയററ് സോഷ്യലിസ്റ്റ് സമുദായത്തെ വികസിപ്പിക്കുകയും ശക്തിപ്പെടുത്തുകയും മുഴുവൻ ജനങ്ങളുടേതുമായ ആ സ്റ്റേററിൻെറ ജനാധിപത്യസ്വഭാവം അധികാധികം അനാവരണം ചെയ്യുകയും ചെയ്ക യെന്നത് പാർട്ടിനയത്തെ സംബന്ധിച്ചേടത്തോളം മുഖ്യമായ ഒരു കാര്യമാണ്.

സോവിയററ് യൂണിയൻെറ രാഷ്ട്രീയാസ്തിവാരവും ജനങ്ങളുടെ സോഷ്യലിസ്റ്റ് സ്വയംഭരണത്തിൻെറ മുഖ്യ ഘടകവുമായ ജനകീയ ഡിപ്യൂട്ടികളുടെ സോവിയററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സി. പി. എസ് യു. അക്ഷീണമായ വ്യഗ്രത കാട്ടുന്നു. ജനകീയ പ്രാതിനിധ്യത്തിൻെറ രൂപങ്ങളും സോവിയററ് തിരഞ്ഞെടുപ്പുസമ്പ്രദായത്തിൻെറ ജനാധിപത്യ പ്രമാണങ്ങളും മെച്ചപ്പെടുത്തുകയും സോവിയററുകളിലേക്ക് ഏററവും യോഗ്യരും ബഹുമാന്യരുമായ ആളുകളെ തിരഞ്ഞെടുക്കുന്നതിന്നുവേണ്ടി സ്ഥാനാർത്ഥികളുടെ വ്യക്തിപരവും ജോലി സംബന്ധവുമായ ഗുണങ്ങളെപ്പററി സ്വതന്ത്രവും സർവ്വതോമുഖവുമായ ഒരു ചർച്ച നടത്തുകയും ചെയ്യേണ്ടത് വളരെ പ്രധാനമായി പാർട്ടി കരുതുന്നു. സോവിയററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പുതുതായി ദശലക്ഷക്കണക്കിൽപേർക്ക് ഭരണനടത്തിപ്പിൽ പരിശീലനം ലഭിക്കുന്നതിന്നുവേണ്ടി അവയിൽ പുതുരക്തം നിവേശിപ്പിക്കാനും സോവിയററുകളിലെ ഡിപ്യൂട്ടികളുടെ ചേരുവ തിരഞ്ഞെടുപ്പുകളിൽ ക്രമാനുഗതമായി പുതുക്കുന്നതായിരിക്കും.

യു. എസ്. എസ്. ആർ. സുപ്രീം സോവിയററും യൂണിയൻ റിപ്പബ്ലിക്കുകളുടെ സുപ്രീം സോവിയററുകളും നിയമങ്ങൾ സുസ്ഥിരം അന്യൂനമാക്കുകയും ആഭ്യന്തര-വിദേശനയത്തിൻെറ മുഖ്യപ്രശ്നങ്ങൾ ഫലപ്രദമായി പരിഹരിക്കുകയും ജനകീയഡിപ്യൂട്ടികളുടെ സോവിയററുകളെ ഊർജ്ജിതമായി മേൽനോട്ടം ചെയ്യുകയും അവയുടെ കീഴിലുള്ള ഏജൻസികൾ നിർവ്വഹിക്കുന്ന ജോലി പരിശോധിക്കുകയും ചെയ്യുന്നതിന്നുവേണ്ടി സി. പി. എസ്. യു. യത്നിക്കുന്നു. അതാതു മേഖലകളുടെ സമഗ്രമായ ഒരു സാമൂഹ്യ-സാമ്പത്തിക വികസനത്തിന്ന് ഉറപ്പുവരുത്തുന്നതിലും പ്രാദേശിക കടമകൾക്ക് സ്വന്തം പരിഹാരങ്ങൾ ഏകുന്നതിലും തങ്ങളുടെ മേഖലകളിലെ സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതിലും പ്രാദേശികസോവിയററുകളുടെ പങ്ക് തുടർന്ന് വർദ്ധിക്കുന്നതായിരിക്കും.

സോവിയററുകഠ തീരുമാനങ്ങഠ എടുക്കുക മാത്രമല്ല അവയുടെ നിർവ്വഹണം സംഘടിപ്പിക്കാൻ സഹായിക്കുകയും അത് പരിശോധിക്കുകയും കൂടി ചെയ്യുന്ന സംഘടനകളായിരിക്കണമെന്ന ലെനിൻെറ ശുപാർശകഠ വീഴ്ച കൂടാതെ നടപ്പാക്കാൻവേണ്ട സകല സാഹചര്യങ്ങളും സൃഷ്ടിക്കണം. എല്ലാ തലങ്ങളിലുമുള്ള സോവിയററുകഠ പ്രശ്നങ്ങളെക്കുറിച്ചുള്ള കൂട്ടായ, സ്വതന്ത്രവും കാര്യമാത്രപ്രസക്തവുമായ ചർച്ച, പ്രസിദ്ധീകരണം, വിമർശനവും സ്വയംവിമർശനവും, വകപറയാൻ ഡിപ്പ്യൂട്ടികഠക്കുള്ള ബാധ്യതയും സമ്മതിദായകരോട് പതിവായി റിപ്പോർട്ടുചെയ്യലും, സമ്മതിദായകരുടെ വിശ്വാസത്തെ ന്യായീകരിക്കാൻ കഴിയാതെപോയവരെ നേരത്തെ തിരിച്ചുവിളിക്കൽ, ഭരണനിർവ്വഹണ ഏജൻസികളും മററും നിർവ്വഹിക്കുന്ന ജോലിയുടെ മേൽനോട്ടം, ഭരണനിർവ്വഹണജോലിയിൽ പൗരരെ വ്യാപകമായി പങ്കെടുപ്പിക്കൽ എന്നിവയടക്കം പ്രവർത്തനത്തിൻെറ ജനാധിപത്യപ്രമാണങ്ങഠ അധികാധികം പൂർണ്ണമായ അളവിൽ പ്രയോഗിക്കണം.

പാർട്ടി ഭരണനിർവ്വഹണത്തിൻെറ ജനാധിപത്യവൽക്കരണമെന്ന കർമ്മസരണി, അനുകൂലതമമായ പരിഹാരങ്ങഠ തിരഞ്ഞെടുക്കാൻവേണ്ടി സ്റ്റേററ്പ്രാധാന്യമുള്ള തീരുമാനങ്ങഠ ആവിഷ്കരിക്കുകയും എടുക്കുകയും തൊഴിൽകൂട്ടായ്മകഠ അവയുടെ യോഗങ്ങളിൽവെച്ചും പൗരർ അവരുടെ താമസസ്ഥലങ്ങളിൽവെച്ചും ഉന്നയിക്കുന്ന വ്യത്യസ്ത അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കുകയും താരതമ്യപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയ സുസ്ഥിരം ദീക്ഷിക്കുന്നതാണ്. കൂടുതൽ പ്രധാനപ്പെട്ട കരടുനിയമങ്ങളും തീരുമാനങ്ങളും രാജ്യവ്യാപകമായ ചർച്ചക്കും വോട്ടിങ്ങിന്നും സമർപ്പിക്കുന്നതാണ്. തൊഴിൽകൂട്ടായ്മകളിലും സോവിയററുകളുടെ സ്ഥിരം കമ്മീഷനുകളിലും ട്രേഡ്യൂണിയനിലും വൈ. സി. എല്ലിലും മററു പൊതുജനസംഘടനകളിലും ചർച്ച ചെയ്യപ്പെട്ട ശേഷം മാത്രം തീരുമാനിക്കേണ്ടതായ കാര്യങ്ങളുടെ നിര വിപുലപ്പെടുന്നതായിരിക്കും. തിരഞ്ഞെടുപ്പുകളിൽ സമ്മതിദായകർ സ്ഥാനാർത്ഥികഠക്കു നൽകുന്ന നിർദ്ദേശങ്ങളും പൗരരിൽനിന്നുള്ള മററു അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സാമാന്യവൽക്കരിക്കുകയും നിറവേററുകയും പൊതുജനാഭിപ്രായം പഠിക്കുകയും ചെയ്യുന്നതിൻെറ വ്യവസ്ഥ തുടർന്നു മെച്ചപ്പെടുത്തുകയും എടുത്ത തീരുമാനങ്ങളുടേയും അവ നടപ്പാക്കിയതിൻെറ ഫലങ്ങളേയും കുറിച്ച് ജനങ്ങളെ കൂടുതൽ അഭിജ്ഞരാക്കുകയുമാണ് ചെയ്യേണ്ടത്.

ഉൽപാദനത്തിൻെറ മാനേജുമെൻറ്, സാംസ്കാരികകേന്ദ്രങ്ങളുടെയും സേവനസ്ഥാപനങ്ങളുടെയും നിർമ്മാണം എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും സമുദായത്തിൻെറ രാഷ്ട്രീയജീവിതത്തിലും തൊഴിൽക്കൂട്ടായ്മകളുടെ അവകാശങ്ങളും അതോടൊപ്പം അവയുടെ പ്രവർത്തനവും വിപുലപ്പെടുത്തുകയെന്നത് പ്രത്യേകിച്ചും പ്രധാനമായിത്തീർന്നുകൊണ്ടിരിക്കുകയാണ്. തൊഴിൽ കൂട്ടായ്മകളുടെ പൊതുയോഗങ്ങളുടെയും കൗൺസിലുകളുടെയും പങ്കും അവയെടുക്കുന്ന തീരുമാനങ്ങഠ നിറവേററുന്നതിനെ സംബന്ധിച്ചേടത്തോളം മാനേജുമെൻറിനുള്ള ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതാണ്. ഫോർമാൻമാരെയും സെക്ഷനു

കളുടെയും മററ് ഉൽപാദനയൂനിററുകളുടെയും മാനേജർമാരെയും തിരഞ്ഞെടുപ്പ് വഴി നിയമിക്കുന്ന സമ്പ്രദായം നടപ്പിൽ വരുത്തുന്നതാണ്.

ഭരണയന്ത്രത്തിൻെറയും മററു ഭരണഘടകങ്ങളുടേയും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് വളരെ പ്രധാനമാണ്. സോവിയററ്‌വിധാനം ജനങ്ങളെ സേവിക്കുകയും ജനങ്ങളോട് വക പറയാൻ ബാധ്യതപ്പെട്ടിരിക്കുകയും ചെയ്യുന്നു. അത് കാര്യനിർവ്വാഹകക്ഷമം ആയിരിക്കുകയും സ്വന്തം ജോലി വേഗത്തിൽ ചെയ്തുതീർക്കാൻ അതിന്നു സാധിക്കുകയും വേണം. ഭരണയന്ത്രത്തെ സമ്യക്കാംവിധം കൂട്ടിയിണക്കാനും ചിലവുകൾ ചുരുക്കാനും അതിൽനിന്ന് അധികപ്പററായ ജോലികൾ വെട്ടിമാററാനും യത്നിക്കുകയും ചുവപ്പുനാട, ഔപചാരികത്വം, വകുപ്പുമനോഭാവം, പ്രാദേശികമനോഭാവം എന്നിവയുടെ ലാഞ്ഛനകൾ കൊണ്ടുപിടിച്ചു നിർമ്മൂലനം ചെയ്യുകയും കഴിവില്ലാത്തവരും നിഷ്ക്രിയരുമായ ഉദ്യോഗസ്ഥൻമാരെ താമസംവിനാ ഒഴിവാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സൂക്ഷ്മതയില്ലാത്ത ജോലിയും അധികാരത്തിൻെറ ദുർവ്വിനിയോഗവും അന്യായമായ ഐശ്വര്യകാംക്ഷയും വ്യക്തിപരമായ ധനസമ്പാദനത്തിന്നുള്ള യത്നവും സ്വജനപക്ഷപാതവും സേവപിടുത്തവും നിർദ്ദയം അവസാനിപ്പിക്കുകയും കർശനമായി ശിക്ഷിക്കപ്പെടുകയും വേണം.

ഭരണഘടകങ്ങളിലെ ജോലിക്കാരുടെ വകപറയാനുള്ള ബാദ്ധ്യസ്ഥത എന്ന പ്രമാണം സുസ്ഥിരം അനുസരിക്കേണ്ടതും ജോലിഒഴിവുകൾ തിരഞ്ഞെടുപ്പോ മൽസരമോ മുഖേന നികത്തുന്ന സമ്പ്രദായം വേണ്ടിടത്ത് നടപ്പിൽ വരുത്തേണ്ടതും ആവശ്യമാണെന്ന് പാർട്ടി കരുതുന്നു. ഭരണയന്ത്രത്തിൻെറ എല്ലാ തലങ്ങളിലേയും പ്രവർത്തനത്തിന്ന് കാര്യനിർവ്വഹണത്തിന്നുള്ള കമ്മിററിരീതി സുസ്ഥിരമായും ഉപയോഗിക്കണം. തൻെറ വകുപ്പ് നിർവ്വഹിക്കുന്ന ജോലിക്ക് ഓരോ തലത്തിലേയും മുഖ്യ ഉദ്യോഗസ്ഥൻ വ്യക്തിപരമായി ഉത്തരവാദിയായിരിക്കണം. ഉദ്യോഗസ്ഥൻമാർ അവരുടെ പ്രായോഗികപ്രവർത്തനംകൊണ്ട് വസ്തുനിഷ്ഠമായി വിലയിരുത്തപ്പെടുന്നുവെന്ന് സുനിശ്ചിതമാക്കുകയും എടുക്കപ്പെട്ട തീരുമാനങ്ങളുടെ യഥാർത്ഥ നിർവ്വഹണത്തിൻമേൽ ഫലപ്രദമായ മേൽനോട്ടം ഉണ്ടായിരിക്കുകയും വേണം.

ജനങ്ങളാൽ നടത്തപ്പെടുന്ന മേൽനോട്ടകമ്മീഷൻ നിർവ്വഹിക്കുന്ന ജോലിയുടെ ഫലദായിത വർദ്ധിപ്പിക്കാൻ സി. പി. എസ്. യു. സജീവമായി സഹായിക്കുന്നതായിരിക്കും. ഈ പൊതുപരിശോധനാലയങ്ങളിൽ അധ്വാനിക്കുന്ന ജനങ്ങൾ വഹിക്കുന്ന ഭാഗഭാഗിത്വത്തെ അവരുടെ രാഷ്ട്രീയ പക്വതയും പൊതുതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിന്നുള്ള പ്രവർത്തനവും വർദ്ധിപ്പിക്കാനും കാര്യങ്ങളോടുള്ള രാജ്യതന്ത്രജ്ഞോചിതമായ സമീപനവും പൊതുസ്വത്തിനോടുള്ള സൂക്ഷ്മതയോടുകൂടിയ മനോഭാവവും വളർത്താനും പ്രധാനപ്പെട്ട ഒരു മാർഗ്ഗമായിട്ടാണ് അത് വീക്ഷിക്കുന്നത്.

സ്റ്റേററ് ജീവിതത്തിൻെറയും സാമുദായികജീവിതത്തിൻെറയും നിയമാസ്തിവാരം ഊട്ടിയുറപ്പിക്കുകയും സോഷ്യലിസ്റ്റ് ക്രമസമാധാനത്തിൻെറ കർശനമായ പാലനത്തിന്ന് ഉറപ്പുവരുത്തുകയും ജനകീയകോടതിക

ളുടെയും നീതിന്യായവും പ്രൊക്യുറേറ്ററുടെ മേൽനോട്ടവും മിലിഷ്യയും സംബന്ധിച്ച മററു ഘടകങ്ങളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുകയെന്നത് പാർട്ടിയുടെ നിരന്തരശ്രദ്ധാവിഷയമായിരുന്നിട്ടുണ്ട്, ഇപ്പോഴുമാണ്. സോഷ്യലിസ്റ്റ് സ്വത്തിന്റെ സുരക്ഷിതത്വവും സുസ്ഥിതിയും ഉറപ്പുവരുത്താൻ ആവശ്യമായ സകലതും ചെയ്യാനും പൗരന്റെ വ്യക്തിപരമായ സ്വത്തും അഭിമാനവും അന്തസ്സും സംരക്ഷിക്കാനും കുററകൃത്യങ്ങളോടും അമിതമായ മദ്യപാനാസക്തിയോടും നിരന്തരം പോരാടാനും എല്ലാതരം കുററങ്ങളും തടയാനും അവയെ കുത്തിപ്പൊക്കുന്ന നിമിത്തങ്ങൾ നീക്കം ചെയ്യാനും സ്റ്റേററ് സംഘടനകൾ ബാധ്യതപ്പെട്ടിരിക്കുന്നു.

എല്ലാം ജനങ്ങളുടേതുമായ സോവിയററ് സ്റ്റേററിന്റെ കൂടുതൽ പ്രധാനപ്പെട്ട ചുമതലകളുടെ കൂട്ടത്തിൽ സോഷ്യലിസ്റ്റ് മാതൃഭൂമിയുടെ സംരക്ഷണവും രാജ്യത്തിന്റെ പ്രതിരോധങ്ങളുടെ ദൃഢീകരണവും സ്റ്റേററ് സുരക്ഷിതത്വത്തിന്ന് ഉറപ്പുവരുത്തലും പെടുന്നതായി സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടി പരിഗണിക്കുന്നു.

ആഭ്യന്തരസാഹചര്യങ്ങളുടെ നിലപാടിൽനിന്ന് നോക്കുമ്പോൾ നമ്മുടെ സമുദായത്തിന്ന് ഒരു സൈന്യത്തിന്റെ ആവശ്യമില്ല എന്നാൽ, സാമ്രാജ്യത്ത ആക്രമണത്തിന്റെയും സൈനികസംഘട്ടനങ്ങളുടേയും ആപൽസാധ്യതയും എല്ലാതരം പ്രകോപനങ്ങളും നിലവിലുള്ളേടത്തോളം സോവിയററ് യൂണിയന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കാനും അതിന്റെ സുരക്ഷിതത്വം ശക്തിപ്പെടുത്താനും നിരന്തരം ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. സായുധസേനകളും സ്റ്റേററ് സുരക്ഷിതത്വസംഘടനകളും ഉന്നതമായ ജാഗരൂകത പ്രദർശിപ്പിക്കുകയും സോവിയററ് യൂണിയന്നും അതിന്റെ ബന്ധുക്കൾക്കുമെതിരായ സാമ്രാജ്യത്ത ഉപജാപങ്ങൾ അവസാനിപ്പിക്കാനും ഏതൊരാക്രമണകാരിയേയും തുരത്തിയോടിക്കുവാനും സദാ സന്നദ്ധമായിരിക്കുകയും ചെയ്യണം.

സൈനികവികസനത്തിന്നും സായുധസേനക്കുമുള്ള കമ്യൂണിസ്റ്റ് പാർട്ടിയുടെ മാർഗ്ഗദർശനം സോഷ്യലിസ്റ്റ് മാതൃഭൂമിയുടെ പ്രതിരോധസംവിധാനങ്ങളെ താങ്ങുന്ന മൂലക്കല്ലാണ്. പാർട്ടിയുടെ മാർഗ്ഗദർശനത്തിലാണ് രാജ്യത്തിന്റെ പ്രതിരോധ-സുരക്ഷിതത്വനയവും, പ്രകൃതത്തിൽ തികച്ചും പ്രതിരോധപരവും പുറത്തുനിന്നുള്ള ആക്രമണത്തിന്നെതിരായുള്ള സംരക്ഷണത്തിന്ന് ഉറപ്പുവരുത്താൻ സജ്ജമാക്കിയതുമായ സോവിയററ് സൈനികസിദ്ധാന്തവും രൂപീകരിക്കുന്നതും പ്രയോഗിക്കുന്നതും.

സോവിയററ് യൂണിയന്റെ സായുധസേനയെ സാമ്രാജ്യത്വ സൈന്യങ്ങൾക്ക് തന്ത്രപ്രധാനമായ മേധാവിത്വത്തിന്ന് സാധ്യതയില്ലാത്തതായ ഒരു നിലവാരത്തിൽ നിലനിർത്താനും സോവിയററ് യൂണിയന്റെ പ്രതിരോധശേഷി നിരന്തരം സർവ്വതോമുഖമായി മെച്ചപ്പെടുത്താനും സഹോദര സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സൈന്യത്തിന്റെ സമരസാഹോദര്യം ശക്തിപ്പെടുത്താനും സി. പി. എസ്. യു. എല്ലാവിധത്തിലും യത്നിക്കുന്നതാണ്.

സോവിയററ് സായുധസേനയുടെ പോരാട്ടശേഷി സൈനിക ശൗര്യത്തിന്റേയും ആശയസ്ഥൈര്യത്തിന്റെയും ആപ്പീസർമാരുടേയും ഭടൻമാ

രുടെയും ഉയർന്ന സംഘാടനം അച്ചടക്കം, എന്നിവയുടെയും ദേശാഭിമാനപരവും സാർവ്വദേശീയവാദപരവുമായ കർത്തവ്യത്തോട് അവർക്കുള്ള കൂറിന്റെയും ഉന്നത സാങ്കേതികനിലവാരങ്ങളുടെയും ഒരു സംലയനമാക്കിത്തീർക്കുവാൻ സി. പി. എസ്. യു. സുസ്ഥിരമായ ശ്രദ്ധ പതിപ്പിച്ചുകൊണ്ടിരിക്കും.

അതുപോലെതന്നെ സായുധസേനകളുടെ പ്രവർത്തനങ്ങളിൽ അതിന്റെ സംഘാടക-മാർഗ്ഗദർശക സ്വാധീനം ഭാവിയിൽ വർദ്ധിപ്പിക്കേണ്ടതും ഏകവ്യക്തിനേതൃത്വപ്രമാണം ശക്തിപ്പെടുത്തേണ്ടതും കരസേനയുടെയും നാവികസേനയുടെയും രാഷ്ട്രീയസമിതികളുടെയും പാർട്ടിഘടകങ്ങളുടെയും പങ്കും സ്വാധീനവും വിപുലപ്പെടുത്തേണ്ടതും ജനങ്ങളുമായി സേനയ്ക്കുള്ള രക്തബന്ധം കൂടുതൽ കരുത്താർജ്ജിക്കുന്നുണ്ടെണ്ട് ഉറപ്പുവരുത്തേണ്ടതും ജീവൽപ്രധാനമാണെന്ന് സി. പി. എസ്. യു. കരുതുന്നു. രാജ്യത്തിന്റെ പ്രതിരോധശേഷി ശരിയായ നിലവാരത്തിൽ കാത്തുസൂക്ഷിക്കാൻ ഓരോ കമ്യൂണിസ്റ്റും ഓരോ സോവിയററ് പൗരനും സാദ്ധ്യമായതെല്ലാം ചെയ്യണം. സോഷ്യലിസ്റ്റ് മാതൃഭൂമിയെ കാത്തുരക്ഷിക്കലും സായുധസേനകളുടെ അണികളിലെ സേവനവും സോവിയററ് പൗരനെസംബന്ധിച്ചിടത്തോളം ബഹുമതിയുടെ ഒരു കാര്യവും പാവനമായ ഒരു കടമയുമാണ്.

പൊതുസംഘടനകളുടെ — ജനകീയ സോഷ്യലിസ്റ്റ് സ്വയംഭരണവിധാനത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ — പങ്ക് വർദ്ധിപ്പിക്കുന്നതിന് പാർട്ടി മുൻഗണനാപരമായ പ്രാധാന്യം കൽപിക്കുന്നു.

ട്രേഡ്യൂണിയനുകളുടെ — അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ഏററവും വിപുലമായ അടിസ്ഥാനത്തിലുള്ള സംഘടനയും ഭരണത്തിന്റെ ഒരു പാഠശാലയും സാമ്പത്തിക മാനേജ്മെന്റിന്റെ ഒരു പാഠശാലയും കമ്യൂണിസത്തിന്റെ ഒരു പാഠശാലയുമാണത് — അന്തസ്സിന്റെയും സ്വാധീനത്തിന്റെയും തുടർന്നുള്ള വളർച്ചയെ സുകരമാക്കുന്നത് സ്വന്തം കടമയായി സി. പി. എസ്. യു. കണക്കാക്കുന്നു. താഴെക്കൊടുക്കുന്ന മുഖ്യചുമതലകൾ സുസ്ഥിരം നിറവേററാൻ ട്രേഡ്യൂണിയനുകൾ ബാദ്ധ്യതപ്പെട്ടിരിക്കുന്നു: പൊതുസമ്പത്ത് ബഹുഗുണീഭവിപ്പിക്കാനും ജനങ്ങളുടെ തൊഴിൽ-ദൈനന്ദിനജീവിതസാഹചര്യങ്ങളും വിശ്രമാവസരങ്ങളും അഭിവൃദ്ധിപ്പെടുത്താനും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കാനും ജനങ്ങളുടെ കമ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിൽ നിരന്തരം ഭാഗഭാക്കാകുന്നതിനും ഉൽപാദനത്തിന്റെ മാനേജുമെന്റിലേക്കും സാമൂഹ്യകാര്യങ്ങളിലേക്കും അവരെ കൊണ്ടുവരുന്നതിനും ബോധപൂർവ്വമായ തൊഴിലച്ചടക്കം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി സഹായിക്കാൻ സാദ്ധ്യമായതെല്ലാം ചെയ്യുക.

ജനകീയ സോഷ്യലിസ്റ്റ് സ്വയംഭരണത്തെ പ്രോൽസാഹിപ്പിക്കുന്നതിലും, സ്റ്റേററിന്റെയും സാമ്പത്തിക-സാംസ്കാരിക മുന്നേററത്തിന്റെയും അടിസ്ഥാനപരങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും കൂടുതൽ സജീവമായ ഒരു പങ്കു വഹിക്കുകയെന്നത് ട്രേഡ്യൂണിയൻ സംഘടനകളുടെ കടമയാണ്. സോവിയററുകളുമായും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മററു സംഘടനകളുമായും കൂടുതലുററ പരസ്പരപ്രവർത്തനം

നടത്തുകയും, സോഷ്യലിസ്റ്റ് മൽസരപ്രസ്ഥാനത്തിന്റെ ഭാവിസാദ്ധ്യത വിപുലപ്പെടുത്തുകയും വ്യാപകമായ ഉപയോഗത്തിന്നായി, ഉയർന്ന അനുഭവം പ്രചരിപ്പിക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാവിസാദ്ധ്യത വിപുലപ്പെടുത്തുകയും സാമൂഹ്യനീതിയുടെ പ്രമാണങ്ങൾക്കനുസാരമായി പ്രവർത്തിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന്നുള്ള സാമൂഹ്യരൂപങ്ങൾ വളർത്തിയെടുക്കുകയും ചെയ്യുന്നതിലും ട്രേഡ്‌യൂണിയൻ സംഘടനകൾ കൂടുതൽ സജീവമായ ഒരു പങ്കു വഹിക്കണം. തങ്ങളുടെ അധികാരങ്ങൾ പ്രയോഗിക്കാൻ തൊഴിൽകൂട്ടായ്മകളെ സഹായിക്കുകയും വേണം.

ദശലക്ഷക്കണക്കിന് അംഗസംഖ്യയുള്ളതും സോവിയററ് യുവജനങ്ങളുടെ ഉൽബുദ്ധവിഭാഗത്തെ ഏകീകരിക്കുന്നതുമായ ഒരു സാമൂഹ്യ-രാഷ്ട്രീയസംഘടനയായ അഖില യൂണിയൻ ലെനിനിസ്റ്റ് യുവകമ്മ്യൂണിസ്റ്റ് ലീഗിനെ സി. പി. എസ്. യു. വിശ്വസ്തസഹായിയും ആശ്രയിക്കാവുന്ന കരുതൽപടയായും, ന്യായമായും, പരിഗണിക്കുന്നു. ഇളംതലമുറയെ വളർത്തിക്കൊണ്ടുവരുന്നതിലും രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കുന്നതു സംബന്ധിച്ച കടമകളുടെ പ്രായോഗികനിർവ്വഹണത്തിലും യുവകമ്യൂണിസ്റ്റ്‌ലീഗിന്റെ പങ്ക് പാർട്ടി തുടർന്നും വർദ്ധിപ്പിക്കുന്നതാണ്. യുവകമ്യൂണിസ്റ്റ്‌ലീഗിന്ന് മാർഗ്ഗദർശനമേകിക്കൊണ്ട് സംഘടനാപരമായും രാഷ്ട്രീയമായും അതിന്റെ അണികളെ ശക്തിപ്പെടുത്തുന്നതിലും യുവജനലീഗിന്റെ സ്വാതന്ത്ര്യസ്വഭാവം വർദ്ധിപ്പിക്കുന്നതിനും സി. പി. എസ്. യു. പ്രത്യേകശ്രദ്ധ പതിപ്പിക്കുന്നു. യുവജനങ്ങളുടെ അദ്ധ്വാനത്തേയും സാമൂഹ്യപ്രവർത്തനത്തേയും യുവകമ്യൂണിസ്റ്റ്‌ലീഗ് നിരന്തരം പ്രോൽസാഹിപ്പിക്കുകയും ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ലോകവീക്ഷണം രൂപീകരിക്കുവാനും അവരുടെ രാഷ്ട്രീയ-ധാർമ്മികമാനകങ്ങൾ ഉയർത്തുവാനും സോഷ്യലിസത്തിന്റെയും ലോകത്തിന്റെയും ഭാവിയെ സംബന്ധിച്ചിടത്തോളം സ്വന്തം ചരിത്രപരമായ ഉത്തരവാദിത്വത്തെപ്പററി ബോധവാൻമാരാകുവാനും അവരെ സഹായിക്കുകയും വേണം.

സോഷ്യലിസ്റ്റ് സ്വയംഭരണത്തിന്റെ പ്രധാനപ്പെട്ട ഒരു രൂപവും വികസിച്ചുകൊണ്ടിരിക്കുന്ന ദേശീയസമ്പദ്വിധാനത്തിന്റെ ഫലപ്രദമായ ഉപാധിയുമായി സഹകരണസംഘങ്ങളുടെ — കൂട്ടുകൃഷിക്കളങ്ങൾ, ഉപഭോക്തൃ-ഭവനനിർമ്മാണസഹകരണസംഘങ്ങൾ, മററു സഹകരണസംഘടനകൾ, അസോസിയേഷനുകൾ എന്നിവയുടെ — പ്രവർത്തനത്തിൽ അഭിവൃദ്ധികൾ കൈവരിക്കാൻ പാർട്ടി ശ്രമിക്കുന്നു.

വിദഗ്ദ്ധജോലിക്കാരുടെ യൂണിയനുകളുടെയും ശാസ്ത്രീയ, ശാസ്ത്ര-സാങ്കേതിക, സാംസ്കാരിക, വിദ്യാഭ്യാസ, സ്പോർട്സ്, പ്രതിരോധ സന്നദ്ധസംഘടനകളുടെയും മററു സന്നദ്ധസംഘടനകളുടെയും പ്രവർത്തനം അധികതരം ഊർജ്ജിതപ്പെടുത്താൻ സി. പി. എസ്. യു. യത്നിക്കുന്നതാണ്. അവയുടെ ചുമതലകൾ നിർവ്വഹിച്ചുകൊണ്ട് പാർട്ടിയുടെ നയം അഭിവൃദ്ധിപ്പെടുത്തുന്നതിന് പൂർവ്വാധികം വമ്പിച്ച സംഭാവനയേകാനും അവയിലണിനിരന്ന അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങളുടെ സർവ്വതോമുഖമായ പ്രകാശനത്തിലും നിർവ്വഹണത്തി

ലും വ്യഗ്രത പ്രകടിപ്പിക്കാനും സോവിയററ് ജനങ്ങളുടെ പൗരധർമ്മമുൻ കയ്യും ഉത്തരവാദിത്വബോധവും വർദ്ധിപ്പിക്കാനും ഈ സംഘടനകളോട് പാർട്ടി ആഹ്വാനം ചെയ്യുന്നു.

## V. പ്രത്യയശാസ്ത്ര-വിദ്യാഭ്യാസപ്രവർത്തനം, പൊതുവിദ്യാഭ്യാസം, ശാസ്ത്രം, സംസ്കാരം

രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനത്തെ ത്വരിപ്പിക്കുന്നതിനുവേണ്ടി മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ പരിവർത്തനാത്മകശക്തി പൂർണ്ണമായി ഉപയോഗപ്പെടുത്താനാവശ്യമായതെല്ലാം പാർട്ടി ചെയ്യും. ആത്മീയസമ്പന്നതയും ധാർമ്മികശുദ്ധിയും ശരീരികപൂർണ്ണതയും സംയോജിച്ച അനുരൂപരും സാമൂഹ്യമായി കർമ്മനിരതരുമായ വ്യക്തികളെ വികസിപ്പിക്കുന്നതിന്നായി, സോവിയററ് ജനങ്ങളുടെ പ്രത്യയശാസ്ത്ര-രാഷ്ട്രീയ-തൊഴിൽ-ധാർമ്മികവിദ്യാഭ്യാസത്തിന്നുവേണ്ടി പാർട്ടി സോദ്ദേശ്യമായ പ്രവർത്തനം നടത്തുന്നതുമാണ്.

അദ്ധ്വാനിക്കുന്ന ജനങ്ങളെ ഉയർന്ന പ്രത്യയശാസ്ത്ര ആർജ്ജവത്തിന്റേയും കമ്യൂണിസത്തോടുള്ള പ്രതിജ്ഞാബദ്ധതയുടേയും സോവിയററ് ദേശാഭിമാനത്തിന്റേയും തൊഴിലാളിവർഗ്ഗ-സോഷ്യലിസ്റ്റ് സാർവ്വദേശീയവാദത്തിന്റെയും. ജോലിയോടും പൊതുസ്വത്തിനോടുമുള്ള ബോധപൂർവ്വമായ ഒരു സമീപനത്തിന്റെയും സ്പിരിററിൽ വിദ്യാഭ്യാസം ചെയ്യിക്കുകയും ആത്മീയസംസ്കാരത്തിന്റെ സമ്പത്തുകൾ പൂർവ്വാധികം വർദ്ധിതമായ അളവിൽ ജനങ്ങൾക്ക് ഉടൻ ലഭ്യമാക്കുകയും സോഷ്യലിസ്റ്റ് ജീവിതരീതിക്ക് വിരുദ്ധമായ ആചാരമര്യാദകളെ നിർമ്മൂലനം ചെയ്യുകയുമാണ് പ്രത്യയശാസ്ത്രപ്രവർത്തനത്തിന്റെ മുഖ്യ കടമയെന്ന് സി. പി. എസ്. യു. കരുതുന്നു.

ഒരു വ്യക്തിയുടെ വിദ്യാഭ്യാസം ജനങ്ങളുടെ നേട്ടത്തിനുവേണ്ടിയുള്ള ക്രിയാത്മകപ്രവർത്തനത്തിലേയും സാമൂഹ്യജീവിതത്തിലേയും സാമൂഹ്യ-സാമ്പത്തിക-സാംസ്കാരികമുന്നേററം സംബന്ധിച്ച കടമകളുടെ നിർവ്വഹണത്തിലേയും പ്രായോഗികമായ ഭാഗഭാഗിത്വത്തിൽനിന്ന് അവിഭാജ്യമാണെന്ന വിശ്വാസത്തെയാണ് പാർട്ടി ആധാരമാക്കുന്നത്. യാഥാർത്ഥ്യത്തിൽനിന്നുള്ള, യഥാർത്ഥപ്രശ്നങ്ങളിൽനിന്നുള്ള, വേർപെടൽ പ്രത്യയശാസ്ത്ര വിദ്യാഭ്യാസപ്രവർത്തനത്തെ അമൂർത്തമായ ബോധനവും ലക്കുകെട്ട വാചാടോപവുമാക്കിത്തീർക്കുകയും കമ്യൂണിസം കെട്ടിപ്പടുക്കുന്നതിന്റെ അടിയന്തിരകടമകളിൽനിന്ന് അതിനെ അകററുകയും ചെയ്യുന്നു. പ്രത്യയശാസ്ത്രപരവും സൈദ്ധാന്തികവുമായി അഗാധമായ ഉള്ളടക്കം, ഉയർന്നതരത്തിൽ വിജ്ഞാനം നൽകൽ എന്നിവ പ്രത്യയശാസ്ത്രപ്രവർത്തനത്തിന്റെ പ്രത്യേകതയായിരിക്കണം. ആഭ്യന്തര-സാർവ്വദേശീയജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വർദ്ധിച്ച ബൗദ്ധികാവശ്യങ്ങളെയും അത് പൂർണ്ണതരമായും കൂടുതൽ കൃത്യമായും കണക്കിലെടുക്കണം. അത് ജനങ്ങളുമായി അടുത്തിരിക്കുന്നതും സത്യസന്ധവും മനസ്സിലാക്കാൻ കഴിയുന്നതുമായിരിക്കണം.

പാർട്ടിയുടെയും സ്റ്റേറ്റിന്റെയും എല്ലാ പ്രവർത്തനങ്ങളുടെയും അതിപ്രധാനപ്രമാണമായ, വാക്കുകളുടെയും പ്രവൃത്തികളുടെയും ഐക്യവും രാഷ്ട്രീയവിദ്യാഭ്യാസപ്രവർത്തനത്തിന്ന് ഒഴിച്ചുകൂടാനാകാത്ത ആവശ്യമാണ്. അതിലെ സജീവമായ പങ്കാളിത്തം എല്ലാ ഉദ്യോഗസ്ഥരുടെയും കടമയാണ്, ഓരോ കമ്യൂണിസ്റ്റിന്റെയും കടമയാണ്.

പാർട്ടി താഴെപറയുന്ന കടമകൾ മുൻവെയ്ക്കുന്നു:

## 1. പ്രത്യയശാസ്ത്ര-വിദ്യാഭ്യാസപ്രവത്തനത്തിന്റെ രംഗത്ത്

ശാസ്ത്രീയലോകവീക്ഷണത്തിന്റെ രൂപീകരണം, സോവിയറ്റ് സമുദായത്തിന്റെ സാംസ്കാരികജീവിതത്തിൽ ദാർശനിക-സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയവീക്ഷണങ്ങളുടെ ഉദ്ഗ്രഥിതവും സമഞ്ജസവുമായ ഒരു വ്യവസ്ഥയായ മാർക്സിസം-ലെനിനിസത്തിൽ അധിഷ്ഠിതമായ ഒരു ശാസ്ത്രീയലോകവീക്ഷണത്തിന്ന് സോഷ്യലിസം ഉറപ്പുനൽകിയിരിക്കുന്നു. സോഷ്യലിസ്റ്റ് സമുച്ചയത്തിലെ മറ്റു രാജ്യങ്ങളുടെയും ലോകകമ്യൂണിസ്റ്റ്-തൊഴിലാളിവർഗ്ഗ-ദേശീയ-വിമോചന-ജനാധിപത്യപ്രസ്ഥാനങ്ങളുടെയും അനുഭവം കണക്കിലെടുത്തുകൊണ്ടും പ്രകൃതിശാസ്ത്രങ്ങളിലെയും സാമൂഹ്യശാസ്ത്രങ്ങളിലെയും മുന്നേറ്റങ്ങൾ വിശകലനംചെയ്തുകൊണ്ടും സോവിയറ്റ് സമുദായത്തിന്റെ ജീവിതത്തിലെ പുതിയ പ്രതിഭാസങ്ങളെ പഠിക്കുകയും സാമാന്യവൽക്കരിക്കുകയും ചെയ്യുന്നതിലൂടെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തെ രചനാത്മകമായി മുന്നോട്ടുകൊണ്ടുപോവുകയെന്നത് അതിപ്രധാനകടമയായി പാർട്ടി കണക്കാക്കുന്നു.

സോവിയറ്റ് ജനങ്ങളെല്ലാം മാർക്സിസ്റ്റ്-ലെനിനിസ്റ്റ് അനുശാസനങ്ങൾ അഗാധമായി സ്വായത്തമാക്കുന്നതിലും അവരുടെ രാഷ്ട്രീയനിലവാരങ്ങൾ ഉയർത്തുന്നതിലും പാർട്ടിനയം രൂപപ്പെടുത്തുന്നതിൽ ആത്മാർത്ഥമായി പങ്കെടുക്കുന്നതിലും അതിനെ യാഥാർത്ഥ്യത്തിലേക്ക് സജീവമായി പരിവർത്തനപ്പെടുത്തുന്നതിലും സി. പി. എസ്. യു. നിതാന്തവ്യഗ്രത പ്രകടിപ്പിക്കും.

തൊഴിൽവിദ്യാഭ്യാസം. പൊതുനന്മയ്ക്കുവേണ്ടിയുള്ള ആത്മാർത്ഥപ്രവർത്തനത്തോട് — ആ പ്രവൃത്തി ബുദ്ധിപരമോ കായികമോ ആയിക്കൊള്ളട്ടെ — അഗാധമായ ആദരവും, അതിന്നുള്ള സന്നദ്ധതയും എല്ലാ സോവിയറ്റ് പൗരരിലും ജനിപ്പിക്കുന്നതിലാണ് പാർട്ടി വിദ്യാഭ്യാസപ്രവർത്തനത്തെ കേന്ദ്രീകരിക്കുന്നത്. സമുദായത്തിന്റെ ഭൗതികവും ആത്മീയവുമായ സമ്പത്തിന്റെ മുഖ്യ സ്രോതസ്സും ഒരു വ്യക്തിയുടെ സാമൂഹ്യപദവിയുടെ പരമപ്രധാനമായ മാനദണ്ഡവും അതുപോലെ അവന്റെ പാവനമായ ധർമ്മവും ഒരു വ്യക്തിയുടെ കമ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിന്റെ മൂലക്കല്ലുമാണ് ജോലി. സത്യസന്ധവും ഉയർന്ന കാര്യക്ഷമതയുള്ളതുമായ ജോലിയുടെ അന്തസ്സ് ക്രമപ്രവൃദ്ധമായി ഉയർത്തുന്നതിലും അദ്ധ്വാനമുൻകയ്യിനെയും നൂതനത്വത്തെയും പ്രോൽസാഹിപ്പിക്കുന്നതിലും ജോലിയോടുള്ള കമ്യൂണിസ്റ്റ് സമീപനത്തിന്റെ പ്രമാണത്തെ ശക്തിപ്പെടുത്തുന്നതിലും പാർട്ടി തുടർന്നും വ്യഗ്രത പ്രദർശിപ്പിക്കുന്നതാണ്.

കമ്യൂണിസ്റ്റ് സദാചാരനിഷ്ഠ. കമ്യൂണിസത്തിലേക്ക് അനുക്രമം പുരോഗമിക്കുന്നതിന്നനുസരിച്ച് കമ്യൂണിസ്റ്റ് സദാചാരം, വിപ്ലവസമരങ്ങളുടെ ലക്ഷ്യങ്ങളോടും കമ്യൂണിസത്തിന്റെ ആദർശങ്ങളോടുമുള്ള കൂറിൽ അധിഷ്ഠിതമായ ഏററവും മാനുഷികവും നീതിയുക്തവും ഉൽകൃഷ്ടവുമായ സദാചാരം, പൂർവ്വാധികം പൂർണ്ണതരമായി സ്വയം പ്രകടമാകുന്നു. അടിസ്ഥാനപരങ്ങളായ ആഗോളധർമ്മികമൂല്യങ്ങളെ നമ്മുടെ സദാചാരം സ്വാംശീകരിക്കുന്നു. അതുപോലെതന്നെ ചൂഷണത്തിനെതിരെയും സ്വാതന്ത്ര്യത്തിനും സാമൂഹ്യസമത്വത്തിനും സന്തുഷ്ടിക്കും സമാധാനത്തിനും വേണ്ടിയുമുള്ള, നൂററാണ്ടുകൾ പഴക്കമുള്ള സമരത്തിലൂടെ സാമാന്യജനങ്ങൾ സ്ഥാപിച്ച പെരുമാററക്രമങ്ങളേയും അവർക്കിടയിലെ ബന്ധങ്ങളെ സംബന്ധിച്ച മാനകങ്ങളേയും നമ്മുടെ സദാചാരം സ്വാംശീകരിക്കുന്നു.

സി. പി. എസ്. യു. ഉയർത്തിപ്പിടിക്കുന്ന കമ്യൂണിസ്റ്റ് സദാചാരം താഴെകൊടുക്കുന്നതരത്തിലുള്ളതാണ്: സമഷ്ടിവാദസദാചാരം, "ഓരോരുത്തനും എല്ലാവർക്കുംവേണ്ടി, എല്ലാവരും ഓരോരുത്തർക്കുംവേണ്ടി" എന്നതാണ് അതിന്റെ മൗലികപ്രമാണം. അഹംഭാവം, ആത്മപ്രേമം, സ്വാർത്ഥതാൽപര്യം എന്നിവയുമായി പൊരുത്തപ്പെടാത്ത അത് ജനങ്ങളുടെ പൊതുവായ, കൂട്ടായ താൽപര്യങ്ങളെയും വ്യക്തിപരമായ താൽപര്യങ്ങളെയും സമഞ്ജസമായി സംയോജിപ്പിക്കുന്നു.

മനുഷ്യസ്നേഹപരമായ സദാചാരം. അത് അദ്ധ്വാനിക്കുന്ന മനുഷ്യനെ ഉൽകൃഷ്ടനാക്കുന്നു. അത് അവനോടുള്ള അഗാധമായ ആദരവും, അവന്റെ അന്തസ്സിന്റെ അതിലംഘനത്തോടുള്ള അസഹിഷ്ണുതയും നിറഞ്ഞതാണ്. അത് ജനങ്ങൾക്കിടയിൽ യഥാർത്ഥത്തിൽ മനുഷ്യസ്നേഹപരമായ ബന്ധങ്ങളെ ഉയർത്തിപ്പിടിക്കുന്നു — സൗഭ്രാത്രപരമായ സഹകരണത്തിന്റേയും പരസ്പരസഹായത്തിന്റേയും ബന്ധങ്ങളാണവ; സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും സൻമനോഭാവത്തിന്റേതും സത്യസന്ധതയുടേതും ലാളിത്യത്തിന്റേതും വിനയത്തിന്റേതുമായ ബന്ധങ്ങളാണവ.

സജീവവും ഊർജ്ജസ്വലവുമായ ഒരു സദാചാരം. ഉത്തരോത്തരം പുതിയതായ അദ്ധ്വാനസിദ്ധികളിലേക്കും സർഗ്ഗാത്മകനേട്ടങ്ങളിലേക്കും മുന്നേറാൻ അത് ആളുകളെ പ്രോൽസാഹിപ്പിക്കുന്നു. ഓരോരുത്തരുടെയും കൂട്ടായ്മയുടെ കാര്യങ്ങളിലും രാജ്യത്തിന്റെയാകെ കാര്യങ്ങളിലും വ്യക്തിപരമായ താൽപര്യമെടുക്കുവാനും അവയിൽ ഭാഗഭാക്കായിത്തീരുവാനും അത് പ്രോൽസാഹനം നൽകുന്നു; സോഷ്യലിസ്റ്റ് ജീവിതരീതിക്ക് വിരുദ്ധമായ സകലതിനെയും നിരാകരിക്കുന്നതിൽ നിർബ്ബന്ധബുദ്ധി പ്രദർശിപ്പിക്കുവാനും കമ്യൂണിസ്റ്റാദർശങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ ദൃഢനിശ്ചയത്തോടെ നിലകൊള്ളുവാനും അതു പ്രോൽസാഹിപ്പിക്കുന്നു.

ദേശസ്നേഹപരവും സാർവ്വദേശീയവാദപരവുമായ വിദ്യാഭ്യാസം. ഓരോ സോവിയററ് പൗരനും താൻ ജനിച്ച് വളർന്ന ഒക്ടോബർ വിപ്ലവത്തിന്റെ രാജ്യത്തോടുള്ള കൂറിനെയും ലോകത്തിലെ ഒന്നാമത്തെ സോഷ്യലിസ്റ്റ് സ്റ്റേററിന്റെ ചരിത്രപരമായ നേട്ടങ്ങളിലുള്ള അവന്റെ അഭിമാന

ത്തെയും, തൊഴിലാളിവർഗ്ഗ-സോഷ്യലിസ്റ്റ് സാർവ്വദേശീയവാദത്തോടുള്ള പ്രതിജ്ഞാബദ്ധതയുമായും, സഹോദരരാജ്യങ്ങളിലെ അദ്ധ്വാനിക്കുന്ന ജനങ്ങളോടും, സാമ്രാജ്യത്വത്തിന്നെതിരായും സാമൂഹ്യപുരോഗതിക്കും സമാധാനത്തിനും വേണ്ടിയും പൊരുതുന്ന എല്ലാവരോടുമുള്ള, വർഗ്ഗസഹഭാവ വികാരങ്ങളുമായും, സംയോജിപ്പിക്കാൻ പാർട്ടി തുടർന്നും അക്ഷീണം പ്രവർത്തിക്കുന്നതാണ്.

സോവിയററ് യൂണിയനിലെ എല്ലാ ജനതകളെയും ദേശീയജനവിഭാഗങ്ങളെയും ഐക്യപ്പെടുത്തുന്ന സൗഹൃദ സൗഭ്രാത്രവികാരങ്ങൾക്കായി, ദേശീയ ജനവിഭാഗങ്ങൾക്കിടയിലെ ബന്ധങ്ങളുടെ ഉയർന്ന നിലവാരത്തിനായി, സി. പി. എസ്. യു. അനവരതം പ്രവർത്തിക്കുന്നതാണ്. ദേശീയവാദത്തിന്റെയും മൂഢദേശാഭിമാനത്തിന്റെയും, ദേശീയമായ സങ്കുചിതമനോഭാവത്തിന്റെയും ദേശീയമായ അഹന്തയുടെയും ഏതു ലാഞ്ഛനയോടും, ജീവിതത്തിന്റെയും മനുഷ്യന്റെയും കമ്യൂണിസ്റ്റ് നവീകരണത്തെ തടസ്സപ്പെടുത്തുന്ന ആചാരങ്ങളോടും വഴക്കങ്ങളോടുമുള്ള അസഹിഷ്ണുത, ഓരോ സോവിയററ് പൗരന്റെയും സവിശേഷസ്വഭാവമായിരിക്കും.

സൈനികവും ദേശാഭിമാനപരവുമായ ശിക്ഷണം നൽകുകയും, സോഷ്യലിസ്റ്റ് മാതൃഭൂമിയെ കാത്തുരക്ഷിക്കുന്നതിന്നായി, തങ്ങളുടെ കരുത്ത് നൽകാൻ, ആവശ്യമായിവന്നാൽ, ജീവൻ ബലികഴിക്കാൻപോലും, ഓരോരുത്തരും സന്നദ്ധരാണെന്ന് ഉറപ്പുവരുത്തുകയും ചെയ്കയെന്നത് പാർട്ടിയുടെ പ്രത്യയശാസ്ത്ര വിദ്യാഭ്യാസപ്രവർത്തനത്തിന്റെ സുപ്രധാനമായ ഒരു കടമയാണ്.

നിയമവിദ്യാഭ്യാസം. വ്യക്തിയിൽ ഉദാത്തമായ ഒരു പൗരബോധവും സോവിയററ് നിയമങ്ങളോടും സോഷ്യലിസ്റ്റ് സാമൂഹ്യജീവിതത്തിന്റെ ചട്ടങ്ങളോടുമുള്ള ആദരവും സോഷ്യലിസ്റ്റ് നിയമാനുസാരിത്വത്തിന്റെ എല്ലാവിധ ലംഘനങ്ങളോടുമുള്ള അസഹിഷ്ണുതയും നിയമക്രമം ഉയർത്തിപ്പിടിക്കുന്നതിൽ സജീവമായി ഭാഗഭാക്കാകാനുള്ള സന്നദ്ധതയും നിവേശിപ്പിക്കുക എന്നതിന്ന് പാർട്ടി വമ്പിച്ച പ്രാധാന്യം കൽപിക്കുന്നു.

നാസ്തികവിദ്യാഭ്യാസം. ശാസ്ത്രീയവും ഭൗതികവാദപരവുമായ ലോകവീക്ഷണം വ്യാപകമായി പ്രചരിപ്പിക്കാനും വിശ്വാസികളുടെ വികാരങ്ങളെ വ്രണപ്പെടുത്താതെതന്നെ മതപരമായ മുൻവിധികളെ തരണംചെയ്യാനും പ്രത്യയശാസ്ത്രപരമായ സ്വാധീനത്തിന്റെ മാർഗ്ഗങ്ങളെ പാർട്ടി ഉപയോഗിക്കുന്നു. മനഃസാക്ഷിസ്വാതന്ത്ര്യം സംബന്ധിച്ച ഭരണഘടനാപരമായ മുന്നുറപ്പുകളുടെ കർശനമായ പാലനത്തെ അനുകൂലിക്കുന്ന പാർട്ടി അതേ സമയംതന്നെ മതത്തെ സമുദായത്തിന്നും വ്യക്തിക്കും ഹാനികരമായി ഉപയോഗിക്കുന്നതിന്നുള്ള ശ്രമങ്ങളെ അപലപിക്കുന്നു. ജനങ്ങളുടെ അദ്ധ്വാന-സാമൂഹ്യവ്യാപാരങ്ങളെ അധികപ്പെടുത്തുകയും, അവരെ വിദ്യാഭ്യാസം ചെയ്യിക്കുകയും സോവിയററ് ആചാരങ്ങളും ചടങ്ങുകളും വ്യാപകമായി അംഗീകരിക്കുകയും ചെയ്കയെന്നത് നാസ്തികവിദ്യാഭ്യാസത്തിന്റെ ഒരവിഭാജ്യഭാഗമാണ്.

അന്യമായ പ്രത്യയശാസ്ത്രത്തിന്റെയും ഔപചാരികത്വത്തിന്റെയും ലാഞ്ഛനകളേയും ജനങ്ങളുടെ മനസ്സിലും പെരുമാററത്തിലുമുള്ള

ഭൂതകാലത്തിന്റെ അവശിഷ്ടങ്ങളുമായി ബന്ധപ്പെട്ടവയും, സാമൂഹ്യജീവിതത്തിന്റെ വിവിധ തുറകളിൽ നിർവ്വഹിക്കുന്ന പ്രവർത്തനത്തിന്റെ പോരായ്മകളുമായി ബന്ധപ്പെട്ടവയും, ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലുണ്ടാവുന്ന കാലതാമസവുമായി ബന്ധപ്പെട്ടവയുമായ എല്ലാ പ്രതികൂലപ്രതിഭാസങ്ങളെയും എതിർത്തു പരാജയപ്പെടുത്തുകയെന്നത് കമ്യൂണിസ്റ്റ് വിദ്യാഭ്യാസം സംബന്ധിച്ച പ്രവർത്തനത്തിന്റെ അവിഭാജ്യഘടകമാണ്. തൊഴിലച്ചടക്കത്തിന്റെ ലംഘനം, പണാപഹരണം, കൈക്കൂലിവാങ്ങൽ, കൊള്ളലാഭമെടുക്കൽ, പരോപജീവനം, മദ്യവെറി, റൗഡിത്തരം, സ്വകാര്യ ഉടമസ്ഥതാമനോഭാവം, ധനസമ്പാദനാസക്തി, മുഖസ്തുതി, സേവപിടിക്കൽ എന്നിവയെ അനുക്രമമായും സുസ്ഥിരമായും എതിർത്തവസാനിപ്പിക്കുകയെന്നത് പരമപ്രധാനമാണെന്ന് പാർട്ടി കരുതുന്നു. ഇതിന്നുവേണ്ടി പൊതുജനാഭിപ്രായത്തിന്റെ ശക്തിയും നിയമബലവും ഒന്നുപോലെ പൂർണ്ണമായി ഉപയോഗിക്കുക അത്യാവശ്യമാണ്.

ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്നെതിരായ സമരം. സാർവ്വദേശീയ രംഗത്ത് രണ്ടു ലോകവീക്ഷണങ്ങൾ തമ്മിൽ നടക്കുന്ന അതിരൂക്ഷമായ സമരം, രണ്ടു ലോകവ്യവസ്ഥകളുടെ—സോഷ്യലിസത്തിന്റെയും മുതലാളിത്തത്തിന്റെയും—വൈപരീത്യത്തെ പ്രതിഫലിപ്പിക്കുന്നു. യഥാർത്ഥ സോഷ്യലിസത്തെപ്പററിയും സോവിയററ് യൂണിയന്റെ ആഭ്യന്തര-വിദേശനയത്തെപ്പററിയുമുള്ള സത്യസ്ഥിതി ജനങ്ങളുടെ അടുത്തെത്തിക്കുകയും, സോവിയററ് ജീവിതരീതിക്കുവേണ്ടി സജീവം വാദിക്കുകയും, സാമ്രാജ്യത്വത്തിന്റെ ജനവിരുദ്ധവും മനുഷ്യത്വവിഹീനവുമായ സ്വഭാവത്തെയും അതിന്റെ ചൂഷണാത്മകമായ അന്തസ്സത്തയെയും ഊർജ്ജസ്വലമായും സുചിന്തിതമായ രീതിയിലും തുറന്നുകാട്ടുകയും ചെയ്യുകയെന്നത് സി. പി. എസ്. യു. സ്വന്തം കടമയായി കരുതുന്നു. ഉന്നതമായ രാഷ്ട്രീയാവബോധവും ജാഗരൂകതയും സുവ്യക്തമായ വർഗ്ഗനിലപാടുകളിൽനിന്നുകൊണ്ട് സാമൂഹ്യപ്രതിഭാസങ്ങളെ വിലയിരുത്താനും സോഷ്യലിസ്റ്റ് സമുദായത്തിന്റെ ആദർശങ്ങളും ആത്മീയമൂല്യങ്ങളും ഉയർത്തിപ്പിടിക്കാനുമുള്ള കഴിവും അത് സോവിയററ് ജനങ്ങൾക്ക് ഉണ്ടാക്കും.

ബഹുജന വാർത്താ-പ്രചാരണ മാധ്യമങ്ങൾ സമുദായത്തിന്റെ ജീവിതത്തിൽ വർദ്ധമാനമായ ഒരു പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. അവ ആഭ്യന്തര-വൈദേശിക ജീവിതത്തിലെ പ്രവണതകളും പ്രതിഭാസങ്ങളും സാമ്പത്തിക-സാമൂഹ്യപ്രക്രിയകളും ഗഹനമായി വിശകലനം ചെയ്യുകയും പുതിയതും വികസിതവുമായ സകലതിന്നും സജീവമായ പിന്തുണ നൽകുകയും ജനങ്ങൾക്ക് ആകാംക്ഷയുള്ള അടിയന്തിരപ്രശ്നങ്ങൾ ഉന്നയിക്കുകയും അവ പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യണമെന്ന് സി. പി. എസ്. യു. നിഷ്കർഷിക്കുന്നതായിരിക്കും. പത്രങ്ങളുടേയും ടെലിവിഷന്റെയും റേഡിയോവിന്റെയും പ്രവർത്തനം രാഷ്ട്രീയമായ വ്യക്തത, ലക്ഷ്യബോധം, ഗഹനമായ ഉള്ളടക്കം, പ്രതിഭ, സുഗ്രാഹ്യത, വൈവിധ്യം, പ്രസ്താവനയുടെ വ്യക്തത എന്നിവകൊണ്ട് ശ്രദ്ധേയമായിരിക്കണം. പാർട്ടിപത്രങ്ങൾക്കും മററെല്ലാ ബ

ഹുജന വാർത്താ-പ്രചാരണ മാധ്യമകയാക്കും ഊർജ്ജസ്വലമായ പിന്തുണ യും സഹായവും നൽകിക്കൊണ്ടിരിക്കുന്നതാണ്.

ജനങ്ങയാക്ക് ലഭിക്കുന്ന റേഡിയോ-ടെലിവിഷൻ പരിപാടികയം അനുക്രമം വർദ്ധിപ്പിക്കുകയും, പ്രക്ഷേപണങ്ങയം ഉള്ളടക്കത്തിൽ കൂടുതൽ സാരവത്തും പ്രത്യയശാസ്ത്രപരമായും കലാപരമായും മികച്ചതും കൂടുതൽ താൽപര്യജനകവും ആക്കുകയും ചെയ്തുകൊണ്ട് ടെലിവിഷൻ സംപ്രേക്ഷണം വികസിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ബഹുജനങ്ങയാക്കിടയിലെ രാഷ്ട്രീയവും പ്രചാരണപരവുമായ പ്രവർത്തനത്തിൽ, അമിതവാചാലതയുടെയും ഔപചാരികത്വത്തിന്റെയും പൊങ്ങച്ചത്തിന്റേയും ഏതൊരു ലാഞ്ഛനയെയും നിർണ്ണായകമായും ഇല്ലാതാക്കുക അത്യന്താപേക്ഷിതമാകുന്നു. ഈ പ്രവർത്തനത്തിന്റെ എല്ലാ രൂപങ്ങളും ഉപാധികളും രാജ്യത്തിന്റെ മുമ്പാകെയുള്ള കടമകളുടെ നിർവ്വഹണത്തിന്ന് ബഹുജനങ്ങളെ അണിനിരത്താൻ സഹായിക്കണം. അതേസമയം തന്നെ പാർട്ടി, സ്റ്റേറ്റ് ഘടകങ്ങയം നിർവ്വഹിക്കുന്ന പ്രവർത്തനത്തിന്ന് വമ്പിച്ച പ്രസിദ്ധീകരണം നൽകണം, ജനങ്ങളോട് നേരിട്ടും ഉള്ളുതുറന്നും സംസാരിക്കണം, ബഹുജനാഭിപ്രായത്തെ ശരിയായ വിധത്തിൽ രൂപപ്പെടുത്തിയെടുക്കണം, പ്രായോഗിക കാര്യങ്ങളിൽ അതിന്നുള്ള സ്വാധീനം വർദ്ധിപ്പിക്കണം. പ്രത്യയശാസ്ത്രപ്രവർത്തനത്തിന്റെ ഭൗതികാസ്തിവാരങ്ങയം ശക്തിപ്പെടുത്താൻ സി. പി. എസ്. യു. നിരന്തരം ശ്രദ്ധിക്കുന്നതാണ്.

## 2. പൊതുവിദ്യാഭ്യാസരംഗത്ത്

കായികാധ്വാനത്തിന്നും മാനസികാധ്വാനത്തിന്നും ഒന്നുപോലെ ശേഷിയുള്ള, ബോധവാൻമാരും ഉന്നതവിദ്യാസമ്പന്നരുമായ, ദേശീയസമ്പദ്വിധാനത്തിലും സാമൂഹ്യ-സ്റ്റേറ്റ് ജീവിതത്തിന്റെ വിവിധ തുറകളിലും ശാസ്ത്രത്തിലും സംസ്കാരത്തിലും തങ്ങളുടെ ജോലി ഉത്സാഹത്തോടെ നിർവ്വഹിക്കാൻ കഴിയുന്ന, ആളുകളെ വളർത്തിക്കൊണ്ടുവരികയും പരിശീലിപ്പിക്കുകയും ചെയ്യുകയെന്ന നയം പാർട്ടി സുസ്ഥിരം അനുവർത്തിക്കുന്നു. സോവിയററ് യൂണയിനിൽ ഏർപ്പെടുത്തിയിട്ടുള്ള യഥാർത്ഥത്തിൽ ജനകീയമായ സ്കൂയംവ്യവസ്ഥ, വിജ്ഞാനത്തെ എല്ലാപേരർക്കും സുപ്രാപ്യമാക്കിതീർക്കുകയും ചരിത്രപരമായി ചുരുങ്ങിയൊരു കാലയളവിന്നുള്ളിൽ നിരക്ഷരത സമ്പൂർണ്ണമായി നിർമ്മാർജ്ജനംചെയ്യാനും സാർവ്വത്രിക സെക്കണ്ടറി വിദ്യാഭ്യാസം ഏർപ്പെടുത്താനും സൗകര്യമുണ്ടാക്കുകയും ചെയ്തു.

സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കേണ്ടതിന്റെ ആവശ്യകതയും കമ്യൂണിസ്റ്റ് നിർമ്മാണത്തിന്റെ ഭാവിസാധ്യതകളും ശാസ്ത്രീയസാങ്കേതിക പുരോഗതിയുടെ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ട് സി. പി. എസ്. യു. പൊതിവിദ്യാഭ്യാസവ്യവസ്ഥയെ തുടർന്ന് അന്യൂനമാക്കുന്നതായിരിക്കും. ഇപ്പോയം രാജ്യത്ത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന സാമാന്യവിദ്യാഭ്യാസ-തൊഴിൽപരിശീലന സ്കൂയംവ്യവസ്ഥ

യുടെ പരിഷ്ക്കരണം, ഏകീകൃതമായ ഒരു പോളിടെക്നിക്കൽ തൊഴിൽ പരിശീലനവിദ്യാലയം സംബന്ധിച്ച ലെനിന്റെ പ്രമാണങ്ങളുടെ രചനാത്മകമായ വികസനത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ചെറുപ്പക്കാരുടെ ബോധനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും നിലവാരങ്ങൾ കൂടുതൽ ഉയരാൻ പര്യാപ്തമായ വിധത്തിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഭാവിതൊഴിൽജീവിതത്തിന്നവരെ കൂടുതൽ നല്ല നിലയിൽ സജ്ജരാക്കാനും സാർവ്വത്രിക തൊഴിൽപരിശീലനത്തിലേക്ക് അനുക്രമം മുന്നേറാനും ഉദ്ദേശിച്ചുള്ളതാണ്. സ്കൂളുകൾ, വിദ്യാർത്ഥികളിൽ സ്വന്തം മാതൃഭൂമിയോടുള്ള സ്നേഹവും തങ്ങളുടെ മാതാപിതാക്കളോടും അധ്യാപകരോടും പ്രായംചെന്നവരോടുമുള്ള ബഹുമാനവും നിവേശിപ്പിക്കുകയും, തങ്ങളുടെ പഠിപ്പ്, തൊഴിൻ എന്നിവയുടെ ഗുണമേൻമയെ സംബന്ധിച്ചേടത്തോളവും തങ്ങളുടെ പെരുമാററത്തെ സംബന്ധിച്ചേടത്തോളവും അവരിൽ ഉൽക്കടമായ ഉത്തരവാദിത്വബോധം ജനിപ്പിക്കുകയും വിദ്യാർത്ഥിസ്വയംഭരണത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുവാൻ ചുമതലപ്പെട്ടിരിക്കുന്നു. ആസൂത്രിത നടപടികൾ പ്രാവർത്തികമാക്കുന്നതോടെ, സ്കൂൾപഠിപ്പുഘട്ടത്തിലെ തൊഴിൽപരിശീലന-സാമാന്യവിദ്യാഭ്യാസരൂപങ്ങൾ തുടർന്നു വികസിക്കുകയും അവ പരസ്പര ലയനത്തെ ഉൻമുഖമാക്കിക്കൊണ്ട് അന്യോന്യം കൂടുതൽ അടുത്തുവരികയും ചെയ്യും.

ശാസ്ത്രീയവും സാങ്കേതികവും സാമൂഹ്യവുമായ പുരോഗതിയുടെ ആവശ്യകങ്ങൾക്കൊത്തവിധത്തിൽ സെക്കണ്ടറി സ്പെഷ്യലൈസ്ഡ്-ഉപരിവിദ്യാഭ്യാസസമ്പ്രദായത്തെ കൂടുതൽ വികസിപ്പിക്കുന്നതാണ്. അത് ഉൽപാദനത്തിന്റെയും ശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും ആവശ്യകങ്ങളോട് പെട്ടെന്നും കണിശമായും പ്രതികരിക്കുകയും, ഉന്നതമായ തൊഴിൽനിലവാരങ്ങളും പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ പക്വതയും, സംഘാടനപരവും മാനേജ്മെൻറ് സംബന്ധവുമായ പാടവവും ഒത്തിണങ്ങിയ വിദഗ്ദ്ധൻമാരുടെ കാര്യത്തിൽ ദേശീയ സമ്പദ്വിധാനത്തിന്റെ ആവശ്യകങ്ങൾ നിറവേററുകയും വേണം. ഉപരിപരിശീലനവ്യവസ്ഥ വികസിപ്പിക്കുകയെന്നത് വളരെ പ്രധാനമായി പാർട്ടി കരുതുന്നു. ഈ വ്യവസ്ഥയും കറസ്പോണ്ടൻസ്-സായാഹ്ന കോഴ്സുകൾ മുഖേനയുള്ള പഠനസമ്പ്രദായങ്ങളും, അധ്വാനിക്കുന്ന എല്ലാ ജനങ്ങൾക്കും തങ്ങളുടെ പഠിപ്പുതുടരാനും അറിവ് അനുക്രമം വർദ്ധിപ്പിക്കുകയും പുതുക്കുകയും ചെയ്യാനും സാമാന്യ സാംസ്കാരിക-തൊഴിൽ നിലവാരങ്ങൾ ഉയർത്താനും അനുകൂലമായ അവസരങ്ങൾ നൽകുന്നതായിരിക്കും.

അദ്ധ്യാപനജോലിക്കാരുടെ കാര്യത്തിലും പുതിയ വ്യവസ്ഥയുടെയാകെ ഭൗതികാസ്തിവാരം ബലപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യുന്ന കാര്യത്തിലും പാർട്ടി അക്ഷീണമായ താൽപര്യം കാട്ടുന്നതാണ്.

## 3. ശാസ്ത്രരംഗത്ത്

ശാസ്ത്രം ഉൽപാദകശക്തികളെ അഭിവൃദ്ധിപ്പെടുത്തുകയും സാമൂഹ്യബന്ധങ്ങൾ മെച്ചപ്പെടുത്തുകയും മൗലികമായും പുതിയ തരത്തിൽ

പെട്ട സാമഗ്രികളും സാങ്കേതികവിദ്യയും സൃഷ്ടിക്കുകയും അധ്വാനോൽപാദനക്ഷമത ഉയർത്തുകയും ഭൂമിയുടെയും സമുദ്രത്തിന്റെയും അഗാധതലങ്ങളിലുള്ള പ്രകൃതിവിഭവങ്ങൾ വികസിപ്പിക്കുകയും ബഹിരാകാശത്തെ പര്യേഷണം ചെയ്യുകയും പരിഃസ്ഥിതിയെ സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുന്നതിൽ അധികാധികം വമ്പിച്ചതായ ഒരു പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു.

വിജ്ഞാനത്തിന്റെ എല്ലാ തുറകളുടെയും ഊർജ്ജസ്വലമായ പുരോഗതിക്ക് അനുകൂലമായ സാഹചര്യങ്ങൾ പ്രദാനംചെയ്യുകയും, ആസൂത്രിത സാമ്പത്തിക-സാമൂഹ്യലക്ഷ്യങ്ങളും സമുദായത്തിന്റെ ആത്മീയോൽക്കർഷവും കൈവരിക്കുവാനുള്ള യത്നത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നവയായ കൂടുതൽ ആശാവഹങ്ങളായ ഗവേഷണമേഖലകളിൽ പ്രവർത്തകരെയും ഭൗതിക-ധനവിഭവങ്ങളെയും കേന്ദ്രീകരിക്കുകയും രാജ്യത്തിന്ന് വിശ്വാസനീയമായ ഒരു പ്രതിരോധശേഷിയ്ക്കു ഉറപ്പുവരുത്തുകയും ചെയ്യുകയെന്നതാണ് ശാസ്ത്രരംഗത്ത് പാർട്ടിയുടെ നയത്തിന്റെ ലക്ഷ്യം.

ദ്വന്ദ്വാത്മകഭൗതികവാദ സമ്പ്രദായങ്ങൾ, പ്രകൃതിപഠനങ്ങളിലെയും സാമൂഹ്യപഠനങ്ങളിലെയും പുരോഗതിയുടെ മൗലികവും സുപരീക്ഷിതവുമായ അടിസ്ഥാനം ആയിരുന്നിട്ടുണ്ട്; ഇപ്പോഴുമതങ്ങിനെയാണ്. ആ സമ്പ്രദായങ്ങളെ തുടർന്നും സൃഷ്ടിപരമായി വികസിപ്പിക്കുകയും ഗവേഷണത്തിൽ സമർത്ഥമായി പ്രയോഗിക്കുകയും ചെയ്യണം.

സോവിയററ് ശാസ്ത്രം ശാസ്ത്രീയ-സാങ്കേതികപുരോഗതിയുടെ മുഖ്യ മേഖലകളിൽ പ്രമുഖസ്ഥാനങ്ങൾ കരസ്ഥമാക്കുകയും ദീർഘകാലികവും സമകാലികവുമായ ഉൽപാദന-സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾക്ക് ഫലപ്രദവും സമയോചിതവുമായ പരിഹാരങ്ങൾ പ്രദാനംചെയ്യുകയും ചെയ്യണം. മൗലികവും പര്യേഷണപരവുമായ ഗവേഷണത്തിന്റെ മുൻഗണനാപരമായ വികസനത്തിന്ന് ഉറപ്പുവരുത്തുകയും ദേശീയ സമ്പദ്വിധാനത്തിലും മനുഷ്യപ്രയത്നത്തിന്റെ മററു തുറകളിലും ശാസ്ത്രീയാശയങ്ങൾ കാലേക്കൂട്ടി പ്രയോഗിക്കാൻ നിരന്തരയത്നം നടത്തുകയും ചെയ്യുക പ്രധാനമാണ്. ശാസ്ത്രത്തെയും ഉൽപാദനത്തെയും കൂട്ടിയോജിപ്പിക്കുന്നതിന്നും ശാസ്ത്രീയ-സാങ്കേതിക പുരോഗതിക്കു മാർഗ്ഗദർശനം നൽകുന്നതിന്നുമുള്ള സംഘടനാപരവും സാമ്പത്തികവുമായ രൂപങ്ങൾ നിരന്തരം നവീകരിക്കുകയും, പ്രധാനപ്പെട്ട പ്രയുക്ത ഗവേഷണ-വികസനപരിശ്രമങ്ങളുടെ വ്യാപ്തിയും അവയുടെ കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യണം. വിദ്യാപീഠങ്ങളിലും ഉപരിവിദ്യാഭ്യാസസ്ഥാപനങ്ങളിലും വ്യവസായത്തിലും പ്രവർത്തിക്കുന്ന ശാസ്ത്രകൂട്ടായ്മകളുടെ പരസ്പരവർത്തനം അനുക്രമം ശക്തിപ്പെടുത്തുകയെന്നത് മുഖ്യമാണ്.

സാമൂഹ്യശാസ്ത്രകാരൻമാർ, ലോകസ്ഥിതിവികാസത്തിന്റെയും, സോവിയററ് യൂണിയനിലും ഇതരസോഷ്യലിസ്റ്റ് രാജ്യങ്ങളിലും നവസമുദായം കെട്ടിപ്പടുക്കുന്നതിന്റെ അനുഭവങ്ങളെയും, ഉൽപാദകശക്തികളുടെയും ഉൽപാദനബന്ധങ്ങളുടെയും ദ്വന്ദ്വാത്മകതയെയും, സോഷ്യലിസത്തിലെ ഭൗതിക-ആത്മീയമണ്ഡലങ്ങളെയും, കമ്യൂണിസ്റ്റ് വ്യവസ്ഥയുടെ രൂപീകരണത്തെ ഭരിക്കുന്ന സാമാന്യനിയമങ്ങളെയും, അതി

ന്റെ പരമോന്നതദശയിലേക്കുള്ള അനുക്രമമായ നീക്കത്തിന്ന് ഉറപ്പുവരുത്തുന്ന മാർഗ്ഗോപായങ്ങളെയുംപററി പഠിക്കുകയും സമഗ്രമായി വിശകലനം ചെയ്യുകയും ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. ഇന്നത്തെ ഘട്ടത്തിൽ സാമൂഹ്യശാസ്ത്രങ്ങളെ അഭിമുഖീകരിക്കുന്ന ഒരു അടിയന്തിരകടമ, സോഷ്യലിസ്റ്റ് സമുദായത്തിലെ വസ്തുനിഷ്ഠവൈരുദ്ധ്യങ്ങൾക്ക് ശാസ്ത്രീയമായ വിശകലനം നൽകുകയും അവ എങ്ങിനെ തരണം ചെയ്യാമെന്നതു സംബന്ധിച്ച് ഈടുററ ശുപാർശകൾ ആവിഷ്കരിക്കുകയും വിശ്വസിച്ചാശ്രയിക്കാവുന്ന സാമ്പത്തിക-സാമൂഹ്യപ്രവചനങ്ങൾ നടത്തുകയും ചെയ്യുകയെന്നതാണ്.

കമ്യൂണിസ്റ്റ്, തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിലും ദേശീയവിമോചനപ്രസ്ഥാനത്തിലും മുതലാളിത്തസമുദായത്തിലും നടന്നുകൊണ്ടിരിക്കുന്ന പ്രക്രിയകളെപ്പററി കൂലംകഷമായി പഠിക്കേണ്ടതുണ്ട്. ലോകസ്ഥിതിവികാസത്തിന്റെ ഗതി മാനവരാശിക്കുമുമ്പാകെ ആഗോളവ്യാപ്തിയുള്ള ഒട്ടേറെ പ്രശ്നങ്ങൾ ഉന്നയിക്കുന്നു. ശാസ്ത്രം ഈ പ്രശ്നങ്ങൾക്ക് ശരിയായ ഉത്തരങ്ങൾ നൽകണം. ബൂർഷ്വാ-പരിഷ്കരണവാദ പ്രത്യയശാസ്ത്രങ്ങളേയും തിരുത്തൽവാദത്തെയും വരട്ടുതത്വവാദത്തെയും എതിർത്തു പരാജയപ്പെടുത്തുകയെന്നത് സാമൂഹ്യശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട ഒരു കടമയാണ്.

ശാസ്ത്രരംഗത്തിലെ ആശയങ്ങളുടെയും വിചാരധാരകളുടെയും ധീരമായ അന്വേഷണത്തേയും മത്സരത്തേയും ഫലവത്തായ ചർച്ചകളേയും വാദപ്രതിവാദങ്ങളേയും പാർട്ടി പിന്താങ്ങുന്നു. സാമാന്യ സൈദ്ധാന്തികസ്വഭാവമുള്ള ധീരമായ നിഗമനങ്ങൾക്ക് ഇടമില്ലാത്ത പണ്ഡിതമ്മന്യമായ ചർച്ചകളും വസ്തുതകളുടെ വിരസമായ വിവരണവും ശാസ്ത്രത്തിന്ന് അന്യമാണ്. അവസരസേവയും യാഥാർത്ഥ്യവുമായി സമ്പർക്കമില്ലായ്മയും അങ്ങിനെതന്നെ. ഇക്കാലത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ സാമൂഹ്യശാസ്ത്രങ്ങളുടേയും പ്രകൃതിശാസ്ത്രങ്ങളുടേയും സാങ്കേതികശാസ്ത്രങ്ങളുടേയും കൂടുതൽ വിശാലമായ ഒരു സംയോജനം ആവശ്യമാക്കുന്നു. കാലികപ്രശ്നങ്ങളെക്കുറിച്ചു പല കോണുകളിൽനിന്നുള്ള പഠനത്തിന്നും ശാസ്ത്രകാര്യപ്രവർത്തകരുടെ മതിയായ ചലനക്ഷമതയ്ക്കും ശാസ്ത്രീയകേന്ദ്രങ്ങളുടേയും ഗവേഷണ-വികസനപ്രോജക്ടുകളുടേയും അനുനേയമായ ഒരു ഘടനയ്ക്കും ഉറപ്പുവരുത്തുന്ന ശാസ്ത്രസംഘടനാരൂപങ്ങൾ വിപുലപ്പെടുത്തണം. സാമൂഹ്യ-സാമ്പത്തിക വികസനപദ്ധതികളുടെ രൂപവൽക്കരണത്തിലും നിർവ്വഹണത്തിലും അവയുടെ പങ്ക് വർദ്ധിപ്പിക്കുകയെന്നത് മർമ്മപ്രധാനമാണ്. നവശക്തികൾ, വിശേഷിച്ചും ഉൽപാദനരംഗത്തിൽനിന്ന്, നിരന്തരമായി വരികയും, ശാസ്ത്രകാരൻമാരുടെ സർഗ്ഗാത്മക ശേഷിസാദ്ധ്യതകളെ കാര്യക്ഷമമായി വിനിയോഗിക്കുകയും സൈദ്ധാന്തികവും പ്രായോഗികവുമായ പ്രശ്നങ്ങളുടെ പരിഹരണത്തിലേക്കുള്ള യഥാർത്ഥ സംഭാവനക്കനുസരിച്ച് അവരുടെ ജോലിക്കു ചോദനം ലഭിക്കുകയും ചെയ്കയെന്നത് ശാസ്ത്രപുരോഗതിക്ക് അത്യാവശ്യമായ ഒരു പൂർവ്വോപാധിയാണ്.

## 4. സാംസ്കാരികവികാസത്തിന്റേയും സാഹിത്യത്തിന്റേയും കലയുടേയും തുറയിൽ

ശരിക്കും ഒരു ജനകീയസംസ്കാരമായ, സാർവ്വദേശീയാംഗീകാരം നേടിയ സംസ്കാരമായ, ബഹുദേശീയ സോവിയററ് സംസ്കാരത്തിന്റെ വികസനം നമ്മുടെ വ്യവസ്ഥിതിയുടെ ചരിത്രപ്രധാനമായ ഒരു നേട്ടമാണ്. ആ സംസ്കാരത്തിന്റെ പ്രബലമായ സ്വാധീനത്തിന്റെ ഉറവിടം, ജീവിതയാഥാർത്ഥ്യത്തോടും സോഷ്യലിസത്തിന്റേയും കമ്യൂണിസത്തിന്റേയും ആദർശങ്ങളോടുമുള്ള പ്രതിബദ്ധതയിലും, അതിന്റെ അഗാധമായ മനുഷ്യസ്നേഹപരതയിലും ശുഭാപ്തിവിശ്വാസത്തിലും ജനങ്ങളുമായുള്ള ഉററ ബന്ധത്തിലുമാണ് കുടികൊള്ളുന്നത്.

അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾ ആത്മീയ-ഭൗതികസംസ്കാരത്തിന്റെ മൂല്യങ്ങൾ പൂർണ്ണതരമായും ഗാഢതരമായും സ്വാംശീകരിക്കുകയും, അവർ കലാപരമായ സർഗ്ഗാത്മകപ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുകയെന്നത് വളരെ പ്രധാനമാണെന്ന് സി. പി. എസ്. യു. കരുതുന്നു സാംസ്കാരികവികസനം സംബന്ധിച്ച ലെനിനിസ്റ്റ് പ്രമാണങ്ങളുടെ മാർഗ്ഗദർശനം സുസ്ഥിരം സ്വീകരിക്കുകയും, ദേശീയ കലാസംസ്കാരത്തിലും ലോകകലാസംസ്കാരത്തിലും ഉത്തമമായിട്ടുള്ളതിനെ ഉൾക്കൊള്ളുകയും ചെയ്തുകൊണ്ട്, അദ്ധ്വാനിക്കുന്ന ജനങ്ങൾക്കും വളരും തലമുറയ്ക്കും സൗന്ദര്യാവബോധപരമായ വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ പാർട്ടി ശ്രദ്ധിക്കുന്നതാണ്. സൗന്ദര്യാത്മകപ്രമാണങ്ങൾ, സൃഷ്ടിപരപ്രവർത്തനങ്ങൾക്ക് കൂടുതൽ ആവേശം പകരുകയും വ്യക്തിയെ ഉന്നമിപ്പിക്കുകയും അയാളുടെ ദൈനംദിനജീവിതത്തെ ഉദാത്തീകരിക്കുകയും ചെയ്യും.

സാംസ്കാരികമണ്ഡലം, ജനതതിയിലെ വ്യത്യസ്തപാളികളുടെ വർദ്ധമാനമായ ആവശ്യങ്ങൾ നിറവേററുകയും ജനങ്ങളുടെ അമെച്ചർ കലാപ്രവർത്തനങ്ങൾക്ക് മതിയായ സാദ്ധ്യതകൾ പ്രദാനം ചെയ്യുകയും മാനുഷികശേഷിസാദ്ധ്യതകൾ വികസിപ്പിക്കുകയും സോഷ്യലിസ്റ്റ് ജീവിതരീതിയെ സമ്പന്നമാക്കുകയും ആരോഗ്യവത്തായ ആവശ്യങ്ങളും ഉദാത്തമായ കലാഭിരുചികളും വാർത്തെടുക്കുകയും ചെയ്യുവാൻ ചുമതലപ്പെട്ടിരിക്കുന്നു. സാംസ്കാരികവിദ്യാഭ്യാസത്തിന്റേയും പ്രചാരണപ്രവർത്തനങ്ങളുടേയും ഉള്ളടക്കവും രീതികളും നിരന്തരം മെച്ചപ്പെടുത്തുകയും, ഈ പ്രവർത്തനത്തിന്റെ ഭൗതികാടിത്തറ ശക്തിപ്പെടുത്തുകയും നാട്ടിൻപുറത്തും നവവികസിതമേഖലകളിലും ഊർജ്ജിതമായ സാംസ്കാരികവികസനപരിപാടികൾ നടപ്പാക്കുകയും ചെയ്യേണ്ടത് ഈ കടമകളുടെ ഫലപ്രദമായ നിർവ്വഹണത്തിന്നുള്ള ഒരു അവശ്യോപാധിയാണെന്ന് പാർട്ടി കരുതുന്നു.

സാഹിത്യത്തിന്റേയും കലകളുടേയും പങ്കിന്റെ വർദ്ധനയെ പാർട്ടി സർവ്വവിധത്തിലും പ്രോത്സാഹിപ്പിക്കുന്നതാണ്. ജനങ്ങളുടെ താൽപര്യങ്ങളേയും കമ്യൂണിസമെന്ന ലക്ഷ്യത്തേയും പരിസേവിക്കുകയും ജനകോടികൾക്ക് സന്തോഷത്തിന്റേയും പ്രചോദനത്തിന്റേയും ഒരു ഉറവിടമായിരിക്കുകയും അവരുടെ ഹിതവും വികാരങ്ങളും ചിന്തകളും പ്രകാശി

പ്പിക്കുകയും അവരുടെ പ്രത്യയശാസ്ത്രപരമായ വികസനത്തിന്നും നൈതികവിദ്യാഭ്യാസത്തിന്നും ഊർജ്ജസ്വലമായി സംഭാവനചെയ്യുകയും ചെയ്യുവാൻ അവ ചുമതലപ്പെട്ടിരിക്കുന്നു.

ജനജീവിതവുമായുള്ള കെട്ടുപാടുകളെ ദൃഢീകരിക്കുകയും സോഷ്യലിസ്റ്റ് യാഥാർത്ഥ്യത്തെ സത്യസന്ധമായും അതീവ കലാസുന്ദരമായും അവതരിപ്പിക്കുകയും, നവവും പുരോഗമനപരവുമായതിനെ പ്രബോധകവും സ്പഷ്ടവുമായി ചിത്രീകരിക്കുകയും സാമൂഹ്യപുരോഗതിയെ തടസ്സപ്പെടുത്തുന്ന സകലതിനേയും വികാരോജ്ജ്വലമായി തുറന്നുകാട്ടുകയും ചെയ്കയെന്നതാണ് സാഹിത്യത്തിന്റെയും കലകളുടേയും വികസനത്തിന്നുള്ള മുഖ്യ മാർഗ്ഗം.

ജനങ്ങളോടും പാർട്ടിയോടുമുള്ള കൂറിന്റെ പ്രമാണങ്ങളിൽ അധിഷ്ഠിതമാണ് സോഷ്യലിസ്റ്റ് റിയലിസത്തിന്റെ കലകൾ. അവ ജീവിതത്തിന്റെ സത്യസന്ധമായ, കലാസുന്ദരമായ അവതരണത്തിലെ ധീരമായ പുതുമകളെ ദേശീയസംസ്കാരത്തിലെയും ലോകസംസ്കാരത്തിലെയും എല്ലാ പുരോഗമനപാരമ്പര്യങ്ങളുടേയും ഉപയോജനവുമായും വികസനവുമായും കൂട്ടിയിണക്കുന്നു. സാഹിത്യ-കലാപ്രവർത്തകർക്ക് യഥാർത്ഥത്തിൽ നിർബ്ബാധമായ സർഗ്ഗാത്മക യത്നങ്ങൾക്കും തൊഴിൽപരമായ വളർച്ചയ്ക്കും, റിയലിസത്തിന്റെ വിവിധ രൂപങ്ങളുടെയും ശൈലികളുടെയും ഗണങ്ങളുടെയും ഉത്തരോത്തര വികസനത്തിന്നും വിപുലമായ സൗകര്യമുണ്ട്. ജനങ്ങളുടെ സാംസ്കാരിക നിലവാരങ്ങൾ ഉയരുന്നതിന്നനുസരിച്ച് കലയ്ക്ക് സമുദായത്തിന്റെ ജീവിതത്തിലും അതിന്റെ ധാർമ്മിക-മാനസിക കാലാവസ്ഥയിലുമുള്ള സ്വാധീനം വർദ്ധിക്കുന്നു. ഇത് തങ്ങളുടെ സർഗ്ഗാത്മക രചനയുടെ പ്രത്യയശാസ്ത്രച്ചായ്‌വിനേയും തങ്ങളുടെ കൃതികളുടെ കലാപരമായ സ്വാധീനത്തിന്റെ ബലത്തേയും സംബന്ധിച്ചേടത്തോളം, സംസ്കാരികതുറയിലെ പ്രവർത്തകർക്കുള്ള ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു.

പ്രതിഭയോടും കലാപരമായ അന്വേഷണത്വരയോടും ശ്രദ്ധാപൂർവ്വകവും ബഹുമാനപൂർവ്വകവുമായ ഒരു നിലപാടാണ് സി. പി. എസ്. യു. കൈക്കൊള്ളുന്നത്. അതേസമയംതന്നെ അത് ബുദ്ധിജീവികളുടെ യൂണിയനുകളെയും സാഹിത്യത്തെയും കലയെയും സംബന്ധിച്ച പൊതുജനാഭിപ്രായത്തേയും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സാഹിത്യ-കലാവിമർശനത്തേയും ആശ്രയിച്ചുകൊണ്ട്, പ്രത്യയശാസ്ത്രപരമായ പൊള്ളത്തരത്തിന്റെ പ്രകടനങ്ങൾ, ലോകവീക്ഷണത്തിലെ ഗുണദോഷവിവേചനരാഹിത്യം, കലാപരമായ വിരസത, പ്രതിഫലത്തെ മുൻനിർത്തി നടത്തുന്ന ക്ഷുദ്രസാഹിത്യരചന എന്നിവക്കെതിരായി എപ്പോഴും പോരാടിയിട്ടുണ്ട്; തുടർന്നു പോരാടുകയും ചെയ്യും.

സോവിയററ് സംസ്കാരം, ജനതകൾക്കിടയിൽ പരസ്പരധാരണയും സൗഹൃദബന്ധവും സുകരമാക്കുകയും സാമ്രാജ്യത്വത്തിന്നും പിന്തിരിപ്പത്വത്തിന്നും യുദ്ധത്തിന്നും എതിരായ സമരത്തിന്ന് ഊർജ്ജസ്വലമായ സംഭാവന നൽകുകയും ചെയ്യുന്നു. സോവിയററ് സംസ്കാരം, സോഷ്യലിസ്റ്റ് സമുദായത്തിന്റെ ആത്മീയജീവിതത്തിന്റെ പ്രത്യയശാസ്ത്രസമ്പന്നതയും വൈവിധ്യവും അതിന്റെ യഥാർത്ഥ മനുഷ്യസ്നേഹപരതയും പകർന്നുകൊടുത്തുകൊണ്ട്, ലോകസംസ്കാരത്തെ പരിപോഷിപ്പിക്കുകയും മാനവനാഗരികതയുടെ ആത്മീയപുരോഗതിയുടെ ഒരു പ്രബലഘടകവും വരാനിരിക്കുന്ന കമ്യൂണിസസംസ്കാരത്തിന്റെ ഒരു പ്രാഗ്‌രൂപവുമെന്ന നിലയിൽ അധികാധികം ഊക്കോടെ സ്വയം പ്രകടമാവുകയും ചെയ്യുന്നു.

ഭാഗം മൂന്ന്

# സാർവദേശീയ രംഗത്ത്, സമാധാനത്തിന്നും പുരോഗതിക്കും വേണ്ടിയുള്ള യത്നത്തിൽ സി. പി. എസ്. യു.വിന്റെ കടമകൾ

സി. പി. എസ്. യു.വിന്റെ സാർവ്വദേശീയ നയം ചൂഷണത്തിൽനിന്നും മർദ്ദനത്തിൽനിന്നും വിമുക്തവും ഒരു യുദ്ധം കെട്ടഴിച്ചുവിടുന്നതിൽ താൽപര്യമുള്ള വർഗ്ഗങ്ങളോ സാമൂഹ്യവിഭാഗങ്ങളോ ഇല്ലാത്തതുമായ സോഷ്യലിസ്റ്റ് സമുദായത്തിന്റെ ജീവകാരുണ്യപരമായ സ്വഭാവത്തെ ആധാരമാക്കിയാണ് മുന്നോട്ടുപോകുന്നത്. അത് പാർട്ടിയുടെ ആഭ്യന്തരനയത്തിന്റെ മൗലികവും തന്ത്രപ്രധാനവുമായ കടമകളുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; നിർമ്മാണപരമായ ജോലിയിൽ ഏർപ്പെടാനും എല്ലാ ജനതകളുമായും സമാധാനത്തിൽ കഴിഞ്ഞുകൂടാനും സോവിയറ്റ് ജനങ്ങൾക്കുള്ള പൊതു അഭിവാഞ്ഛയെ അത് പ്രകടിപ്പിക്കുകയും ചെയ്യുന്നു.

സി. പി. എസ്. യു.വിന്റെ സാർവ്വദേശീയ നയത്തിന്റെ മുഖ്യ ലക്ഷ്യങ്ങളും ദിശകളും താഴെ പറയുന്നവയാണ്:

സോഷ്യലിസ്റ്റ് സമുദായത്തിന്റെ അന്യൂനീകരണത്തിന്നും സോവിയറ്റ് യൂണിയനിൽ കമ്യൂണിസത്തിന്റെ മുന്നേററത്തിന്നും വേണ്ട ശോഭനമായ ബാഹ്യസാഹചര്യങ്ങൾ പ്രദാനം ചെയ്യൽ; ലോകയുദ്ധത്തിന്റെ ഭീഷണി നീക്കംചെയ്യുകയും സാർവ്വത്രിക സുരക്ഷിതത്വവും നിരായുധീകരണവും സാധിയ്ക്കുകയും ചെയ്യൽ;

സോവിയററ് യൂണിയനും സഹോദരസോഷ്യലിസ്റ്റ് രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിന്റെ നിരന്തരമായ വികസനവും വിപുലനവും ലോകസോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ദൃഢീകരണത്തിന്റെയും പുരോഗതിയുടേയും സർവ്വതോമുഖമായ ഉത്തേജനവും;

നവസ്വാതന്ത്ര്യരാജ്യങ്ങളുമായി തുല്യതയുടേതും സൗഹൃദത്തിന്റേതുമായ ബന്ധങ്ങളുടെ വികസനം;

സോവിയററുയൂണിയനും മുതലാളിത്തരാജ്യങ്ങളും തമ്മിൽ സമാധാനപരമായ സഹവർത്തനത്തിന്റെയും കാര്യമാത്രപ്രസക്തവും പരസ്പരം ഗുണകരവുമായ സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ ബന്ധങ്ങൾ നിലനിർത്തുകയും വികസിപ്പിക്കുകയും ചെയ്യൽ;

കമ്യൂണിസ്റ്റ് പാർട്ടികളുമായും വിപ്ലവജനാധിപത്യപാർട്ടികളുമായും സാർവ്വദേശീയ തൊഴിലാളിവർഗ്ഗപ്രസ്ഥാനവുമായും ജനതകളു

ടെ ദേശീയ വിമോചനസമരങ്ങളുമായും ഉള്ള സാർവ്വദേശീയവാദപരമായ സഹഭാവം.

വിദേശനയകാര്യങ്ങളോടുള്ള സി. പി. എസ്. യു വിന്റെ സമീപനം, സോവിയററ്ജനങ്ങളുടെ താൽപര്യങ്ങളുടെ ദൃഢമായ സംരക്ഷണത്തേയും സാമ്രാജ്യത്വത്തിന്റെ ആക്രമണോത്സുകനയത്തോടുള്ള ഉറച്ച എതിർപ്പിനേയും സംവാദത്തിന്നും സാർവ്വദേശീയപ്രശ്നങ്ങാം കൂടിയാലോചനകാം മുഖേന ക്രിയാത്മകമായി പരിഹരിക്കുന്നതിന്നുമുള്ള സന്നദ്ധതയുമായി ഏകോപിപ്പിക്കുന്നു.

പാർട്ടി ആവിഷ്ക്കരിച്ചതും സോവിയററ് സ്റ്റേററ്, രാജ്യത്തിന്റെ പ്രതിരോധശേഷിയുടെ ദൃഢീകരണത്തോടൊപ്പം സുസ്ഥിരം അനുവർത്തിക്കുന്നതുമായ, സമാധാനത്തിന്റേതായ വിദേശനയ കർമ്മസരണി, സോവിയററ് ജനതയ്ക്കും ലോകജനസഞ്ചയത്തിന്റെ മിക്കഭാഗത്തിന്നും 20-ാം നൂററാണ്ടിൽ സമാധാനപരമായ ജീവിതത്തിന്റെ ഏററവും നീണ്ട കാലഘട്ടത്തിന്ന് ഉറപ്പുവരുത്തിയിരിക്കുന്നു. സോവിയററ്ജനങ്ങളുടെ നിർമ്മാണപരമായ യത്നങ്ങാംക്കുതവണ്ട സമാധാനപരമായ സാഹചര്യങ്ങാം നിലനിർത്താനും സാർവ്വദേശീയ ബന്ധങ്ങാം അഭിവൃദ്ധിപ്പെടുത്താനും ലോകത്തെ ഗ്രസിച്ചിരിക്കുന്ന ആയുധപ്പന്തയം അവസാനിപ്പിക്കാനും ജനതകളുടെ തലക്കുമുകളിൽ തൂങ്ങിനിൽക്കുന്ന നുക്ലിയർ യുദ്ധഭീഷണി അകററാനും സി. പി. എസ്. യു. കഴിവുള്ളതെല്ലാം തുടർന്നു ചെയ്യുന്നതായിരിക്കും.

ഇന്നത്തേയും നാളത്തേയും തലമുറകളുടെ ജീവിതത്തിന്നുവേണ്ടി സമാധാനം കാത്തുരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും, ആക്രമണത്തിന്റെയും മിലിട്ടറിസത്തിന്റേയും ശക്തികാംക്ക് കടിഞ്ഞാണിടുകയും ചെയ്യുക എന്നതിനേക്കാാം കൂടുതൽ ഉൽക്കൃഷ്ടമോ ഉത്തരവാദിത്വപൂർണ്ണമോ ആയ മറെറാരു കടമയില്ല. യുദ്ധങ്ങളും ആയുധങ്ങളുമില്ലാത്ത ഒരു ലോകമാണ് സോഷ്യലിസത്തിന്റെ ആദർശം.

## I. സോഷ്യലിസ്ററ് രാജ്യങ്ങളുമായി സഹകരണം

സോവിയററ് യൂണിയനും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങളും തമ്മിലുള്ള സൗഹൃദബന്ധങ്ങളുടെ കൂടുതലായ വികസനത്തിന്നും ദൃഢീകരണത്തിന്നും സി. പി. എസ്. യു പ്രാഥമികപ്രാധാന്യം കൽപിക്കുന്നു.

പാർട്ടി, സോവിയററ് യൂണിയനും ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയിൽപെട്ട ഇതരരാജ്യങ്ങളും തമ്മിലുള്ള സ്ഥായിയായ സഖിത്വപരമായ ബന്ധങ്ങളും വൈവിദ്ധ്യവൽക്കൃതമായ സഹകരണവും കാംക്ഷിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ആരടുപ്പം, അവയിൽ ഓരോ രാജ്യത്തിന്റെയും താൽപര്യങ്ങാംക്കും അവയുടെ പൊതുതാൽപര്യങ്ങാംക്കും അനുയോജ്യമാണെന്ന നിഗമനത്തെ, അത് സമാധാനലക്ഷ്യത്തേയും സോഷ്യലിസ്റ്റ് ആദർശങ്ങളുടെ വിജയത്തേയും സഹായിക്കുമെന്ന നിഗമനത്തെ, അടിസ്ഥാനമാക്കിയാണ് അത് മുന്നോട്ടുപോകുന്നത്.

സൗഹൃദബന്ധങ്ങളെ സമഗ്രമായി ദൃഢീകരിക്കുകയും, സോവിയററ് യൂണിയന്ന് സോഷ്യലിസ്റ്റ് സമുച്ചയത്തിലെ ഇതരരാജ്യങ്ങളുമായു

ളള ബന്ധങ്ങളെ വികസിപ്പിക്കുകയും ഉന്നമിപ്പിക്കുകയും ചെയ്കയെന്നത് സി. പി. എസ്. യു.വിനെ സംബന്ധിച്ചേടത്തോളം, പ്രത്യേകതാൽപര്യമുളള ഒരു വിഷയമാണ്.

അവയുടെ സർവ്വതോമുഖമായ സഹകരണത്തിന്നുളള ചാലകശക്തി കുടികൊളളുന്നത് ഭരണത്തിലുളള കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളിലാണ്. സഹോദരരാജ്യങ്ങളിലെ കമ്യൂണിസ്റ്റുകളുടെ അണിയടുപ്പത്തെ ദൃഢീകരിക്കുന്നതിന്നും പാരസ്പരികതയുടെ അടിസ്ഥാനത്തിൽ സാമൂഹ്യകാര്യങ്ങൾ കൊണ്ടുനടത്തുന്ന സമ്പ്രദായത്തെ സമ്പുഷ്ടമാക്കുന്നതിന്ന് ഉറപ്പേകുന്നതിന്നും വേണ്ടി സി. പി. എസ്. യു., കേന്ദ്രകമ്മിററികൾ തൊട്ട് പ്രാഥമിക പാർട്ടി ഘടകങ്ങൾ വരെ പാർട്ടികളുടെ എല്ലാ തലങ്ങളേയും ആശ്ലേഷിക്കുന്ന, പാർട്ടികൾ തമ്മിൽത്തമ്മിലുളള ബന്ധങ്ങൾ വിപുലപ്പെടുത്തുന്നതിന്ന് തുടർന്നും സംഭാവനയേകും. അഭിപ്രായങ്ങളും അനുഭവവും ഉഭയപക്ഷാടിസ്ഥാനത്തിലും ബഹുപക്ഷാടിസ്ഥാനത്തിലും കൈമാറാനും അത് സഹായിക്കും.

സോവിയററ് യൂണിയനും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങളും തമ്മിലുളള അന്താരാഷ്ട്രബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ഉടമ്പടികളിലും കരാറുകളിലും അതിന്ന് ഔപചാരികരൂപം നൽകുകയും നിയമനിർമ്മാണഘടകങ്ങൾ തമ്മിലും പൊതുസംഘടനകൾ തമ്മിലും സമ്പർക്കങ്ങൾ വളർത്തുകയും രാഷ്ട്രീയ സഹകരണത്തിന്റെ എല്ലാ രൂപങ്ങളും കൂടുതൽ ഊർജ്ജസ്വലമാക്കുകയും ചെയ്യുകയെന്ന കർമ്മസരണി സി. പി. എസ്. യു. തുടർന്ന് പിൻപററുന്നതായിരിക്കും.

സാർവ്വദേശീയസ്ഥിതിയും ഓരോ രാജ്യത്തിന്റെയും താൽപര്യങ്ങളും സമുച്ചയത്തിന്റെ പൊതുവായ താൽപര്യങ്ങളും യഥാവിധി കണക്കിലെടുത്തുകൊണ്ട് സഹോദരരാജ്യങ്ങൾ സാർവ്വദേശീയരംഗത്ത് ഉത്തരോത്തരം കാര്യക്ഷമമായ പരസ്പരപ്രവർത്തനം നടത്തണമെന്നതാണ് സോവിയററ് കമ്യൂണിസ്റ്റുകളുടെ നിലപാട്.

*നാറേറാ* എന്ന സാമ്രാജ്യത്വ സൈനികച്ചേരി നിലവിലുളള കാലത്തോളം, സാമ്രാജ്യത്വത്തിന്റെ ആക്രമണോൽസുകമായ അതിമോഹങ്ങൾക്ക് എതിരായ കൂട്ടുപ്രതിരോധത്തിന്റെയും സ്ഥായിയായ സമാധാനത്തിന്നും വിശാലതരമായ സാർവ്വദേശീയ സഹകരണത്തിന്നും വേണ്ടിയുളള സംയുക്തസമരത്തിന്റെയും ഒരുപകരണമായ വാഴ്സാ ഉടമ്പടി സംഘടനയുടെ പ്രവർത്തനങ്ങൾ എല്ലാവിധത്തിലും ഉത്തേജിപ്പിക്കാൻ സഹായിക്കുകയെന്നത് മർമ്മപ്രധാനമാണെന്ന് പാർട്ടി കരുതുന്നു.

സാമ്പത്തികബന്ധങ്ങളിൽ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് ഒന്നിച്ചുചേരാനുളള ഭൗതികാടിസ്ഥാനമെന്ന നിലയിൽ സോഷ്യലിസ്റ്റ് സാമ്പത്തികോദ്ഗ്രഥനത്തെ കൂടുതൽ വിപുലപ്പെടുത്തുന്നതിന്നുവേണ്ടി സി. പി. എസ്. യു. നിലകൊളളുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും മുന്നണിയിൽ എത്തുക എന്ന ചരിത്രപ്രധാനമായ കടമ സംയുക്തമായി നിർവ്വഹിക്കുവാനും സ്വന്തം ജനങ്ങളുടെ ക്ഷേമം കൂടുതൽ അഭിവൃദ്ധിപ്പെടുത്തുവാനും അവരുടെ സുരക്ഷിതത്വം ശക്തിപ്പെടുത്തുവാനും ഉൽപാദനതീവ്രീകരണത്തിന്റെയും ശാസ്ത്രീയ-സാങ്കേതിക പുരോഗതിയുടെ ത്വരണത്തിന്റെയും മുഖ്യമേഖലകളിൽ സഹോ

ദരരാജ്യങ്ങൾ സുസ്ഥിരം ഒത്തുചേർന്ന് പ്രവർത്തിക്കുകയെന്നത് പ്രത്യേകിച്ചും പ്രധാനമാണെന്ന് പാർട്ടി കരുതുന്നു.

സോഷ്യലിസ്റ്റ് സമുച്ചയത്തിൽപെട്ട രാജ്യങ്ങളിലെ സാമൂഹ്യോൽപാദനത്തിന്റെയും സോഷ്യലിസ്റ്റ് ജീവിതരീതിയുടെയും പുരോഗതിക്കും സാമ്പത്തികവികാസനിലവാരങ്ങളുടെ കൂടുതൽ വേഗത്തിലുള്ള സമീകരണത്തിന്നും, ലോകത്തിൽ സോഷ്യലിസത്തിന്റെ കൈനിലകളുടെ ദൃഢീകരണത്തിന്നും ഉദ്ഗ്രഥനം ഉത്തരോത്തരം വർദ്ധമാനമായ അളവിൽ സംഭാവന ചെയ്യേണ്ടതാണെന്ന ധാരണയെ അടിസ്ഥാനമാക്കിയാണ് പാർട്ടി മുന്നോട്ടു പോകുന്നത്.

സാമ്പത്തികനയങ്ങളെ ഏകോപിപ്പിക്കാനും സാമ്പത്തികസഹകരണത്തിന്റെ വിധാനം മെച്ചപ്പെടുത്താനും ആ സഹകരണത്തിന്റെ പുതിയ രൂപങ്ങൾ ആവിഷ്കരിക്കാനും പ്രത്യേകവൽക്കരണവും സഹഉൽപാദനവും വിപുലപ്പെടുത്താനും പദ്ധതികളെ ഏകോപിപ്പിക്കാനും വികസിതാനുഭവങ്ങൾ കൈമാറാനും വ്യവസായസാകല്യങ്ങളും വ്യവസായസ്ഥാപനങ്ങളും തമ്മിൽ നേരിട്ടുള്ള ബന്ധങ്ങൾ ഏർപ്പെടുത്താനുംവേണ്ടി സഹോദരപാർട്ടികൾ നടത്തുന്ന സംയുക്തപ്രവർത്തനത്തിൽ സി. പി. എസ്. യു. സജീവമായി പങ്കെടുക്കും. പരസ്പരസാമ്പത്തികസഹായസമിതിയുടെ പങ്ക് വർദ്ധിപ്പിക്കാനും ഉഭയപക്ഷ-ബഹുപക്ഷ പരിപാടികളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക സഹകരണം വിശാലതരമാക്കാനും പാർട്ടി സഹായിക്കും.

സോഷ്യലിസ്റ്റ് രാജ്യങ്ങളും മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള തുല്യവും പരസ്പരം ഗുണകരവുമായ സാമ്പത്തികസഹകരണത്തെ സ്വാഭാവികവും പ്രയോജനപ്രദവുമായി പാർട്ടി കരുതുന്നു; അതേസമയംതന്നെ, സോഷ്യലിസ്റ്റ് ഉദ്ഗ്രഥനത്തിന്റെ വികസനം, സാമ്രാജ്യത്വത്തിന്റെ ശത്രവനടപടികളുടെയും മുതലാളിത്തത്തിന്ന് ജന്മസിദ്ധമായ സാമ്പത്തികപ്രതിസന്ധികളുടെ സ്വാധീനത്തിന്റെയും മററു പ്രതികൂലപ്രതിഭാസങ്ങളുടെയും മുമ്പിൽ സമുച്ചയത്തിന്നുള്ള സാങ്കേതിക-സാമ്പത്തിക ദുർഭേദ്യതയെ വർദ്ധിപ്പിക്കണമെന്ന് പാർട്ടി വിശ്വസിക്കുകയുംചെയ്യുന്നു.

സി. പി. എസ്. യു. വിന്റെ പ്രത്യയശാസ്ത്രം, സോഷ്യലിസ്റ്റ് നിർമ്മാണത്തിലെയും അധ്വാനിക്കുന്ന ജനങ്ങളുടെ കമ്യൂണിസ്റ്റ് വിദ്യാഭ്യാസത്തിലെയും അനുഭവങ്ങൾ പഠിക്കുകയും വിനിയോഗിക്കുകയും ചെയ്യുന്നതിൽ സഹോദരപാർട്ടികൾ ഒന്നുചേർന്ന് യത്നിക്കുവാനും, അങ്ങിനെ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തിന്റെ സൃഷ്ട്യുന്മുഖമായ സ്വഭാവത്തെ ഉത്തേജിപ്പിക്കുകയും അതിന്റെ വിപ്ലവാത്മകമായ സത്തയെ ഉയർത്തിപ്പിടിക്കുകയും ചെയ്തുകൊണ്ട് അതിനെ വികസിപ്പിക്കുവാനും നിലകൊള്ളുന്നു. കൂട്ടായ വിചിന്തനത്തെ ഊർജ്ജിതപ്പെടുത്തുകയും സാംസ്കാരിക-ബൗദ്ധികമൂല്യങ്ങളുടെ വിനിമയം നിരന്തരം വിപുലപ്പെടുത്തുകയും ശാസ്ത്രരംഗത്തിലും സാംസ്കാരികരംഗത്തിലും സഹകരിക്കുകയും ചെയ്യുന്നത്, സോഷ്യലിസ്റ്റ് രാജ്യങ്ങൾ തമ്മിലുള്ള സൗഹൃദം അധിതരം ബലപ്പെടുത്താൻ സഹായിക്കും.

പാർട്ടി സഹോദരജനതകളുടെ ഐക്യത്തെയും ചരിത്രപരമായ പൊതുഭാഗധേയങ്ങളെയും കുറിച്ചുള്ള അവബോധം തുടർന്ന് വർദ്ധിപ്പിക്കു

ന്നതാണ്. സോഷ്യലിസത്തെക്കുറിച്ചുള്ള സത്യസ്ഥിതി പ്രചരിപ്പിക്കുക, സാമ്രാജ്യത്വനയത്തെയും സാമ്രാജ്യത്തപ്രചാരവേലയേയും തുറന്നുകാട്ടുക, കമ്യൂണിസവിരോധത്തെയും സോഷ്യലിസവിരോധത്തെയും തിരിച്ചടിച്ചു പരാജയപ്പെടുത്തുക, വരട്ടുതത്വ-തിരുത്തൽവാദ വീക്ഷണങ്ങൾക്കെതിരായി സമരം നടത്തുക എന്നിവ കമ്യൂണിസ്റ്റുകൾ ഒററക്കെട്ടായി നിന്ന് പ്രവർത്തിച്ചാൽ കൂടുതൽ എളുപ്പത്തിൽ നിർവ്വഹിക്കാവുന്ന കടമകളാണ്.

മററു സഹോദരപാർട്ടികളുമായി ചേർന്നുകൊണ്ട് സോഷ്യലിസ്റ്റ് സമുച്ചയത്തിന്റെ ഐക്യം ശക്തിപ്പെടുത്തുകയും കരുത്തും സ്വാധീനവും പടുത്തുയർത്തുകയും ചെയ്യുകയെന്നത് സ്വന്തം സാർവ്വദേശീയവാദപരമായ കടമയാണെന്ന് സി. പി. എസ്. യു. കരുതുന്നു. സോഷ്യലിസവും മുതലാളിത്തവും തമ്മിലുള്ള മൽസരത്തിന്റെ ഗതിയും ലോകനാഗരികതയുടെ ഭാവിയും വലിയൊരളവോളം സോഷ്യലിസ്റ്റ് സമുച്ചയത്തിന്റെ കരുത്തിനേയും നിർമ്മാണാത്മകയത്നങ്ങളിൽ ഓരോ രാജ്യത്തിന്നുമുണ്ടാവുന്ന വിജയങ്ങളെയും അവയുടെ ലക്ഷ്യബോധത്തെയും ഏകോപിത നടപടികളെയും ആശ്രയിച്ചാണിരിക്കുന്നത്.

സോഷ്യലിസം, സമുദായത്തിന്റെ ആത്മവിശ്വാസത്തോടുകൂടിയ പുരോഗതിക്കും രാജ്യങ്ങൾ തമ്മിലുള്ള സമഞ്ജസമായ പരസ്പര ബന്ധങ്ങൾക്കും ഒരുപോലെ എല്ലാ അവസരങ്ങളും പ്രദാനം ചെയ്യുന്നുവെന്ന് ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയുടെ വികാസത്തിന്റെ അനുഭവങ്ങൾ കാട്ടുന്നു. എന്നാൽ ഇതു രണ്ടും തന്നത്താൻ ഉണ്ടാവുകയില്ല.

രാജ്യങ്ങളുടെ സാമ്പത്തിക-രാഷ്ട്രീയ വികസനനിലവാരങ്ങളും അവയുടെ ചരിത്രപരവും സാംസ്കാരികവുമായ പാരമ്പര്യങ്ങളും, യഥാർത്ഥ സാഹചര്യങ്ങളും വ്യത്യസ്തങ്ങളാണ്. സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ സാമൂഹികവികാസം എപ്പോഴും ഋജുവായല്ല നടക്കുന്നത്. ഈ വികാസത്തിന്റെ ഓരോ മുഖ്യഘട്ടവും സങ്കീർണ്ണങ്ങളായ പുതിയ കടമകൾ ഉന്നയിക്കുന്നു. അവയുടെ നിർവ്വഹണത്തിന്ന് അത്യദ്ധ്വാനം ചെയ്കയും അന്വേഷണം നടത്തുകയും, വൈരുദ്ധ്യങ്ങളും പ്രയാസങ്ങളും ദൂരീകരിക്കുകയും ചെയ്ക ആവശ്യമാണ്

ഇതെല്ലാം പരമാവധി ശ്രദ്ധയും സർവ്വതോമുഖമായ സഹകരണവും ആവശ്യമാക്കുന്നുവെന്നാണ് സി. പി. എസ്. യു. വിന്റെ അഭിപ്രായം. എങ്കിൽ മാത്രമേ, പൊതുതാൽപര്യങ്ങൾക്ക് ഹാനികരമായേക്കാവുന്ന ഭിന്നതകൾക്ക് ഇടമുണ്ടാവാതിരിക്കുകയുള്ളു. തത്വത്തിന്റെ കാര്യങ്ങളിൽ നടപടികൾ ഏകോപിപ്പിക്കുകയും അപരന്റെ വിജയങ്ങളിൽ സഖിത്വപരമായ പരസ്പര താൽപര്യം ഉണ്ടായിരിക്കുകയും ബാധ്യതകൾ കർശനമായി നടപ്പാക്കുകയും ദേശീയവും സാർവ്വദേശീയവാദപരവുമായ പൊതുതാൽപര്യങ്ങളുടെ സാംഗോപാംഗമായ ബന്ധത്തെക്കുറിച്ച് ഗഹനമായ ബോധമുണ്ടായിരിക്കുകയും ചെയ്യേണ്ടത് പ്രത്യേകിച്ചും പ്രധാനമാണ്.

രണ്ടു ലോകവ്യവസ്ഥകൾ തമ്മിലുള്ള രൂക്ഷമായ പോരാട്ടത്തിന്റെതായ ഒരു സ്ഥിതിയിലാണ് പുതിയ സമുദായത്തിന്റെ ആവിർഭാവവും വികസനവും നടക്കുന്നത്. സോഷ്യലിസത്തിന്റെ കൈനിലകളെ ക്ഷീണിപ്പിക്കാനും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ പരസ്പര കെട്ടുപാടുകളെ, പ്രഥമമായും സോവിയററ് യൂണിയനുമായുള്ള കെട്ടുപാടുകളെ, അവതാളത്തിലാക്കാനും ശ്രമിക്കുന്ന സാമ്രാജ്യത്വം വെവ്വേറെ നടപടികളു

ടെ — രാഷ്ട്രീയവും സാമ്പത്തികവും പ്രത്യയശാസ്ത്രപരവുമായ നടപടികളുടെ — ഒരു വ്യൂഹം ഉപയോഗിക്കുകയും തല പൊക്കുന്ന പ്രശ്നങ്ങളെ ചൂഷണം ചെയ്യാൻ ശ്രമിക്കുകയും വിധ്വംസകമായ ആവശ്യങ്ങൾക്കുവേണ്ടി ദേശീയവാദപരമായ വികാരങ്ങളെ എടുത്ത് അമ്മാനമാടുകയും ചെയ്യുന്നു. അത്തരം സാഹചര്യങ്ങളിൽ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കിടയിലുള്ള ദൃഢമായ ഐക്യവും വർഗ്ഗസഹഭാവവും പ്രത്യേകിച്ചും പ്രധാനമാണെന്ന നിഗമനത്തെ അടിസ്ഥാനമാക്കിയാണ് സി. പി. എസ്. യു. മുന്നോട്ടുപോകുന്നത്.

ഭരണം നടത്തുന്ന കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികൾക്ക് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തോട് പ്രതിബദ്ധതയുണ്ടായിരിക്കുക, ആ സിദ്ധാന്തത്തെ ക്രിയാത്മകമായി പ്രയോഗിക്കുക, പാർട്ടികൾക്കും അധ്വാനിക്കുന്ന ജനങ്ങളുടെ വിശാലവിഭാഗങ്ങൾക്കും തമ്മിൽ ഉറച്ച ബന്ധമുണ്ടായിരിക്കുക, സമുദായത്തിൽ അവയുടെ ആധികാരികതയും നേതൃത്വപരമായ പങ്കും ദൃഢീകരിക്കുക, പാർട്ടി-സ്റ്റേററ് ജീവിതം സംബന്ധിച്ച ലെനിനിസ്റ്റ് മാനകങ്ങൾ കർശനമായി അനുഷ്ഠിക്കുക, ജനങ്ങളുടെ സോഷ്യലിസ്റ്റ് ഭരണത്തെ വികസിപ്പിക്കുക, യഥാർത്ഥസ്ഥിതിയെ സമചിത്തതയോടെ കണക്കിലെടുക്കുക, ഉയർന്നുവരുന്ന പ്രശ്നങ്ങൾ തക്കസമയത്ത് ശാസ്ത്രീയമായി പരിഹരിക്കുക, സോഷ്യലിസ്റ്റ് സാർവ്വദേശീയവാദപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മററു സഹോദര രാജ്യങ്ങളുമായി ബന്ധങ്ങൾ വളർത്തുക എന്നിവ, ലോക സോഷ്യലിസത്തിൻെറ വിജയകരമായ മുന്നേററത്തിന്ന് ഏററവും പ്രധാനപ്പെട്ട ഘടകങ്ങളാണെന്ന് സി. പി. എസ്. യു. വിൻെറ അനുഭവങ്ങൾ, ലോക സോഷ്യലിസത്തിൻെറയാകെ അനുഭവങ്ങൾ, കാണിക്കുന്നു.

ഓരോ സോഷ്യലിസ്റ്റ് രാജ്യത്തിൻെറയും സവിശേഷ ലക്ഷണങ്ങളും അതിൻെറ വികാസനിലവാരവും വലിപ്പവും ചരിത്രപരവും ദേശീയവുമായ പാരമ്പര്യങ്ങളും എന്തുതന്നെയായാലും അവയ്ക്കെല്ലാം ഒരേ വർഗ്ഗതാൽപര്യങ്ങളാണുള്ളത്. സോഷ്യലിസ്റ്റ് രാജ്യങ്ങളെ ഐക്യപ്പെടുത്തുകയും ഒന്നിച്ചുചേർക്കുകയും ചെയ്യുന്നതെന്താണോ അതാണ് പരമമായിട്ടുള്ളത്; അവയെ ഭിന്നിപ്പിക്കുന്നതെന്താണോ അതിനേക്കാൾ മഹത്തരമായത്.

സോഷ്യലിസ്റ്റ് രാജ്യങ്ങൾ പൂർണ്ണമായ സമത്വം പാലിക്കുകയും അവയുടെ ദേശീയ താൽപര്യങ്ങളോട് അന്യോന്യം ആദരവ് കാട്ടുകയും ചെയ്തുകൊണ്ട് ഉത്തരോത്തരം വമ്പിച്ച പരസ്പര ധാരണയുടേയും മൈത്രിയുടേയും പാത തുടർന്ന് പിൻപററുമെന്ന് സി. പി. എസ്. യു. വിന്ന് ബോധ്യംവന്നിരിക്കുന്നു. ചരിത്രപ്രധാനമായ ഈ പുരോഗമന പ്രക്രിയക്ക് പാർട്ടി സംഭാവന ചെയ്യുന്നതായിരിക്കും.

## II. നവസ്വതന്ത്രരാജ്യങ്ങളുമായി ബന്ധങ്ങൾ ശക്തിപ്പെടുത്തൽ

മുൻ കോളണികളോടും മുൻ അർദ്ധകോളണികളോടുമുള്ള നയം ആവിഷ്ക്കരിക്കവെ സി. പി. എസ്. യു. മുമ്പ് അടിമകളായിരുന്ന ജനതകൾ സ്വാതന്ത്ര്യത്തിൻെറ പാതയിൽ പ്രത്യക്ഷപ്പെടുകയും ഡസൻകണ

ക്കിൽ പുതിയ സ്റ്റേറ്റുകൾ ആവിർഭവിക്കുകയും ലോകരാഷ്ട്രീയത്തിലും ലോകസമ്പദ്വിധാനത്തിലും അവരുടെ പങ്ക് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നത് വർത്തമാനകാലഘട്ടത്തിന്റെ ഒരു സവിശേഷ ലക്ഷണമാണെന്ന നിഗമനത്തെ ആധാരമാക്കിയാണ് മുന്നോട്ടുപോകുന്നത്.

ലെനിൻ മുൻകൂട്ടി കണ്ടതുപോലെ, നവസ്വാതന്ത്ര്യജനതകൾ മാനവരാശിയുടെയാകെ ഭാഗധേയത്തിൽ മഹത്തായ ഒരു പങ്ക് വഹിക്കുന്നതാണ്. ഈ ജനതകളുടെ വർദ്ധമാനമായ സ്വാധീനം, സമാധാനത്തിന്നും സാമൂഹ്യപുരോഗതിക്കും അധികാധികം ഫലപ്രദമായ സംഭാവന ചെയ്യുന്നതിന്നുവേണ്ടിയാണ് സി. പി. എസ്. യു. നിലകൊള്ളുന്നത്.

സി. പി. എസ്. യു. നവസ്വാതന്ത്ര്യരാജ്യങ്ങളുമായി സോവിയററ്യൂണിയന്നുള്ള സൌഹൃദബന്ധങ്ങൾ വിപുലപ്പെടുത്തുകയെന്ന കർമ്മസരണി സുസ്ഥിരം അനുവർത്തിക്കുകയും, കൊളോണിയൽ അടിമത്വത്തിന്റെ ദുർവ്വഹവും അപമാനകരവുമായ ഭാരം നേരിട്ടനുഭവിച്ച ഈ ജനതകളുടെ അഭിവാഞ്ഛകളെ അഗാധമായ അനുഭാവത്തോടെ പരിഗണിക്കുകയും ചെയ്യുന്നു. സോവിയററ് യൂണിയൻ, പ്രസ്തുത രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തോടുള്ള നിഷ്കൃഷ്ടമായ ആദരവിന്റെയും തുല്യതയുടെയും അടിസ്ഥാനത്തിൽ അവയുമായി ബന്ധങ്ങൾ കെട്ടിപ്പടുക്കുകയും സാമ്രാജ്യത്വത്തിന്റെ പുത്തൻകൊളോണിയലിസ്റ്റ് നയത്തിന്നെതിരായും കൊളോണിയലിസത്തിന്റെ അവശിഷ്ടങ്ങൾക്കെതിരായും സമാധാനത്തിന്നും സാർവ്വത്രികസുരക്ഷിതത്വത്തിന്നുംവേണ്ടിയും ആ രാജ്യങ്ങൾ നടത്തുന്ന സമരത്തെ പിന്തുണക്കുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റ് ചായ്വുള്ള രാജ്യങ്ങളുമായുള്ള സഹഭാവത്തിന്നും രാഷ്ട്രീയ-സാമ്പത്തിക സഹകരണത്തിന്നും പാർട്ടി വളരെ പ്രാധാന്യം കൽപിക്കുന്നു. ഓരോ ജനതയും, അധികപക്ഷവും സ്വന്തം യത്നങ്ങൾ മുഖേന നവസമുദായത്തിന്റെ നിർമ്മാണത്തിന്നുവേണ്ട ഭൌതിക-സാങ്കേതികാസ്തിവാരം വികസിപ്പിക്കുകയും ബഹുജനങ്ങളുടെ ക്ഷേമവും സാംസ്കാരികനിലവാരങ്ങളും അഭിവൃദ്ധിപ്പെടുത്താൻ യത്നിക്കുകയും ചെയ്യുന്നു. ആ പാത പിൻപററുന്ന ജനതകൾക്ക്, സാമ്പത്തിക-സാംസ്കാരിക വികസനത്തിലും ദേശീയവിദഗ്ദ്ധരുടെ പരിശീലനത്തിലും തങ്ങളുടെ പ്രതിരോധശേഷി പടുത്തുയർത്തുവാനുള്ള യത്നത്തിലും മററു തുറകളിലും സഹായം നൽകാൻ സോവിയററ് യൂണിയൻ കഴിവുള്ളതെല്ലാം ചെയ്തിട്ടുണ്ട്. തുടർന്നു ചെയ്യുന്നതുമാണ്.

സി. പി. എസ്. യു. നവസ്വാതന്ത്ര്യരാജ്യങ്ങളിലെ വിപ്ലവജനാധിപത്യപാർട്ടികളുമായുള്ള ബന്ധങ്ങൾക്ക് ആഴം കൂട്ടിക്കൊണ്ടിരിക്കുന്നു. ആ പാർട്ടികളുടെ കൂട്ടത്തിൽ, തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയ സോഷ്യലിസത്തെ അടിസ്ഥാനമാക്കാൻ പ്രയത്നിക്കുന്നവയുമായി പ്രത്യേകിച്ചും ഉററ കൂട്ടുപ്രവർത്തനം നടത്തിവരുന്നു. സി. പി. എസ്. യു. സാമ്രാജ്യത്വവിരുദ്ധവും ദേശസ്നേഹപരവുമായ നിലപാടുകളിൽ ഉറച്ചുനിൽക്കുന്ന പുരോഗമനവാദികളായ ദേശീയപാർട്ടികളുമായി സമ്പർക്കങ്ങൾ വികസിപ്പിക്കുന്നതിന്നുവേണ്ടി നിലകൊള്ളുന്നു.

മുതലാളിത്തപരമായ വികസനത്തിന്റെ പാത പിന്തുടരുന്നവയായ നവസ്വാതന്ത്ര്യരാജ്യങ്ങളുമായിട്ടുകൂടി സഹകരിക്കാനുള്ള യാഥാർത്ഥ്യ

ചിതമായ അടിസ്ഥാനങ്ങൾ നിലവിലുള്ളതായിട്ടാണ്, നവസ്വതന്ത്രരാജ്യങ്ങളുമായി സോവിയററ് യൂണിയന്നുള്ള സഹകരണത്തിന്റെ അനുഭവങ്ങൾ കാട്ടിത്തന്നിരിക്കുന്നത്. സമാധാനം കാത്തുസൂക്ഷിക്കുന്നതിലും സാർവ്വദേശീയ സുരക്ഷിതത്വം ശക്തിപ്പെടുത്തുന്നതിലും ആയുധപ്പന്തയം അവസാനിപ്പിക്കുന്നതിലുമുള്ള പൊതുതാൽപര്യം എന്നാണതിന്നർത്ഥം. ജനതകളുടെ താൽപര്യങ്ങളും, ആജ്ഞാപനത്തിന്റേതും വെട്ടിപ്പിടുത്തത്തിന്റേതുമായ സാമ്രാജ്യത്വനയവും തമ്മിലുള്ള വഷളായിക്കൊണ്ടിരിക്കുന്ന വൈരുദ്ധ്യം എന്നാണതിന്നർത്ഥം. സോവിയററു യൂണിയനുമായുള്ള രാഷ്ട്രീയ-സാമ്പത്തികബന്ധങ്ങൾ തങ്ങളുടെ സ്വാതന്ത്ര്യം അരക്കിട്ടുറപ്പിക്കാൻ സഹായിക്കുന്നുവെന്ന വസ്തുത നവസ്വതന്ത്രരാജ്യങ്ങൾ മനസ്സിലാക്കുക എന്നാണതിന്നർത്ഥം.

നവസ്വതന്ത്രരാജ്യങ്ങൾ എത്രതന്നെ വ്യത്യസ്തമാണെങ്കിലും അവ ഏതു പാത പിന്തുടർന്നാലും പരാശ്രയമില്ലാതെ, തന്നത്താൻ വികസിക്കാനും സ്വന്തം കാര്യങ്ങൾ വിദേശ കൈകടത്തലില്ലാതെ തീരുമാനിക്കാനുമുള്ള ആഗ്രഹം അവയുടെ ജനതകളെ ഏകോപിപ്പിക്കുന്നു. സോവിയററ് യൂണിയൻ അവയോട് തികച്ചും യോജിക്കുന്നു. സ്വന്തം ഭാഗധേയം തീരുമാനിക്കുകയും തങ്ങൾക്കിഷ്ടപ്പെട്ട സാമൂഹ്യവ്യവസ്ഥ തിരഞ്ഞെടുക്കുകയും ചെയ്യുകയെന്നത് നവസ്വതന്ത്രരാജ്യങ്ങളുടെ പവിത്രമായ അവകാശമാണെന്നതിൽ സി. പി. എസ്. യു.വിന്ന് ഒട്ടും സംശയമില്ല.

ഏഷ്യയിലെയും ആഫ്രിക്കയിലെയും ലാററിനമേരിക്കയിലെയും രാജ്യങ്ങൾ, സാമ്രാജ്യത്വത്തിന്നും ദേശാതീതകുത്തകകളുടെ മർദ്ദനത്തിന്നും എതിരായും, സ്വന്തം വിഭവങ്ങളുടെ യജമാനനായിരിക്കാനുള്ള പരമാവകാശം ഉയർത്തിപ്പിടിക്കുന്നതിന്നുവേണ്ടിയും സാർവ്വദേശീയ ബന്ധങ്ങൾ തുല്യവും ജനാധിപത്യപരവുമായ ഒരടിസ്ഥാനത്തിൽ അഴിച്ചുപണിയുന്നതിന്നുവേണ്ടിയും പുതിയൊരു സാർവ്വദേശീയ സാമ്പത്തികക്രമം സ്ഥാപിക്കുന്നതിന്നുവേണ്ടിയും, സാമ്രാജ്യവാദികൾ അടിച്ചേൽപിച്ച ഋണബാധ്യതയുടെ നുകത്തിൽനിന്ന് കഴുത്തൂരുന്നതിന്നുവേണ്ടിയും നടത്തുന്ന ന്യായമായ പോരാട്ടത്തിന്ന് അനുകൂലമായി സി. പി. എസ്. യു. ശബ്ദമുയർത്തുന്നു.

സാമ്രാജ്യത്വ ആക്രമണോൽസുകശക്തികളുടെ കയ്യേററങ്ങളെ തിരിച്ചടിക്കുകയും തങ്ങളുടെ സ്വാതന്ത്ര്യത്തിന്നും സ്വാശ്രയത്വത്തിന്നും ദേശീയാന്തസ്സിന്നും വേണ്ടി നിവർന്നുനിന്നു പോരാടുകയും ചെയ്യുന്ന സ്റ്റേററുകളുടെയും ജനതകളുടെയും പക്ഷത്താണ് സോവിയററ് യൂണിയൻ. അവരോടുള്ള സഹഭാവം, സമാധാനത്തിന്നും സാർവ്വദേശീയ സുരക്ഷിതത്വത്തിന്നുംവേണ്ടി മൊത്തത്തിലുള്ള സമരത്തിന്റെ പ്രധാനപ്പെട്ട ഒരു വശംകൂടിയാണിന്ന്. ഇപ്പോഴും വംശീയവാദനുകത്തിൻകീഴിൽ കഴിയുന്നവരും അപ്പാർത്തൈഡ് വ്യവസ്ഥയ്ക്ക് ഇരയായിരിക്കുന്നവരുമായ ജനതകളുടെ സമരത്തിന്ന് പിന്തുണ നൽകുകയെന്നത് തങ്ങളുടെ സാർവ്വദേശീയവാദപരമായ കടമയാണെന്ന് പാർട്ടി കരുതുന്നു.

സി. പി. എസ്. യു. ചേരിചേരാപ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളെയും നടപടികളെയും ധാരണയോടെ പരിഗണിക്കുകയും ലോകരാഷ്ട്രീയത്തിൽ അതിന്റെ പങ്ക് വർദ്ധിപ്പിക്കുന്നതിന്നുവേണ്ടി നിലകൊ

ളളുകയും ചെയ്യുന്നു. ആക്രമണത്തിന്റെയും അധിനായകത്വത്തിന്റെയും ശക്തികൾക്കെതിരായും, തലപൊക്കുന്ന തർക്കങ്ങളും സംഘട്ടനങ്ങളും കൂടിയാലോചനകൾ മുഖേന തരണംചെയ്യുന്നതിന്നുവേണ്ടിയുമുള്ള ചേരിചേരാരാജ്യങ്ങളുടെ സമരത്തിൽ സോവിയറ്റ് യൂണിയൻ തുടർന്നും അവയുടെ പക്ഷത്തുനിൽക്കുന്നതും ആ രാജ്യങ്ങളെ സൈനിക-രാഷ്ട്രീയ ച്ചേരികളിൽ കുടുക്കുന്നതിന്നുള്ള ശ്രമങ്ങളെ എതിർക്കുന്നതും ആയിരിക്കും.

സി. പി. എസ്. യു. സാർവ്വദേശീയകാര്യങ്ങളിൽ നവസ്വതന്ത്രരാജ്യങ്ങളുടെ തുല്യമായ പങ്കാളിത്തത്തിന്നും നമ്മുടെ കാലഘട്ടത്തിലെ ഏററവും പ്രധാനപ്പെട്ട പ്രശ്നങ്ങളുടെ പരിഹരണത്തിന്നുള്ള അവയുടെ സംഭാവനയുടെ സംവർദ്ധനത്തിന്നും വേണ്ടി നിലകൊള്ളുന്നു. ഈ രാജ്യങ്ങളുടെയും സോഷ്യലിസ്റ്റ്‌രാജ്യങ്ങളുടെയും പരസ്പരപ്രവർത്തനം, ജനതകളുടെ സ്വാതന്ത്ര്യം ശക്തിപ്പെടുത്തുകയും സാർവ്വദേശീയ ബന്ധങ്ങൾ മെച്ചപ്പെടുത്തുകയും സമാധാനത്തെ കാത്തുസൂക്ഷിക്കുകയും ചെയ്കയെന്നതിനെ സംബന്ധിച്ചേടത്തോളം വളരെ പ്രധാനമാണ്.

സാമൂഹ്യപുരോഗതിയ്ക്കും ദേശീയ വിമോചനത്തിന്നും വേണ്ടി നിലകൊള്ളുന്ന ശക്തികളുടെ സഖ്യം മാനവരാശിയുടെ കൂടുതൽ നല്ല ഭാവിയ്ക്ക് ഒരു മുന്നുറപ്പാകുന്നു.

## III. മുതലാളിത്തരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ, ശാശ്വതസമാധാനത്തിന്നും നിരായുധീകരണത്തിന്നും വേണ്ടിയുള്ള സമരം

ഇന്ന് ലോകത്തെ വിഭജിക്കുന്ന രണ്ട് എതിർ സാമൂഹ്യവ്യവസ്ഥകൾ തമ്മിലുള്ള ചരിത്രപരമായ മൽസരം സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കാൻ കഴിയുമെന്ന, പരിഹരിക്കേണ്ടതാണെന്ന, നിഗമനത്തെ അടിസ്ഥാനമാക്കിയാണ് സി. പി. എസ്. യു. മുന്നോട്ടുപോകുന്നത്. സോഷ്യലിസം ആയുധബലംകൊണ്ടല്ല, പ്രത്യുത സാമുദായിക ജീവിതത്തിന്റെ ഓരോ തുറയിലെയും ദൃഷ്ടാന്തത്തിന്റെ ബലംകൊണ്ടും സമ്പദ്വിധാനം, ശാസ്ത്രം, സംസ്കാരം എന്നിവയുടെ ഊർജ്ജസ്വലമായ വികസനംകൊണ്ടും അധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരങ്ങളിലെ അഭിവൃദ്ധികൾകൊണ്ടും സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ വിപുലനംകൊണ്ടുമാണ് അതിന്റെ ഔൽകൃഷ്ട്യം തെളിയിച്ചുകൊണ്ടിരിക്കുന്നത്.

ഭാവി സോഷ്യലിസത്തിന്നുള്ളതാണെന്ന് സോവിയറ്റ് കമ്യൂണിസ്റ്റുകാർക്ക് ബോധ്യമുണ്ട്. സാമൂഹ്യവും ദേശീയവുമായ മർദ്ദനത്തിൽനിന്ന് വിമുക്തമായ ഒരു സമുദായത്തിൽ, യഥാർത്ഥ സമത്വത്തിന്റേതും നിർവ്യാജമായ ജനാധിപത്യത്തിന്റേതുമായ ഒരു സമുദായത്തിൽ ജീവിക്കാൻ ഓരോ ജനതയ്ക്കും അർഹതയുണ്ട്. ചൂഷണത്തിൽനിന്നും അനീതിയിൽനിന്നും സ്വയം മോചിതരാവുക എന്നത്, മർദ്ദിതരും ചൂഷിതരുമായ ഒരു ജനതയുടെ പരമമായ അവകാശമാണ്. വിപ്ലവങ്ങൾ അതാതു രാജ്യത്തിലെ സാമൂഹ്യവികാസത്തിന്റെ, വർഗ്ഗസമരത്തിന്റെ, സ്വാഭാ

വികമായ പരിണതഫലമാണ്. വിപ്ലവം "കയററുമതി ചെയ്ക"യെന്നത്, വിപ്ലവം ആരുടെയെങ്കിലും മേൽ പുറത്തുനിന്ന് അടിച്ചേൽപിക്കുകയെന്നത് തീർത്തും അസ്വീകാര്യമാണെന്നാണ് സി. പി. എസ്. യു. എപ്പോഴും കരുതിപ്പോന്നിട്ടുള്ളത്; തുടർന്ന് കരുതിപ്പോരുന്നത്. എന്നാൽ, പ്രതിവിപ്ലവ"ക്കയററുമതി"യും, അത് ഏതു രൂപത്തിലായാലും, ജനതകളുടെ ഇച്ഛയുടെ സ്വതന്ത്രമായ പ്രകാശനത്തിൻമേലുള്ള, തങ്ങളുടെ വികസനപാത നിർബ്ബാധം തിരഞ്ഞെടുക്കാൻ അവർക്കുള്ള അവകാശത്തിൻമേലുള്ള, നഗ്നമായ ഒരു കയ്യേററമാണ്. ചരിത്രത്തിന്റെ മുന്നോട്ടുള്ള ഗതിയെ പിടിച്ചുനിർത്താനും പിന്തിരിപ്പിക്കാനുമുള്ള ഉദ്യമങ്ങൾക്ക് സോവിയററ് യൂണിയൻ തീർത്തും എതിരാണ്.

രാഷ്ട്രാന്തരബന്ധങ്ങളെ, സമാധാനപരമായ മൽസരത്തിന്റേയും തുല്യതയുടെ അടിസ്ഥാനത്തിലുള്ള സഹകരണത്തിന്റേയും പാതയിലേക്ക് തിരിച്ചുവിടുകയാണ് ജനങ്ങളുടെ താൽപര്യങ്ങൾക്ക് ആവശ്യമായിട്ടുള്ളത്.

സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ്പാർട്ടി വ്യത്യസ്ത സാമൂഹ്യവ്യവസ്ഥകളോടുകൂടിയ സ്റ്റേററുകളുടെ സമാധാനപരമായ സഹവർത്തനം സംബന്ധിച്ച ലെനിനിസ്റ്റ് പ്രമാണങ്ങൾ ദൃഢമായും സുസ്ഥിരമായും ഉയർത്തിപ്പിടിക്കുന്നു. തർക്കപ്രശ്നങ്ങൾ പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗങ്ങളെന്ന നിലയിൽ യുദ്ധത്തെയും, ബലപ്രയോഗ ഭീഷണിയെയും വർജ്ജിക്കുക, തർക്കങ്ങൾ കൂടിയാലോചനകൾ മുഖേന പരിഹരിക്കുക, പരസ്പരം ആഭ്യന്തരകാര്യങ്ങളിൽ കൈകടത്താതിരിക്കുക, ഓരോരുത്തരുടേയും ന്യായമായ താൽപര്യങ്ങളെ പരസ്പരം ആദരിക്കുക, സ്വന്തം ഭാഗധേയങ്ങൾ സ്വതന്ത്രമായി തീരുമാനിക്കാൻ ജനതകൾക്കു അവകാശമുണ്ടായിരിക്കുക, സ്റ്റേററുകളുടെ പരമാധികാരത്തോടും ഭൂപരമായ അഖണ്ഡതയോടും കർശനമായ ആദരമുണ്ടായിരിക്കുക, അവയുടെ അതിർത്തികളെ അതിലംഘിക്കാതിരിക്കുക. പരിപൂർണ്ണസമത്വത്തിന്റേയും പരസ്പര പ്രയോജനത്തിന്റേയും അടിസ്ഥാനത്തിൽ സഹകരണം പുലർത്തുക, പൊതുവായി അംഗീകരിക്കപ്പെട്ട പ്രമാണങ്ങളിൽനിന്നും സാർവ്വദേശീയ നിയമത്തിന്റെ മാനകങ്ങളിൽനിന്നും ഒപ്പുവെക്കപ്പെട്ട സാർവ്വദേശീയ ഉടമ്പടികളിൽനിന്നും ഉളവാകുന്ന ബാധ്യതകൾ ഉത്തമവിശ്വാസത്തോടുകൂടി നിർവ്വഹിക്കുക എന്നീ കാര്യങ്ങൾ, സി. പി. എസ്. യു. മനസ്സിലാക്കുന്നവിധത്തിൽ, സമാധാനപരമായ സഹവർത്തനമെന്ന നയത്തിന്ന് ആവശ്യമായ പൂർവ്വോപാധികളാണ്.

ഈ അടിത്തറയിലാണ് സോവിയററ് യൂണിയൻ മുതലാളിത്തരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ പടുത്തുയർത്തിക്കൊണ്ടുവരുന്നത്. അവ സോവിയററ് യൂണിയന്റെ ഭരണഘടനയിൽ മുദ്രിതമായിരിക്കുന്നു.

സമാധാനപരമായ സഹവർത്തനത്തിന്റെ പ്രമാണങ്ങൾ, രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ പൊതുവിൽ അംഗീകരിക്കപ്പെടുന്നതും ആദരിക്കപ്പെടുന്നതുമായ ഒരു മാനകമെന്ന നിലയിൽ സാർവ്വദേശീയ ബന്ധങ്ങളിൽ സാർവ്വത്രികമായി ഉയർത്തിപ്പിടിക്കാൻ സി. പി. എസ്. യു. സോദ്ദേശ്യമായി സഹായിക്കുന്നതായിരിക്കും. രണ്ടു വ്യവസ്ഥിതികൾ തമ്മിലുള്ള പ്രത്യയശാസ്ത്രപരമായ അഭിപ്രായവ്യത്യാസങ്ങൾ

ഈ ബന്ധങ്ങളുടെ മണ്ഡലത്തിലേക്ക് വ്യാപിപ്പിക്കുന്നത് അനുവദിക്കാൻ പാടില്ലെന്ന് സി. പി. എസ്. യു. കരുതുന്നു.

പാർട്ടി, സാർവ്വദേശീയ സംഘർഷശമനപ്രക്രിയയെ സമഗ്രവും ആശ്രയിക്കാവുന്നതുമായ ഒരു രക്ഷാവ്യവസ്ഥയുടെ സംസ്ഥാപനത്തിലേക്കുള്ള പാതയിലെ സ്വാഭാവികവും മുഖ്യവുമായ ഒരു ഘട്ടമായി കരുതിക്കൊണ്ട് അതിന്റെ വികസനത്തിന്നുവേണ്ടി യത്നിക്കുന്നതാണ്. സഹകരണത്തിന്റെ ഇതുവരെയുള്ള അനുഭവങ്ങൾ ഈ ഭാവിസാധ്യതയുടെ ശക്യതയെ സ്ഥിരീകരിക്കുന്നു. ദേശീയ-സ്റ്റേററു താൽപര്യങ്ങളെ മാനവരാശിയുടെ പൊതുതാൽപര്യങ്ങളുമായി പരമാവധി സംയോജിപ്പിക്കുവാൻ പര്യാപ്തമായ സാർവ്വദേശീയ സംവിധാനങ്ങളും ഇൻസ്റ്റിട്യൂഷനുകളും സ്ഥാപിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതിന്നുവേണ്ടി സി. പി. എസ്. യു. നിലകൊള്ളുന്നു. അത് സമാധാനം ശക്തിപ്പെടുത്തുന്നതിന്നും സാർവ്വദേശീയ സഹകരണം വികസിപ്പിക്കുന്നതിന്നും ഐക്യരാഷ്ട്രസംഘടനയുടെ പങ്ക് വർദ്ധിപ്പിക്കുന്നതിന്നുംവേണ്ടി നിലകൊള്ളുന്നു.

ലോകസ്ഥിതിയുടെ കാര്യത്തിൽ ന്യൂക്ലിയർ കേയ്മകൾക്ക് സവിശേഷമായ ഒരു ഉത്തരവാദിത്വമുണ്ട്. ന്യൂക്ലിയർ ആയുധങ്ങളും കൂട്ടസംഹാരത്തിന്നുള്ള മററായുധങ്ങളും കൈവശമുള്ള സ്റ്റേററുകൾ അവയുടെ ഉപയോഗവും അവ ഉപയോഗിക്കുമെന്ന ഭീഷണിയും വർജ്ജിക്കുകയും സാർവ്വദേശീയസ്ഥിതി കൂടുതൽ വഷളാകാനിടയാക്കുന്ന നടപടികളിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും വേണം.

ആഭ്യന്തരകാര്യങ്ങളിൽ അന്യോന്യം കൈകടത്താതിരിക്കുക, ഓരോരുത്തരുടേയും ന്യായമായ താൽപര്യങ്ങളെ അന്യോന്യം മാനിക്കുക, തുല്യസുരക്ഷിതത്വത്തിന്റെ പ്രമാണങ്ങൾ അംഗീകരിക്കുകയും ഫലത്തിൽ ദീക്ഷിക്കുകയും ചെയ്യുക — ഇതയടിസ്ഥാനത്തിൽ സോവിയററ് യൂണിയനും അമേരിക്കയും തമ്മിൽ സാധാരണവും സ്ഥായിയുമായ ബന്ധങ്ങൾ പുലർത്തുകയും, കഴിയുന്നത്ര വലിയ അളവിൽ പരസ്പര വിശ്വാസം സ്ഥാപിക്കുകയും ചെയ്യുന്നതിന്നുവേണ്ടി സി. പി. എസ്. യു. നിലകൊള്ളുന്നു; സാമൂഹ്യവ്യവസ്ഥകളും പ്രത്യയശാസ്ത്രങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ബന്ധങ്ങൾ വഷളാകുന്നതിന് ഒരു കാരണമല്ല. വിവിധ മേഖലകളിൽ, ഫലപ്രദവും പരസ്പരം പ്രയോജനകരവുമായ സോവിയററ്-അമേരിക്കൻ സഹകരണം സ്ഥാപിക്കുന്നതിന്ന് വസ്തുനിഷ്ഠമായ മുന്നുപാധികളുണ്ട്. ഇരുരാജ്യങ്ങളുടേയും നയങ്ങൾ ശത്രുതയേക്കാൾ പരസ്പരധാരണയെ ആധാരമാക്കിയുള്ളതായിരിക്കണമെന്നതാണ് സി. പി. എസ്. യു. വിന്റെ വിശ്വാസം — സോവിയററ്-അമേരിക്കൻ ജനതകളെയും മററ് രാജ്യങ്ങളിലെ ജനതകളെയും സംബന്ധിച്ചിടത്തോളം ശത്രുത വിനാശകരങ്ങളായ അനന്തരഫലങ്ങൾ അടങ്ങിയതാണ്.

സങ്കീർണ്ണപ്രശ്നങ്ങളുടെ പരിഹരണത്തിനുവേണ്ടിയുള്ള അന്വേഷണത്തിലും, സംഘട്ടനസ്ഥിതി പരിഹരിക്കുന്നതിലും, സംഘർഷങ്ങൾ കുറയ്ക്കുന്നതിനും ആയുധപ്പന്തയത്തിന് കടിഞ്ഞാണിടുന്നതിനും വേണ്ടിയുള്ള നടപടികളിലും, ചെറുതും വലുതുമായ എല്ലാ രാജ്യങ്ങൾ

ക്കും — അവയുടെ ശേഷിസാദ്ധ്യതകളും ഭൂപരമായ കിടപ്പും സാമൂഹ്യ വ്യവസ്ഥകളും എന്തുതന്നെ ആയിക്കൊള്ളട്ടെ — പങ്കെടുക്കാൻ കഴിയുമെന്നും പങ്കെടുക്കണമെന്നുമാണ് സി. പി. എസ്. യു. ഉറച്ചുവിശ്വസിക്കുന്നത്.

യൂറോപ്യൻ രാജ്യങ്ങൾക്കിടയിൽ സമാധാനപരമായ, നല്ല അയൽപക്കബന്ധവും സഹകരണവും കൂടുതൽ വികസിപ്പിക്കുന്നതിന്ന് സി. പി. എസ്. യു. വളരെ പ്രാധാന്യം കൽപിക്കുന്നു. മറെറല്ലായിടങ്ങളിലുമെന്നപോലെ ഈ മേഖലയിലും, വിധായകമായ പ്രക്രിയകളുടെ ഭദ്രതയ്ക്കുള്ള അലംഘനീനമായ ഉപാധി, രണ്ടാം ലോകയുദ്ധത്തിൽനിന്നുളവായ ഭൂപരവും രാഷ്ട്രീയവുമായ യാഥാർത്ഥ്യങ്ങളോടുള്ള ആദരവാണ്. ഏത് ഒഴികഴിവുപയോഗിച്ചായാലും അവയെ മാററിത്തീർക്കുവാനുള്ള ശ്രമങ്ങളെ സി. പി. എസ്. യു. ശക്തമായി എതിർക്കുന്നു. പ്രതികാരമോഹത്തിൻെറ ഏത് ബഹിസ്ഫുരണത്തെയും അത് തിരിച്ചടിക്കുകയും ചെയ്യും.

സോവിയററ് യൂണിയൻെറ മുൻകയ്യോടെയും സജീവമായ പങ്കാളിത്തത്തോടെയും ആരംഭിച്ച, യൂറോപ്പിൽ സുരക്ഷിതത്വവും വിശ്വാസവും സമാധാനപരമായ സഹകരണവും ദൃഢീകരിക്കുന്ന പ്രക്രിയ ലോകത്തെ മുഴുവൻ ആശ്ലേഷിച്ചുകൊണ്ട് വികസിക്കുകയും വിപുലപ്പെടുകയും ചെയ്യുന്നതിന്ന് ഉറപ്പുവരുത്താൻ പാർട്ടി നിരന്തരം ശ്രമിക്കുന്നതായിരിക്കും. ഏഷ്യയിൽ സുരക്ഷിതത്വത്തിന്ന് ഉറപ്പ്‌വരുത്തുന്നതിൽ തൽപരരായ എല്ലാ രാജ്യങ്ങളുടെയും ശ്രമങ്ങളെ സമാഹരിക്കുന്നതിന്നുവേണ്ടിയും ഈ പ്രശ്നത്തിൻെറ ക്രിയാത്മക പരിഹരണത്തിന്നായി അവ സംയുക്തപരിശ്രമം നടത്തുന്നതിന്നുവേണ്ടിയും സി പി. എസ്. യു. നിലകൊള്ളുന്നു. ഏഷ്യക്കും ആഫ്രിക്കക്കും ലാററിനമേരിക്കക്കും ശാന്തസമുദ്രത്തിനും സമാധാനത്തിൻെറയും നല്ല അയൽപക്കബന്ധങ്ങളുടെയും മേഖലകളായിത്തീരാൻ കഴിയും, കഴിയണം.

രാജ്യങ്ങൾതമ്മിൽ പരിപൂർണ്ണസമത്വത്തിൻെറയും പരസ്പര പ്രയോജനത്തിൻെറയും അടിസ്ഥാനത്തിൽ സമ്പദ്വിധാനം, ശാസ്ത്രം, സാങ്കേതികവിദ്യ എന്നീ രംഗങ്ങളിൽ വ്യാപകവും, ദീർഘകാലികവും സുസ്ഥിരവുമായ സമ്പർക്കങ്ങൾ വികസിപ്പിക്കുന്നതിന്നുവേണ്ടി സി. പി. എസ്. യു. നിലക്കൊള്ളുന്നു. കൂടുതൽ കരുത്തുററ സമാധാനവും വിഭിന്ന സാമൂഹ്യവ്യവസ്ഥകളോടുകൂടിയ രാജ്യങ്ങൾക്കിടയിൽ സമാധാനപരമായ സഹവർത്തനത്തിൻെറ ബന്ധങ്ങളും കൈവരിക്കുന്നതിലേക്ക് സംഭാവന നൽകുന്നുവെന്നതിനാൽ വിദേശസാമ്പത്തികസഹകരണത്തിന്ന് വമ്പിച്ച രാഷ്ട്രീയപ്രാധാന്യമുണ്ട്. എല്ലാതരം വിവേചനങ്ങളെയും വ്യാപാര-സാമ്പത്തിക-ശാസ്ത്രീയ-സാങ്കേതിക സമ്പർക്കങ്ങളെ സമ്മർദ്ദനോപാധിയായി ഉപയോഗിക്കുന്ന നടപടിയെയും സോവിയററ് യൂണിയൻ നിരാകരിക്കുന്നു. അത് രാജ്യങ്ങളുടെ സാമ്പത്തികഭദ്രതയ്ക്ക് ഉറപ്പുവരുത്താൻവേണ്ടി പ്രവർത്തിക്കുന്നതായിരിക്കും.

എല്ലാ രാജ്യങ്ങൾക്കുമിടയിൽ സംസ്കാരത്തിൻെറ ഉത്തമമൂല്യങ്ങളുടെ വിപുലമായ പരസ്പരവിനിമയങ്ങൾക്കുവേണ്ടി സി. പി. എസ്. യു നിലകൊള്ളുന്നു. ജനതകളെ സാംസ്കാരികവും ബൗദ്ധികവുമാ

യി സമ്പന്നരാക്കുകയും സമാധാനവും നല്ല അയൽപക്കബന്ധങ്ങളും വളർത്തുകയും ചെയ്യുന്നതുപോലുള്ള മനുഷ്യസ്നേഹപരമായ ലക്ഷ്യങ്ങൾക്ക് ഉതകുന്നവയാണ് ഈ വിനിമയങ്ങൾ.

20-ാം നൂററാണ്ടിന്റെ രണ്ടാം പകുതിയിൽ പ്രത്യേകിച്ചും ഗുരുതരമായിത്തീർന്നിട്ടുള്ളതും, പരിഃസ്ഥിതി സംരക്ഷണം, ഊർജ്ജപ്രശ്നം, അസംസ്കൃതപദാർത്ഥപ്രശ്നം, ഭക്ഷ്യപ്രശ്നം, ജനസംഖ്യാപ്രശ്നം, ബാഹ്യാകാശത്തിന്റെയും ലോകസമുദ്രവിഭവങ്ങളുടെയും സമാധാനപരമായ പര്യവേക്ഷണം പല നവസ്വതന്ത്രരാജ്യങ്ങളുടെയും സാമ്പത്തിക പിന്നോക്കാവസ്ഥ മറികടക്കൽ, അപകടകരങ്ങളായ രോഗങ്ങളുടെ നിർമ്മൂലനം തുടങ്ങി മാനവരാശിക്കാകെ ജീവൽപ്രധാനവുമായ ആഗോളപ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിൽ സോവിയററ് സ്റ്റേററ് മററു രാജ്യങ്ങളുമായി സഹകരിക്കും. ഈ പ്രശ്നങ്ങളുടെ പരിഹരണത്തിന്ന് എല്ലാ സ്റ്റേററുകളുടെയും സംയുക്തയത്നങ്ങൾ ആവശ്യമാണ്. ആയുധപ്പന്തയത്തിന്നുവേണ്ടി യത്നങ്ങളും വിഭവങ്ങളും പാഴാക്കിക്കളയുന്നത് നിർത്തിയാൽ അത് സുകരമായിത്തീരുന്നതാണ്.

മനുഷ്യരാശിയുടെ താൽപര്യങ്ങളെ പിൻപററിക്കൊണ്ടും ഇപ്പോഴത്തെ തലമുറയുടേയും ഭാവിതലമുറയുടേയും നൻമയെ മുൻനിർത്തികൊണ്ടും, ആയുധപ്പന്തയം അവസാനിപ്പിക്കുകയും നിരായുധീകരണം കൈവരിക്കുകയും ജനതകൾക്ക് സമാധാനത്തിന്നും സുരക്ഷിതത്വത്തിന്നും ഉറപ്പുവരുത്തുകയുംചെയ്യുക ലാക്കാക്കിയുള്ള നടപടികളുടെ വിപുലവും നിർമ്മാണാത്മകവുമായ പരിപാടിക്കുവേണ്ടി സി. പി. എസ് യു. വും സോവിയററ് സ്റ്റേററും വാദിക്കുന്നു.

കർശനവും സർവ്വാശ്ലേഷിയുമായ സാർവ്വദേശീയ നിയന്ത്രണത്തിലുള്ള, സാർവ്വത്രികവും സമ്പൂർണ്ണവുമായ നിരായുധീകരണത്തെ ചരിത്രപരമായ ഒരു കടമയായി കരുതുകയും അത് കൈവരിക്കുന്നതിന്ന് യത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന, സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടി അടിയിൽപറയുന്ന കാര്യങ്ങൾക്കുവേണ്ടി സുസ്ഥിരം പ്രവർത്തിക്കുന്നതായിരിക്കും:

— യുദ്ധസന്നാഹത്തെ പ്രത്യേകിച്ച് കൂട്ടസംഹാരായുധങ്ങൾ അടങ്ങുന്ന യുദ്ധസന്നാഹത്തെ നിയന്ത്രിക്കുകയും അതിന്റെ മണ്ഡലത്തെ ചുരുക്കുകയും ചെയ്യൽ; പ്രഥമവും പ്രധാനവുമായി, ബാഹ്യാകാശം, സൈനിക മത്സരത്തിന്റെ ഒരു രംഗവും മരണത്തിന്റെയും വിനാശത്തിന്റെയും സ്രോതസ്സും ആയിത്തീരാതിരിക്കുന്നതിന്നുവേണ്ടി ബഹിരാകാശത്തെ ആ മേഖലയിൽനിന്ന് പരിപൂർണമായി ഒഴിവാക്കണം. ബാഹ്യാകാശത്തിന്റെ പര്യവേക്ഷണവും വികസനവും എല്ലാ ജനതകളുടെയും ആവശ്യങ്ങൾ നിറവേററത്തക്കവിധത്തിൽ സമാധാനപരമായ ഉദ്ദേശങ്ങൾക്കുവേണ്ടി, ശാസ്ത്രത്തിന്റെയും ഉൽപാദനത്തിന്റെയും വികസനത്തിനുവേണ്ടി, മാത്രം ആയിരിക്കണം. ഈ പ്രശ്നത്തിന്റെ പരിഹരണത്തിനുള്ള കൂട്ടായ യത്നങ്ങൾക്കുവേണ്ടി സോവിയററ് യൂണിയൻ നിലകൊള്ളുന്നു. ഇതിനുവേണ്ടി, അത്, സാർവ്വദേശീയ സഹകരണത്തിൽ ഊർജ്ജസ്വലമായി പങ്കെടുക്കുകയും ചെയ്യും. നുക്ലിയറായുധങ്ങളുടെ നിർവ്യാപനത്തിലേക്കും ഈ ആയുധങ്ങളിൽനിന്നും മററു കൂട്ടസംഹാരായുധങ്ങ

ളിൽനിന്നും മുക്തമായ മേഖലകൾ സ്ഥാപിക്കുന്നതിലേക്കും സംഭാവന നൽകുന്ന നടപടികൾ കൈക്കൊള്ളാനുംവേണ്ടി സോവിയററ് യൂണിയൻ വാദിക്കും;

— നുക്ലിയർ പടക്കോപ്പുകൾ പരിപൂർണമായി നീക്കംചെയ്യുന്നതിലേക്ക് നയിക്കുന്ന നടപടികൾ പ്രാവർത്തികമാക്കണം; അതായത് എല്ലാതരം നുക്ലിയറായുധങ്ങളുടേയും പരീക്ഷണത്തിനും ഉൽപാദനത്തിനും അറുതിവരുത്തുകയും, എല്ലാ നുക്ലിയർ കോയ്മകളും നുക്ലിയറായുധങ്ങളുടെ ആദ്യോപയോഗത്തെ വർജജിക്കുകയും, അത്തരം ആയുധശേഖരങ്ങളെ മരവിപ്പിക്കുകയും വെട്ടിച്ചുരുക്കുകയും നിർമ്മൂലനംചെയ്യുകയും ചെയ്യണം;

— രാസായുധങ്ങൾ ഉൾപ്പെടെ, കൂട്ടനശീകരണത്തിനുള്ള എല്ലാതരം ആയുധങ്ങളുടെയും ഉൽപ്പാദനത്തിന് അറുതിവരുത്തുകയും, അവയെ നിർമ്മൂലനംചെയ്യുകയും അത്തരം ആയുധങ്ങളുടെ പുതിയ ഇനങ്ങൾ വികസിപ്പിക്കുന്നതിനെ നിരോധിക്കുകയും ചെയ്യണം;

— രാജ്യങ്ങളുടെ സായുധസേനകളെ — പ്രാഥമികമായി രക്ഷാസമിതിയിലെ സ്ഥിരാംഗങ്ങളുടെയും സൈനികക്കരാറുകളാൽ അവയുമായി ബന്ധപ്പെട്ടിട്ടുള്ള രാജ്യങ്ങളുടെയും സായുധസേനകളെ — വെട്ടിച്ചുരുക്കണം; മാമൂൽ തരത്തിലുള്ള പടക്കോപ്പുകൾ പരിമിതപ്പെടുത്തുകയും, അനന്തരഫലങ്ങളുടെകാര്യത്തിൽ, കൂട്ടനശീകരണായുധങ്ങളുമായി താരതമ്യപ്പെടുത്താവുന്ന പടക്കോപ്പുകളുടെ എല്ലാ ഇനങ്ങളുടെയും വികസനത്തിന് അറുതി വരുത്തുകയും, രാജ്യങ്ങളുടെ സൈനികച്ചിലവുകൾ വെട്ടിച്ചുരുക്കുകയും ചെയ്യണം;

— ലോകത്തിൻെറ കൂടുതൽ സ്ഫോടനാത്മകങ്ങളായ ഭാഗങ്ങളിൽ സേനകളെയും പടക്കോപ്പുകളെയും മരവിപ്പിക്കുകയും അവയിൽ വെട്ടിച്ചുരുക്കലുകൾ വരുത്തുകയും ചെയ്യണം; വിദേശ ഭൂപ്രദേശങ്ങളിലെ സൈനികത്താവളങ്ങൾ പൊളിച്ചുമാററണം; പരസ്പരവിശ്വാസം വളർത്തുന്നതിന്നും യാദൃച്ഛികസംഘട്ടനങ്ങൾ അടക്കമുള്ള സായുധസംഘട്ടനങ്ങൾ ഉണ്ടാവുകയെന്ന അപകടസാദ്ധ്യത കുറയ്ക്കുന്നതിന്നുമുള്ള നടപടികൾ കൈക്കൊള്ളണം.

ലോകം സൈനിക-രാഷ്ട്രീയ ചേരികളായി വിഭജിക്കപ്പെടുകയെന്ന അവസ്ഥയെ ദൂരീകരിക്കണമെന്നതാണ് സോവിയററ് നിലപാട്. നാറേറാവിനേയും വാഴ്സാ ഉടമ്പടി സംഘടനയേയും ഒരേ സമയം പിരിച്ചുവിടാമെന്ന്, അല്ലെങ്കിൽ ആദ്യത്തെ ചുവടുവെപ്പെന്ന നിലയിൽ അവയുടെ സൈനികസംഘടനകളെ പിരിച്ചുവിടാമെന്ന്, സി. പി. എസ്. യു. നിർദ്ദേശിക്കുന്നു. സൈനികച്ചേരികൾതമ്മിലുള്ള അഭിമുഖീകരണം കുറയ്ക്കുന്നതിനുള്ള നടപടിയായി, അവ പരസ്പരബലപ്രയോഗം വർജിക്കുന്നത് സംബന്ധിച്ചും സമാധാനബന്ധങ്ങൾ പുലർത്തുന്നത് സംബന്ധിച്ചുമുള്ള ഒരു ഉടമ്പടി ഒപ്പുവെയ്ക്കാമെന്ന് സോവിയററ് യൂണിയൻ നിർദ്ദേശിക്കുന്നു മറെറല്ലാ സ്റ്റേററുകൾക്കും ചേരാവുന്നതായിരിക്കണം ഈ ഉടമ്പടി.

ആയുധപരിമിതീകരണത്തിൻേറയും യുദ്ധഭീഷണിയുടെ നിർമ്മൂലനത്തിൻേറയും പ്രശ്നങ്ങൾ, പക്ഷങ്ങളുടെ തുല്യതയുടെയും തുല്യ

സുരക്ഷിതത്വത്തിന്റെയും അടിസ്ഥാനത്തിൽ, കണിശമായി പാലിക്കപ്പെടുന്ന, സത്യസന്ധമായ കരാറുകൾമുഖേന പരിഹരിക്കപ്പെടുന്നതിന്ന്, ഉറപ്പുവരുത്താൻ സി. പി. എസ്. യു. ശ്രമിക്കും. "കയ്യൂക്കി"ന്റെ നിലപാടിൽ നിന്നുകൊണ്ട് സംഭാഷണം നടത്താനും, ആയുധങ്ങൾ കുന്നുകൂട്ടുന്നതിന്നുള്ള ഒരു മറയായി സംഭാഷണത്തെ ഉപയോഗിക്കുവാനുമുള്ള ഏതൊരു ശ്രമത്തെയും അങ്ങനെ ഒഴിവാക്കേണ്ടതാണ്.

സോവിയററ് സ്റ്റേററാ അതിന്റെ സഖ്യശക്തികളോ സൈനികമേൽകൃഷ്ട്യം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നില്ല; എന്നാൽ ലോകരംഗത്ത് നിലവിലുള്ള സൈനികവും തന്ത്രപരവുമായ സമാനതയെ തകിടംമറിക്കാൻ അവ ആരേയും അനുവദിക്കുകയുമില്ല. ഇരുപക്ഷങ്ങളിലെയും പടക്കോപ്പുകളുടെ പരിമാണത്തെ അനുക്രമം കുറയ്ക്കുകയും, എല്ലാ ജനതകളുടേയും സുരക്ഷിതത്വത്തിന്നു മുന്നുറപ്പ് വരുത്തുകയും ചെയ്യുന്നതിന്നായി ഈ സമാനതയുടെ നിലവാരം ക്രമേണ കുറച്ചുകൊണ്ടുവരുന്നതിന്നു ഉറപ്പുണ്ടാക്കുവാൻ അവ സുസ്ഥിരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

സി. പി. എസ്. യു. സഗൗരവം പ്രഖ്യാപിക്കുന്നു: ഫലപ്രദമായി പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിയുംവിധം, പാരസ്പര്യത്തിന്റെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്താനോ അല്ലെങ്കിൽ നിരോധിക്കാനോ സോവിയററ് യൂണിയൻ തയ്യാറല്ലാത്ത ഒരൊററ ആയുധവുമില്ല.

പടിഞ്ഞാറുള്ളതോ കിഴക്കുള്ളതോ ആയിക്കൊള്ളട്ടെ, യാതൊരു രാജ്യത്തിന്റെയും സുരക്ഷിതത്വത്തിൻമേൽ സോവിയററ്‌യൂണിയൻ യാതൊരു കയ്യേററവും നടത്താൻ ശ്രമിക്കുന്നില്ല. അത് ആരെയും ഭീഷണിപ്പെടുത്തുന്നില്ല. ഏതൊരു രാജ്യവുമായും അഭിമുഖീകരണത്തിന്ന് അതാഗ്രഹിക്കുന്നില്ല; എല്ലാ രാജ്യങ്ങളുമായും സമാധാനത്തിൽ കഴിയുവാനാണ് അതാഗ്രഹിക്കുന്നത്. മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം മുതൽക്കിങ്ങോട്ട് സോവിയററ് സോഷ്യലിസ്റ്റ് സ്റ്റേററ്, സമാധാനത്തിന്റെയും ജനതകൾക്കിടയിലെ സൗഹൃദത്തിന്റെയും കൊടിക്കൂറ ഉയർത്തിപ്പിടിച്ചുകൊണ്ടുവരുന്നു. സി. പി. എസ്. യു. ആ ലെനിനിസ്റ്റ് കൊടിക്കൂറയോട് തുടർന്നും കൂറു പുലർത്തുന്നതാണ്.

## IV. സി. പി. എസ്. യു. ലോകതൊഴിലാളിവർഗ്ഗ - കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ

സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഒരവിഭാജ്യഭാഗമാണ് സി. പി. എസ്. യു. സോഷ്യലിസ്റ്റ് സമുദായത്തെ അന്യൂനമാക്കുന്നതിന്നും കമ്യൂണിസത്തിലേക്ക് മുന്നേറുന്നതിന്നുമുള്ള സ്വന്തം പ്രവർത്തനങ്ങളെ മുഖ്യമായ ഒരു സാർവ്വദേശീയകടമയായി അത് കണക്കാക്കുന്നു. ഈ കടമയുടെ സാക്ഷാത്ക്കരണം ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥയുടെ താൽപര്യങ്ങൾക്കും, സാർവദേശീയ തൊഴിലാളിവർഗ്ഗത്തിന്റെയും മാനവരാശിയുടെയാകെയും താൽപര്യങ്ങൾക്കും അനുഗുണമാണ്.

സാമൂഹ്യവും ദേശീയവുമായ മർദ്ദനത്തിന്നെതിരെ എല്ലായ്പോഴും അങ്ങേയററം ഉറച്ചുനിന്നു പോരാടിപ്പോന്നിട്ടുള്ളവരായ കമ്യൂണിസ്റ്റുകൾ, ഇപ്പോൾ, ഭൂമിയിൽ സമാധാനത്തെ കാത്തുസൂക്ഷിക്കുന്നതിന്നും ജീവി

ക്കാനുള്ള ജനങ്ങളുടെ അവകാശം സംരക്ഷിക്കുന്നതിന്നും വേണ്ടിയുള്ള പോരാട്ടത്തിൻെറ മുൻപന്തിയിൽ നിൽക്കുന്നു. യുദ്ധഭീഷണിയുടെ കാരണങ്ങളെക്കുറിച്ച് അവർ തികഞ്ഞ ബോധമുള്ളവരാണ്; സാർവ്വദേശീയ സംഘർഷം മൂർച്ഛിക്കുന്നതിന്നും ആയുധപ്പന്തയം രൂക്ഷതരമാക്കുന്നതിന്നും ഉത്തരവാദികളായ യഥാർത്ഥ കുററവാളികളെ അവർ തുറന്നു കാട്ടുകയും, യുദ്ധത്തിന്നെതിരായ മുന്നേററത്തിന്ന് സംഭാവന നൽകാൻ കഴിവുള്ള എല്ലാവരുമായും സഹകരണം തേടുകയും ചെയ്യുന്നു.

സോഷ്യലിസ്റ്റിതരലോകത്തിലെ കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികൾ, സങ്കീർണ്ണവും വിവാദകലുഷവുമായ ഒരു സ്ഥിതിയിലാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതെന്ന കാര്യം സി. പി. എസ്. യു. അംഗീകരിക്കുന്നു. അവരുടെ സമരത്തിൻെറ സാഹചര്യങ്ങളുടെയും സമരരൂപങ്ങളുടെയും വ്യാപ്തി ഏറെക്കുറെ വിശാലമാണ്. എന്നാൽ ഇത്, പ്രസ്ഥാനത്തിന്ന് ലഭ്യമായിട്ടുള്ള അവസരങ്ങൾ ചുരുക്കുന്നതിനേക്കാൾ വിപുലപ്പെടുത്തുകയാണ് ചെയ്യുന്നത്, കമ്യൂണിസ്റ്റുകൾ നടത്തിവരുന്ന പ്രവർത്തനത്തിൻെറ വിവിധ രൂപങ്ങൾ, വ്യതിരിക്തങ്ങളായ ദേശീയസാഹചര്യങ്ങളെയും മൂർത്തമായ ചരിത്രസാഹചര്യങ്ങളേയും, ജനസഞ്ചയത്തിലെവ്യത്യസ്തസാമൂഹ്യ ഗ്രൂപ്പുകളുടേയും സാമൂഹ്യപാളികളുടേയും താൽപര്യങ്ങളേയും കൂടുതൽ നല്ല നിലയിൽ കണക്കിലെടുക്കുവാൻ അവർക്ക് സൗകര്യമുണ്ടാക്കുന്നു.

ഓരോ രാജ്യത്തിലേയും കമ്യൂണിസ്റ്റുകൾ സ്ഥിതിയെ സ്വതന്ത്രമായി വിശകലനം ചെയ്യുകയും വിലയിരുത്തുകയും തങ്ങളുടെ തന്ത്രപരമായ കർമ്മസരണിയും നയങ്ങളും ആവിഷ്കരിക്കുകയും, അടിയന്തിരലക്ഷ്യങ്ങൾക്കും അന്തിമലക്ഷ്യങ്ങൾക്കും വേണ്ടിയും കമ്യൂണിസ്റ്റ് ആദർശങ്ങൾക്കുവേണ്ടിയുമുള്ള സമരത്തിൻെറ മാർഗ്ഗങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നു എന്ന ധാരണയോടുകൂടിയാണ് സി. പി. എസ്. യു മുന്നോട്ടു പോകുന്നത്. കമ്യൂണിസ്റ്റ് പാർട്ടികൾ സഞ്ചയിച്ചിട്ടുള്ള അനുഭവങ്ങൾ, സാർവ്വദേശീയവാദപരമായി വിലപ്പെട്ട ഒരാസ്തിയാണ്.

സി. പി. എസ്. യു. വിദേശ കമ്യൂണിസ്റ്റ്പാർട്ടികളുടെ പ്രശ്നങ്ങളെയും അനുഭവങ്ങളെയും പററി ഉററ നിലയിൽ പഠനം നടത്തുന്നു. തങ്ങളുടെ തന്ത്രവും അടവുകളും മെച്ചപ്പെടുത്താനും കുത്തകവിരുദ്ധ-യുദ്ധവിരുദ്ധ പ്രവർത്തനങ്ങളുടേതായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ വിശാലതരമായ വർഗ്ഗസഖ്യങ്ങൾ ഉണ്ടാക്കുവാനും, ജനാധിപത്യത്തിനുവേണ്ടിയുള്ള സമരം സോഷ്യലിസത്തിന്നുവേണ്ടിയുള്ള സമരത്തിൻെറ ഒരു ഭാഗമാണെന്നുള്ള ധാരണയെ ആധാരമാക്കി, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാമ്പത്തികതാൽപര്യങ്ങളും രാഷ്ട്രീയാവകാശങ്ങളും ഉയർത്തിപ്പിടിക്കാനുമുള്ള അവരുടെ അഭിലാഷത്തെ സി. പി. എസ്. യു. സഹാനുഭൂതിയോടെ പരിഗണിക്കുന്നു.

വ്യത്യസ്തരാജ്യങ്ങളിലെ സാമ്രാജ്യത്വവൃത്തങ്ങൾ, സോഷ്യലിസത്തിന്നും എല്ലാ ജനാധിപത്യശക്തികൾക്കുമെതിരായ തങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും, ചില കമ്യൂണിസ്റ്റ് പാർട്ടികളെ മററു കമ്യൂണിസ്റ്റ് പാർട്ടികൾക്ക് എതിരാക്കിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, കമ്യൂണിസ്റ്റുകൾക്കിടയിലെ തൊഴിലാളിവർഗ്ഗ

സാർവ്വദേശീയവാദത്തിന്റെയും സഖിത്വപരമായ സഹഭാവത്തിന്റെയും പ്രാധാന്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

തനിപ്പെട്ട പ്രശ്നങ്ങളെച്ചൊല്ലിയുള്ള അഭിപ്രായഭിന്നതകൾ, കമ്യൂണിസ്റ്റ് പാർട്ടികൾക്കിടയിലെ സാർവ്വദേശീയസഹകരണത്തെയും അവയുടെ ഏകോപിതപ്രവർത്തനത്തെയും തടസ്സപ്പെടുത്തിക്കൂടെന്ന് സി. പി. എസ്. യു. കരുതുന്നു.

തനിപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് സഹോദരപാർട്ടികൾക്കിടയിൽ വീക്ഷണവ്യത്യാസം ഉളവാകുമ്പോൾ, അപരന്റെ വീക്ഷണങ്ങൾ കൂടുതൽ നല്ല നിലയിൽ മനസ്സിലാക്കുന്നതിന്നും, പരസ്പരം സ്വീകാര്യമായ ധാരണകളിലെത്തിച്ചേരുന്നതിന്നുംവേണ്ടി സഖിത്വപരമായ ചർച്ചകൾ നടത്തുന്നത് പ്രയോജനകരമായിരിക്കുമെന്ന് സി. പി. എസ്. യു. കരുതുന്നു. എന്നാൽ, വിവാദവിഷയം, മാർക്സിസം - ലെനിനിസത്തിന്റെ വിപ്ലവപരമായ ഉള്ളടക്കമാവുമ്പോൾ, യഥാർത്ഥ സോഷ്യലിസത്തിന്റെ അന്തസ്സത്തയും പങ്കും ആകുമ്പോൾ, സി. പി. എസ്. യു. പ്രമാണത്തിന്റെ നിലപാടുകളിൽ നിന്നുകൊണ്ട് അവസരവാദത്തെയും പരിഷ്കരണവാദത്തെയും വരട്ടുതത്വവാദത്തെയും വിഭാഗീയതയെയും തുടർന്ന് തിരിച്ചടിക്കുന്നതായിരിക്കും. കമ്യൂണിസ്റ്റുകളുടെ പ്രവർത്തനങ്ങളുടെ വർഗ്ഗപരമായ സത്തയെ നിർവീര്യമാക്കുവാനും, അവ നടത്തുന്ന സമരത്തിന്റെ ലക്ഷ്യങ്ങളുടേയും ഉപാധികളുടെയും വിപ്ലവകരമായ സ്വഭാവത്തെ ദുർവ്യാഖ്യാനം ചെയ്യാനുമുള്ള ഏതു ശ്രമത്തോടുമുള്ള സി. പി. എസ്. യു വിന്റെ സമീപനത്തെയും ഇത് നിർവ്വചിക്കുന്നു. മാർക്സ്, എംഗൽസ്, ലെനിൻ എന്നിവരുടെ പ്രബോധനങ്ങളുടെ അടിസ്ഥാന തത്വങ്ങളിൽനിന്നുള്ള വ്യതിയാനം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ശേഷിസാദ്ധ്യതകളെ ദുർബ്ബലപ്പെടുത്തുന്നതായി അനുഭവം കാട്ടുന്നു.

സഹോദരപാർട്ടികളുമായുള്ള ബന്ധങ്ങളിൽ സി. പി. എസ്. യു. വിപ്ലവപരമായ സഹഭാവത്തെയും ഓരോ പാർട്ടിക്കുമുള്ള പൂർണ്ണസ്വാതന്ത്ര്യത്തിന്റെയും തുല്യതയുടെയും അംഗീകരണത്തെയും സാംഗോപാംഗം ഏകോപിപ്പിക്കുന്ന തൊഴിലാളിവർഗ്ഗസാർവ്വദേശീയവാദത്തിന്റെ പ്രമാണത്തെ സുസ്ഥിരം മുറുകെപ്പിടിക്കുന്നു. ഈ പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ സി. പി. എസ്. യൂ. കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുമായുള്ള അതിന്റെ ബന്ധങ്ങൾ സജീവമായി വികസിപ്പിക്കുകയും, വിവരങ്ങൾ കൈമാറുകയും ഉഭയപക്ഷ-ബഹുപക്ഷയോഗങ്ങളിൽ പങ്കെടുക്കുകയും, ആവശ്യം വരുമ്പോൾ മേഖലാപരവും വിപുലതരവുമായ അന്തർദ്ദേശീയസമ്മേളനങ്ങൾ വിളിച്ചുചേർക്കുകയും ചെയ്യുന്നു.

സോവിയററ് കമ്യൂണിസ്റ്റുകൾ എല്ലായ്പൊഴും മുതലാളിത്തലോകത്തിലെ സ്വവർഗ്ഗസഖാക്കളുടെ ഭാഗത്തു നിലകൊള്ളുന്നു. പ്രതിലോമശക്തികളുടെ സ്വേച്ഛാധിപത്യവാഴ്ചക്ക് ഇരയാവുന്ന കമ്യൂണിസ്റ്റുകളെ സംരക്ഷിക്കാൻ സി. പി. എസ്. യു. അതിന്റെ സാർവ്വദേശീയാന്തസ്സ് ഉപയോഗിക്കും. സഹോദരപാർട്ടികളുടെ സഹഭാവത്തെ, സോവിയററ് വിരുദ്ധതയ്ക്കെതിരായ അവരുടെ സമരത്തെ, സി. പി. എസ്. യു. അത്യധികം വിലമതിക്കുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെയും സോഷ്യലിസ്റ്റിതര രാജ്യങ്ങളിലെയും കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർ

ട്ടികളുടെ പരസ്പരപിന്തുണ സാമൂഹ്യപുരോഗതിക്കു സാധകമായ പ്രധാനപ്പെട്ടൊരു ഘടകമാണ്.

സോഷ്യലിസ്റ്റ് പാർട്ടികളുമായും സോഷ്യൽ-ഡിമോക്രാററിക് പാർട്ടികളുമായും തൊഴിലാളിപാർട്ടികളുമായും ബന്ധങ്ങാം വികസിപ്പിക്കുകയെന്ന നയം സി. പി. എസ്. യു. തുടരുന്നതാണ്. അവയുമായുള്ള സഹകരണത്തിന്, സർവ്വോപരിയായി നൂക്ലിയർ യുദ്ധം തടയുന്നതിനു വേണ്ടിയുള്ള യത്നത്തിൽ, ഗണ്യമായ ഒരു പങ്ക് വഹിക്കാൻ കഴിയും. തൊഴിലാളിപ്രസ്ഥാനത്തിലെ വിവിധ ധാരകാം തമ്മിലുള്ള അകൽച്ചകാം എത്ര ആഴത്തിലുള്ളതായാലും, അത് ഫലപ്രദവും ക്രമബദ്ധവുമായ അഭിപ്രായവിനിമയത്തിന്ന് തടസ്സമല്ല; യുദ്ധവിപത്തിന്നെതിരായ, സമാന്തരവും സംയുക്തംപോലുമായ പ്രവർത്തനങ്ങാംക്ക് തടസ്സമല്ല; അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താൽപര്യങ്ങാംക്കും അവകാശങ്ങാംക്കുംവേണ്ടിയും സാർവ്വദേശീയസ്ഥിതി മെച്ചപ്പെടുത്തുന്നതിന്നും, കൊളോണിയലിസത്തിൻെറ അവശിഷ്ടങ്ങളെ നിർമ്മൂലനം ചെയ്യുന്നതിന്നുംവേണ്ടിയുമുള്ള സമാന്തരമോ സംയുക്തമോ ആയ പ്രവർത്തനങ്ങാംക്ക് തടസ്സമല്ല.

സാർവ്വദേശീയതൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻെറ എല്ലാം ദളങ്ങളുടേയും സഹകരണം ഊർജ്ജസ്വലമാക്കുന്നതിന്ന്, വ്യത്യസ്ത പ്രവണതകളോടുകൂടിയ ട്രേഡ്യൂണിയനുകാം തമ്മിലും, വിവിധ രാജ്യങ്ങളിലെ യുവജന-വനിതാ-കർഷകസംഘടനകളും മററ് ജനാധിപത്യസംഘടനകളും തമ്മിലുമുള്ള പരസ്പരപ്രവർത്തനം ഗാഢതരമാക്കുന്നതിന്ന്, സി. പി. എസ്. യു. ഏറെ പ്രാധാന്യം കൽപിക്കുന്നു.

ലോകതൊഴിലാളിവർഗ്ഗത്തോടും അതിൻെറ കമ്യൂണിസ്റ്റ് മുന്നണിദളത്തോടുമുള്ള ചരിത്രപരമായ ഉത്തരവാദിത്വത്തെപ്പററി അഗാധമായ ബോധമുള്ള സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റ് പാർട്ടി തുടർന്നും അടിയിൽ പറയുന്ന കാര്യങ്ങാം ചെയ്യുന്നതാണ്:

— ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ വിപ്ലവകരങ്ങളായ ആദർശങ്ങളെ ഉയർത്തിപ്പിടിക്കുകയും, ശാസ്ത്രീയസോഷ്യലിസത്തിൻെറ സിദ്ധാന്തത്തെ രചനാത്മകമായി വികസിപ്പിക്കുകയും വരട്ടുതത്വവാദത്തിന്നും തിരുത്തൽവാദത്തിന്നും തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻമേലുള്ള എല്ലാം ബൂർഷ്വാ പ്രത്യയശാസ്ത്രസ്വാധീനങ്ങാംക്കുമെതിരായി സുസ്ഥിരം പോരാടുകയും, ചെയ്യുന്നതാണ്;

— സഹോദരപാർട്ടികാം തമ്മിലുള്ള അണിയൊരുപ്പത്തിന്നും സഹകരണത്തിന്നുംവേണ്ടി, കമ്യൂണിസ്റ്റുകളുടെ സാർവ്വദേശീയസഹോദരത്വത്തിന്നുവേണ്ടി, ലോകയുദ്ധം തടയുകയെന്ന ലക്ഷ്യത്തിന്നുള്ള കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ സംഭാവന വർദ്ധിപ്പിക്കുന്നതിന്നുവേണ്ടി കഴിവിൻെറ പരമാവധി പ്രവർത്തിക്കുന്നതാണ്.

— സാർവ്വദേശീയതൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിലെ പ്രവർത്തനൈക്യത്തിൻേറതായ, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പൊതുതാൽപര്യങ്ങാംക്കും ശാശ്വതസമാധാനത്തിന്നും ജനതകളുടെ സുരക്ഷിതത്വത്തിന്നും, ദേശീയസ്വാതന്ത്ര്യത്തിന്നും ജനാധിപത്യത്തിന്നും സോഷ്യലിസത്തിന്നുംവേണ്ടിയുള്ള സമരത്തിലെ പ്രവർത്തനൈക്യത്തിൻേറതായ, ഒരു ഉറച്ച നയം അനുവർത്തിക്കുന്നതാണ്.

ഭാഗം നാല്

# സി. പി. എസ്. യു.—സോവിയററ് സമുദായത്തിലെ നേതൃശക്തി

സോവിയററ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സാമൂഹ്യവികാസത്തിൻമേലുള്ള സ്വാധീനത്തിന്റെ ഗാഢതയിലും ശക്തിയിലും അഭൂതപൂർവ്വമായിട്ടുള്ള ഒരു പാത പിന്നിട്ടിരിക്കുന്നു. ആദ്യത്തെ മാർക്സിസ്റ്റ് വൃത്തങ്ങളിൽനിന്ന്, മൂന്ന് ജനകീയവിപ്ലവങ്ങളാംവഴി, മഹത്തായ ഒരു സോഷ്യലിസ്റ്റ് ഭരണത്തിന്റെ നേതൃത്വത്തിലേക്കുള്ള അതിന്റെ ഉയർച്ച അതിശീഘ്രമായിരുന്നു.

ഒരു നവസമുദായം കെട്ടിപ്പടുക്കുന്നതിൽ സോവിയററ് ജനങ്ങൾക്കുണ്ടായ ചരിത്രവിധായകമായ നേട്ടങ്ങളും മഹത്തായ ദേശാഭിമാനയുദ്ധത്തിലുണ്ടായ വിജയവും സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതിയുടെ പൂർവ്വാധികം ഉയർന്ന ഘട്ടങ്ങളിലേക്കുള്ള രാജ്യത്തിന്റെ ആത്മവിശ്വാസപൂർവ്വകമായ മുന്നേററവും, ലോകസ്ഥിതിവികാസത്തിന്റെ ഗതിയിൽ സോവിയററ് യൂണിയന്റെ സ്വാധീനത്തിലുണ്ടായ വർദ്ധനവും, കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങളുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. ബഹുജനങ്ങളുടെ ചരിത്രപരമായ ക്രിയാത്മകതയുടെ പ്രചോദകനും സംഘാടകനുമാണത്; നമ്മുടെ സമുദായത്തിന്റെ നേതൃ-മാർഗ്ഗദർശകശക്തിയാണത്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്താൽ സജ്ജമായ പാർട്ടി, രാജ്യത്തിന്റെ വികസനത്തിനുള്ള പൊതുകാഴ്ചപ്പാട് നിർണ്ണയിക്കുകയും, ജനങ്ങളുടെ ക്രിയാത്മക പ്രവർത്തനങ്ങളുടെ ശാസ്ത്രാധിഷ്ഠിതമായ നേതൃത്വത്തിന്ന് ഉറപ്പുവരുത്തുകയും, കമ്യൂണിസം കെട്ടിപ്പടുക്കുവാൻ വേണ്ടിയുള്ള യത്നത്തിന്ന് സംഘടിതവും പദ്ധതിയിലധിഷ്ഠിതവും ഉദ്ദേശ്യപൂർണ്ണവുമായ ഒരു സ്വഭാവം നൽകുകയും ചെയ്യുന്നു.

സോവിയററ് യൂണിയനിൽ സോഷ്യലിസം കെട്ടിപ്പടുക്കുകയും, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ എല്ലാം വിഭാഗങ്ങളും തൊഴിലാളിവർഗ്ഗത്തിന്റെ നിലപാടിലേക്ക് പരിവർത്തനപ്പെടുകയും, സോവിയററ് സമുദായത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ഐക്യം ദൃഢീകരിക്കുകയും ചെയ്തതിൻഫലമായി, കമ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയെന്ന നിലയിൽ അതിന്റെ വർഗ്ഗസത്തയും പ്രത്യയശാസ്ത്രവും നിലനിർത്തിക്കൊണ്ട്, മുഴുവൻ ജനങ്ങളുടേയും പാർട്ടിയായിത്തീർന്നിരിക്കുന്നു. ഇത് സി. പി. എസ്. യു.വിന്റെ പ്രവർത്തനത്തിന്റെയാകെ വിപ്ലവപരമായ അനുസ്യൂതിയെ, അഭ്യന്തര-വിദേശനയത്തിന്റെ വർഗ്ഗസ്വഭാവത്തെ, പൂർവ്വനിർണ്ണയം ചെയ്യുന്നു.

ചരിത്രപരമായ പുതിയ സാഹചര്യങ്ങളിൽ, ആഭ്യന്തരവികാസത്തിലും സാർവ്വദേശീയരംഗത്തും രാജ്യം പ്രധാനപ്പെട്ട കടമകളെ അഭിമുഖീകരിക്കുമ്പോഴും, സോവിയററ് സമുദായജീവിതത്തിൽ പാർട്ടിയുടെ നേതൃപരമായ പങ്ക് സ്വാഭാവികമായി വർദ്ധിക്കുന്നു; അതിന്റെ രാഷ്ട്രീയവും സംഘടനാപരവുമായ പ്രവർത്തനനിലവാരത്തിൻമേൽ കൂടുതലുയർന്ന ആവശ്യങ്ങൾപോലും ഉന്നയിക്കപ്പെടുന്നു. അടിയിൽ പറയുന്ന തരത്തിലുള്ള സുപ്രധാന ഘടകങ്ങളാണ് ഇതിനെ പൂർവ്വനിർണ്ണയം ചെയ്യുന്നത്.

— സോഷ്യലിസത്തെ അന്യൂനമാക്കുകയും രാജ്യത്തിന്റെ സാമൂഹ്യ-സാമ്പത്തികവികസനം ത്വരിപ്പിക്കുകയും ചെയ്യുന്നതിനുള്ള കടമകളുടെ,

വ്യാപ്തിയിലും സങ്കീർണ്ണതയിലുമുള്ള, വളർച്ച; കടമകളുടെ വിജയകരമായ നിർവ്വഹണത്തിന്നും സമുദായത്തിലെ സാമ്പത്തികപുരോഗതിയും സാമൂഹ്യപുരോഗതിയും സാംസ്കാരികപുരോഗതിയും തമ്മിലുള്ള സംയോജിതമായ പരസ്പരബന്ധത്തിന്നും ഉറപ്പുവരുത്തുന്ന ഒരു നയം ആവിഷ്കരിച്ച് സുസ്ഥിരം പ്രാവർത്തികമാക്കേണ്ടതിൻെറ ആവശ്യകത;

— രാഷ്ട്രീയവ്യവസ്ഥയുടെ വികസനം, ബഹുജനങ്ങളുടെ രാഷ്ട്രീയവും അദ്ധ്വാനപരവുമായ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക വഴി, ജനാധിപത്യത്തെയും ജനങ്ങളുടെ സോഷ്യലിസ്റ്റ് സ്വയംഭരണത്തെയും ഗാഢതരമാക്കൽ; ഉൽപാദനത്തിൻെറയും സ്റ്റേററ്കാര്യങ്ങളുടെയും പൊതുക്കാര്യങ്ങളുടെയും നിർവ്വഹണത്തിലേക്ക് അവരെ വലിയ തോതിൽ അണിനിരത്തൽ;

— മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തെ അധികതരം രചനാത്മകമായി വികസിപ്പിക്കുകയും, കമ്മ്യൂണിസനിർമ്മാണത്തിന്നുവേണ്ടിയുള്ള പ്രായോഗികനടപടികളെ അഗാധമാംവിധം സമഗ്രമാക്കുകയും, ജീവിതം ഉയർത്തുന്ന ചോദ്യങ്ങൾക്ക് ശാസ്ത്രീയമായി സമർത്ഥിക്കപ്പെട്ട, സമയോചിതങ്ങളായ ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയും, പെററിബൂർഷ്വാ മനോഭാവത്തിൻെറയും പെററിബൂർഷ്വാ ആചാരനീതികളുടെയും അവശിഷ്ടങ്ങളെയും സോഷ്യലിസ്റ്റ് ജീവിതസമ്പ്രദായങ്ങളിൽ നിന്നുള്ള എല്ലാ വ്യതിയാനങ്ങളെയും തുടച്ചുനീക്കിക്കൊണ്ട്, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സാമൂഹ്യാവബോധം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകത;

— സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ അണിയടുപ്പം വർദ്ധിപ്പിക്കുകയും അവയുടെ സർവ്വതോമുഖമായ സഹകരണം വിപുലപ്പെടുത്തുകയും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ്-തൊഴിലാളിവർഗ്ഗ-ദേശീയ വിമോചന പ്രസ്ഥാനത്തിൻെറ ഐക്യം അരക്കിട്ടുറപ്പിക്കുകയും ചെയ്യേണ്ടതിൻെറ ആവശ്യകത; ബൂർഷ്വാപ്രത്യയശാസ്ത്രത്തിനും, തിരുത്തൽവാദത്തിനും വരട്ടുതത്വവാദത്തിനും പരിഷ്കരണവാദത്തിനും വിഭാഗീയ ചിന്താഗതിക്കുമെതിരായ പോരാട്ടം ശക്തിപ്പെടുത്തേണ്ടതിൻെറ ആവശ്യകത;

— സാമ്രാജ്യത്വത്തിൻെറ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആക്രമണ വ്യഗ്രതയുമായി ബന്ധപ്പെട്ടുകൊണ്ട് വിദേശനയസാഹചര്യങ്ങളിലുണ്ടായിട്ടുള്ള സങ്കീർണ്ണത; രാജ്യത്തിൻെറ സുരക്ഷിതത്വത്തിന്ന് ഉറപ്പുവരുത്തുന്ന കാര്യത്തിൽ ജാഗ്രത വർദ്ധിപ്പിക്കേണ്ടതിൻെറ ആവശ്യകത: ആക്രമണത്തിൻെറ ശക്തികൾക്ക് കടിഞ്ഞാണിടുന്നതിനും ആയുധപ്പന്തയം അവസാനിപ്പിക്കുന്നതിനും നൂക്ലിയറത്യാഹിതത്തിൻെറ ഭീഷണിയിൽനിന്ന് മാനവരാശിയെ വിമുക്തമാക്കുന്നതിനും ഭൂമിയിൽ സമാധാനം ശക്തിപ്പെടുത്തുന്നതിനുംവേണ്ടി കൂടുതൽ കൂടുതൽ നിർബ്ബന്ധബുദ്ധിയോടുകൂടിയ യത്നങ്ങൾ നടത്തേണ്ടതിൻെറ ആവശ്യകത.

സമുദായത്തിൻെറ രാഷ്ട്രീയനേതൃത്വം നിറവേററിക്കൊണ്ട് സി. പി. എസ്. യു. കാലപരീക്ഷിതമായ ലെനിനിസ്റ്റ് പ്രമാണങ്ങൾ സുസ്ഥിരം അധികതരം പ്രയോഗിക്കുകയും പാർട്ടിപ്രവർത്തനത്തിലും സ്റ്റേററിൻെറയും സമ്പദ്വിധാനത്തിൻെറയും നോക്കിനടത്തിപ്പിൻെറ എല്ലാ മേഖലകളിലും ലെനിനിസ്റ്റ് ശൈലി ഉറപ്പിക്കുകയും, അതിൻെറ നയത്തിൻെറ ശാസ്ത്രാധിഷ്ഠിത സ്വഭാവം വർദ്ധിപ്പിക്കുകയും ചെയ്യും; പാർട്ടി, ബഹുജനങ്ങളുടെ സാമൂഹ്യമുൻകൈ വികസിപ്പിച്ചുകൊണ്ട് അവരുടെ കൂട്ടായ വിവേകത്തിലേക്കും അനുഭവങ്ങളിലേക്കും ഉററുനോക്കും. പ്രത്യയശാസ്ത്രപരവും സൈദ്ധാന്തികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവും സംഘടനാപരവും സാമ്പത്തികവുമായ പ്രവർത്തനത്തിൻെറ ഐക്യത്തിന്ന് പാർട്ടി അടിസ്ഥാനപരമായ പ്രാധാന്യം കൽപിക്കുന്നു. ഏതുവിധത്തിലുമുള്ള നിഷ്ക്രിയത്വത്തിന്നുമെതിരെയുള്ള

സന്ധിയില്ലാസമരത്തിന്നും, സാമൂഹ്യ-സാമ്പത്തികവും ശാസ്ത്രീയവും സാങ്കേതികവും പ്രത്യയശാസ്ത്രപരവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങളുടെ കാലോചിതമായ പരിഹരണത്തിന്നുവേണ്ടിയുള്ള ക്രിയാത്മകമായ അന്വേഷണത്വരയ്ക്കും അത് അടിസ്ഥാനപരമായ പ്രാധാന്യം കൽപിക്കുന്നു.

പാർട്ടിയുടെയും സ്റ്റേററിന്റെയും പൊതുസംഘടനകളുടെയും പ്രവർത്തനങ്ങളുടെ വ്യതിരിക്തസ്വഭാവത്തെ ശ്രദ്ധാപൂർവ്വം കണക്കിലെടുക്കുകയും അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഇരട്ടിപ്പണി ഒഴിവാക്കുകയും രാഷ്ട്രീയ നേതൃത്വത്തിന്റെ ജിഹ്വകളെന്നനിലയിൽ പാർട്ടികമ്മിററികളുടെ പങ്ക് വർദ്ധിപ്പിക്കുകയും കർക്കശമായ ഔപചാരികത്വത്തിന്റെയും ചുവപ്പുനാടയുടെയും ലാഞ്ഛനകളെയും ഭരണയന്ത്രവിധാനത്തിന്റെ പ്രവർത്തനങ്ങളിലെ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വപരവും മററുമായ വക്രീകരണത്തെയും നിർമ്മൂലനം ചെയ്യുകയും ചെയ്ക ആവശ്യമാണെന്ന് പാർട്ടി കരുതുന്നു; പാർട്ടിതീരുമാനങ്ങളുടെയും സാമ്പത്തികപദ്ധതികളുടെയും നിർവ്വഹണം സംബന്ധിച്ച പരിശോധനകൾ ഊർജ്ജിതപ്പെടുത്തുക ആവശ്യമാണ്; സ്റ്റേററ് അച്ചടക്കവും തൊഴിൽ അച്ചടക്കവും ക്രമവും സംഘടനാപരമായ മാനകങ്ങളും ശക്തിപ്പെടുത്തുകയെന്നതും ആവശ്യമാണ്.

എല്ലാ പാർട്ടി സംഘടനകളുടെയും തൊഴിൽകൂട്ടായ്മകളുടെയും പ്രവർത്തനങ്ങളിൽ പാർട്ടി ക്രിയാത്മക സമീപനത്തിന്നും കാര്യക്ഷമതയ്ക്കും ഉയർന്ന ഉത്തരവാദിത്വത്തിന്നും തത്വനിഷ്ഠയ്ക്കും അക്ഷീണം ഉറപ്പുവരുത്തുന്നു; കൈവരിക്കപ്പെട്ട ഫലങ്ങളെ വസ്തുനിഷ്ഠമായും സ്വയംവിമർശനപരമായും വിലയിരുത്താനും ജനങ്ങളോടും അവരുടെ ആവശ്യങ്ങളോടും ആകാംക്ഷകളോടും ഉള്ള സമീപനത്തിൽ ശ്രദ്ധാലുക്കളും സൂക്ഷ്മഗ്രഹണപടുക്കളുമായിരിക്കാനുമുള്ള കഴിവ് അവരിൽ ഉളവാക്കുന്നു.

സ്റ്റേററ്-സാമ്പത്തിക-സാംസ്കാരികനിർമ്മാണത്തിന്റെ മാർഗ്ഗദർശനങ്ങൾ സംബന്ധിച്ച ഉയർന്ന മാനകങ്ങളെ, പ്രവർത്തകരുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനുള്ള യത്നവുമായി പാർട്ടി അവിഭാജ്യമാംവിധം കൂട്ടിയിണക്കുന്നു. പ്രവർത്തകരെ അവരുടെ രാഷ്ട്രീയവും ജോലിസംബന്ധവും ധാർമ്മികവുമായ ഗുണങ്ങൾ നോക്കി തിരഞ്ഞെടുക്കുകയും വിലയിരുത്തുകയും ചെയ്യുന്നതു സംബന്ധിച്ച ലെനിനിസ്റ്റ് പ്രമാണങ്ങൾ, മുകളിൽനിന്ന് താഴെവരെ എല്ലായിടത്തും കണിശമായി പാലിക്കപ്പെടുകയെന്നത്, പൊതുജനാഭിപ്രായത്തെ കൂടുതൽ പൂർണ്ണതരമായി പരിഗണിക്കുകയെന്നത്, അത്യാവശ്യമാണെന്ന് പാർട്ടി കരുതന്നു.

രാഷ്ട്രീയമായി പക്വതയുള്ളവരും ഉയർന്ന ധാർമ്മികഗുണങ്ങളുള്ളവരും സമർത്ഥരും തികഞ്ഞ മുൻകൈയുള്ളവരുമായ തൊഴിലാളികൾക്കും കമ്യൂണിസ്റ്റുകൾക്കും പാർട്ടിയംഗങ്ങളല്ലാത്ത ആളുകൾക്കും നേതൃത്വത്തിലേക്ക് സ്ഥാനക്കയററം നൽകുകയെന്നതിനെ, മൊത്തത്തിൽ പ്രവർത്തകരെ സംബന്ധിച്ച അതിന്റെ നയത്തിൽ, സി. പി. എസ്. യു. പ്രോൽസാഹിപ്പിക്കും; സ്ത്രീകൾക്ക് ഭരണനിർവ്വാഹക തസ്തികകളിലേക്ക് സ്ഥാനക്കയററം നൽകുന്നകാര്യത്തിൽ പാർട്ടി കൂടുതൽ ഊർജ്ജസ്വലതപുലർത്തും. പുതിയ ആശയങ്ങളോടുള്ള പ്രതിപത്തി, സ്വയം ഉത്തരവാദിത്വമേറെറടുക്കാനുള്ള സന്നദ്ധത, മെച്ചപ്പെട്ടനിലയിൽ ജോലി ചെയ്യാൻ പഠിക്കുന്നതിനുള്ള ആഗ്രഹം, സാമ്പത്തികമാനേജുമെന്റിന്റെയും ജനങ്ങളുമായി ബന്ധപ്പെട്ട ഏത് പ്രവർത്തനങ്ങളുടെയും രാഷ്ട്രീയ സത്തയെ പരിഗണിക്കുന്നതിനുള്ള കഴിവ്, താനും മററുള്ളവരും ഉയർന്ന കാര്യക്ഷമതയോടെ പ്രവർത്തിക്കണമെന്ന വിചാരം എന്നിങ്ങിനെ നേതൃത്വപരമായ ഗുണവിശേഷങ്ങൾക്ക് പാർട്ടി മൗലികപ്രാധാന്യം കൽപിക്കുന്നു.

ശോഭനമായ ഭാവിയുള്ള, യുവതൊഴിലാളികൾ മുതിർന്ന തലമുറകളിലെ സുപരീക്ഷിതരായ ആളുകളോടൊപ്പം എല്ലാ മേഖലകളിലും ജോലിചെയ്യുകയും, അനുഭവവും ആവശ്യമായ പരിശീലനവും നേടുകയും ചെയ്യുന്നതിന്ന് ഉറപ്പ് വരുത്തുവാൻ പാർട്ടി ശ്രമിക്കുന്നു. തടസ്സപ്പെടുത്താൻ പാടില്ലാത്ത ഒരു സ്വാഭാവിക പ്രക്രിയയാണിത്. എന്തുകൊണ്ടെന്നാൽ, ഇത് നിയതമുറ, നിഷ്ക്രിയത്വം, ഇച്ഛാവാദം, എന്നിവയ്ക്കെതിരെ വിശ്വസനീയമായ ഒരു മുന്നുറപ്പ് സൃഷ്ടിക്കുന്നു.

പ്രവർത്തകരിൽ വിശ്വാസമുണ്ടായിരിക്കണം. എന്നാൽ, അതേസമയംതന്നെ ഉന്നതനിലവാരങ്ങൾ പ്രതീക്ഷിക്കുകയും അധ്വാനത്തിന്റെ ഫലത്തെയും പാർട്ടി-സ്റ്റേറ്റ് അച്ചടക്കത്തിന്റെ പാലനത്തെയും സംബന്ധിച്ചേടത്തോളം പാർട്ടി സംഘടനകളോടും തൊഴിൽകൂട്ടായ്മകളോടുമുള്ള വ്യക്തിപരമായ ഉത്തരവാദിത്വം വർദ്ധിപ്പിക്കുകയും നേതൃത്വം വഹിക്കുന്നവരുടെ പ്രവർത്തനത്തെ ബഹുജനങ്ങൾ കൂടുതലായി ഗുണദോഷ വിവേചനത്തോടെ നോക്കുകയുംവേണം. ഓരോ മാനേജരും തന്നെ ഏൽപിച്ച ജോലിയെ സംബന്ധിച്ചേടത്തോളം തികച്ചും വകപറയാൻ ബാധ്യസ്ഥനായിരിക്കുകയും ജനങ്ങളുമായി ശരിയായരീതിയിൽ ബന്ധങ്ങൾ വളർത്തുകയും സ്വന്തം മാതൃകകൊണ്ട് അവരെ പ്രചോദിപ്പിക്കുകയും ചെയ്യണം. ഒരൊറ്റ പാർട്ടിസംഘടനയേയും ഒരൊറ്റ തൊഴിലാളിയേയും പരിശോധനകളിൽനിന്ന് ഒഴിവാക്കരുത്.

പാർട്ടി അണികളുടെ അധികതരവളർച്ചയും ബലവർദ്ധനവും ജനാധിപത്യകേന്ദ്രീകരണ പ്രമാണത്തിന്റെ അടിസ്ഥാനത്തിലുള്ള ഉൾപ്പാർട്ടിബന്ധങ്ങളുടെ അന്യൂനീകരണവും പാർട്ടിയുടെ വികാസത്തിന്റെ സവിശേഷതകളാണ്.

തൊഴിലാളിവർഗ്ഗത്തിന്റെയും കൂട്ടുകൃഷിക്കാരുടേയും സോവിയറ്റ് ബുദ്ധിജീവികളുടേയും ഉൽകൃഷ്ട പ്രതിനിധികളെ ചേർത്ത് സ്വന്തം അണിയെ പോഷിപ്പിച്ചുകൊണ്ട് പാർട്ടി കമ്യൂണിസനിർമ്മാണത്തിന്റെ വിവിധമേഖലകളിൽ സ്വന്തം സ്വാധീനം വർദ്ധിപ്പിക്കുന്നു. പാർട്ടിയുടെ സാമൂഹ്യചേരുവയിൽ വ്യാവസായിക തൊഴിലാളികൾ ഒരു പ്രമുഖ സ്ഥാനം വഹിക്കുകയെന്നത് ജീവൽപ്രധാനമാണെന്ന് പാർട്ടി കരുതുന്നു. ഒരു വ്യക്തിയുടെ രാഷ്ട്രീയവും ജോലിസംബന്ധവുമായ ഗുണഗണങ്ങളും സത്യസന്ധതയും ശാലീനതയും കമ്യൂണിസലക്ഷ്യത്തിന്ന് അവന്റെ, അല്ലെങ്കിൽ അവളുടെ, മുഴുവൻ ഊർജ്ജവും വിനിയോഗിക്കാനുള്ള സന്നദ്ധതയുമാണ് പാർട്ടിഅണികളിൽ ചേരുന്നതിന്നുള്ള നിർണ്ണായകമായ നിബന്ധന. പാർട്ടിഅണികളിൽ നുഴഞ്ഞുകയറാനും പാർട്ടിയെ ഒരു ജീവനമാർഗ്ഗമാക്കാനുമുള്ള ഉദ്യമത്തെ മുളയിലേ നുള്ളിക്കളയണം.

പാർട്ടി അംഗത്വം ആർക്കും യാതൊരു പ്രത്യേകാധികാരവും നൽകുന്നില്ല; എന്നാൽ രാജ്യത്ത് നിർവ്വഹിക്കപ്പെടുന്ന സകലതിനെയും സംബന്ധിച്ചേടത്തോളവും കമ്യൂണിസനിർമ്മാണത്തിന്റെയും സാമൂഹ്യപുരോഗതിയുടേയും ഭാഗധേയങ്ങളെ സംബന്ധിച്ചേടത്തോളവും കൂടുതൽ ഉയർന്ന ഒരു ഉത്തരവാദിത്തം എന്നു അതിന്നർത്ഥമുണ്ട്. ഓരോ കമ്യൂണിസ്റ്റും ജോലിയിലും പെരുമാറ്റത്തിലും പൊതുജീവിതത്തിലും സ്വകാര്യജീവിതത്തിലും ഒരു മാതൃകയായിരിക്കണം. കമ്യൂണിസ്റ്റുകളുടെ മുന്നണിപ്പങ്ക് എത്രത്തോളം പൂർണ്ണമായി സ്വയംപ്രകടമാകുന്നുവെന്നതിനെ ആശ്രയിച്ചിരിക്കുന്നു, വലിയൊരളവോളം, പാർട്ടിക്ക് ബഹുജനങ്ങളുമായുള്ള ബന്ധങ്ങളുടെ കരുത്തും ജനങ്ങൾക്കിടയിൽ അതിന്നുള്ള അന്തസ്സും. പാർട്ടി അംഗത്തിന്റെ സ്വഭാവം, സത്യസന്ധവും സംശുദ്ധവുമായിരിക്കുന്നതിന്നുവേണ്ടി പാർട്ടി, ഓരോ പാർട്ടി അംഗത്തെയും കർത്തവ്യത്തോട് അവന്നുള്ള, അല്ലെങ്കിൽ അവൾക്കുള്ള, മനോഭാവം വെച്ചു

വിലമതിക്കുകയും ആ വ്യക്തിയെ, പ്രവൃത്തിയും നടപടികളുംകൊണ്ട് വിലയിരുത്തുകയും ചെയ്യുന്ന മാനകങ്ങൾ നിരന്തരം ഉന്നയിക്കുന്നതാണ്.

ഉൾപ്പാർട്ടി ജനാധിപത്യത്തിന്ന് ആഴവും പരപ്പും കൂട്ടുകയും വിമർശനവും സ്വയംവിമർശനവും പ്രവർത്തനത്തിന്റെ പരസ്യസ്വഭാവവും വളർത്തിക്കൊണ്ട് പാർട്ടിജീവിതത്തിന്നുള്ള ലെനിനിസ്റ്റ് മാനകങ്ങൾ കർശനമായി പാലിക്കുകയും ചെയ്യുകയെന്നത് സ്വന്തം പ്രവർത്തനത്തിന്റെ വിജയത്തിന്ന്, കമ്യൂണിസ്റ്റുകളുടെ ഉന്നതമായ സൃഷ്ടിപരോർജ്ജസ്വലതയ്ക്ക്, ഒരു മുന്നുറപ്പായി സി. പി. എസ്. യു. കണക്കാക്കുന്നു.

പാർട്ടി അതിന്റെ പ്രവർത്തനമാകെ സുപരീക്ഷിതമായ കൂട്ടായ്മ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ തുടർന്ന് പടുത്തുയർത്തുന്നതാണ്. അതിന്റെ അധികതരമായ സമർത്ഥനത്തിന്നും വികസനത്തിന്നും ഉറപ്പുവരുത്തുന്നതിന്നായി, കൂട്ടുനേതൃത്വഘടകങ്ങളെന്നനിലയിൽ പാർട്ടിയോഗങ്ങളുടേയും പ്ലീനങ്ങളുടെയും കോൺഫറൻസുകളുടേയും കോൺഗ്രസ്സുകളുടേയും പാർട്ടി കമ്മിററികളുടേയും ബ്യൂറോകളുടേയും പങ്കും പ്രാധാന്യവും വർദ്ധിപ്പിക്കുകയും, പാർട്ടിയിൽ അതിന്റെ നയവുമായും പ്രായോഗികപ്രവർത്തനവുമായും ബന്ധപ്പെട്ട പ്രശ്നങ്ങൾ സ്വതന്ത്രമായും കാര്യമാത്രമായും ചർച്ചചെയ്യുന്നതിന്ന് അനുകൂലമായ സാഹചര്യങ്ങൾക്ക് ഉറപ്പുവരുത്തുകയും ചെയ്യുകയെന്നത് മുഖ്യമാണെന്ന് സി. പി. എസ്. യു. കരുതുന്നു.

ഉൾപ്പാർട്ടിജീവിതത്തിന്റെ ജനാധിപത്യപ്രമാണങ്ങൾ പ്രയോഗത്തിൽ സുസ്ഥിരം അനുവർത്തിക്കണമെന്ന് ആവശ്യപ്പെടുന്ന സി. പി. എസ്. യു., അതേസമയംതന്നെ പാർട്ടി അച്ചടക്കത്തിന്റെ ദൃഢീകരണത്തിൽ നിരന്തരമായ ശ്രദ്ധപതിപ്പിക്കുകകൂടി ചെയ്യുന്നു. പാർട്ടി അംഗങ്ങളുടെ ദൃഢവും ബോധപൂർവ്വവുമായ അച്ചടക്കം, പൊതുജീവിതത്തിന്റെ എല്ലാ തുറകളിലും ഉന്നതമായ സോഷ്യലിസ്റ്റ് അച്ചടക്കത്തിന്നാവശ്യമായ പൂർവ്വോപാധിയാകുന്നു.

കമ്യൂണിസ്റ്റുകളുടെ വിജയകരമായ പാർട്ടിപ്രവർത്തനവും വർദ്ധമാനമായ ശുഷ്കാന്തിയും, പ്രാഥമിക പാർട്ടിഘടകങ്ങളുടെ പ്രവർത്തനത്തിന്റെ അധികതരമായ ഉന്നമനവുമായി അവിഭാജ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. തൊഴിൽകൂട്ടായ്മകളുടെ രാഷ്ട്രീയമൂലബിന്ദുക്കളായ അവ, പാർട്ടിയുടെ നയത്തെ ബഹുജനങ്ങളുടെ ജീവത്തായ സൃഷ്ടിപരതയുമായി സംലയിപ്പിക്കുന്നതിന്ന് കഴിയുന്ന വിധത്തിലെല്ലാം സഹായിക്കാൻ ചുമതലപ്പെട്ടിരിക്കുന്നു.

പാർട്ടി അതിന്റെ അണികളുടെ ഐക്യവും ഏകശിലാസദൃശമായ കരുത്തും എന്നെന്നും ശക്തിപ്പെടുത്തും. കക്ഷിവഴക്കിന്റെയും ചേരിക്കൂറിന്റെയും ലംഘനകൾക്കെതിരായി സി. പി. എസ്. യു. വിന്റെ നിയമാവലി വിഭാവനം ചെയ്യുന്ന സംഘടനാപരമായ മുന്നുറപ്പുകൾ, അതിന്റെ ആവനാഴിയിലുണ്ട്. പാർട്ടിയുടെ കരുത്തിന്റെയും അജയ്യതയുടേയും ഏററവും പ്രധാനപ്പെട്ട ഉറവിടം, അതിന്റെ പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ, തകർക്കാനാവാത്ത ആരടുപ്പമാണ്.

ചരിത്രത്തിന്റെ ശിൽപികൾ ജനങ്ങളാണെന്നും, കമ്യൂണിസ്റ്റ് സൃഷ്ടിപരത അവരുടെ കൈകളുടേയും ഊർജ്ജത്തിന്റെയും വിവേകത്തിന്റെയും ഫലമാണെന്നുമുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രമാണത്തെ ആധാരമാക്കിയാണ് സി. പി. എസ്. യു. മുന്നോട്ടു പോകുന്നത്. ജനങ്ങളുടെ ജീവത്തായ സൃഷ്ടിപരതയാണ് നമ്മുടെ എല്ലാ നേട്ടങ്ങൾക്കുമുള്ള മുന്നുറപ്പ്.

പാർട്ടി ജനങ്ങൾക്കുവേണ്ടി നിലകൊള്ളുകയും ജനസേവനത്തിൽ സ്വന്തം പ്രവർത്തനത്തിന്റെ പൊരുൾ ദർശിക്കുകയും ചെയ്യുന്നു. പാർട്ടി മുൻവെയ്ക്കുന്ന ലക്ഷ്യങ്ങളും കടമകളും, സോവിയററ് ജനങ്ങളുടെ അഭിവാഞ്ഛകളുടേയും ജീവൽതാൽപര്യങ്ങളുടേയും പ്രകാശനമാണ്.

പാർട്ടി ബഹുജനങ്ങളുമായി അതിന്നുള്ള ബന്ധങ്ങൾക്ക് സദാ ആഴവും പരപ്പും കൂട്ടുകയും, ജനങ്ങളുടെ ആവശ്യങ്ങളിലും, ഉൽക്കണ്ഠകളിലും പങ്കുചേരുകയും ചെയ്തുകൊണ്ട്, ജനങ്ങളോടുള്ള ഉന്നതമായ ഉത്തരവാദിത്വത്തിന്റെ സ്പിരിററിൽ തുടർന്നു പ്രവർത്തിക്കുന്നതായിരിക്കും. ആഭ്യന്തര-വിദേശനയത്തിന്റെ മുഖ്യപ്രശ്നങ്ങളെ സംബന്ധിച്ച് അധ്വാനിക്കുന്ന ജനങ്ങളുടെ അഭിപ്രായമാരായുകയും, പൊതുജനാഭിപ്രായം സശ്രദ്ധം കണക്കിലെടുക്കുകയും, പാർട്ടിയംഗങ്ങളല്ലാത്ത ആളുകളെ പാർട്ടി സംഘടനകളുടെ പ്രവർത്തനങ്ങളിലേക്ക് ഉത്തരോത്തരം വമ്പിച്ച തോതിൽ ആകർഷിക്കുകയും ചെയ്യുകയെന്നത് സ്വന്തം കർത്തവ്യമാണെന്ന് പാർട്ടി കരുതുന്നു. ജനങ്ങൾ പാർട്ടിയെ എത്രകണ്ട് സജീവമായി പിന്തുണയ്ക്കുന്നുവോ അത്രകണ്ട് സാമൂഹ്യവികാസത്തിന്റെ ഗതിയിൽ അതിന്നുള്ള സ്വാധീനം അധികപ്പെടുന്നു.

സി. പി. എസ്. യു. വിന്റെ എല്ലാം പ്രവർത്തനങ്ങളിലും അതിന്ന് മാർഗ്ഗദർശകമായിരിക്കുന്നത്, തൊഴിലാളിവർഗ്ഗ-സോഷ്യലിസ്റ്റ് സാർവ്വദേശീയവാദം സംബന്ധിച്ച സുപരീക്ഷിതമായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രമാണങ്ങളാണ്. അത് മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനത്തിൽ സാർവ്വദേശീയ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഐക്യം ശക്തിപ്പെടുത്താൻ കഴിയുന്നവിധത്തിലെല്ലാം സഹായിക്കുന്നതാണ്. എല്ലാം കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുമായും അത് സൗഭ്രാത്രബന്ധങ്ങൾ വികസിപ്പിക്കുകയും സമാധാനത്തിന്നുവേണ്ടിയും നുക്ലിയർ അത്യാഹിതത്തിന്നെതിരായുമുള്ള സമരത്തിൽ അവയുമായി സജീവമായി സഹകരിക്കുകയും ചെയ്യുന്നതായിരിക്കും; അധ്വാനിക്കുന്ന ജനങ്ങളുടെ ജീവൽതാൽപര്യങ്ങൾക്കുവേണ്ടിയും ദേശീയവിമോചനത്തിന്നും ജനാധിപത്യത്തിന്നും സോഷ്യലിസത്തിന്നും വേണ്ടിയുമുള്ള പോരാട്ടത്തിൽ അവയ്ക്ക് പിന്തുണ നൽകുന്നതായിരിക്കും.

*　　　*　　　*

അത്തരത്തിലുള്ളതാണ് സോവിയററ് യൂണിയനിലെ കമ്യൂണിസ്റ്റു പാർട്ടിയുടെ പരിപാടി.

ഈ പരിപാടിയിൽ മുൻവെച്ചിട്ടുള്ള, ചരിത്രവിധായകമായ കടമകൾ ഏറെറടുത്തു ഏററവും ഊർജ്ജസ്വലമായി പ്രാവർത്തികമാക്കുവാൻ പാർട്ടി എല്ലാം കമ്യൂണിസ്റ്റുകളെയും അധ്വാനിക്കുന്നവരായ എല്ലാ ജനങ്ങളെയും — തൊഴിലാളികളെയും കൂട്ടുകൃഷിക്കാരെയും ബുദ്ധിജീവികളെയും — ആഹ്വാനം ചെയ്യുന്നു. സോവിയററ് ജനങ്ങൾ സി. പി. എസ്. യു. വിന്റെ പരിപാടിയെ തങ്ങളുടെ ജീവത്തായ ലക്ഷ്യരേഖയായി സ്വീകരിക്കുമെന്നും അത് നടപ്പാക്കാൻ എല്ലാം യത്നങ്ങളും നടത്തുമെന്നും പാർട്ടിയ്ക്ക് ബോദ്ധ്യമുണ്ട്.

സാമൂഹ്യ-സാമ്പത്തികപുരോഗതിയ്ക്ക് ഗണ്യമാംവിധം വേഗത വർദ്ധിപ്പിച്ചുകൊണ്ട് സമുദായത്തിൽ ഗുണപരമായി പുതിയതായ ഒരു അവസ്ഥ കൈവരുത്തുക — അതാണ് പാർട്ടിയുടെ ദീർഘകാലതന്ത്രം. സോഷ്യലിസത്തിന്റെ സർവ്വതോമുഖമായ അന്യൂനീകരണം മുഖേന ഓരോ കുടുംബത്തിന്നും ഓരോ സോവിയററ് വ്യക്തിയ്ക്കും പുതിയ പ്രയോജനങ്ങൾ ലഭിക്കും; നമ്മുടെ സോഷ്യലിസ്റ്റ് മാതൃഭൂമിയുടെ അധികതരമായ സമ്പദ്സമൃദ്ധിക്കും, അവസാനം കമ്യൂണിസത്തിന്റെ വിജയത്തിന്നും അത് വഴിതെളിക്കും.

പ്രിയങ്കരമായ ആ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ ജനങ്ങളുടെ മുന്നേററം, മനുഷ്യസ്നേഹത്തിന്റെയും സാമൂഹ്യനീതിയുടെയും പ്രമാണങ്ങളിലൂടെ സമുദായത്തെ പരിവർത്തനപ്പെടുത്തുന്നതുസംബന്ധിച്ച ആശയങ്ങളുടെ ആകർഷണശക്തി വർദ്ധിപ്പിക്കുന്നതാണ്, സമുദായത്തിന്റെ കൂടുതൽ അന്യൂനമായ സംവിധാനത്തിന്റെ ദൃഷ്ടാന്തംകൊണ്ടും, സൃഷ്ടിപരപ്രവർത്തനത്തിന്നും ജനങ്ങളുടെ സൗഭാഗ്യത്തിന്നും സുസ്ഥിതി

J654

യ്ക്കുമുള്ള സാഹചര്യങ്ങൾക്ക് ഉറപ്പുവരുത്തുന്ന ഉൽപാദകശക്തികളുടെ അനുക്രമമായ വികസനംകൊണ്ടും ആക്രമണായുധങ്ങളെ ദൃഢനിശ്ചയത്തോടെ നിരാകരിച്ചുകൊണ്ടും, സമാധാനവും ജനതകൾ തമ്മിൽ തുല്യതയുടെയും പൊതുസുരക്ഷിതത്വത്തിന്റെയും അടിസ്ഥാനത്തിലുള്ള സഹകരണവും സംബന്ധിച്ച പ്രമാണങ്ങളുടെ സമർത്ഥനംകൊണ്ടും അവ ജനങ്ങളുടെ മനസ്സുകളെയും ഹൃദയങ്ങളെയും കവരുന്നതായിരിക്കും.

കമ്യൂണിസ്റ്റുകൾ, നമ്മുടെ രാജ്യത്തിലെ അധ്വാനിക്കുന്ന ജനങ്ങളാകെ, ഭാവിയിലേയ്ക്ക് ശുഭാപ്തിവിശ്വാസത്തോടെ ഉററുനോക്കുന്നു. നമുക്കു നമ്മുടെ ശക്തിയെപ്പററി ഉറച്ച വിശ്വാസമുണ്ട്; സോവിയററ്ജനങ്ങളുടെ — സ്രഷ്ടാക്കളായ ജനങ്ങളുടെ, ശിൽപികളായ ജനങ്ങളുടെ — നിസ്വാർത്ഥമായ അധ്വാനയത്നങ്ങൾകൊണ്ട്, മുൻവെക്കപ്പെട്ട കടമകൾ നിർവ്വഹിക്കപ്പെടുമെന്നും നമുക്കു ദൃഢബോധ്യമുണ്ട്. കമ്യൂണിസ്റ്റ് പാർട്ടിയുടെ, സോവിയററ് ജനങ്ങളുടെയാകെ, അദമ്യമായ ഇച്ഛാശക്തി അത്തരത്തിലുള്ളതാണ്.

പാർട്ടിയുടെ നേതൃത്വത്തിൽ, മാർക്സിസം-ലെനിനിസത്തിന്റെ കൊടിക്കീഴിൽ സോവിയററ് ജനങ്ങൾ സോഷ്യലിസം കെട്ടിപ്പടുത്തിരിക്കുന്നു.

പാർട്ടിയുടെ നേതൃത്വത്തിൽ, മാർക്സിസം-ലെനിനിസത്തിന്റെ കൊടിക്കീഴിൽ, സോവിയററ് ജനങ്ങൾ കമ്യൂണിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതായിരിക്കും. □


SOVIET SAMIKSHA (MALAYALAM) Vol. XXI No. 12 March 21, 1986


CONTENTS


**Programme of the Communist Party of the Soviet Union**

**New Edition**

**Adopted By The 27th Congress of the CPSU**


PC Library & Research Centre


| | | |
|---|---|---|
| എൽ. എ. അബ്രമോവ് | : | എഡിറ്റർ |
| വി. എൻ. സെരിബ്രിയാക്കോവ് | : | മാനേജിങ്ങ് എഡിറ്റർ |
| ജി. ആളവന്താർ | : | ജോയിന്റ് എഡിറ്റർ |
| കെ. പി. മുഹമ്മദ്കോയ | : | അസിസ്റ്റന്റ് എഡിറ്റർ |
| എ. എം. ദിയക്കോവ് | : | ആർട്ട് ഡയറക്ടർ |

11 ഇന്ത്യൻ ഭാഷകളിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കപ്പെടുന്നു.

ഫോട്ടോകൾക്കും ലേഖനങ്ങൾക്കും നൊവോസ്തി പ്രസ്സ് ഏജൻസിയോട് കടപ്പെട്ടിരിക്കുന്നു

ലേഖനങ്ങൾ പുനഃപ്രസിദ്ധീകരിക്കുന്നവർ *സോവിയററ് സമീക്ഷ* എന്നു ചേർക്കുന്നത് സന്തോഷകരമാണ്.

Printed by Y. L. Frolov and Published by him at Soviet Nadu Office, 115, Theagaraya Road, Madras-600017, for the Information Department of the USSR Embassy in India. Printed at the Janatha Press, Madras-600014.

Regd. No. M. 8162

സോ

സോവിയറ്റ്

സ

സമീക്ഷ

XXVII

സോവിയററ്
കമ്യൂണിസ്റ്റ് പാർട്ടി
27-ാം കോൺഗ്രസ്സ്

# സോവിയററ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പരിപാടി

പുതിയ പതിപ്പ്

27-ാം സി. പി. എസ്. യു.
കോൺഗ്രസ്സ്
അംഗീകരിച്ചത്

947.005
SOV

സോസ
സോവിയറ്റ് സമീക്ഷ
പുസ്തകം 21 ലക്കം 12
മാർച്ച് 21 1986

Indic Digital Archive Foundation
gpura.org